# കേരളത്തിലെ
# സ്പീക്കർമാരും
# ഡെപ്യൂട്ടി സ്പീക്കർമാരും


**റിസർച്ച് വിഭാഗം**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**

**തിരുവനന്തപുരം**

**2017**

കേരള നിയമസഭാ സെക്രട്ടേറിയറ്റിനു വേണ്ടി
സെക്രട്ടറി പ്രസിദ്ധീകരിക്കുന്നത്.

© നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

ആദ്യ പതിപ്പ്: 2006
രണ്ടാം പതിപ്പ്: 2017
പ്രതികളുടെ എണ്ണം: 500

കവർ ഡിസൈൻ: ഷാജി അഡാക്സാ

അച്ചടി: പ്രിന്റ് എക്സ്പ്രസ്
കലൂർ, കൊച്ചി -17

# ഉള്ളടക്കം


ആമുഖം ........................................ 5

മുഖവുര ........................................ 7

സ്പീക്കർ പദവി ........................................ 9
- ദേശീയ സ്വാതന്ത്ര്യത്തിന്റെയും
വിമോചനത്തിന്റെയും പ്രതീകം

സ്പീക്കർമാർ ........................................ 19
- ജീവിത രേഖകൾ

ഡെപ്യൂട്ടി സ്പീക്കർമാർ ........................................ 77
- ജീവിത രേഖകൾ

സ്പീക്കർമാരും ഡെപ്യൂട്ടി സ്പീക്കർമാരും ........................................ 109
- ഔദ്യോഗിക പദവിയും കാലാവധിയും

സ്പീക്കർമാരുടെയും ഡെപ്യൂട്ടി ........................................ 113
സ്പീക്കർമാരുടെയും തെരഞ്ഞെടുപ്പ്

സവിനയം - സ്പീക്കർമാരുടെ ........................................ 117
സ്ഥാനാരോഹണ പ്രസംഗങ്ങൾ

ചില അപൂർവ്വ നേട്ടങ്ങൾ ........................................ 163

സ്പീക്കർമാരുടെയും ഡെപ്യൂട്ടി ........................................ 167
സ്പീക്കർമാരുടെയും അനുക്രമണിക.



# ആമുഖം

ലോകത്തെമ്പാടുമുള്ള ജനാധിപത്യസ്ഥാപനങ്ങളിൽ, വലുപ്പം കൊണ്ടും പ്രവർത്തനമികവുകൊണ്ടും ഉന്നത ശ്രേണി കൈവരിച്ചിട്ടുള്ള ഒന്നാണ് ഇന്ത്യൻ പാർല മെന്ററി വ്യവസ്ഥ. ജനാധിപത്യത്തിന്റെ ഹൃദയത്തുടിപ്പു കൾ നാം അടുത്തറിയുന്നത് പാർലമെന്റിലൂടെയും നിയ മസഭകളിലൂടെയുമാണ്. തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ പാർലമെന്റിലും നിയമസഭകളിലും എത്തുന്ന പ്രതിനി ധികളും അവരുടെ രാഷ്ട്രീയ പാർട്ടികളും ജനകോടി കളുടെ താല്പര്യങ്ങളുടെ ബഹിർസ്ഫുരണമാണ്. ഒരു ജനാധിപത്യ വ്യവസ്ഥിതി ജനങ്ങൾക്കിടയിലെ സാമൂഹ്യ വൈവിധ്യങ്ങളുടെ പ്രതിഫലനമായും നിലകൊള്ളുന്നു.


സംസ്ഥാനത്തെ ഭരണസംവിധാനങ്ങളിൽ പരമോന്നത പദവി നിയമസഭകൾക്കാണ്. സഭാനടപടികൾ നിയന്ത്രി ക്കുന്ന നേതാവ് എന്ന നിലയിലും സഭയുടെ നാഥൻ എന്ന നിലയിലും അതുല്യവും ശ്രേഷ്ഠവുമായ പദവിയാണ് ജനാധിപത്യവ്യവസ്ഥയിൽ സ്പീക്കർക്കുള്ളത്. ബഹു മുഖപ്രതിഭകളായ നിരവധി രാഷ്ട്രീയ നേതാക്കളുടെ ചാതുര്യം കൊണ്ട് ധന്യമായിട്ടുള്ളതാണ് കേരളത്തിലെ സ്പീക്കർ പദവി.

നിയമനിർമ്മാണരംഗത്ത് പ്രശംസനീയമായ ഒട്ടേറെ നേട്ട ങ്ങൾ കൈവരിക്കുവാൻ കേരള നിയമസഭയ്ക്ക് കഴിഞ്ഞി ട്ടുണ്ട്. കേരളത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ മേഖലകളിൽ അഭൂതപൂർവ്വമായ മാറ്റങ്ങൾ കൊണ്ടുവന്ന ഒട്ടേറെ പുരോ ഗമനാത്മകമായ നിയമനിർമ്മാണങ്ങൾ വഴി കേരള നിയ മസഭ 'കേരള വികസന മാതൃക' രൂപപ്പെടുത്തുന്നതിൽ സുപ്രധാന പങ്ക് വഹിച്ചു.

'കേരളത്തിലെ സ്പീക്കർമാരും ഡെപ്യൂട്ടി സ്പീക്കർമാരും' എന്ന പുസ്തകത്തിന്റെ രണ്ടാം പതിപ്പിൽ പതിനാലാം കേരള നിയമസഭ വരെയുള്ള കാലയളവിൽ കേരളത്തിലെ സ്പീക്കർ പദവിയും ഡെപ്യൂട്ടി സ്പീക്കർ പദവിയും അലങ്കരിച്ച വിശിഷ്ട വ്യക്തികളുടെ ജീവിതരേഖകളും കേരള നിയമസഭയുടെ പ്രവർത്തനത്തിലും നിയമനിർമ്മാണരംഗത്തും അവർ നൽകിയിട്ടുള്ള സംഭാവനകളും പ്രതിപാദിക്കുന്നു. നിയമനിർമ്മാണരംഗത്തും കേരള ജനാധിപത്യത്തിലെ രൂപാന്തരങ്ങളിലും ഇവിടത്തെ സ്പീക്കർമാരും ഡെപ്യൂട്ടി സ്പീക്കർമാരും വഹിച്ചിട്ടുള്ള പങ്കിന്റെ ഗഹനമായ പഠനത്തിന് ഉതകുന്നതാണ് പ്രസ്തുത പുസ്തകം. വിദ്യാർത്ഥികൾക്ക് മാത്രമല്ല പൊതുജനങ്ങൾക്കും താല്പര്യം ജനിപ്പിക്കുന്ന രീതിയിൽ അവതരിപ്പിച്ചിട്ടുള്ള ഈ പുസ്തകം ജീവിതത്തിന്റെ നാനാതുറകളിലുള്ള വർക്ക് ഉപയോഗപ്രദമായിരിക്കുമെന്ന് ഞാൻ കരുതുന്നു.

**പി. ശ്രീരാമകൃഷ്ണൻ**
സ്പീക്കർ
കേരള നിയമസഭ

തിരുവനന്തപുരം
10-05-2017



# മുഖവുര

ഉന്നത ജനാധിപത്യ മൂല്യങ്ങളും ഉദാത്തമായ ആശയങ്ങളും ഉയർത്തിപ്പിടിക്കുന്ന ഒരു അതുല്യമായ പാരമ്പര്യം കേരള നിയമസഭ അതിന്റെ രൂപീകരണം മുതൽ കാത്തുസൂക്ഷിച്ചുവരുന്നു. ഭൂതവർത്തമാനകാലങ്ങളിലെ വിവിധങ്ങളായ മുഹൂർത്തങ്ങളിൽ സൂക്ഷ്മമായ നിരീക്ഷണങ്ങളിലൂടെ നിയമനിർമ്മാണം നടത്തുന്നതിൽ സവിശേഷവും ശ്രദ്ധേയവുമായ പങ്ക് നിയമസഭ വഹിക്കുന്നു. ചിന്തകളുടെയും വികാരങ്ങളുടെയും ഘോഷയാത്രയിലൂടെ സഞ്ചരിച്ച് സത്യത്തിന്റെ സൂക്ഷ്മമായ മുഹൂർത്തങ്ങൾ ഇവിടെ യാഥാർത്ഥ്യമാകുന്നുണ്ട്. ജാതി-മത-വർഗ്ഗ ഭേദങ്ങൾക്കതീതമായി നിൽക്കുന്ന ജനാധിപത്യമൂല്യ നിർമ്മാണ പ്രക്രിയയിൽ തുല്യ സാമൂഹ്യനീതി സഭ ഉറപ്പുവരുത്തുന്നുണ്ട്. മതേതരത്വത്തിന് പേരുകേട്ട സഭയിൽ അതുല്യ പ്രഭാവമുള്ള സഭാധ്യക്ഷൻമാരും സഭാഉപാധ്യക്ഷൻമാരും പ്രദർശിപ്പിക്കുന്ന സമഗ്രതയും മാന്യതയും നിയമനിർമ്മാണ പ്രക്രിയ സുഗമമാക്കുന്നു എന്ന കാര്യത്തിൽ തർക്കമില്ല.

കേരള നിയമസഭയിലെ സഭാധ്യക്ഷൻമാരുടെയും സഭാഉപാധ്യക്ഷൻമാരുടെയും രേഖാചിത്രങ്ങളടങ്ങിയ ഒരു പ്രസിദ്ധീകരണം പുറത്തിറങ്ങുന്നു എന്നറിഞ്ഞതിൽ അത്യധികം സന്തോഷിക്കുന്നു. ഇതിനു പിന്നിൽ പ്രവർത്തിച്ചവരെ അഭിനന്ദിക്കുന്നതോടൊപ്പം ഈ സംരംഭത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

**വി. ശശി**
ഡെപ്യൂട്ടി സ്പീക്കർ
കേരള നിയമസഭ

തിരുവനന്തപുരം
24-04-2017

# സ്പീക്കർ പദവി

## ദേശീയ സ്വാതന്ത്ര്യത്തിന്റെയും
## വിമോചനത്തിന്റെയും പ്രതീകം

## സ്പീക്കർ പദവി

നാം പിന്തുടർന്നുവരുന്ന പാർലമെന്ററി ഭരണക്രമത്തിൽ അനുപമവും ആദരണീയവുമായ ഒരു പദവിയാണ് സ്പീക്കർക്കുള്ളത്. പാർലമെന്റിന്റെയും സംസ്ഥാന നിയമസഭകളുടെയും പ്രവർത്തന സ്വാതന്ത്ര്യവും പ്രാധാന്യവും ഉറപ്പുവരുത്തണമെന്ന ലക്ഷ്യത്തോടെ നമ്മുടെ ഭരണഘടന സ്പീക്കർ പദവിയ്ക്ക് നിയതമായ പരിരക്ഷ പ്രദാനം ചെയ്തിട്ടുണ്ട്. സ്പീക്കർ സഭയുടെ നാഥനാണ്. അതിന്റെ അന്തസ്സിന്റെയും അധീശത്വത്തിന്റെയും പ്രതീകവുമാണ്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ വാക്കുകൾ ശ്രദ്ധിക്കുക. ''സ്പീക്കർ സഭയെ പ്രതിനിധാനം ചെയ്യുന്നു. സഭയുടെ അന്തസ്സിന്റെയും സ്വാതന്ത്ര്യത്തിന്റെയും പ്രതിനിധിയാണദ്ദേഹം. സഭയ്ക്ക് രാജ്യത്തിന്റെ മുഴുവൻ പ്രാതിനിധ്യമുണ്ടെന്നുള്ള കാര്യം പരിഗണിക്കുമ്പോൾ സ്പീക്കർ സാമാന്യജനങ്ങളുടെ സ്വാതന്ത്ര്യത്തിന്റെയും പരമാധികാരത്തിന്റെയും പ്രതീകമാണെന്ന് പറയേണ്ടിവരും''.

## ചരിത്രപരിണാമം

സ്പീക്കർ എന്ന പദവിയ്ക്ക് ഇന്ന് കൈവന്നിട്ടുള്ള അധികാരവും മാന്യതയും പാർലമെന്ററി സംവിധാനത്തിന് നൂറ്റാണ്ടുകളിലൂടെ അനുക്രമം സംഭവിച്ച പരിപ്രേക്ഷ്യവ്യതിയാനങ്ങളുടെ പ്രതിഫലനങ്ങളാണെന്നു പറയാം. ജനപ്രതിനിധിസഭകളുടെ അമ്മയെന്നു വിളിക്കാവുന്ന 'ഹൗസ് ഓഫ് കോമൺസിൽ' ആദ്യകാലം മുതൽ തന്നെ സഭയിൽ നടക്കുന്ന ചർച്ചകളുടെ ആറ്റിക്കുറുക്കലും അവയുടെ തീരുമാനങ്ങൾ രാജസന്നിധിയിൽ എത്തിക്കുകയുമായിരുന്നു സ്പീക്കറുടെ പ്രധാന കടമ. ചുരുക്കത്തിൽ, പരമാധികാരിയുടെ മുന്നിൽ സാധാരണക്കാരന്റെ വക്താവായി സംസാരിക്കുന്ന ആളായിരുന്നു സ്പീക്കർ. എന്നിരുന്നാലും കാലം കടന്നു പോയതോടെ, ബ്രിട്ടീഷ് ഭരണഘടനാ ചരിത്രത്തിൽ നടന്ന കടുത്ത പ്രക്ഷോഭങ്ങളുടെ ഫലമായി സ്പീക്കർപദം എന്ന സ്ഥാനം പ്രാമുഖ്യവും പ്രാമാണ്യവും കൈവരിക്കുകയാണുണ്ടായത്.

## രാഷ്ട്രത്തിന്റെ പൈതൃകം

സ്വാതന്ത്ര്യപൂർവ്വ കാലഘട്ടത്തിൽ ബ്രിട്ടീഷ് പാർലമെന്റ് പാസ്സാക്കിയ നിയമങ്ങളിലൂടെ നമ്മുടെ രാജ്യത്ത് നടപ്പാക്കിയ പരിഷ്കാരങ്ങൾ സ്പീക്കർ പദവിയുടെ പരിണാമഗതിയിലും നിർണ്ണായക സ്വാധീനം ചെലുത്തിയിട്ടുണ്ട്.

1861, 1892, 1909 എന്നീ വർഷങ്ങളിൽ പാസ്സാക്കിയ ഇൻഡ്യൻ കൗൺസിൽ ആക്ടുകളാണ് സെൻട്രൽ ലെജിസ്ലേറ്റീവ് കൗൺസിലിന്റെയും പ്രൊവിൻഷ്യൽ ലെജിസ്ലേറ്റീവ് കൗൺസിലുകളുടെയും രൂപീകരണത്തിനും അവയുടെ ഘടനയിലും അധികാരത്തിലും സംഭവിച്ച മാറ്റങ്ങൾക്കും കാരണഭൂതമായത്. ലെജിസ്ലേറ്റീവ് കൗൺസിലിന്റെ അദ്ധ്യക്ഷൻ ഗവർണ്ണർ ജനറലായിരുന്നു. പിൽക്കാലത്ത് 1919-ലെ ഗവൺമെന്റ് ഓഫ് ഇൻഡ്യാ ആക്ട് അനുസരിച്ച് 1921-ൽ സെൻട്രൽ ലെജിസ്ലേറ്റീവ് കൗൺസിൽ ഔപചാരികമായി രൂപീകൃതമായപ്പോൾ അതിന്റെ അദ്ധ്യക്ഷനായി മുൻ ബ്രിട്ടീഷ് പ്രതിനിധിസഭാംഗമായിരുന്ന സർ ഫ്രെഡറിക് വൈറ്റിനെയാണ് ഗവർണ്ണർ ജനറൽ നാമനിർദ്ദേശം ചെയ്തത്.

സെൻട്രൽ ലെജിസ്ലേറ്റീവ് കൗൺസിലിന്റെ അദ്ധ്യക്ഷസ്ഥാനം അലങ്കരിക്കാൻ ആദ്യം അവസരം ലഭിച്ച ഇൻഡ്യക്കാരൻ ശ്രീ. വിത്തൽ ഭായി പട്ടേലാണ്. 1925-ലാണ് ആ പദവിയിലേക്ക് അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടത്. 1921 മുതൽ തന്നെ സഭാദ്ധ്യക്ഷപദം നമ്മുടെ നാട്ടിൽ നിലവിലിരുന്നെങ്കിലും സ്വാതന്ത്ര്യലബ്ധിക്കുശേഷമാണ് 'സ്പീക്കർ' എന്ന പേര് ആ പദവിക്ക് നിർദ്ദേശിക്കപ്പെട്ടത്.

## കേരളത്തിന്റെ പാരമ്പര്യം

1956 നവംബറിൽ രൂപംകൊണ്ട കേരളസംസ്ഥാനത്തിന് സ്പീക്കർ പദവിയ്ക്കുണ്ടായ പരിണാമത്തിൽ തനതായ ഒരു പാരമ്പര്യം അവകാശപ്പെടാനുണ്ട്. സംസ്ഥാന രൂപീകരണത്തിനു മുമ്പ് മലബാർ, മദ്രാസ് പ്രസിഡൻസിയുടെ ഭാഗമായിരുന്നു. മദ്രാസിനാകട്ടെ പ്രത്യേക ഒരു പ്രവിശ്യാനിയമസഭയുമുണ്ടായിരുന്നു. അതുമൂലം ബ്രിട്ടീഷുകാർ നേരിട്ടു ഭരണം നടത്തിയിരുന്ന പ്രദേശങ്ങളിലെ പരിഷ്കരണ നടപടികളുടെ ചുവടൊപ്പിച്ചായിരുന്നു മലബാറിന്റെ പുരോഗമനം. എന്നാൽ പഴയ നാട്ടുരാജ്യങ്ങളായ തിരുവിതാംകൂറിലും കൊച്ചിയിലും സംഭവിച്ച മാറ്റങ്ങൾ വ്യത്യസ്തമായിരുന്നു. തിരുവിതാംകൂറിൽ 1888-ലും കൊച്ചിയിൽ 1925-ലും ഓരോ ലെജിസ്ലേറ്റീവ് കൗൺസിലുകൾ രൂപമെടുക്കുകയാണുണ്ടായത്. ഈ രണ്ടു സഭകളിലും അദ്ധ്യക്ഷപദമലങ്കരിക്കാനുള്ള അധികാരം അതതു പ്രദേശങ്ങളിലെ 'ദിവാൻ പ്രസിഡന്റ്' നായിരുന്നു. അദ്ദേഹം ഭരണനിർവ്വഹണത്തിന്റെ തലവൻകൂടിയായിരുന്നു. മേൽപ്പറഞ്ഞ സഭകളുടെ ജനപ്രാതിനിധ്യസ്വഭാവം തീരെ പരിമിതമായിരുന്നു. അതിനാൽ ആ സഭകളുടെ ഘടനയിലും അധികാരാവകാശങ്ങളിലും കൂടുതൽ പരിഷ്കാരമാവശ്യപ്പെട്ടുകൊണ്ട് ജനങ്ങൾ ശബ്ദമുയർത്താൻ തുടങ്ങി.

സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പ്രക്ഷോഭങ്ങൾ ശക്തിപ്രാപിക്കാൻ തുടങ്ങിയതും അക്കാലത്തുതന്നെ. നിയമസഭയുടെ ഘടനയിലും അധികാരങ്ങളിലും ദൂരവ്യാപകങ്ങളായ മാറ്റങ്ങൾ വരുത്താൻ ഭരണാധികാരികൾ നിർബന്ധിതരായി. സ്പീക്കർ പദവിയുടെ പ്രാമുഖ്യത്തിലും പ്രഭാവത്തിലും അതു പ്രതിഫലിക്കുകയും ചെയ്തു. സ്വാഭാവികമായും സംസ്ഥാനത്ത് തുടർന്നുണ്ടായ സംഭവഗതികളിലെല്ലാം നിർണ്ണായക സ്വാധീനം ചെലുത്തിയത് സ്വാതന്ത്ര്യത്തിന്റെ അരുണോദയമായിരുന്നു.

തിരുവിതാംകൂറിൽ പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ ഒരു ജനപ്രതിനിധിസഭയ്ക്ക് രൂപം നൽകുന്നത് 1948-ലാണ്. ആ സഭയുടെ അദ്ധ്യക്ഷൻ

ശ്രീ. എ. ജെ. ജോണും ഉപാദ്ധ്യക്ഷൻ ശ്രീ. ജി. ചന്ദ്രശേഖരപിള്ളയുമായിരുന്നു. 1947-ആഗസ്റ്റിൽ കൊച്ചിയിലും ഉത്തരവാദഭരണം നിലവിൽ വന്നു. ശ്രീ. എൽ. എം. പൈലി ആയിരുന്നു പ്രസിഡന്റ്. 1949-ൽ നടന്ന തിരു-കൊച്ചി സംയോജനത്തോടെയാണ് തിരുവിതാംകൂർ കൊച്ചി നിയമസഭ രൂപീകൃതമായത്. അതിന്റെ ആദ്യത്തെ സ്പീക്കർ ശ്രീ. ടി. എം. വർഗ്ഗീസ്സായിരുന്നു. 1952-ൽ മലബാർ പ്രദേശത്തെ പൊന്നാനിയിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട ശ്രീ. എസ്. ഗോപാലമേനോൻ മദ്രാസ് ലെജിസ്ലേറ്റീവ് അസംബ്ലി യിൽ സ്പീക്കറായി സേവനമനുഷ്ഠിച്ചു.

1957 ഏപ്രിലിൽ കേരള സംസ്ഥാനത്തെ ആദ്യ നിയമസഭ രൂപീകരിക്കപ്പെട്ടപ്പോൾ സഭയുടെയും സഭാനാഥന്റെയും അവകാശാധികാരങ്ങളും പ്രത്യേകപദവികളും ഭരണ ഘടനാപരമായി വിഭാവനം ചെയ്തിരുന്നു. ഭരണഘടനയിൽ അനുശാസിക്കുന്ന വ്യവസ്ഥയ്ക്കുപുറമെ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ, കീഴ്‌വഴക്കങ്ങൾ, പതിവുനടപടികൾ എന്നിവയും സഭാനടപടികൾ സുഗമമായി നിയന്ത്രിക്കാൻ സ്പീക്കർക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളായി ഭവിച്ചു. സ്പീക്കർ എന്നത് തികച്ചും വ്യത്യസ്തമായ ഒരു ഔദ്യോഗിക പദവിയാണ്. പ്രോട്ടോക്കോൾ അനു സരിച്ച് ഗവർണ്ണറുടെയും മുഖ്യമന്ത്രിയുടെയും തൊട്ടുതാഴെയാണ് സ്പീക്കർക്കുള്ള സ്ഥാനം. എങ്കിലും സഭയ്ക്കുള്ളിൽ മുഖ്യമന്ത്രിയും മന്ത്രിമാരും ഉൾപ്പെടെ എല്ലാ അംഗങ്ങളും അദ്ദേഹത്തിന്റെ നിർദ്ദേശം പാലിക്കാൻ ബാദ്ധ്യസ്ഥരുമാണ്. സ്പീക്കറുടെ ശമ്പളവും ബത്തകളുമാകട്ടെ സംസ്ഥാനത്തെ സഞ്ചിതനിധിയിൽ 'ചാർജ്ഡ്' ഇനങ്ങളി ലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി കേരള നിയമസഭയുടെ ആദ്യ സ്പീക്കറും ശ്രീമതി കെ. ഒ. അയിഷാ ബായി ആദ്യ ഡെപ്യൂട്ടി സ്പീക്കറുമായിരുന്നു. പതിനാലാം കേരള നിയമസഭയുടെ നാഥനായ ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഉൾപ്പെടെ നാളിതുവരെ പ്രഗത്ഭരായ 20 വ്യക്തികൾ നിയമസഭാ സ്പീക്കർ പദവിയും പതിനാലാം കേരള നിയമ സഭയുടെ ഡെപ്യൂട്ടി സ്പീക്കറായ ശ്രീ. വി. ശശി ഉൾപ്പെടെ 16 വ്യക്തികൾ നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ പദവിയും വഹിച്ചിട്ടുണ്ട്.

കാലാനുവർത്തിയായ പരിഷ്കാരങ്ങൾക്ക് രൂപം നൽകുന്ന കാര്യത്തിൽ കേരള നിയമസഭ എന്നും മുൻപന്തിയിൽ തന്നെയായിരുന്നു. അവ വിജയകരമായി നടപ്പാക്കുന്ന തിൽ സ്പീക്കർമാരും നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ടെന്ന വസ്തുത പരക്കെ അംഗീക രിച്ചിട്ടുണ്ട്. കാലാകാലങ്ങളിൽ സഭയുടെ അന്തസ്സുയർത്തിപ്പിടിക്കുന്നതോടൊപ്പം നമ്മുടെ പാർലമെന്ററി സംവിധാനത്തിന് പുതിയ മാനങ്ങൾ നൽകുന്നതിനും ആണിക്കല്ലായി നിന്ന് പ്രവർത്തിക്കുവാൻ നമ്മുടെ സ്പീക്കർമാരെല്ലാം ശ്രമിച്ചിട്ടുണ്ട്.

## സ്പീക്കർ തെരഞ്ഞെടുപ്പ്

സഭയിൽ ഹാജരുള്ള അംഗങ്ങളിൽ നിന്ന് കേവലഭൂരിപക്ഷ വോട്ടിന്റെ അടിസ്ഥാനത്തി ലാണ് സ്പീക്കറെയും ഡെപ്യൂട്ടി സ്പീക്കറെയും തെരഞ്ഞെടുക്കുന്നത്. സ്പീക്കർ തെരഞ്ഞെടുപ്പിനുള്ള തീയതി തീരുമാനിക്കുന്നത് ഗവർണ്ണറാണ്. സ്പീക്കർ സ്ഥാന

ത്തേക്ക് ഒരാളെ മാത്രമെ നാമനിർദ്ദേശം ചെയ്തിട്ടുള്ളുവെങ്കിൽ സ്വാഭാവികമായും തെരഞ്ഞെടുപ്പ് ഏകകണ്ഠമായിരിക്കും. ഒന്നിലധികം സ്ഥാനാർത്ഥികളുണ്ടെങ്കിൽ നിയമ സഭാച്ചട്ടങ്ങളനുസരിച്ച് ബാലറ്റ് മുഖേന തെരഞ്ഞെടുപ്പ് നടത്തും. കേരള നിയമസഭയിൽ ഇതഃപര്യന്തം 6 സ്പീക്കർമാരെയും 7 ഡെപ്യൂട്ടി സ്പീക്കർമാരെയും എതിരില്ലാതെ തെരഞ്ഞെടുത്തിട്ടുണ്ട്.

ഔപചാരികമായ തെരഞ്ഞെടുപ്പ് കഴിഞ്ഞാലുടൻ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ചേർന്ന് നിയമസഭാ സ്പീക്കറെ വേദിയിലേക്കാനയിക്കുന്നു. വിവിധ പാർട്ടികളുടെ നിയമസഭാ കക്ഷിനേതാക്കൻമാരെല്ലാം പുതിയ സ്പീക്കറെ അനുമോദിച്ച് പ്രസംഗിക്കും. തുടർന്ന് മറുപടി പ്രസംഗത്തിലൂടെ സ്പീക്കർ നന്ദി രേഖപ്പെടുത്തുകയും ചെയ്യും.

## ഉന്നതമായ പദവി

സ്പീക്കർ സഭയുടെ പരമാധികാരത്തെയാണ് പ്രതിനിധീകരിക്കുന്നതെന്ന് സൂചിപ്പിച്ചല്ലോ. ഭരണപരവും ചട്ടപ്രകാരമുള്ളതും നീതിന്യായ സംബന്ധവുമായ ഒട്ടേറെ കടമകൾ അദ്ദേഹത്തിന് നിർവ്വഹിക്കാനുണ്ട്. ഭരണഘടനയും നിയമസഭാനടപടിച്ചട്ടങ്ങളും നൽകുന്ന വിപുലമായ അധികാരങ്ങൾക്ക് പുറമെ ചില സഹജാധികാരങ്ങളും ആ പദവിയിൽ നിക്ഷിപ്തമായിരിക്കുന്നു. സഭയുടെ നടപടികളെ സംബന്ധിച്ച വ്യവസ്ഥകളിൽ സ്പീക്കർ പരമാധികാരിയാണ്, വിധികർത്താവുമാണ്. അദ്ദേഹത്തിന്റെ തീരുമാനങ്ങൾ അന്തിമവും ചോദ്യം ചെയ്യാനോ വിമർശിക്കാനോ പാടില്ലാത്തതുമാകുന്നു.

## സഭയ്ക്കുള്ളിൽ

സ്പീക്കറുടെ അദ്ധ്യക്ഷതയിൽ സഭ ചേരുമ്പോൾ മാത്രമേ നിയമസഭാ സമ്മേളനത്തിന് സാധുതയുള്ളു. ഭരണഘടനയോ സഭാനടപടിച്ചട്ടങ്ങളോ നിർദ്ദേശിക്കുന്ന അധികാരസ്ഥൻ അദ്ധ്യക്ഷനായാലും മതി. സ്പീക്കർ നിശ്ചയിക്കുന്ന സ്ഥലത്താണ് സഭ ചേരുന്നത്. സഭ പിരിയുന്ന സമയം, അത് അനിശ്ചിതകാലത്തേക്കായാലും, ഒരു നിശ്ചിത ദിവസത്തേക്കായാലും, ഒരു മണിക്കൂർ നേരത്തേയ്ക്കായാലും, ആയത് നിശ്ചയിക്കുന്നത് സ്പീക്കർ തന്നെ. സഭാനേതാവുമായി ചർച്ച ചെയ്ത് ഗവൺമെന്റ് കാര്യങ്ങളുടെ പരിഗണന സംബന്ധിച്ച സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നതും സ്പീക്കറാണ്.

സഭയിൽ നടക്കുന്ന എല്ലാ കാര്യങ്ങൾക്കും സ്പീക്കറുടെ മുൻകൂർ അനുമതി നേടിയിരിക്കേണ്ടതാണ്. സഭാനടപടിച്ചട്ടങ്ങളിൽ വിഭാവനം ചെയ്തിരിക്കുന്നവയും വിവിധ തരം ഉപക്ഷേപങ്ങൾക്കുള്ള നോട്ടീസിന്റെ രൂപത്തിൽ സമർപ്പിക്കപ്പെടുന്നവയുമായ ചോദ്യങ്ങളുടെയും സബ്മിഷനുകളുടെയും മറ്റു വിഷയങ്ങളുടെയും അനുവദനീയത നിർണ്ണയിക്കേണ്ടത് സ്പീക്കറാണ്. ഗവർണ്ണറുടെ പ്രസംഗത്തിനുള്ള നന്ദിപ്രമേയത്തെ സംബന്ധിക്കുന്ന ഭേദഗതികളുടെ രൂപം തീരുമാനിക്കുന്നതും സ്പീക്കർ തന്നെ. അതുപോലെ ബില്ലുകളുടെ ഭേദഗതി അവതരിപ്പിക്കാൻ സ്പീക്കറുടെ അനുമതി നേടിയിരിക്കേണ്ടതാണ്.

സഭയിൽ നടക്കുന്ന ചർച്ചകളുടെ ഗതി നിയന്ത്രിക്കാനുള്ള അധികാരം സ്പീക്കർക്കു മാത്രമുള്ളതാണ്. ഒരംഗം എപ്പോൾ സംസാരിക്കണമെന്നും എത്രനേരം സംസാരിക്ക

ണമെന്നും സ്പീക്കറാണ് നിശ്ചയിക്കുന്നത്. സഭാരേഖകളിലെ ഏതെങ്കിലും ഭാഗം നീക്കം ചെയ്യണമെന്നു തോന്നിയാൽ അപ്രകാരം ചെയ്യണമെന്ന് നിർദ്ദേശിക്കാൻ സ്പീക്കർക്ക് വിവേചനാധികാരമുണ്ട്. ക്രമപ്രശ്നങ്ങൾ ഉന്നയിക്കപ്പെടുമ്പോൾ അത് ക്രമപ്രകാരമാണോ എന്ന് പരിശോധിച്ച് തീർപ്പ് കല്പിക്കുന്നത് അദ്ദേഹമാണ്. സ്പീക്കറുടെ തീരുമാനങ്ങൾ നടപ്പാക്കുന്നതിനാവശ്യമായ എല്ലാ അധികാരങ്ങളും ആ പദവിയിൽ നിക്ഷിപ്തമായിരിക്കുന്നു. തന്നെയുമല്ല തന്റെ തീർപ്പുകൾ ലംഘിക്കുന്ന ഒരംഗത്തെ ഒരു നിശ്ചിത കാലയളവിലേക്ക് സഭയിൽനിന്നു പുറത്താക്കാനും അദ്ദേഹത്തിന് കഴിയും. സഭയ്ക്കുള്ളിൽ പ്രക്ഷുബ്ധമായ സാഹചര്യങ്ങളുണ്ടാകുമ്പോൾ ഒരു നിശ്ചിതസമയം സഭാനടപടികൾ നിർത്തിവയ്ക്കാനും അദ്ദേഹത്തിന് അധികാരമുണ്ട്.

സഭയുടെയും സഭാസമിതികളുടെയും സഭാംഗങ്ങളുടെയും അവകാശാധികാരങ്ങളുടെ സംരക്ഷകനാണ് സ്പീക്കർ. ആ നിലയ്ക്ക് അംഗങ്ങളുന്നയിക്കുന്ന അവകാശലംഘന പ്രശ്നങ്ങളുടെ അന്വേഷണത്തിനും റിപ്പോർട്ടിനുമായി പ്രിവിലേജസ് ആന്റ് എഥിക്സ് കമ്മിറ്റിയ്ക്ക് അയച്ചു കൊടുക്കുന്നതും അദ്ദേഹം തന്നെ. സഭ പാസ്സാക്കിയ ഓരോ ബില്ലും സ്പീക്കറുടെ പ്രമാണീകരണത്തോടെ മാത്രമേ ഗവർണ്ണർ മുമ്പാകെ സമർപ്പിക്കാൻ പാടുള്ളൂ. ഒരു മണി ബില്ലാണ് സമർപ്പിക്കുന്നതെങ്കിൽ അതൊരു മണി ബില്ലാണെന്ന് പ്രത്യേകം സാക്ഷ്യപ്പെടുത്തുകയും വേണം.

സഭയുടെ ഉത്തരവുകൾ നടപ്പാക്കാനുള്ള വാറണ്ട് പുറപ്പെടുവിക്കാനും സഭയ്ക്ക് വേണ്ടി ശാസന വിധിക്കാനുമുള്ള അധികാരം സ്പീക്കർ പദത്തിൽ നിക്ഷിപ്തമാണ്. അദ്ദേഹത്തിന് ഉചിതമെന്നു തോന്നുന്ന സന്ദർഭത്തിൽ സഭയുടെ ഏത് ഭാഗത്തുനിന്നും അപരിചിതരെ പിൻവലിക്കണമെന്ന് ഉത്തരവ് നൽകാം. കൂടാതെ നിയമസഭാ സമുച്ചയം, നിയമസഭാ ഹോസ്റ്റൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ, ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ സ്ഥിതിചെയ്യുന്ന പഴയ അസംബ്ലി ചേമ്പർ എന്നിവ സ്പീക്കറുടെ പരമാധികാരത്തിൻ കീഴിലാണെന്ന കാര്യവും എടുത്തുപറയേണ്ടതുണ്ട്.

നിയമസഭയ്ക്കകത്ത് രാഷ്ട്രീയ കക്ഷികൾക്ക് അംഗീകാരം നൽകാനുള്ള അധികാരം സ്പീക്കർക്കാണ്. അതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ട്. അതുപോലെ, നിയമസഭയിലെ പ്രതിപക്ഷനേതാവിനെ അംഗീകരിച്ചുകൊണ്ടുള്ള തീരുമാനമെടുക്കുന്നതും സ്പീക്കറാണ്.

ഒരു കക്ഷിയിൽ നിന്നും കൂറുമാറുന്ന അംഗത്തെ അയോഗ്യനാക്കാനുള്ള അധികാരം ഭരണഘടനയുടെ 52-ാം ഭേദഗതിയിലൂടെ സ്പീക്കർക്കാണ് ലഭിച്ചിട്ടുള്ളത്. കേരളത്തിൽ രണ്ട് തവണ ഈ വ്യവസ്ഥ പ്രയോഗിക്കേണ്ടിവന്നിട്ടുണ്ട്. അതിൽ ആദ്യത്തേത് എട്ടാം കേരളനിയമസഭയുടെ കാലത്തായിരുന്നു. കൂറുമാറ്റത്തെ തുടർന്ന് ഒരംഗത്തിന് അയോഗ്യത കല്പിക്കേണ്ടിവന്ന രണ്ടാമത്തെ സന്ദർഭം പതിമൂന്നാം കേരള നിയമസഭയിലായിരുന്നു. എന്നാൽ ഹൈക്കോടതി വിധിയെ തുടർന്ന് പ്രസ്തുത അംഗത്തിന്റെ അയോഗ്യത ഒഴിവാക്കുകയുണ്ടായി.

നിയമസഭയിലെ അംഗമാണെങ്കിലും സ്പീക്കർ സാധാരണയായി വോട്ടിങ്ങിൽ പങ്കെടുക്കാറില്ല. വോട്ടെടുപ്പിൽ അനുകൂലിക്കുന്നവരും പ്രതികൂലിക്കുന്നവരും തുല്യത പാലി

ക്കുന്ന അത്യപൂർവ്വ സന്ദർഭങ്ങളിൽ മാത്രമേ സ്പീക്കർ വോട്ടവകാശം വിനിയോഗിക്കുക യുള്ളൂ. കേരളത്തിലും ഏറെക്കുറെ ഈ കീഴ്വഴക്കം തന്നെയാണ് പാലിച്ചുവരുന്നത്. എങ്കിലും ആറാം കേരള നിയമസഭയുടെ കാലത്ത് സ്പീക്കർക്ക് 'കാസ്റ്റിംഗ് വോട്ട്' പ്രയോഗി ക്കേണ്ടിവന്നിട്ടുണ്ട്.

## ശിഷ്ടാധികാരങ്ങൾ

നിയമസഭാനടപടിച്ചട്ടങ്ങൾ അനുസരിച്ച് സ്പീക്കർക്ക് ചില ശിഷ്ടാധികാരങ്ങൾ ഉണ്ട്. ചട്ടങ്ങളിൽ വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടില്ലാത്ത വിഷയങ്ങളും ചട്ടങ്ങൾ പ്രയോഗത്തി ലാക്കുന്നത് സംബന്ധിച്ച പ്രശ്നങ്ങളും സ്പീക്കർ തന്നെയാണ് കൈകാര്യം ചെയ്യേണ്ടത്. ഈ വകുപ്പ് പ്രകാരം സ്പീക്കർ കാലാകാലങ്ങളായി നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാറുണ്ട്. ചട്ടങ്ങളുടെ എല്ലാ ആധികാരികതയും ഈ നിർദ്ദേശങ്ങൾക്കുണ്ട്. ഇതുവരെ സ്പീക്കർ മാർ ഇത്തരത്തിലുള്ള 22 നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സഭയുടെയും സഭാസമിതി കളുടെയും നടപടിക്രമങ്ങളെ സംബന്ധിക്കുന്നവയാണ് ഈ നിർദ്ദേശങ്ങൾ. 1970 മാർച്ച് 11-ന് സ്പീക്കർ പുറപ്പെടുവിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് വ്യക്തികളും സംഘടനകളും നേരിട്ട് നൽകുന്ന ഹർജികൾ പെറ്റീഷൻസ് കമ്മിറ്റി പരിഗണിക്കാൻ തുടങ്ങിയത്.

## സമിതികളുടെ സംരക്ഷകൻ

പൊതുവെ സ്പീക്കറുടെ മാർഗ്ഗനിർദ്ദേശമനുസരിച്ചാണ് എല്ലാ നിയമസഭാ കമ്മിറ്റികളും പ്രവർത്തിക്കുന്നത്. കമ്മിറ്റികൾ രൂപീകരിക്കുന്നത് സഭയോ സ്പീക്കറോ ആയിരിക്കും. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി, പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റി, എസ്റ്റിമേറ്റ്സ് കമ്മിറ്റി, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി എന്നീ നാല് കമ്മിറ്റികളിലെയും അംഗങ്ങളെ നിയമസഭയാണ് തെരഞ്ഞെടുക്കുന്നത്. അതുപോലെ ഒരു ബില്ലിനുവേണ്ടി രൂപീകരി ക്കുന്ന സെലക്ട് കമ്മിറ്റി ഏതെങ്കിലും ഒരുപ്രത്യേക കാര്യത്തെപ്പറ്റി അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ രൂപീകരിക്കുന്ന അഡ്ഹോക്ക് കമ്മിറ്റി എന്നിവയെ സഭയാണ് നിയമി ക്കുന്നത്. സബ്ജക്ട് കമ്മിറ്റികളുൾപ്പെടെ എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റികളെയും സ്പീക്കറാണ് നാമനിർദ്ദേശം ചെയ്യുക. എല്ലാ നിയമസഭാ സമിതികളുടെയും അദ്ധ്യക്ഷന്മാരെയും നാമനിർദ്ദേശം ചെയ്യുന്നതും സ്പീക്കർതന്നെ. കാര്യോപദേശക സമിതിയുടെ അദ്ധ്യക്ഷ പദവിയും റൂൾസ് കമ്മിറ്റിയുടെ എക്സ്-ഒഫീഷ്യോ ചെയർമാൻ പദവിയും സ്പീക്കർക്കു ള്ളതാണ്. നിയമസഭാ സമിതികളുടെ രൂപീകരണവും പ്രവർത്തനവും നിയന്ത്രിക്കുന്ന തിന് വേണ്ടി സ്പീക്കർക്ക് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാവുന്നതാണ്. കമ്മിറ്റികളുടെ നടപടിക്രമങ്ങളെ സംബന്ധിച്ചോ മറ്റെന്തെങ്കിലും വിഷയം സംബന്ധിച്ചോ ഉന്നയിക്ക പ്പെടുന്ന പ്രശ്നങ്ങൾ സ്പീക്കർക്ക് അയച്ചുകൊടുക്കുകയാണ് പതിവ്. അക്കാര്യത്തിൽ അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കും.

## ഭരണപരമായ അധികാരങ്ങൾ

നിയമസഭാ സെക്രട്ടേറിയറ്റിന്റെ തലവനാണ് സ്പീക്കർ. അദ്ദേഹത്തിന്റെ പരിപൂർണ്ണ നിയന്ത്രണത്തിലും നിർദ്ദേശത്തിലുമാണ് സെക്രട്ടേറിയറ്റ് പ്രവർത്തിക്കുന്നത്. നിയമസഭാ സമുച്ചയത്തിന്റെയും നിയമസഭാ ഹോസ്റ്റലിന്റെയും സംരക്ഷണ ചുമതലയുള്ള സുരക്ഷാ ഉദ്യോഗസ്ഥന്മാരും സ്പീക്കറുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. നിയമസഭാ ഗാലറിയിൽ സന്ദർശകരുടെയും മാധ്യമപ്രവർത്തകരുടെയും പ്രവേശനം അനുവദിക്കുന്നതും സ്പീക്കർ തന്നെ.

## വ്യത്യസ്തമായ ഒരു കർമ്മം

സ്പീക്കർ എന്ന മഹനീയ പദവിയോടനുബന്ധിച്ചുള്ള അധികാരങ്ങൾക്കും കടമകൾക്കും പുറമെ മറ്റുചില പ്രധാനപ്പെട്ട കർത്തവ്യങ്ങളും അദ്ദേഹത്തിനുണ്ട്. ചില ദേശീയ അന്തർദേശീയ വേദികളുടെ പ്രവർത്തനങ്ങളിലും പര്യാലോചനകളിലും അദ്ദേഹം സജീവ ഭാഗഭാഗിത്വം വഹിക്കുന്നു. ലോകായുക്ത, സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ തുടങ്ങിയ സ്ഥാപനങ്ങളിലേക്കുള്ള അംഗങ്ങളുടെ തെരഞ്ഞെടുപ്പിൽ സ്പീക്കറുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കണമെന്ന് നിയമപരമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഓൾ ഇന്ത്യാ പ്രിസൈഡിംഗ് ഓഫീസേഴ്സ് കോൺഫറൻസിലും കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷൻ കോൺഫറൻസിലും സ്പീക്കർ പങ്കെടുക്കാറുണ്ട്.

## ചലനാത്മകമായ സ്ഥാപനം

ജനപ്രാതിനിധ്യവ്യവസ്ഥയിൽ സ്പീക്കർ പദത്തിനുള്ള പ്രാധാന്യം നമ്മുടെ ഭരണഘടനാശില്പികൾ വേണ്ടവണ്ണം തിരിച്ചറിഞ്ഞിരുന്നു. ഈ തിരിച്ചറിവാണ് നമ്മുടെ നാട്ടിലെ ജനാധിപത്യസംവിധാനത്തിൽ പ്രൗഢിയും പ്രാമുഖ്യവുമുള്ള ഉന്നതസ്ഥാനങ്ങളിലൊന്നായ സ്പീക്കർ പദവിയ്ക്ക് രൂപം നൽകാൻ അവർക്ക് മാർഗ്ഗദർശകമായത്. താൻ സാരഥ്യം വഹിക്കുന്ന സഭയുടെ അന്തസ്സിന്റെയും അധീശത്വത്തിന്റെയും പ്രതീകമാണ് സ്പീക്കർ. ഓരോ നിയമസഭയുടെയും പ്രവർത്തന മികവിന്റെ പിന്നിൽ സ്പീക്കർമാരുടെ സജീവവും കാര്യക്ഷമവുമായ അശ്രാന്ത പരിശ്രമമുണ്ടെന്ന് കാണാം. കേരളത്തിൽ ഇക്കഴിഞ്ഞ കാലങ്ങളിലെല്ലാം അതിപ്രഗൽഭരും പക്ഷപാതരഹിതരുമായ മഹത്‌വ്യക്തികളാണ് ആ പദം അലങ്കരിച്ചിട്ടുള്ളത്. അന്തസ്സോടെയും ആഭിജാത്യത്തോടെയും സഭയുടെ നടപടിക്രമങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനുപുറമെ ന്യായയുക്തമായും നിയമാനുസൃതമായും ചട്ടങ്ങൾ വ്യാഖ്യാനിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്നതിനും അവർക്ക് കഴിഞ്ഞിട്ടുണ്ട്. പുതിയ കീഴ്വഴക്കങ്ങളും പാരമ്പര്യങ്ങളും സൃഷ്ടിച്ചുകൊണ്ട് നമ്മുടെ ജനാധിപത്യസംവിധാനത്തിന് പുതിയ വിതാനങ്ങൾ സൃഷ്ടിച്ചതും ഈ സഭാനാഥന്മാരാണ്.

# സ്പീക്കർമാർ

## ജീവിത രേഖകൾ

സ്പീക്കർ



# ആർ. ശങ്കരനാരായണൻ തമ്പി

സംസ്ഥാന പുനഃസംഘടനയ്ക്ക് ശേഷം 1957 ഏപ്രിലിൽ രൂപീകൃതമായ കേരള നിയമസഭയുടെ ആദ്യത്തെ സ്പീക്കർ സ്ഥാനം അലങ്കരിച്ച വ്യക്തി യെന്ന ബഹുമതി മികച്ച പാർലമെന്റേറിയനും സമുന്നത നേതാവുമായിരുന്ന ശ്രീ. ആർ. ശങ്കരനാരാ യണൻ തമ്പിക്ക് അർഹതപ്പെട്ടതാണ്. 1911 സെപ്റ്റംബർ 30-ാം തീയതി ആലപ്പുഴ ജില്ലയിലെ പല്ലനയിൽ മാവേലിക്കര ശ്രീ. രാമവർമ്മരാജയുടെയും പാണ്ഡവത്ത് ശ്രീമതി തങ്കമ്മ കെട്ടിലമ്മയുടെയും മകനായി ജനിച്ച ശ്രീ. ശങ്കരനാരായണൻ തമ്പി, ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിലൂടെയാണ് രാഷ്ട്രീയ രംഗത്തേക്ക് കടന്നുവന്നത്.

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് ബിരുദം നേടിയ ശേഷം തിരുവനന്തപുരം ലോ

കോളേജിൽ നിന്നു ബി. എൽ. പാസ്സായ അദ്ദേഹം മാവേലിക്കര കോടതിയിൽ അഭിഭാഷകനായി പ്രാക്ടീസ് ആരംഭിച്ചു. അക്കാലത്ത് അദ്ദേഹം ഹരിജനോദ്ധാരണ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരുന്നു. പിന്നീട് ഓൾ ട്രാവൻകൂർ യൂത്ത് ലീഗിൽ ചേരുകയും 1938-ൽ അതിന്റെ പ്രവർത്തക സമിതിയിൽ അംഗമാകുകയും ചെയ്തു. അതേ വർഷം സ്റ്റേറ്റ് കോൺഗ്രസ്സിൽ ചേർന്ന ശ്രീ. ശങ്കരനാരായണൻ തമ്പി ഓൾ ട്രാവൻകൂർ കോൺഗ്രസ്സ് കമ്മിറ്റിയിൽ അംഗമായി. യൂത്ത് ലീഗ് പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതിന് 1938-ൽ ശ്രീ. ശങ്കരനാരായണൻ തമ്പിയെ ആറ് മാസം തടവിന് ശിക്ഷിച്ചെങ്കിലും മൂന്ന് മാസത്തിനുശേഷം പൊതുമാപ്പ് നൽകിയതിനെ തുടർന്ന് വിട്ടയച്ചു. ഇടയ്ക്ക് അദ്ദേഹം മലബാർ സോഷ്യലിസ്റ്റ് പാർട്ടിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുകയും യുദ്ധവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തു. ഇതിനിടെ തൊഴിലാളി സംഘടനാ പ്രവർത്തനങ്ങളിൽ പങ്കെടുത്തുകൊണ്ട് അദ്ദേഹം ഓൾ ട്രാവൻകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയന്റെ വൈസ്പ്രസിഡന്റായി. 1946-ൽ പുന്നപ്രവച്ച് നടത്തിയ ഒരു പ്രസംഗം പ്രകോപനപരമായി എന്നതിന്റെ പേരിൽ അദ്ദേഹത്തിന് രണ്ടു വർഷം തടവ് അനുഭവിക്കേണ്ടതായും 1000 രൂപ പിഴയടക്കേണ്ടതായും വന്നു. 1947-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗത്വം സ്വീകരിച്ച ശ്രീ. ശങ്കരനാരായണൻ തമ്പി പാർട്ടിയുടെ സ്റ്റേറ്റ് കൗൺസിലിലും എക്സിക്യൂട്ടീവ് കൗൺസിലിലും അംഗമായി. കായംകുളം കേന്ദ്രമാക്കികൊണ്ട് പാർട്ടിയുടെ ജില്ലാ സെക്രട്ടറിയായും അദ്ദേഹം പ്രവർത്തിച്ചു.

1944-47 കാലയളവിൽ കരുനാഗപ്പള്ളി-കാർത്തികപ്പള്ളി മണ്ഡലത്തെ പ്രതിനിധീകരിച്ച് തിരുവിതാംകൂറിലെ മൂന്നാം ശ്രീമൂലം അസംബ്ലിയിൽ അദ്ദേഹം അംഗമായിരുന്നു. 1954-56 കാലയളവിൽ മാവേലിക്കരയുടെ പ്രതിനിധിയായി തിരു-കൊച്ചി നിയമസഭയിലും അദ്ദേഹം അംഗമായി. തുടർന്ന് 1957-ൽ അദ്ദേഹം ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നിന്നും ഒന്നാം കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

1957 ഏപ്രിൽ 27-നാണ് ശ്രീ. ശങ്കരനാരായണൻ തമ്പിയെ കേരള നിയമസഭയുടെ പ്രഥമ സ്പീക്കറായി തെരഞ്ഞെടുത്തത്. 1959 ജൂലൈ 31-ന് നിയമസഭ പിരിച്ചുവിടും വരെ അദ്ദേഹം ആ പദവി അലങ്കരിച്ചു. അദ്ദേഹത്തിന്റെ കൃത്യവും സംക്ഷിപ്തവുമായ റൂളിംഗുകൾ 'റൂളിംഗ്സ് ഫ്രം ദി ചെയർ' എന്ന സമാഹാരത്തിൽ പ്രത്യേക സ്ഥാനം നേടിയിട്ടുണ്ടെന്ന് മാത്രമല്ല, സാർവത്രികമായി ഉദ്ധരിക്കപ്പെടുകയും ചെയ്യാറുണ്ട്.

പിൽക്കാലത്ത് ശ്രീ. ശങ്കരനാരായണൻ തമ്പി സജീവ രാഷ്ട്രീയത്തിൽ നിന്ന് വിട്ടുനിന്നു. ഇടയ്ക്ക് അദ്ദേഹം സംസ്ഥാന ജീവനക്കാരുടെ സേവന വ്യവസ്ഥകളും ചട്ടങ്ങളും പരിഷ്കരിക്കുന്നതിനായുള്ള കമ്മിറ്റിയുടെ ചെയർമാനായി പ്രവർത്തിക്കുകയുണ്ടായി. പൗരാവകാശ സംരക്ഷണത്തിനും സാമൂഹ്യനീതിക്കും വേണ്ടിയുള്ള ചില വേദികളിലും അദ്ദേഹം പ്രവർത്തിച്ചു.

ശ്രീമതി പി. എൽ. തങ്കമ്മയായിരുന്നു അദ്ദേഹത്തിന്റെ ഭാര്യ. അവർക്ക് മൂന്ന് ആൺമക്കളും രണ്ട് പെൺമക്കളുമുണ്ട്.

1989 നവംബർ 2-ന് ശ്രീ. ശങ്കരനാരായണൻ തമ്പി അന്തരിച്ചു. 1990 ജനുവരി 22-ന് നിയമസഭ അദ്ദേഹത്തിന് ചരമോപചാരം അർപ്പിക്കുകയുണ്ടായി.



സ്പീക്കർ

# കെ. എം സീതിസാഹിബ്

1960–61 കാലയളവിൽ കേരള നിയമസഭാ സ്പീക്കറായിരുന്ന ജനാബ് കെ. എം. സീതി അടുപ്പക്കാർക്കിടയിൽ സീതിസാഹിബ് എന്ന ഓമനപ്പേരിലാണ് അറിയപ്പെട്ടിരുന്നത്. കൊടുങ്ങല്ലൂരിലെ ഒരു സമ്പന്ന കുടുംബത്തിൽ ഹാജി സീതി മുഹമ്മദിന്റെയും ശ്രീമതി എ. കെ. ഫാത്തിമാബീവിയുടെയും മകനായി 1899–ൽ ജനിച്ച ശ്രീ. സീതിസാഹിബ് പിൽക്കാലത്ത് സമർത്ഥരായ ഭരണതന്ത്രജ്ഞരിൽ ഒരാളായി പരക്കെ അംഗീകരിക്കപ്പെട്ടു.

കൊടുങ്ങല്ലൂർ ഹൈസ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ശ്രീ. സാഹിബ്, 1917–ൽ എറണാകുളം മഹാരാജാസ് കോളേജിൽ നിന്ന് ഇന്റർമീഡിയറ്റ് പരീക്ഷ പാസ്സായി. നിയമബിരുദമെടുത്തശേഷം 1927–ൽ മദ്രാസ് ഹൈക്കോടതി

യിൽ വക്കീലായി എൻറോൾ ചെയ്തു കൊണ്ട് എറണാകുളത്തും തലശ്ശേരിയിലും അദ്ദേഹം പ്രാക്ടീസ് ആരംഭിച്ചു.

തന്റെ തലമുറയിലെ മറ്റു വിദ്യാർത്ഥികളെ പോലെ ശ്രീ. സീതിസാഹിബും സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തുകൊണ്ടാണ് രാഷ്ട്രീയ ജീവിതത്തിലേക്ക് കടന്നുവന്നത്. 1921-ൽ നിസ്സഹകരണ പ്രസ്ഥാനത്തിൽ പങ്കെടുക്കുകയും 1930-ൽ ലാഹോർ കോൺഗ്രസ്സിൽ കേരളത്തിനെ പ്രതിനിധീകരിക്കുകയും ചെയ്തു. എന്നാൽ 1933-ൽ അദ്ദേഹം കോൺഗ്രസ്സുമായുള്ള ബന്ധം വിച്ഛേദിച്ചു.

കേരള നിയമസഭയിൽ അംഗമാകുന്നതിനു മുൻപ് 1928-ലും 1931-ലും അദ്ദേഹം കൊച്ചി നിയമസഭയിലേയ്ക്ക് എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

1937-ൽ മുസ്ലീം ലീഗിന്റെ സജീവപ്രവർത്തകനായി മാറിയ ശ്രീ. സീതിസാഹിബ് 1946-ലും 1952-ലും മലപ്പുറം നിയോജക മണ്ഡലത്തിൽ നിന്ന് മദ്രാസ് ലെജിസ്ലേറ്റീവ് അസംബ്ലിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

1960-ൽ കുറ്റിപ്പുറം നിയോജകമണ്ഡലത്തിൽ നിന്നായിരുന്നു കേരള നിയമസഭയിലേയ്ക്കുള്ള അദ്ദേഹത്തിന്റെ രംഗപ്രവേശം. 1960 മാർച്ച് 12-ാം തീയതി ശ്രീ. സീതിസാഹിബിനെ രണ്ടാം കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുത്തു. 1961 ഏപ്രിൽ 17-ാം തീയതിവരെ അദ്ദേഹം പ്രസ്തുത പദവിയിൽ തുടർന്നു. ആകർഷകമായ വ്യക്തിത്വവും നേതൃത്വ പാടവുമാണ് ആദ്യത്തെ തവണ തന്നെ ഉന്നതമായ സ്പീക്കർ പദവിക്ക് അദ്ദേഹത്തെ അർഹനാക്കിയത്.

ആശയസ്ഥിരത, സ്വഭാവവൈശിഷ്ട്യം, നിശ്ചയദാർഢ്യം, സത്യസന്ധത എന്നീ ഗുണങ്ങളെല്ലാം തികഞ്ഞ ശ്രീ. സീതിസാഹിബിന് നിയമസഭ സുഗമമായി നടത്തിക്കൊണ്ടു പോകുന്നതിനും സഭയുടെ അന്തസ്സും ഔന്നത്യവും കാത്തു സൂക്ഷിക്കുന്നതിനും പ്രയാസപ്പെടേണ്ടി വന്നില്ല.

ഒരു പൊതുപ്രവർത്തകനെന്ന നിലയിൽ അദ്ദേഹത്തിന്റെ ഗുണഗണങ്ങൾ എല്ലാവരിലും മതിപ്പുളവാക്കി. സ്വന്തം പ്രവർത്തനരംഗങ്ങളിലെല്ലാം അദ്ദേഹത്തിനു ശോഭിക്കാൻ കഴിഞ്ഞതിനുള്ള കാരണവും അതു തന്നെ. ഹൃദ്യമായ പെരുമാറ്റം, അസാമാന്യ ക്ഷമാശീലം, വ്യക്തികളെക്കുറിച്ചും വസ്തുക്കളെക്കുറിച്ചുമുള്ള അവഗാഹം, പൊതു പ്രശ്നങ്ങളെ വിശാല വീക്ഷണത്തോടെ സമീപിക്കാനുള്ള കഴിവ് എന്നിവയെല്ലാം കൂടിച്ചേർന്നപ്പോൾ ശ്രീ. സീതിസാഹിബിന് തന്റെ രാഷ്ട്രീയ ജീവിതം അത്യന്തം വിജയകരമാക്കാൻ കഴിഞ്ഞു.

ഒരു ഭരണതന്ത്രജ്ഞനെന്നതിലുപരി അനുഗൃഹീതനായ പ്രാസംഗികൻ, എഴുത്തുകാരൻ, സാമൂഹ്യമായി പിന്നാക്കം നില്ക്കുന്ന ജനവിഭാഗങ്ങളുടെ ഉന്നമനത്തിനുവേണ്ടി അർപ്പണ മനോഭാവത്തോടെ പ്രയത്നിച്ച സാമൂഹ്യപ്രവർത്തകൻ എന്നീ നിലകളിലും അദ്ദേഹം ശോഭിച്ചു. ഒട്ടേറെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാൻ അദ്ദേഹത്തിന് കഴിഞ്ഞു. പ്രഗത്ഭനായ അഭിഭാഷകൻ കൂടിയായിരുന്നു ശ്രീ. സീതിസാഹിബ്. 'ചന്ദ്രിക'യുടെ സ്ഥാപകാംഗങ്ങളിൽ ഒരാളായ ശ്രീ. സീതിസാഹിബ് തിരക്കേറിയ ഔദ്യോഗിക കൃത്യങ്ങൾക്കിടയിലും പ്രസ്തുത പത്രത്തിനുവേണ്ടി സർഗ്ഗസൃഷ്ടികൾ സമ്മാനിക്കാനും സമയം കണ്ടെത്തി.

ശ്രീമതി ഖദീജയായിരുന്നു അദ്ദേഹത്തിന്റെ ഭാര്യ. അവർക്ക് ഒരു പുത്രനും മൂന്ന് പുത്രിമാരുമുണ്ട്.

വിശ്രമരഹിതമായ ജീവിതം ശ്രീ. സീതിസാഹിബിന്റെ ആരോഗ്യത്തെ സാരമായി ബാധിക്കുകയും 1961 ഏപ്രിൽ 17-ാം തീയതി ഔദ്യോഗിക പദവിയിലിരിക്കെ അദ്ദേഹം ഇഹലോകവാസം വെടിയുകയും ചെയ്തു. 1961 ജൂൺ 8-ന് നിയമസഭ അദ്ദേഹത്തിന് ചരമോപചാരം അർപ്പിച്ചു.



സ്പീക്കർ

# സി. എച്ച്. മുഹമ്മദ്കോയ

ഇടപഴകുന്നവരുടെ മനസ്സുകളിൽ മായാത്ത മുദ്ര പതിപ്പിക്കുകയും ഇടപെടുന്ന സാഹചര്യങ്ങളെ ഉടനീളം സ്വാധീനിക്കാൻ കഴിയുകയും ചെയ്യുന്നത് മഹത് വ്യക്തികളുടെ ലക്ഷണമായി പറയാറുണ്ട്. കേരള രാഷ്ട്രീയത്തിൽ ഇത്തരത്തിലൊരു അപൂർവ്വ പ്രതിഭയായിരുന്നു ശ്രീ. സി. എച്ച്. മുഹമ്മദ്കോയ.

ജനാബ് കെ. എം. സീതിസാഹിബിന്റെ ആകസ്മികമായ അന്ത്യത്തോടെ രണ്ടാം കേരളനിയമസഭയുടെ സ്പീക്കർ പദവിയിലെത്തിയ ശ്രീ. മുഹമ്മദ്കോയ പത്രപ്രവർത്തകൻ, പത്രാധിപർ, എഴുത്തുകാരൻ, പ്രാസംഗികൻ, പാർലമെന്റേറിയൻ, ഭരണതന്ത്രജ്ഞൻ എന്നീ വ്യത്യസ്ത നിലകളിൽ തന്റെ കഴിവുകൾ പ്രകടമാക്കി.

1927 ജൂലായ് 15-ന് കോഴിക്കോട് ജില്ലയിലെ അത്തോളിയിൽ പയ്യാംപുന ത്തിൽ ശ്രീ. അലി മുസലിയാരുടെയും ശ്രീമതി മറിയുമ്മയുടെയും മകനായി അദ്ദേഹം ജനിച്ചു. കൊങ്ങന്നൂർ എയ്ഡഡ് എലിമെന്ററി സ്കൂളിൽ പ്രാഥ മിക വിദ്യാഭ്യാസം കഴിഞ്ഞ അദ്ദേഹം വേലൂർ മാപ്പിള എലിമെന്ററി സ്കൂളിലും കൊയിലാണ്ടി ബോർഡ് ഹൈസ്കൂളിലും പഠനം തുടർന്നു. ചെറുപ്പത്തിൽ കുറച്ചു കാലം കോഴിക്കോട് ജില്ലാ മുസ്ലീം ലീഗ് കമ്മിറ്റിയിലും കോഴിക്കോട് മുനിസിപ്പൽ ഓഫീസിലും ജോലി നോക്കിയിട്ടുണ്ട്. തുടർന്ന് അദ്ദേഹം 'ചന്ദ്രിക'യുടെ എഡിറ്റോ റിയൽ സ്റ്റാഫിലും സേവനമനുഷ്ഠിച്ചു. 1951-ൽ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ ദേശീയ എക്സിക്യൂട്ടീവിൽ അംഗമായി. അധികം താമസിയാതെ കോഴിക്കോട് മുനി സിപ്പാലിറ്റിയിലേക്ക് കൗൺസിലറായി തെരഞ്ഞെടുക്കപ്പെടുയും ചെയ്തു.

1957-ലും 1960-ലും താനൂർ നിയോജകമണ്ഡ ലത്തിൽ നിന്ന് ശ്രീ. മുഹമ്മദ്കോയ കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. മുസ്ലീം ലീഗ് നിയമസഭാ കക്ഷിയുടെ നേതാ വായ അദ്ദേഹം ശ്രീ. സീതിസാഹിബിന്റെ നിര്യാണത്തെ തുടർന്ന് 1961 ജൂൺ 9-ന് നിയമ സഭാസ്പീക്കർ പദവിയിലെത്തിച്ചേർന്നു.

നിയമസഭാസ്പീക്കർ പദവിയിലെത്തുന്ന ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയായിരു ന്നെങ്കിലും തികഞ്ഞ വൈദഗ്ധ്യത്തോടെ സഭാനടപടികൾ സുഗമമായി നിയന്ത്രി ക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. തിരക്കിനി ടയിലും തന്റെ ഇഷ്ടവിനോദമായ ഗ്രന്ഥ പാരായണത്തിനും ഗ്രന്ഥരചനയ്ക്കും സമയം കണ്ടെത്തുകയും ചെയ്തു.

മുസ്ലീം ലീഗ്, സംസ്ഥാനതലത്തിലുണ്ടാ ക്കിയ രാഷ്ട്രീയ സഖ്യം അവസാനിച്ച പ്പോൾ 1961 നവംബർ 10-ന് ശ്രീ. മുഹമ്മദ് കോയ സ്പീക്കർ പദം രാജിവച്ചു. തുടർന്നു വന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ കോഴിക്കോട് നിയോജകമണ്ഡലത്തിൽ നിന്ന് അദ്ദേഹം വിജയം വരിച്ചു.

1967-ൽ നടന്ന സംസ്ഥാന നിയമസഭാതെര ഞ്ഞെടുപ്പിൽ മങ്കട നിയോജകമണ്ഡല ത്തിൽ നിന്ന് വമ്പിച്ച ഭൂരിപക്ഷത്തോടെ യാണ് അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടത്. ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ രൂപീകൃതമായ മന്ത്രിസഭ യിൽ വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്യാൻ അദ്ദേഹത്തിന് അവസരം ലഭിക്കുകയും ചെയ്തു. തുടർന്ന് ശ്രീ. സി. അച്ചുതമേനോൻ, ശ്രീ. കെ. കരുണാകരൻ, ശ്രീ. എ. കെ. ആന്റണി, ശ്രീ. പി. കെ. വാസുദേവൻ നായർ എന്നിവരുടെ നേ തൃത്വത്തിലുണ്ടായ മന്ത്രിസഭകളിലും അദ്ദേഹം വിദ്യാഭ്യാസ മന്ത്രിയായി. ഇക്കാലത്ത് പുരോഗമനപരമായ നിരവധി പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ അദ്ദേഹ ത്തിന് കഴിഞ്ഞു. ആഭ്യന്തര, ധനകാര്യവകു പ്പുകളുടെ ചുമതലയും അദ്ദേഹം വഹിച്ചിട്ടുണ്ട്.

1979 ഒക്ടോബർ 12-ാം തീയതി ശ്രീ. സി. എച്ച്. മുഹമ്മദ്കോയ കേരളത്തിന്റെ മുഖ്യമന്ത്രി പദവിയിലെത്തുകയും 1979 ഡിസംബർ 1 വരെ ആ പദവിയിൽ തുടരുകയും ചെയ്തു. പിന്നീട് ശ്രീ. കെ. കരുണാകരന്റെ നേതൃത്വത്തിൽ രൂപം കൊണ്ട മന്ത്രിസഭയിൽ അദ്ദേഹം ഉപമുഖ്യ മന്ത്രിയായിരുന്നു. പിന്നീട് പൊതുതെരഞ്ഞെ ടുപ്പിനെത്തുടർന്ന് 1982-ൽ മന്ത്രിസഭ പുനഃ സംഘടിപ്പിക്കപ്പെട്ടപ്പോൾ മുതൽ അടുത്ത വർഷം ആ മഹത് ജീവിതം അകാലത്തിൽ അസ്തമിക്കും വരെയും അദ്ദേഹം ഉപമുഖ്യമന്ത്രിയായിരുന്നു.

1958–59 കാലയളവിൽ അഷ്വറൻസ് കമ്മിറ്റിയുടെയും 1980–82 കാലയളവിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെയും ചെയർമാനായിരുന്നു അദ്ദേഹം. വശ്യമായ നർമ്മബോധത്തിന് ഉടമയായ അദ്ദേഹം അനുഗൃഹീതനായ ഒരെഴുത്തുകാരൻ കൂടിയായിരുന്നു 'എന്റെ ഹജ്ജ് യാത്ര', 'കോക്സ്-ലണ്ടൻ-കെയ്റോ', 'ഞാൻ കണ്ട മലേഷ്യ', 'നിയമസഭ പ്രവർത്തിക്കുന്ന തെങ്ങനെ', 'സോവിയറ്റ് യൂണിയൻ', 'ഇന്ത്യയിലെ മുസ്ലീം വാഴ്ച കഥകളിലൂടെ', 'ശ്രീലങ്കയിൽ അഞ്ചു ദിവസം', 'ലോകം ചുറ്റി ഒരു യാത്ര' എന്നിങ്ങനെ എട്ട് പ്രശസ്ത കൃതികളുടെ കർത്താവാണ് അദ്ദേഹം. എല്ലാ തിരക്കുകൾക്കും ഇടയിൽ 'ചന്ദ്രിക' യുടെ ചീഫ് എഡിറ്റർ സ്ഥാനം തുടർച്ചയായി നിലനിറുത്തുകയും ചെയ്തു. മൂന്ന് പതിറ്റാണ്ട് നീണ്ടുനിന്ന പ്രശാന്തമായ ആ പൊതുജീവിതത്തിനിടയിൽ വ്യത്യസ്ത പദവികളിലിരുന്നുകൊണ്ട് സ്തുത്യർഹ മായി പ്രവർത്തിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു.

ശ്രീമതി ആമിനയായിരുന്നു അദ്ദേഹ ത്തിന്റെ ഭാര്യ. അവർക്ക് മൂന്ന് കുട്ടികളുണ്ട്. മുൻ മന്ത്രിയും 14-ാം കേരള നിയമസഭയിൽ കോഴിക്കോട് സൗത്ത് നിയോജകമണ്ഡല ത്തിൽ നിന്നുള്ള അംഗവുമായ ഡോ. എം.കെ. മുനീർ അദ്ദേഹത്തിന്റെ ഏക മകനാണ്.

1983 സെപ്തംബർ 28-ന് ശ്രീ. സി. എച്ച്. മുഹമ്മദ്കോയ അന്തരിച്ചു. അതേ വർഷം നവംബർ 25-നാണ് നിയമസഭ അദ്ദേഹ ത്തിന് ചരമോപചാരം അർപ്പിച്ചത്.



സ്പീക്കർ

# അലക്സാണ്ടർ പറമ്പിത്തറ

എ.പി. എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന ശ്രീ. അലക്സാണ്ടർ പറമ്പിത്തറ രണ്ടാം കേരള നിയമസഭയുടെ സ്പീക്കർ പദവിയിലെത്തിയത് നിശ്ചയദാർഢ്യവും സ്ഥിരോത്സാഹവും ഒത്തിണങ്ങിയ സ്വഭാവവൈശിഷ്ട്യം നിമിത്തമാണ്. അദ്ദേഹം നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ ശ്രീ. ജോസഫ് ചാഴിക്കാടൻ പറഞ്ഞു; ''എല്ലാ ഗുണങ്ങളും അദ്ദേഹത്തിൽ ഒത്തുചേർന്നിരിക്കുന്നു. പ്രകൃതി എഴുന്നേറ്റു നിന്നു പറയും, ഇതാ ഒരു മനുഷ്യൻ''. സ്വാർത്ഥരഹിതമായ പെരുമാറ്റവും മനുഷ്യനന്മയിലും മൂല്യങ്ങളിലുമുള്ള മതിപ്പും മൂലം യുവതലമുറയ്ക്കൊരു മാതൃകയാകാൻ അദ്ദേഹത്തിന് കഴിഞ്ഞു.

1900 ഫെബ്രുവരിയിൽ ജനിച്ച ശ്രീ. എ.പി., എറണാകുളം മഹാരാജാസ് കോളേജ്, തിരുച്ചിറപ്പള്ളി സെന്റ് ജോസഫ്സ് കോളേജ്, തിരുവനന്തപുരം ലോ കോളേജ് എന്നിവിടങ്ങളിലെ പഠനത്തിന് ശേഷം സെയ്ദാപേട്ട് ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജിൽ നിന്ന് അദ്ധ്യാപനവൃത്തി യ്ക്കുള്ള യോഗ്യതയും നേടി. കുമ്പളങ്ങി സെന്റ് പീറ്റേഴ്സ് ഹൈസ്ക്കൂളിൽ ഹെഡ്മാസ്റ്ററായതിൽ പിന്നെ പറമ്പിത്തറ മാസ്റ്റർ എന്നാണ് പരക്കെ അറിയപ്പെട്ടിരു ന്നത്. അന്ന് അദ്ധ്യാപകനെന്ന നിലയിൽ അദ്ദേഹത്തിന് കിട്ടിയ അനുഭവസ മ്പത്താകാം പ്രതിസന്ധികൾ തരണം ചെയ്യാൻ അദ്ദേഹത്തിന് തുണയായത്.

1947-1951 കാലയളവിൽ അദ്ദേഹം എറണാകുളം മുനിസിപ്പൽ കോർപ്പറേഷൻ ചെയർമാൻ സ്ഥാനം വഹിച്ചിട്ടുണ്ട്. കേരള നിയമസഭയിൽ അംഗമായിരിക്കെ 1961-ൽ അദ്ദേഹം എറണാകുളം ഡി. സി. സി. പ്രസിഡന്റായും പ്രവർത്തിച്ചു.

1957-ലാണ് ശ്രീ. എ.പി. ആദ്യമായി കേരള നിയമ സഭയിൽ അംഗമാകുന്നത്. അതിനുമുമ്പ് രണ്ടു തവണ, 1934-ലും 1947-ലും അദ്ദേഹം കൊച്ചി നിയമസഭയിൽ അംഗമായിരുന്നു. പിന്നീട് 1952, 1954 വർഷങ്ങളിൽ അദ്ദേഹം തിരു-കൊച്ചി നിയമസഭയിലും അംഗമായി. പള്ളുരുത്തി നിയോജകമണ്ഡലത്തിൽ നിന്നാണ് അദ്ദേഹം 1957-ലും 1960-ലും നിയമസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടത്. 1961 ഡിസംബർ 13-ന് ശ്രീ. അലക്സാണ്ടർ പറമ്പിത്തറ കേരളനിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടു. സ്വതഃസിദ്ധമായ പ്രത്യേക ശൈലിയിൽ അദ്ദേഹം സഭാ നടപടികൾ നിയന്ത്രിക്കുകയും 1964 സെപ്തംബർ 10 വരെ ആ പദവിയിൽ തുടരുകയും ചെയ്തു.

1967-ൽ എറണാകുളം നിയോജകമണ്ഡല ത്തിൽ നിന്ന് അദ്ദേഹം വീണ്ടും നിയമ സഭാംഗമായി. 1967-68 കാലയളവിൽ അഷ്വറൻസ് കമ്മിറ്റിയുടെയും 1969-70 കാല യളവിൽ ലൈബ്രറി അഡ്വൈസറി കമ്മിറ്റി യുടെയും ചെയർമാനായിരുന്നു അദ്ദേഹം. സ്വന്തം വിശ്വാസപ്രമാണങ്ങളിലും നിശ്ചയ ദാർഢ്യത്തിലും വിട്ടുവീഴ്ചചെയ്യാൻ തയ്യാറാ കാത്ത പറമ്പിത്തറ മാസ്റ്റർ 1975-ൽ അടിയന്ത രാവസ്ഥ പ്രഖ്യാപിച്ചപ്പോൾ അതിനെതിരെ തന്റെ അഭിപ്രായം തുറന്നു പറയുകയും ശ്രീ. എ. കെ. ഗോപാലനോടൊപ്പം പ്രതിഷേധിച്ചതിനെ തുടർന്ന് അറസ്റ്റു വരിക്കുകയും ചെയ്തു.

1989 ജൂൺ 10-ാം തീയതി പറമ്പിത്തറ മാസ്റ്റർ അന്തരിച്ചു. 1989 ജൂൺ 12-ന് നിയമ സഭ അദ്ദേഹത്തിന് ചരമോപചാരം അർ പ്പിച്ചു.

സ്പീക്കർ



# ഡി. ദാമോദരൻ പോറ്റി

പ്രവർത്തിച്ച മേഖലകളിലെല്ലാം മികവുകാട്ടാൻ കഴിഞ്ഞ പരിണതപ്രജ്ഞനായ ഒരു നേതാവായിരുന്നു ശ്രീ. ഡി. ദാമോദരൻ പോറ്റി. അസാമാന്യമായ നിശ്ചയദാർഢ്യവും അതുല്യമായ ദേശാഭിമാനവും അദ്ദേഹത്തിനുണ്ടായിരുന്നു. ക്വിറ്റ് ഇന്ത്യാ സമരത്തിൽ പങ്കെടുക്കാനായി ആകർഷകമായ സെൻട്രൽ സെക്രട്ടേറിയറ്റ് സർവ്വീസ് ഉപേക്ഷിക്കാൻ അദ്ദേഹം ധൈര്യം കാട്ടിയത് അതുകൊണ്ടാണ്.

1921-ൽ ശ്രീ. കെ. ദാമോദരൻ പോറ്റിയുടെയും ശ്രീമതി ആര്യാദേവിയുടെയും പുത്രനായി പിറന്ന ശ്രീ. ദാമോദരൻ പോറ്റി ചെറുപ്പത്തിൽതന്നെ പാഠ്യവിഷയങ്ങളിൽ പ്രശസ്തമായ വിജയം കൈവരിക്കുകയുണ്ടായി. കൊട്ടാരക്കര ഹൈസ്ക്കൂളിൽ നിന്ന് പഠനം പൂർത്തിയാക്കിയ ശേഷം ചങ്ങനാശ്ശേരി

എസ്. ബി. കോളേജിൽ നിന്ന് ഇന്റർ മീഡിയറ്റും തിരുവനന്തപുരം ആർട്സ് കോളേജിൽ നിന്ന് ബി. എ. ഡിഗ്രിയും കരസ്ഥമാക്കി. തുടർന്ന് തിരുവനന്തപുരം ലോ കോളേജിൽ നിന്ന് നിയമത്തിൽ ഫെലോഷിപ്പും നേടി.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ സജീവാംഗത്വം സ്വീകരിച്ചതോടെയാണ് ശ്രീ. ദാമോദരൻ പോറ്റി രാഷ്ട്രീയ ജീവിതം ആരംഭിച്ചത്. കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയുടെ ജില്ലാ പ്രസിഡന്റായിരുന്നെ ങ്കിലും പിന്നീടതിൽ നിന്ന് വേർപെട്ട് പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയിൽ ചേരുകയും ചെയ്തു.1954-ൽ തിരു-കൊച്ചി നിയമസഭ യിലേക്ക് അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. 1954 മാർച്ച് 24 മുതൽ 1956 മാർച്ച് 23 വരെ അദ്ദേഹം ഡെപ്യൂട്ടി സ്പീക്കറായി സേവന മനുഷ്ഠിച്ചു.

1960-ൽ രണ്ടാം കേരള നിയമസഭയിലേക്ക് കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടതോടെയാണ് ശ്രീ. ദാമോദരൻ പോറ്റി ആദ്യമായി കേരള നിയമസഭാംഗമാകുന്നത്. 1960 ഫെബ്രുവരി 22 മുതൽ 1962 സെപ്റ്റംബർ 26 വരെ അദ്ദേഹം ശ്രീ. പട്ടം താണുപിള്ളയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ പൊതു മരാമത്തുവകുപ്പ് മന്ത്രിയായിരുന്നു. തുടർ ന്നുവന്ന ആർ. ശങ്കർ മന്ത്രിസഭയിലും അദ്ദേഹം 1962 സെപ്റ്റംബർ 26 മുതൽ ഒക്ടോബർ 8 വരെ അതേ വകുപ്പിന്റെ ചുമതല വഹിച്ചു. 1963-64 കാലയളവിൽ അദ്ദേഹം അഷ്വറൻസ് കമ്മിറ്റി ചെയർ മാനായിരുന്നു.

1967-ൽ നിയമസഭയിലേക്ക് വീണ്ടും തെരഞ്ഞെടുക്കപ്പെട്ട ശ്രീ. ദാമോദരൻ പോറ്റി 1967 മാർച്ച് 15 മുതൽ 1970 ഒക്ടോബർ 21 വരെ സഭാനാഥനെന്ന നിലയിൽ സ്തുത്യർഹമായ പ്രവർത്തനം കാഴ്ചവയ്ക്കുകയുണ്ടായി. സഭയുടെ അന്തസ്സും പ്രൗഢിയും ഉയർത്തിപ്പിടിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു.

പല സാമൂഹ്യസേവന രംഗങ്ങളിലും സ്വന്തം വ്യക്തിമുദ്ര പതിപ്പിക്കാൻ ശ്രീ. ദാമോദരൻ പോറ്റിയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഭാരത് സേവക് സമാജിന്റെ കൊല്ലം ജില്ലാ കൺവീനറായി രുന്നു അദ്ദേഹം. എസ്. എസ്. പി. കേരള യൂണിറ്റിന്റെയും ലോകകാര്യ ക്ഷേത്ര സമിതി യുടെയും ചെയർമാൻ, കേരള ഗ്രന്ഥശാലാ സംഘം വൈസ് ചെയർമാൻ, പ്ലൈവുഡ് എംപ്ലോയീസ് യൂണിയൻ, കൊട്ടാരക്കര ചുമട്ടു തൊഴിലാളി യൂണിയൻ, മധ്യകേരള കശുവണ്ടി തൊഴിലാളി യൂണിയൻ എന്നിവ യുടെ പ്രസിഡന്റ് എന്നീ പദവികളും അദ്ദേഹം വഹിച്ചിട്ടുണ്ട്.

ശ്രീമതി പി. വി. സാവിത്രി അന്തർജ്ജനം ആയിരുന്നു അദ്ദേഹത്തിന്റെ ഭാര്യ. അവർക്ക് ഒരു പുത്രനും മൂന്ന് പുത്രിമാരുമുണ്ട്.

2002 നവംബർ 15-ാം തീയതി ശ്രീ. ദാമോദരൻ പോറ്റി നമ്മെ വിട്ടുപിരിഞ്ഞു. 2003 ജനുവരി 27-ാം തീയതി നിയമസഭ അദ്ദേഹത്തിന് ചരമോപചാരം അർപ്പിച്ചു.



സ്പീക്കർ

# കെ. മൊയ്തീൻകുട്ടി ഹാജി

നിയമസഭാ സ്പീക്കറുടെ പദവിയിലെത്തിയ പ്രഗത്ഭ നായ നേതാവ് ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി, 1918 ജൂലായ് 1-ാം തീയതി ശ്രീ. കെ. അലിക്കുട്ടി ഹാജിയുടെയും ശ്രീമതി കുഞ്ഞീമയുടെയും പുത്ര നായി തിരൂരിൽ ജനിച്ചു. എട്ടിരിക്കടവ് എൽ. പി. സ്കൂൾ, തിരൂർ ഗവൺമെന്റ് ഹൈസ്കൂൾ എന്നിവി ടങ്ങളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം അദ്ദേഹം കുറച്ചുകാലം മലബാർ ഡിസ്ട്രിക്ട് ബോർ ഡിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചു. 1941-ൽ അദ്ദേഹം റവന്യൂ വകുപ്പിൽ ഗുമസ്തനായി സർക്കാർ സർവ്വീസിൽ പ്രവേശിച്ചു. എന്നാൽ വ്യാപാരത്തിലേർപ്പെടാൻ വേണ്ടി 1946-ൽ ഉദ്യോഗം രാജിവച്ചു.

കേളപ്പജിയുടെ നേതൃത്വത്തിൽ രൂപം കൊണ്ട അഖിലഭാരതീയ സേവാസമിതിയിലൂടെയാണ് ശ്രീ. മൊയ്തീൻകുട്ടി ഹാജി രാഷ്ട്രീയത്തിലേക്ക് പ്രവേശിച്ചത്. 1947-ൽ അദ്ദേഹം കോൺഗ്രസ്സിന്റെ സജീവ പ്രവർത്തകനായെങ്കിലും 1951-ൽ പ്രസ്തുത പാർട്ടിയിൽ നിന്ന് രാജിവച്ച് മുസ്ലീം ലീഗിൽ ചേർന്നു. 1957-ലാണ് അദ്ദേഹം ആദ്യമായി കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. തുടർന്ന് 1960, 1967, 1970, 1987 എന്നീ വർഷങ്ങളിലും അദ്ദേഹം നിയമസഭയിൽ അംഗമായി.

1970 ഒക്ടോബർ 22-ാം തീയതി ശ്രീ. മൊയ്തീൻകുട്ടി ഹാജി നാലാം കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടു. ശ്രീ. ദാമോദരൻ പോറ്റിയുടെ പിൻഗാമിയായി സ്പീക്കർ പദവിയിലെത്തിയ ശ്രീ. മൊയ്തീൻകുട്ടി ഹാജി 1975 മേയ് 8 വരെ ആ സ്ഥാനം വഹിച്ചു. എന്നാൽ രാഷ്ട്രീയകാരണങ്ങളാൽ അദ്ദേഹം സ്ഥാനം രാജിവയ്ക്കുകയാണുണ്ടായത്. 1976-77 കാലയളവിൽ പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായിരുന്നു അദ്ദേഹം.

1954 മുതൽ 1958 വരെ ശ്രീ. മൊയ്തീൻകുട്ടി ഹാജി, തിരൂരിന്റെ പ്രതിനിധിയെന്ന നിലയിൽ മലബാർ ഡിസ്ട്രിക്റ്റ് ബോർഡിൽ അംഗമായിരുന്നു. പട്ടിക്കാട് ജാമിയ നൂറിയ അറബിക് കോളേജിന്റെയും പോക്കർ സാഹിബ് മെമ്മോറിയൽ കോളേജിന്റെയും തിരൂരങ്ങാടി ഓർഫനേജിന്റെയും ഭരണസമിതി അംഗമായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. മുസ്ലീം ലീഗ് നിയമസഭാകക്ഷിയുടെ ഡെപ്യൂട്ടി ലീഡറായും വിപ്പായും പ്രവർത്തിച്ചിട്ടുള്ള ശ്രീ. മൊയ്തീൻകുട്ടി ഹാജി പാർട്ടിയുടെ സംസ്ഥാന ജോയിന്റ് സെക്രട്ടറി, കോഴിക്കോട് ജില്ലാ സെക്രട്ടറി എന്നീ പദവികളും വഹിച്ചിട്ടുണ്ട്. 1951 മുതൽ 1970 വരെ തിരൂർ, തൃക്കണ്ടിയൂർ പി.സി.സി. സൊസൈറ്റിയുടെ പ്രസിഡന്റ് സ്ഥാനം അലങ്കരിച്ചിട്ടുള്ള ശ്രീ. മൊയ്തീൻകുട്ടി ഹാജി വിവിധ സാമൂഹ്യ, സാംസ്കാരിക സംഘടനകൾക്കും നേതൃത്വം നൽകിയിട്ടുണ്ട്. 1968-71 കാലയളവിൽ തവനൂർ റൂറൽ ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാനായിരുന്നു അദ്ദേഹം. കെ. എഫ്. സി. യുടെയും തിരൂർ എസ്.എസ്.എം. പോളിടെക്നിക്കിന്റെയും ചെയർമാൻ എന്ന നിലയിലും അദ്ദേഹം പ്രവർത്തിച്ചു. മുസ്ലീം ലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ്, ഹൈ പവർ കമ്മിറ്റി അംഗം എന്നീ സ്ഥാനങ്ങളും അദ്ദേഹം വഹിച്ചു.

ശ്രീമതി അയിഷാ ഹജ്ജുമ്മയായിരുന്നു അദ്ദേഹത്തിന്റെ ഭാര്യ. അവർക്ക് ആറ് പുത്രന്മാരും ആറ് പുത്രിമാരുമുണ്ട്.

1997 സെപ്റ്റംബർ 12-ാം തീയതി മുസ്ലീം ലീഗിന്റെ പ്രഗത്ഭനായ ആ നേതാവ് അന്തരിച്ചു. 1997 ഡിസംബർ 8-ാം തീയതി നിയമസഭ അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിച്ചു.



സ്പീക്കർ

# ടി. എസ്. ജോൺ

കേരളനിയമസഭയുടെ സ്പീക്കറെന്ന നിലയിലും സംസ്ഥാന മന്ത്രിസഭയിലെ അംഗമെന്ന നിലയിലും പ്രവർത്തിക്കാൻ കഴിഞ്ഞിട്ടുള്ള ഒരാളാണ് ശ്രീ. ടി. എസ്. ജോൺ. 1939 ഒക്ടോബർ 21-ന് ശ്രീ. മത്തായിയുടെ മകനായി കവിയൂരിൽ ജനിച്ചു. അദ്ദേഹത്തിന്റെ തലമുറയിൽപ്പെട്ട മറ്റനേകം നേതാക്കളെപ്പോലെ ശ്രീ. ടി. എസ്. ജോണും വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെയാണ് രാഷ്ട്രീയത്തിലേക്ക് പ്രവേശിച്ചത്. ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ നിന്ന് ശാസ്ത്രവിഷയത്തിൽ ബിരുദം സമ്പാദിച്ച ശ്രീ. ടി. എസ്. ജോൺ തന്റെ കലാലയ ജീവിതത്തിലുടനീളം വിവിധ വിദ്യാർത്ഥി സംഘടനാപ്രവർത്തനങ്ങളിൽ പങ്കാളിയാവുകയുണ്ടായി. നിയമബിരുദം കരസ്ഥമാക്കിയതിനുശേഷം അദ്ദേഹം അല്പകാലം

കേരള ഹൈക്കോടതിയിൽ അഭിഭാഷക നായി പ്രവർത്തിക്കുകയും ചെയ്തു. കേരള കോൺഗ്രസ്സിനു രൂപംനൽകിയ നേതാക്ക ളിൽ ഒരാളായ ശ്രീ. ടി. എസ്. ജോൺ പാർട്ടിയുടെ വൈസ് ചെയർമാനുമായി രുന്നു. കവിയൂർ പഞ്ചായത്ത് പ്രസിഡന്റ് എന്ന നിലയിലും അദ്ദേഹം സേവനമനു ഷ്ഠിച്ചിട്ടുണ്ട്.

1970, 1977, 1982, 1996 എന്നീ വർഷങ്ങളിൽ കല്ലൂപ്പാറ നിയോജകമണ്ഡലത്തിൽ നിന്ന് കേരള നിയമസഭയിലേക്ക് അദ്ദേഹം തെര ഞ്ഞെടുക്കപ്പെട്ടു. നാലാം കേരളനിയമസ ഭയുടെ കാലത്ത്, 1976 ഫെബ്രുവരി 17-ാം തീയതി അദ്ദേഹം സ്പീക്കറുടെ ചുമതല ഏറ്റെടുത്തു. അതുവരെ ഡെപ്യൂട്ടി സ്പീക്കർ ശ്രീ. ആർ. എസ്. ഉണ്ണിയാണ് സ്പീക്കറുടെ കർത്തവ്യങ്ങൾ നിർവ്വഹി ച്ചുപോന്നത്. 1977 മാർച്ച് 25 വരെ ശ്രീ. ടി. എസ്. ജോൺ സ്പീക്കറായിരുന്നു.

തുടർന്ന് അദ്ദേഹം 1978 ഒക്ടോബർ 19 മുതൽ 1978 ഒക്ടോബർ 27 വരെ ശ്രീ എ. കെ. ആന്റണിയുടെ നേതൃത്വത്തി ലുള്ള മന്ത്രിസഭയിലും 1978 ഒക്ടോബർ 29 മുതൽ 1979 ഒക്ടോബർ 7 വരെ ശ്രീ. പി. കെ. വാസുദേവൻ നായരുടെ നേതൃത്വ ത്തിലുള്ള മന്ത്രിസഭയിലും ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിയായി സേവനമനുഷ്ഠിച്ചു. അദ്ദേഹം എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ചെയർമാനായും പ്രവർത്തി ച്ചിട്ടുണ്ട്.

കേരള കോൺഗ്രസ് (ജെ) വൈസ് ചെയർമാൻ, കേരള കോൺഗ്രസ്സ് (എം) വൈസ് ചെയർമാൻ, ഉന്നതാധികാര സമിതി അംഗം എന്നീ നിലകളിലും ശ്രീ. ടി. എസ്. ജോൺ പ്രവർത്തിച്ചിട്ടുണ്ട്.

ശ്രീമതി ഏലിക്കുട്ടിയായിരുന്നു അദ്ദേഹ ത്തിന്റെ ഭാര്യ. അവർക്ക് ഒരു മകനുണ്ട്.

2016 ജൂൺ 9-ാം തീയതി ശ്രീ. ടി. എസ്. ജോൺ അന്തരിച്ചു. 2016 ജൂൺ 27-ാം തീയതി നിയമസഭ അദ്ദേഹത്തിന് ചരമോ പചാരം അർപ്പിച്ചു.



സ്പീക്കർ

# ചാക്കീരി അഹമ്മദ് കുട്ടി

സ്പീക്കറായും മന്ത്രിയായും പ്രവർത്തിക്കുവാൻ കഴിഞ്ഞ ചിലരിൽ ഒരാളായിരുന്നു ശ്രീ. ചാക്കീരി അഹമ്മദ് കുട്ടി. അഞ്ചാം കേരള നിയമസഭയുടെ സ്പീക്കറായിരുന്ന അദ്ദേഹം 1915–ൽ ശ്രീ. ചാക്കീരി മൊയ്തീൻ കുട്ടിയുടെയും ശ്രീമതി പള്ളിയാലി വിരിയാത്തിന്റെയും മകനായി മലപ്പുറം ജില്ലയിലെ വേങ്ങരയ്ക്കടുത്തുള്ള ചെറൂരിൽ ജനിച്ചു. മഞ്ചേരിയിലും തിരൂരിലുമായി സ്കൂൾ വിദ്യാഭ്യാസത്തിലേർപ്പെട്ട അദ്ദേഹത്തിന് 1929–ൽ പിതാവിന്റെ നിര്യാണത്തെത്തുടർന്ന് പഠനം ഉപേക്ഷിക്കേണ്ടി വന്നു.

പതിനേഴാം വയസ്സിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രവർത്തകനെന്ന നിലയിലാണ്

ശ്രീ. ചാക്കീരി അഹമ്മദ് കുട്ടി രാഷ്ട്രീയ ജീവിതം ആരംഭിച്ചത്. അന്ന് ഏറനാട് താലൂക്ക് ബോർഡിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ നേതൃത്വത്തിൽ ആകൃഷ്ടനായി ദേശീയ പ്രസ്ഥാനത്തിൽ പങ്കെടുത്തു. 1938-ൽ വേങ്ങര ടൗൺ കോൺഗ്രസ്സ് കമ്മിറ്റിയുടെ പ്രസിഡന്റ് എന്ന നിലയിൽ ഹിച്ച്കോക്ക് മെമ്മോറിയൽ നീക്കം ചെയ്യാനുള്ള പ്രക്ഷോഭം നയിച്ചു. 1939-ൽ കോൺഗ്രസ്സിൽ നിന്നും രാജിവയ്ക്കുകയും മുസ്ലീം ലീഗിൽ ചേരുകയും ചെയ്തു. സംസ്ഥാനത്ത് മുസ്ലീം ലീഗിന് ശക്തമായ അടിത്തറ പാകുന്നതിന് മുൻകൈയെടുത്തവരിൽ പ്രധാനിയായിരുന്നു അദ്ദേഹം. ലീഗിന്റെ വർക്കിംഗ് കമ്മിറ്റിയിലും സംസ്ഥാന കമ്മിറ്റിയിലും അദ്ദേഹം അംഗമായിരുന്നു. വേങ്ങര പഞ്ചായത്ത് പ്രസിഡന്റ് എന്ന നിലയിലും അദ്ദേഹം ദീർഘകാലം പ്രവർത്തിച്ചു.

ഭരണഘടനയനുസരിച്ച് ആദ്യമായി രൂപീകരിക്കപ്പെട്ട മദ്രാസ് ലെജിസ്ലേറ്റീവ് അസംബ്ലിയിലേക്ക് 1952-ൽ കോട്ടക്കൽ നിയോജകമണ്ഡലത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടതോടെയാണ് അദ്ദേഹത്തിന്റെ നിയമസഭാ പ്രവർത്തനം ആരംഭിക്കുന്നത്. കേരളപ്പിറവിക്കുശേഷം ഒന്നാം കേരള നിയമസഭയിൽ (1957-59) കുറ്റിപ്പുറം നിയോജകമണ്ഡലത്തെ അദ്ദേഹം പ്രതിനിധീകരിച്ചു. പിന്നീട് ശ്രീ. എം. പി. എം. അഹമ്മദ് കുരിക്കളുടെ നിര്യാണത്തെത്തുടർന്ന് 1969 ജൂൺ 10-ാം തീയതി നടന്ന ഉപതെരഞ്ഞെടുപ്പിൽ മലപ്പുറം നിയോജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുകയും മൂന്നാം കേരള നിയമസഭയിൽ അംഗമാകുകയും ചെയ്തു. നാലാം കേരള നിയമസഭയിലും അഞ്ചാം കേരള നിയമസഭയിലും കുറ്റിപ്പുറം നിയോജകമണ്ഡലത്തിൽ നിന്നും അദ്ദേഹം വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു.

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ മന്ത്രിസ്ഥാനം രാജിവച്ചതിനെ തുടർന്ന് 1973 മാർച്ച് 2-ാം തീയതി ശ്രീ. ചാക്കീരി അഹമ്മദ് കുട്ടി വിദ്യാഭ്യാസ മന്ത്രിയായി അധികാരമേറ്റു. 1977 മാർച്ച് 25 വരെ ആ പദവിയിൽ തുടർന്നു.

1977 മാർച്ച് 28-ന് അദ്ദേഹത്തെ കേരള നിയമസഭാ സ്പീക്കറായി തെരഞ്ഞെടുത്തു. 1980 ഫെബ്രുവരി 14 വരെ അദ്ദേഹം ആ പദവി അലങ്കരിച്ചു. പിൽക്കാലത്ത് ഇതര നിയമസഭകൾക്ക് മാതൃകയായ സബ്ജക്ട് കമ്മിറ്റികളുടെ രൂപീകരണം സംബന്ധിച്ചുള്ള പ്രാരംഭ നടപടികൾ അദ്ദേഹത്തിന്റെ സാരഥ്യത്തിലാണ് ആരംഭിച്ചത്. നിയമസഭാ സമുച്ചയത്തിന്റ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചതും അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ്.

ഫുട്ബോൾ, ചെസ്സ്, കോൽക്കളി, മാപ്പിളപ്പാട്ട് എന്നിവയിലും ശ്രീ. ചാക്കീരി അഹമ്മദ് കുട്ടിക്ക് സവിശേഷ താൽപര്യമുണ്ടായിരുന്നു. 1980-ന് ശേഷം സജീവ രാഷ്ട്രീയത്തിൽ നിന്നും വിട്ടുനിന്നെങ്കിലും പിൽക്കാലത്ത് അദ്ദേഹം ജനതാദളിൽ ചേർന്നു.

ശ്രീമതി സഫിയയായിരുന്നു അദ്ദേഹത്തിന്റെ ഭാര്യ. അവർക്ക് അഞ്ച് പുത്രന്മാരും നാല് പുത്രിമാരുമുണ്ട്.

1993 ജനുവരി 4-ാം തീയതി അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞു. 1993 ജനുവരി 25-ന് നിയമസഭ അദ്ദേഹത്തിന് ചരമോപചാരം അർപ്പിച്ചു.



സ്പീക്കർ

# എ. പി. കുര്യൻ

മികച്ച ഒരു പാർലമെന്റേറിയനും തുടർന്ന് കേരള നിയമസഭാ സ്പീക്കറുമായ ശ്രീ. എ. പി. കുര്യൻ 1930 ഒക്ടോബർ 6-ാം തീയതി അങ്കമാലിയിലെ തുറവൂർ പഞ്ചായത്തിൽ ശ്രീ. എ. കെ. പൗലോസിന്റേയും ശ്രീമതി മറിയാമ്മയുടെയും മകനായി ജനിച്ചു.

തുറവൂർ സെന്റ് അഗസ്റ്റിൻ അപ്പർ പ്രൈമറി സ്കൂളിലും മാണിക്യമംഗലം എൻ. എസ്. എസ്. ഹൈസ്കൂളിലും പഠനം പൂർത്തിയാക്കിയ ശ്രീ. എ.പി. കുര്യൻ തുടർന്ന് ആലുവ യു. സി. കോളേജിൽ ചേർന്നു. എന്നാൽ, രാഷ്ട്രീയത്തിലുള്ള താല്പര്യം നിമിത്തം വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിഞ്ഞില്ല.

1951-ൽ അദ്ദേഹം അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായി. പാർട്ടിയിലുണ്ടായ പിളർപ്പിനെ തുടർന്ന് അദ്ദേഹം മാർക്സിസ്റ്റ് പക്ഷത്തുനിന്ന് പ്രവർത്തിക്കാൻ തീരുമാനിച്ചു. കർഷകരുടെ പ്രക്ഷോഭങ്ങളിൽ പങ്കെടുക്കുകയും അവരുടെ ഉന്നമനത്തിനായി പ്രയത്നിക്കുകയും ചെയ്ത ശ്രീ. എ. പി. കുര്യൻ, വിവിധ കർഷക പ്രസ്ഥാനങ്ങളുടെ അദ്ധ്യക്ഷൻ എന്ന നിലയിൽ മാത്രമല്ല ടെൽക്ക്, കാംകോ, തോഷിബ, ട്രാവൻകൂർ റയോൺസ് തുടങ്ങിയവയുമായി ബന്ധപ്പെട്ട തൊഴിലാളി സംഘടനകളുടെ അദ്ധ്യക്ഷനെന്ന നിലയിലും സ്തുത്യർഹമായ പ്രവർത്തനം കാഴ്ചവച്ചു. നിയമസഭാംഗമാകുന്നതിന് മുമ്പ് സി. പി. ഐ.(എം) ന്റെ എറണാകുളം ജില്ലാ കമ്മിറ്റിയംഗമായും ജില്ലാ സെക്രട്ടേറിയറ്റ് അംഗമായും അദ്ദേഹം സേവനമനുഷ്ഠിച്ചു.

1967-ൽ അങ്കമാലി നിയോജകമണ്ഡലത്തിൽ നിന്ന് ശ്രീ. എ.പി. കുര്യൻ നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് 1970, 1977, 1980 എന്നീ വർഷങ്ങളിലും അദ്ദേഹം നിയമസഭാംഗമായി. 1975 ജൂലായ്-സെപ്തംബർ മാസങ്ങളിൽ അടിയന്തരാവസ്ഥയ്ക്കെതിരെ നിരോധനം ലംഘിച്ച് പ്രകടനം നടത്തിയതിന് അദ്ദേഹത്തെ ആഭ്യന്തര സുരക്ഷിതത്വ നിയമപ്രകാരം പതിനാറുമാസം വിയ്യൂർ സെൻട്രൽ ജയിലിൽ പാർപ്പിക്കുകയുണ്ടായി.

1980 ഫെബ്രുവരി 15-ാം തീയതിയാണ് ശ്രീ. എ. പി. കുര്യൻ നിയമസഭാസ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടത്. അദ്ദേഹം സ്പീക്കറായിരിക്കുമ്പോഴാണ് സബ്ജക്ട് കമ്മിറ്റികളുടെ രൂപീകരണം സംബന്ധിച്ച പ്രവർത്തനങ്ങൾ അന്ത്യഘട്ടത്തിലെത്തിയത്. 1982 ഫെബ്രുവരി 1 വരെ അദ്ദേഹം ആ പദവിയിൽ തുടർന്നു.

1972-73 കാലയളവിൽ നിയമസഭാ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷസ്ഥാനം അദ്ദേഹം വഹിച്ചിട്ടുണ്ട്. പ്ലാന്റേഷൻ കോർപ്പറേഷൻ ഡയറക്ടറായും പ്രവർത്തിച്ചിട്ടുള്ള ശ്രീ. എ. പി. കുര്യൻ, ബാംബൂ കോർപ്പറേഷന്റെ ഡയറക്ടറും ചെയർമാനുമായിരുന്നു. നാലു വർഷക്കാലം ദേശാഭിമാനിയുടെ തിരുവനന്തപുരം യൂണിറ്റ് മാനേജരായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. അനുഗ്രഹീതനായ പ്രാസംഗികനും എഴുത്തുകാരനുമായിരുന്നു അദ്ദേഹം.

ശ്രീമതി കുഞ്ഞമ്മയായിരുന്നു അദ്ദേഹത്തിന്റെ ഭാര്യ. അവർക്ക് മൂന്ന് പുത്രന്മാരുണ്ട്.

2001 ആഗസ്റ്റ് 30-ാം തീയതി നമ്മെ വിട്ടുപിരിയുമ്പോഴും അദ്ദേഹം പൊതുരംഗത്ത് സജീവമായി പ്രവർത്തിച്ചുവരികയായിരുന്നു. 2001 ഒക്ടോബർ 12-ാം തീയതി ആ മുൻ സ്പീക്കർക്ക് നിയമസഭ ചരമോപചാരം അർപ്പിച്ചു.

സ്പീക്കർ



# എ. സി. ജോസ്

അഭിഭാഷകൻ, പത്രപ്രവർത്തകൻ, ട്രേഡ് യൂണിയൻ പ്രവർത്തകൻ, രാഷ്ട്രീയ നേതാവ് എന്നീ നിലകളിൽ സേവനമനുഷ്ഠിച്ച ശേഷമാണ് ശ്രീ. എ. സി. ജോസ് കേരളനിയമസഭയുടെ അദ്ധ്യക്ഷ പദവിയിലെത്തിയത്. 1937 മേയ് 9-ാം തീയതി എറണാകുളം ജില്ലയിലെ ഇടപ്പള്ളിയിൽ ശ്രീ. എ. സി. ചാക്കോയുടെയും ശ്രീമതി മേരി ചാക്കോയുടെയും മകനായി അദ്ദേഹം ജനിച്ചു. എറണാകുളം സെന്റ് ആൽബർട്സ് കോളേജിലും ഗവൺമെന്റ് ലോ കോളേജിലും കേരള സർവ്വകലാശാലയുടെ ലോ ഡിപ്പാർട്ടുമെന്റിലും വിദ്യാഭ്യാസം പൂർത്തിയാക്കിയ ശ്രീ. എ. സി. ജോസ്, ബി. എസ്‌സി., എൽഎൽ.എം. ബിരുദം കരസ്ഥമാക്കി. മറ്റു പല നേതാക്കന്മാരെപ്പോലെ അദ്ദേഹവും വിദ്യാർത്ഥി പ്രസ്ഥാനത്തി

ലൂടെയാണ് രാഷ്ട്രീയ രംഗത്തേക്കു കടന്നു വന്നത്. നിയമസഭയിൽ അംഗമാകുന്നതിനുമുമ്പ് കേരള സ്റ്റുഡന്റ്സ് യൂണിയന്റെ രൂപീകരണത്തിൽ നിർണ്ണായകമായ പങ്കു വഹിക്കുകയും 1959-63 കാലയളവിൽ പ്രസ്തുത സംഘടനയുടെ ജനറൽ സെക്രട്ടറിയും പ്രസിഡന്റുമായി പ്രവർത്തിക്കുകയും ചെയ്തു. 1963-65 കാലയളവിൽ അദ്ദേഹം യൂത്ത് കോൺഗ്രസ്സിന്റെ ദേശീയ നിർവ്വാഹകസമിതിയിൽ അംഗമായിരുന്നു.

തൊഴിലാളി സംഘടനാ പ്രവർത്തനത്തിൽ മികവു പുലർത്തിയ ശ്രീ. എ. സി. ജോസ്, നാഷണൽ ഷിപ്പിംഗ് ബോർഡ് പോലെയുള്ള നിരവധി വ്യവസായ സ്ഥാപനങ്ങളിലെ ട്രേഡ് യൂണിയനുകളിൽ നേതൃസ്ഥാനമലങ്കരിച്ചു. 1969-78 കാലയളവിൽ കൊച്ചി നഗരസഭാ കൗൺസിലറായിരുന്ന ശ്രീ. എ. സി. ജോസ് 1972-73 കാലയളവിൽ മേയറായും സേവനമനുഷ്ഠിച്ചു. അന്ന് അദ്ദേഹം രാജ്യത്തെ ഏറ്റവും പ്രായം കുറഞ്ഞ മേയറായിരുന്നു.

1980-ൽ പറവൂർ നിയോജകമണ്ഡലത്തിൽ നിന്ന് അദ്ദേഹം ആറാം കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1982 ഫെബ്രുവരി 3-ാം തീയതി സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുകയും 1982 ജൂൺ 23-വരെ ആ പദവിയിൽ തുടരുകയും ചെയ്തു. അതിനു ശേഷം 1984 മേയ് 22-ാം തീയതി പറവൂർ നിയോജകമണ്ഡലത്തിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ വിജയം വരിച്ചുകൊണ്ട് അദ്ദേഹം ഏഴാം കേരളനിയമസഭയിലംഗമായി. 1986-87 കാലയളവിൽ പ്രിവിലേജസ് കമ്മിറ്റിയുടെയും 1984-87 കാലയളവിൽ രണ്ടു ഘട്ടങ്ങളിലായി എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെയും അദ്ധ്യക്ഷനായിരുന്നു. 1996-ൽ അദ്ദേഹം പതിനൊന്നാം ലോക്സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

1996-98 കാലയളവിൽ പാർലമെന്റംഗമായിരിക്കുമ്പോൾ പല കമ്മിറ്റികളിലും അംഗമായിരുന്നു അദ്ദേഹം. 1996-97 കാലയളവിൽ പ്രിവിലേജസ് കമ്മിറ്റിയിലും 1997-98 കാലയളവിൽ രണ്ടു ഘട്ടങ്ങളായി വിദേശകാര്യ സമിതിയിലും വാണിജ്യ മന്ത്രാലയത്തിന്റെ കൺസൾട്ടേറ്റീവ് കമ്മിറ്റിയിലും അദ്ദേഹം പ്രവർത്തിച്ചു. 1998-ൽ പന്ത്രണ്ടാം ലോക്സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ശ്രീ. എ. സി. ജോസ്, സി.പി.പി. യുടെ എക്സിക്യൂട്ടീവ് കമ്മിറ്റി, ഗതാഗതവും വിനോദസഞ്ചാരവും സംബന്ധിച്ച സമിതി, പാർലമെന്റംഗങ്ങളുടെ ശമ്പളവും ബത്തകളും സംബന്ധിച്ച സംയുക്തസമിതി, ടൂറിസം മന്ത്രാലയത്തിന്റെ കൺസൾട്ടേറ്റീവ് കമ്മിറ്റി എന്നിവയിൽ അംഗമായി. 1999-ൽ വീണ്ടും അദ്ദേഹം പതിമൂന്നാം ലോക്സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു അദ്ദേഹം വ്യവസായം സംബന്ധിച്ച സമിതിയിലും (1999-2000) കെമിക്കൽസ് ആന്റ് ഫെർട്ടിലൈസേഴ്സ് മന്ത്രാലയത്തിന്റെ കൺസൾട്ടേറ്റീവ് കമ്മിറ്റിയിലും (2000-04) അംഗമായിരുന്നു. 1996-ലും 1998-ലും അദ്ദേഹം ഐക്യരാഷ്ട്രസഭയിലേക്കുള്ള ഇന്ത്യാഗവൺമെന്റിന്റെ പ്രതിനിധിസംഘത്തിൽ അംഗമായിരുന്നു.

'വീക്ഷണം' ദിനപത്രത്തിന്റെ മാനേജിംഗ് എഡിറ്ററായും പിന്നീട് അതിന്റെ ചീഫ് എഡിറ്ററായും പ്രവർത്തിച്ചിട്ടുള്ള ശ്രീ. എ. സി. ജോസ് നിരവധി ലേഖനങ്ങളും

സംഭാവന ചെയ്തിട്ടുണ്ട്. കായിക വിഷയങ്ങളിൽ ആഭിമുഖ്യമുണ്ടായിരുന്ന ശ്രീ. എ. സി. ജോസ് നിരവധി കായിക മേളകൾ സംഘടിപ്പിക്കുന്നതിൽ മുഖ്യ പങ്ക് വഹിച്ചു. 1982-87 കാലയളവിൽ അദ്ദേഹം കേരള സ്പോർട്സ് കൗൺസിൽ പ്രസിഡന്റായിരുന്നു. ലോസ് ആഞ്ചലസ് ഒളിമ്പിക്സിലും പല ഏഷ്യൻ ഗെയിംസുകളിലും ഔദ്യോഗിക പ്രതിനിധി സംഘാംഗമായിട്ടുണ്ട്. കെ.പി.സി.സി. യുടെ വൈസ് പ്രസിഡന്റായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

പ്രൊഫ. ലീലാമ്മ ജോസ് ആയിരുന്നു അദ്ദേഹത്തിന്റെ ഭാര്യ. അവർക്ക് മൂന്ന് പുത്രന്മാരും ഒരു പുത്രിയുമുണ്ട്.

ശ്രീ. എ. സി. ജോസ് 2016 ജനുവരി 23-ാം തീയതി അന്തരിച്ചു. 2016 ഫെബ്രുവരി 8-ാം തീയതി നിയമസഭ അദ്ദേഹത്തിന് ചരമോപചാരം അർപ്പിച്ചു.



സ്പീക്കർ

# വക്കം പുരുഷോത്തമൻ

പ്രഗൽഭനായ ഭരണതന്ത്രജ്ഞനും തലമുതിർന്ന നേതാവുമായ ശ്രീ. വക്കം പുരുഷോത്തമൻ രണ്ട് തവണ കേരള നിയമസഭയുടെ സ്പീക്കർ പദവിയിലെത്തുകയെന്ന അപൂർവ്വ ബഹുമതിയ്ക്ക് അർഹരായവരിൽ ഒരാളാണ്. 1928 ഏപ്രിൽ 12-ന് ശ്രീ. ഭാനുപണിക്കരുടെയും ശ്രീമതി ഭവാനിയുടെയും മകനായി ജനിച്ച ശ്രീ. വക്കം പുരുഷോത്തമൻ 1946-ൽ വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെയാണ് രാഷ്ട്രീയ ജീവിതം ആരംഭിച്ചത്. അന്ന് അദ്ദേഹം സ്റ്റുഡന്റ്സ് കോൺഗ്രസ്സിന്റെ സജീവ പ്രവർത്തകനായിരുന്നു. തുടർന്ന് കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹം എം.എ., എൽഎൽ.ബി. ബിരുദങ്ങൾ കരസ്ഥമാക്കി.

1953-ൽ അദ്ദേഹം വക്കം പഞ്ചായത്ത് അംഗമായി തെരഞ്ഞെടുക്കപ്പെട്ടു. 1956-ൽ 'ഹൈക്കോടതി സമര'ത്തിലേർപ്പെട്ടതിനും 1978-ൽ ഇന്ദിരാഗാന്ധിയുടെ അറസ്റ്റിനെതിരായി നടന്ന പ്രക്ഷോഭത്തിൽ പങ്കെടുത്തതിനും അദ്ദേഹത്തിന് തടവുശിക്ഷ വിധിച്ചു.

കേരള സർവ്വകലാശാല സിൻഡിക്കേറ്റ് അംഗമായി പ്രവർത്തിച്ചിട്ടുള്ള ശ്രീ. വക്കം, തിരുവനന്തപുരം ഡി.സി.സി. പ്രസിഡന്റ്, കെ.പി.സി.സി. ജനറൽ സെക്രട്ടറി, കെ.പി.സി.സി. വൈസ് പ്രസിഡന്റ് എന്നീ പദവികളും വഹിച്ചിട്ടുണ്ട്. ദീർഘകാലമായി അദ്ദേഹം എ.ഐ.സി.സി. അംഗമായി തുടരുന്നു. ഹ്രസ്വമായ ഒരു കാലയളവിൽ എ.ഐ.സി.സി. ജനറൽ സെക്രട്ടറിയുടെ ചുമതലയും അദ്ദേഹത്തിനുണ്ടായിരുന്നു.

ശ്രീ. വക്കം പുരുഷോത്തമൻ 1970, 1977, 1980, 1982, 2001 എന്നീ വർഷങ്ങളിൽ ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ നിന്നും കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1971 സെപ്റ്റംബർ 25 മുതൽ 1977 മാർച്ച് 25 വരെ ശ്രീ. സി. അച്യുതമേനോന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ കൃഷിയും തൊഴിലും വകുപ്പുമന്ത്രിയായിരുന്ന അദ്ദേഹം, 1980 ജനുവരി 25 മുതൽ 1981 ഒക്ടോബർ 16 വരെ നായനാർ മന്ത്രിസഭയിൽ ആരോഗ്യ, വിനോദസഞ്ചാര വകുപ്പുകളുടെ ചുമതലയുള്ള മന്ത്രിയായിരുന്നു. കർഷകത്തൊഴിലാളി നിയമം, ചുമട്ടുതൊഴിലാളി നിയമം, ഏലാ വികസന പദ്ധതി, വിനോദസഞ്ചാര വികസന പദ്ധതികൾ എന്നിവ അദ്ദേഹത്തിന്റെ ഭരണപരമായ നേട്ടങ്ങളാണ്. വിദ്യാർത്ഥികൾക്ക് ഹെൽത്ത് കാർഡ് ഏർപ്പെടുത്തിയതും സംസ്ഥാന മെഡിക്കൽ കോളേജുകളെ റഫറൽ ആശുപത്രികളാക്കിയതും അദ്ദേഹത്തിന്റെ ഭരണകാലത്താണ്.

ശ്രീ. വക്കം പുരുഷോത്തമൻ രണ്ട് പ്രാവശ്യം നിയമസഭാ സ്പീക്കറായിരുന്നിട്ടുണ്ട്. ഏഴാം കേരള നിയമസഭയിൽ 1982 ജൂൺ 24 മുതൽ 1984 ഡിസംബർ 28 വരെയും പതിനൊന്നാം കേരളനിയമസഭയിൽ 2001 ജൂൺ 6 മുതൽ 2004 സെപ്തംബർ 4 വരെയും. പതിനൊന്നാം കേരള നിയമസഭയിൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി, ഔദ്യോഗിക ഭാഷാ കമ്മിറ്റി എന്നീ രണ്ട് നിയമസഭാ സമിതികൾക്ക് രൂപം നൽകിയത് ശ്രീ. വക്കത്തിന്റെ താല്പര്യപ്രകാരമാണ്.

സ്പീക്കർ, മന്ത്രി എന്നീ പദവികൾക്ക് പുറമെ 1993 മാർച്ച് 19 മുതൽ 1996 മാർച്ച് 18 വരെ ആൻഡമാൻ നിക്കോബാർ ദ്വീപ് സമൂഹങ്ങളിലെ ലെഫ്റ്റനന്റ് ഗവർണ്ണർ പദവിയും അദ്ദേഹം അലങ്കരിച്ചിട്ടുണ്ട്. 1996-ൽ ബാർബഡോസിൽ നടന്ന ചെറിയ ദ്വീപുകളുടെ വികസനം സംബന്ധിച്ച ആഗോള സമ്മേളനത്തിലേക്കുള്ള ഇൻഡ്യൻ പ്രതിനിധി സംഘത്തെ നയിച്ചതും അദ്ദേഹം ആയിരുന്നു.

രണ്ട് പ്രാവശ്യം പാർലമെന്റംഗമായി പ്രവർത്തിക്കാനും ശ്രീ. വക്കത്തിന് അവസരമുണ്ടായി. 1984-89 കാലയളവിലും 1989-91 കാലയളവിലും അദ്ദേഹം ആലപ്പുഴ നിയോജകമണ്ഡലത്തിൽ നിന്നാണ് ലോക്സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്.

ലോക്സഭയിലെ ചെയർമാൻമാരുടെ പാനലിൽ അദ്ദേഹം അംഗമായിരുന്നു. ലോക്സഭയിൽ പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റിയുടെയും സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെയും ചെയർമാനാ

യിരുന്നു അദ്ദേഹം. അഞ്ചുവർഷക്കാലം അദ്ദേഹം ജനീവ ആസ്ഥാനമായുള്ള ഇന്റർ പാർലമെന്ററി യൂണിയന്റെ ആഭിമുഖ്യത്തിലുള്ള സി.ഐ.ഡി.പി. കൺസൾട്ടേറ്റീവ് കമ്മിറ്റി ഓഫ് എക്സ്പേർട്ട്സിന്റെ ചെയർമാൻ സ്ഥാനവും അലങ്കരിച്ചിട്ടുണ്ട്. അതിനുപുറമെ 1982-ൽ ബഹാമാസിലും 1983-ൽ നെയ്റോബിയിലും 1989-ൽ ഐൽ ഓഫ് മാനിലും 2001-ൽ ആസ്ട്രേലിയയിലും വച്ച് നടന്ന കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷൻ കോൺഫറൻസുകളിൽ അദ്ദേഹം പങ്കെടുക്കുകയുണ്ടായി.

2004 സെപ്റ്റംബർ 5 മുതൽ 2006 മേയ് 12 വരെ ശ്രീ. വക്കം പുരുഷോത്തമൻ ധനകാര്യവും എക്സൈസും വകുപ്പ് മന്ത്രിയായി സേവനമനുഷ്ഠിച്ചു. 2011-14 കാലയളവിൽ മിസോറാം ഗവർണ്ണറായും അദ്ദേഹം സേവനമനുഷ്ഠിച്ചു.

ഡോ. ലില്ലി പുരുഷോത്തമനാണ് അദ്ദേഹത്തിന്റെ ഭാര്യ. അവർക്ക് രണ്ട് പുത്രന്മാരും ഒരു പുത്രിയുമുണ്ട്.



സ്പീക്കർ

# ശ്രീ. വി. എം. സുധീരൻ

വിവിധ വിഷയങ്ങളിൽ സ്വീകരിച്ച ആദർശാധിഷ്ഠിതമായ നിലപാടുകൾകൊണ്ട് വിഖ്യാതനാണ് ഏഴാം കേരള നിയമസഭയുടെ അദ്ധ്യക്ഷസ്ഥാനം അലങ്കരിച്ച ശ്രീ. വി. എം. സുധീരൻ. സ്പീക്കറായും മന്ത്രിയായും സേവനം അനുഷ്ഠിക്കാനുള്ള അവസരം ലഭിച്ച ഒരാളാണ് അദ്ദേഹം.

1948 മേയ് 26-ന് തൃശൂർ ജില്ലയിലെ അന്തിക്കാട് പടിയം ഗ്രാമത്തിൽ ശ്രീ. വൈലോപ്പിള്ളി ശങ്കരൻ മാമയുടെയും ശ്രീമതി ഗിരിജയുടെയും മകനായി ജനിച്ച ശ്രീ. സുധീരൻ വിദ്യാർത്ഥി യുവജന പ്രസ്ഥാനങ്ങളിൽ സജീവമായി ഭാഗഭാക്കാകുകയും നന്നെ ചെറുപ്പത്തിൽതന്നെ ഉയർന്ന പദവികളിലെത്തിച്ചേരുകയും ചെയ്തു. 1971 മുതൽ 1973 വരെ

കെ.എസ്.യു. പ്രസിഡന്റായിരുന്ന ശ്രീ. സുധീരൻ 1975-77 കാലയളവിൽ കേരള പ്രദേശ് യൂത്ത് കോൺഗ്രസ്സിന്റെ പ്രസിഡന്റായി. 1977 മുതൽ 1979 വരെ ഇൻഡ്യൻ യൂത്ത് കോൺഗ്രസ് ജനറൽ സെക്രട്ടറിയായി പ്രവർത്തിക്കുകയും ചെയ്തു.

1980, 1982, 1987, 1991 എന്നീ വർഷങ്ങളിൽ ശ്രീ. സുധീരൻ മണലൂർ മണ്ഡലത്തിൽ നിന്നും കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. ഏഴാം കേരള നിയമസഭയുടെ കാലത്ത് 1985 മാർച്ച് 8 മുതൽ 1987 മാർച്ച് 27 വരെ അദ്ദേഹം സ്പീക്കർ പദം അലങ്കരിച്ചു.

ഓർഡിനൻസുകൾ ആവർത്തിച്ച് പുറപ്പെടുവിക്കുന്നതിലും മറ്റും മൂല്യാധിഷ്ഠിതമായ ഉറച്ച നിലപാടുകളെടുത്തതുവഴി സ്പീക്കർ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ ഔദ്യോഗിക കാലം എന്നും ഓർമ്മിക്കപ്പെടും. നിയമങ്ങൾ പിറവിയെടുക്കേണ്ടത് നിയമസഭയിൽ നിന്നായിരിക്കണമെന്ന കാര്യത്തിൽ അദ്ദേഹത്തിന് ഒരു സംശയവുമുണ്ടായിരുന്നില്ല.

1995 ഏപ്രിൽ 20 മുതൽ 1996 മേയ് 9 വരെ ശ്രീ. സുധീരൻ, ആന്റണി മന്ത്രിസഭയിൽ ആരോഗ്യ വകുപ്പ് മന്ത്രിയുടെ ചുമതല വഹിച്ചു. 1982 മുതൽ 1984 വരെ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെയും 1984-85 കാലയളവിൽ അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെയും ചെയർമാനായിരുന്നു അദ്ദേഹം. 1977-79, 1996-97, 1998-99, 1999-2004 എന്നീ കാലയളവുകളിൽ അദ്ദേഹം ലോക്സഭയിൽ ആലപ്പുഴ നിയോജകമണ്ഡലത്തിന്റെ പ്രതിനിധിയായിരുന്നു.

റെയിൽവേ സംബന്ധിച്ച സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അംഗമെന്ന നിലയിലും (1996-97) മാനവവിഭവശേഷി വകുപ്പിനെ സംബന്ധിച്ച സ്റ്റാൻഡിംഗ് കമ്മിറ്റി അംഗമെന്ന നിലയിലും (1998-2002), പ്രസ്തുത കമ്മിറ്റിയുടെ ആരോഗ്യ വിദ്യാഭ്യാസം സംബന്ധിച്ച സബ് കമ്മിറ്റിയുടെ കൺവീനർ എന്ന നിലയിലും (1998-2000) അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. 2002-04 കാലയളവിൽ ഗ്രാമീണ-നഗരവികസനം സംബന്ധിച്ച സ്റ്റാൻഡിംഗ് കമ്മിറ്റിയിലും 2001-04 കാലയളവിൽ ലോക്സഭാ എഥിക്സ് കമ്മിറ്റിയിലും അംഗമായിരുന്ന ശ്രീ. സുധീരൻ 1996-97, 1998-2004 എന്നീ കാലയളവുകളിൽ യഥാക്രമം വ്യോമഗതാഗതം, റെയിൽവേ എന്നിവയെ സംബന്ധിച്ച കൺസൾട്ടേറ്റീവ് കമ്മിറ്റികളിലും അംഗമായിരുന്നു.

1977-78 കാലയളവിലും 1998-99 കാലയളവിലും കയർബോർഡ് അംഗമെന്ന നിലയിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

1980 മുതൽ 1985 വരെ കെ.പി.സി.സി. ജനറൽ സെക്രട്ടറിയായിരുന്ന ശ്രീ. സുധീരൻ 1990-91 കാലയളവിൽ കെ.പി.സി.സി. വൈസ് പ്രസിഡന്റുമായിരുന്നു. ദീർഘകാലമായി അദ്ദേഹം എ.ഐ.സി.സി. അംഗമാണ്. 2014 മുതൽ 2017 മാർച്ച് വരെ അദ്ദേഹം കെ.പി.സി.സി പ്രസിഡന്റായിരുന്നു.

ശ്രീമതി ലതയാണ് അദ്ദേഹത്തിന്റെ ഭാര്യ. അവർക്ക് ഒരു മകനും ഒരു മകളും ഉണ്ട്.

സ്പീക്കർ



# വർക്കല രാധാകൃഷ്ണൻ

സുഹൃത്തുക്കൾ സ്നേഹപൂർവ്വം 'വർക്കല' എന്ന് വിളിച്ചിരുന്ന ശ്രീ. വർക്കല രാധാകൃഷ്ണൻ എട്ടാം കേരളനിയമസഭയുടെ സ്പീക്കർ പദം അലങ്കരിച്ചു. വിഖ്യാതനായ അഭിഭാഷകൻ, പ്രഗത്ഭനായ പാർലമെന്റേറിയൻ എന്നീ നിലകളിൽ പ്രശസ്തനായ ശ്രീ. വർക്കല രാധാകൃഷ്ണൻ 1927 ആഗസ്റ്റ് 21-ന് ശ്രീ. ആർ.വാസുദേവന്റെയും ശ്രീമതി ജി. ദാക്ഷായണിയുടെയും മകനായി ജനിച്ചു. തിരുവിതാംകൂർ, കേരള സർവ്വകലാശാലകളിൽ നിന്ന് വിദ്യാഭ്യാസം പൂർത്തിയാക്കിയ ശ്രീ. വർക്കല രാധാകൃഷ്ണൻ നിയമബിരുദം കരസ്ഥമാക്കിയതിനുശേഷം ദീർഘകാലം അഭിഭാഷകവൃത്തിയിലേർപ്പെടുകയുണ്ടായി. അടിയന്തരാവസ്ഥക്കാലത്ത് നടന്ന അതിക്രമങ്ങളുമായി ബന്ധപ്പെട്ട കേസുകൾ വാദിക്കാനായി

അദ്ദേഹം പ്രത്യേക താല്പര്യമെടുക്കു കയും വിചാരണ കൂടാതെ തടങ്കലിൽ പാർപ്പിച്ചിരുന്ന നിരവധി നേതാക്കൾക്ക് വേണ്ടി കോടതിയിൽ ഹാജരാവുകയും ചെയ്തു. സർവ്വസമ്മതനായ അഭിഭാ ഷകനെന്ന നിലയിൽ ശ്രീ. വർക്കല രാധാകൃഷ്ണൻ ഓൾ ഇന്ത്യാ ലോയേഴ്സ് യൂണിയൻ വൈസ് പ്രസിഡന്റായും കേരള സ്റ്റേറ്റ് ലോയേഴ്സ് യൂണിയൻ പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്.

ദീർഘകാലത്തെ പൊതുജീവിതത്തിനിട യിൽ ശ്രീ. വർക്കല രാധാകൃഷ്ണൻ നിരവധി സ്ഥാനങ്ങൾ അലങ്കരിച്ചു. 1953 മുതൽ 1962 വരെ വർക്കല പഞ്ചായത്ത് പ്രസിഡന്റ്, തിരുവനന്തപുരം ജില്ലാ കർഷക സംഘം, പൊതുമരാമത്ത് തൊഴിലാളി യൂണിയൻ, പ്രോഗ്രസ്സീവ് ലോയേഴ്സ് ഫോറം എന്നി വയുടെ പ്രസിഡന്റ് തുടങ്ങിയ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചു. നീതിയുടെയും സമത്വത്തിന്റെയും വക്താവായിരുന്ന അദ്ദേഹം തൊട്ടുകൂടായ്മ പോലുള്ള സാമൂഹിക തിന്മകൾക്കെതിരെ പോരാടി. കേരള സർവ്വകലാശാല സെനറ്റ് അംഗം, അഖില കേരള കർഷക സംഘം സംസ്ഥാന സമിതിയംഗം എന്നീ നിലക ളിലും അദ്ദേഹം സേവനമനുഷ്ഠിച്ചു.

1980, 1982, 1987, 1991 എന്നീ വർഷങ്ങളിൽ അദ്ദേഹം വർക്കല നിയോജകമണ്ഡല ത്തിൽ നിന്നും കേരളനിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. എട്ടാം കേരളനിയ മസഭയുടെ അദ്ധ്യക്ഷനായി 1987 മാർച്ച് 30-ന് അദ്ദേഹം ചുമതലയേറ്റു. ഏകദേശം നാലു വർഷക്കാലം, അതായത് 1991 ജൂൺ 28 വരെ, അദ്ദേഹം ആ പദവിയിൽ തുടർന്നു. നിയമനിർമ്മാണ നടപടികളിൽ അനിതര സാധാരണമായ താല്പര്യം പ്രദർശിപ്പി ച്ചിട്ടുള്ള ശ്രീ. വർക്കല രാധാകൃഷ്ണൻ, 1989 ഫെബ്രുവരിയിൽ എട്ടാം കേരളനി യമസഭയുടെ ആറാം സമ്മേളന കാലത്ത് ഏഴുദിവസത്തിലേറെ നീണ്ടുനിന്ന മാര ത്തോൺ ചർച്ചകൾക്ക് സഭാനാഥനെന്ന നിലയിൽ നേതൃത്വം നൽകി. എട്ടാം കേരള നിയമസഭയുടെ മൂന്നാം സമ്മേളന കാലയളവിൽ 1987-ലെ കേരള പബ്ലിക് മെൻസ് കറപ്ഷൻ (ഇൻവെസ്റ്റിഗേഷൻസ് ആന്റ് ഇൻക്വയറീസ്) ബില്ലിനെ സംബ ന്ധിച്ച് 1987 ഡിസംബർ 12-ാം തീയതി ആരംഭിച്ച് 1987 ഡിസംബർ 13-ാം തീയതി പുലർച്ചെ 4.30 വരെ നീണ്ട ചർച്ചകൾ നിയന്ത്രിച്ചതും ശ്രീ വർക്കല രാധാകൃഷ്ണ നാണ്. 1989-ലെ കേരള ഗ്രന്ഥശാലാസംഘം ബിൽ പാസ്സാക്കുന്നതിനായി രാത്രിയുടെ അന്ത്യയാമങ്ങളിലൂടെ പിറ്റേന്ന് പുലരുംവരെ നീണ്ടുപോയ സഭാനടപടികൾ അദ്ദേഹം സ്തുത്യർഹമാംവിധം നിയന്ത്രിച്ചു.

1981-82 കാലയളവിൽ അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെയും 1982-84 കാലയളവിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെയും അദ്ധ്യക്ഷനായിരുന്നു അദ്ദേഹം.

1998-ൽ ശ്രീ. വർക്കല രാധാകൃഷ്ണൻ പന്ത്രണ്ടാം ലോക്സഭയിലേക്ക് തെരഞ്ഞെടു ക്കപ്പെട്ടു. അന്ന് അദ്ദേഹം ഫൈനാൻസ് കമ്മിറ്റി, സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി, വാണിജ്യ മന്ത്രാലയം സംബ ന്ധിച്ച കൺസൾട്ടേറ്റീവ് കമ്മിറ്റി എന്നിവ യിൽ അംഗമായിരുന്നു. 1999-ൽ വീണ്ടും അദ്ദേഹം പതിമൂന്നാം ലോക്സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. പ്രിവിലേജസ് കമ്മിറ്റി, ലേബർ കമ്മിറ്റി, ശാസ്ത്രസാങ്കേതിക മന്ത്രാ ലയവുമായി ബന്ധപ്പെട്ട കൺസൾട്ടേറ്റീവ് കമ്മിറ്റി എന്നിവയിൽ അദ്ദേഹം അംഗമായി.

2004-ൽ പതിനാലാം ലോക്സഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടശേഷം അദ്ദേഹം ചെയർമാൻമാരുടെ പാനലിലും ജനറൽ പർപ്പസ് കമ്മിറ്റിയിലും പേഴ്സണൽ ആന്റ് പബ്ലിക് ഗ്രീവൻസ് കമ്മിറ്റിയിലും അംഗ മായി.

1987-ൽ ക്വോലാലംപൂരിൽ നടന്ന മുപ്പത്തി മൂന്നാം കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷൻ കോൺഫറൻസിലും 1988-ൽ കാൻബറയിൽ നടന്ന മുപ്പത്തി നാലാം കോൺഫറൻസിലും അദ്ദേഹം പങ്കെടുത്തു. ഒരു കമ്മിറ്റി ചെയർമാൻ എന്ന നിലയിൽ ബാർബഡോസിൽ നടന്ന മുപ്പത്തഞ്ചാം കോൺഫറൻസ്, സിംബാബ്‌വേയിൽ നടന്ന മുപ്പത്താറാം കോൺഫറൻസ് എന്നിവയിലും അദ്ദേഹം പങ്കെടുക്കുകയുണ്ടായി.

കൃതഹസ്തനായ ഒരെഴുത്തുകാരൻ കൂടി യായിരുന്ന ശ്രീ. വർക്കല രാധാകൃഷ്ണൻ, ആനുകാലിക പ്രസിദ്ധീകരണങ്ങളിലൂടെ രാഷ്ട്രമീമാംസാ സംബന്ധമായ ലേഖന പരമ്പരകൾ എഴുതിയിരുന്നതിന് പുറമെ, പാർലമെന്ററി നടപടികളെക്കുറിച്ച് ഒരു ഗ്രന്ഥവും രചിച്ചിട്ടുണ്ട്.

പ്രൊഫ. സൗദാമിനിയായിരുന്നു അദ്ദേഹ ത്തിന്റെ ഭാര്യ. അവർക്ക് ഒരു പുത്രനും രണ്ട് പുത്രിമാരുമുണ്ട്.

ശ്രീ. വർക്കല രാധാകൃഷ്ണൻ 2010 ഏപ്രിൽ 26-ാം തീയതി അന്തരിച്ചു. 2010 ജൂൺ 28-ാം തീയതി നിയമസഭ അദ്ദേഹ ത്തിന് ചരമോപചാരം അർപ്പിച്ചു.

സ്പീക്കർ



# പി. പി. തങ്കച്ചൻ

അഭിഭാഷകനായും പാർലമെന്റേറിയനായും പ്രവർത്തനവിജയം നേടിക്കൊണ്ടാണ് ഒൻപതാം കേരള നിയമസഭയുടെ സ്പീക്കർ പദവിയിലേയ്ക്ക് ശ്രീ. പി. പി. തങ്കച്ചൻ കടന്ന് വന്നത്. പിന്നീട് അദ്ദേഹം സംസ്ഥാന മന്ത്രിസഭയിൽ അംഗമാകുകയും ചെയ്തു. എറണാകുളം ജില്ലയിലെ അങ്കമാലിയിൽ 1939 ജൂലായ് 29-ന് റവ. ഫാദർ പൗലോസ് പൈനാടത്തിന്റെയും ശ്രീമതി അന്നമ്മയുടെയും പുത്രനായി ശ്രീ. തങ്കച്ചൻ ജനിച്ചു.

സ്കൂൾ വിദ്യാഭ്യാസകാലത്ത് പഠനത്തോടൊപ്പം പാഠ്യേതര വിഷയങ്ങളിലും അസാമാന്യ താല്പര്യം പ്രദർശിപ്പിച്ചിരുന്ന ശ്രീ. തങ്കച്ചൻ 1956-57 കലാലയ വർഷത്തിൽ തേവര സേക്രഡ് ഹാർട്ട് കോളേജിലെ

ഏറ്റവും സമർത്ഥനായ വിദ്യാർത്ഥിക്കുള്ള അവാർഡ് കരസ്ഥമാക്കി.

ബിരുദാനന്തരം, നിയമപഠനം പൂർത്തിയാക്കി, പ്രാക്ടീസാരംഭിച്ച ശ്രീ. തങ്കച്ചൻ പ്രഗല്ഭനായ ഒരഭിഭാഷകനെന്ന നിലയിലേയ്ക്ക് ഉയർന്നു. ഇതിനിടെ പബ്ലിക് അഡ്മിനിസ്ട്രേഷനിൽ ഡിപ്ലോമ നേടാനും അദ്ദേഹത്തിന് കഴിഞ്ഞു.

1968-ൽ പെരുമ്പാവൂർ മുനിസിപ്പൽ കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെടുകയും അതിന്റെ അദ്ധ്യക്ഷസ്ഥാനം വഹിക്കുകയും ചെയ്തപ്പോൾ രാജ്യത്തെ ഏറ്റവും പ്രായം കുറഞ്ഞ മുനിസിപ്പൽ ചെയർമാൻ എന്ന ബഹുമതിക്ക് ശ്രീ. തങ്കച്ചൻ അർഹനായി. 1980-വരെ അദ്ദേഹം ആ പദവിയിൽ തുടർന്നു. 1980-85 കാലയളവിൽ പെരുമ്പാവൂർ മുനിസിപ്പൽ കൗൺസിലിലെ പ്രതിപക്ഷനേതാവായിരുന്നു അദ്ദേഹം.

1977 മുതൽ 1989 വരെ എറണാകുളം ജില്ലാ കോൺഗ്രസ്സ് കമ്മിറ്റിയുടെ പ്രസിഡന്റായിരുന്ന ശ്രീ. തങ്കച്ചൻ സംസ്ഥാനത്തെ വിവിധ ട്രേഡ് യൂണിയനുകളുടെ നേതൃസ്ഥാനവും വഹിക്കുകയുണ്ടായി.

1982, 1987, 1991, 1996 എന്നീ വർഷങ്ങളിൽ അദ്ദേഹം കേരളനിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. കോൺഗ്രസ്സ് സ്ഥാനാർത്ഥിയായി പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ നിന്നാണ് എല്ലാ പ്രാവശ്യവും അദ്ദേഹം വിജയം വരിച്ചത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് നിയമസഭാ കക്ഷിയുടെ സെക്രട്ടറിയായി 1987-91 കാലയളവിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

1991 ജൂലായ് 1-ാം തീയതി കേരള നിയമസഭയുടെ പതിനാലാമത്തെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. തങ്കച്ചൻ 1995 മേയ് 3-ാം തീയതി വരെ ആ പദം അലങ്കരിച്ചു. നാല് പ്രധാന നിയമസഭാ കമ്മിറ്റികൾ രൂപം കൊണ്ടത് അദ്ദേഹത്തിന്റെ ഭരണകാലത്താണ്. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച സമിതി, പരിസ്ഥിതി സമിതി, പിന്നോക്ക സമുദായ ക്ഷേമ സമിതി, മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതി എന്നിവയാണ് ആ കമ്മിറ്റികൾ.

ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ 1995 മേയ് 3-ാം തീയതി മുതൽ കൃഷി വകുപ്പ് കൈകാര്യം ചെയ്തത് ശ്രീ. തങ്കച്ചനാണ്. 1996 മേയ് 9-ാം തീയതി വരെ അദ്ദേഹം ആ പദവിയിൽ തുടരുകയും ചെയ്തു. 1996 മുതൽ 2001 വരെ അദ്ദേഹം പത്താം കേരളനിയമസഭയിലെ പ്രതിപക്ഷ ചീഫ് വിപ്പായിരുന്നു. 1996-98 കാലയളവിൽ അദ്ദേഹം മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ ചെയർമാനായിരുന്നു.

കേരള മാർക്കറ്റ്ഫെഡിന്റെ ചെയർമാനായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. 2001-04 കാലയളവിൽ കെ. പി. സി. സി. വൈസ് പ്രസിഡന്റായിരുന്നു. 2004-ൽ കെ.പി.സി.സി.യുടെ ആക്ടിംഗ് പ്രസിഡന്റായി നിയമിതനായ ശ്രീ. തങ്കച്ചൻ, പിന്നീട് ഐക്യജനാധിപത്യ മുന്നണിയുടെ കൺവീനറായി. നിലവിലും അദ്ദേഹം പ്രസ്തുത സ്ഥാനം വഹിക്കുന്നു.

ശ്രീമതി ടി. വി. തങ്കമ്മയാണ് അദ്ദേഹത്തിന്റെ ഭാര്യ. അവർക്ക് ഒരു പുത്രനും രണ്ട് പുത്രിമാരും ഉണ്ട്.

സ്പീക്കർ



# തേറമ്പിൽ രാമകൃഷ്ണൻ

രണ്ട് തവണ നിയമസഭാ സ്പീക്കർ പദം അലങ്കരിച്ച വ്യക്തികളിൽ ഒരാളാണ് ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ. സഭാനാഥനെന്ന നിലയിൽ പാർലമെന്ററി ജനാധിപത്യത്തിന്റെ അടിസ്ഥാന മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിലും ആരോഗ്യകരമായ ജനാധിപത്യ കീഴ്‌വഴക്കങ്ങൾ പാലിക്കുന്നതിലും അദ്ദേഹം നൽകിയ സംഭാവന വിലപ്പെട്ടതാണ്. പ്രസാദാത്മകമായ സ്വഭാവം, സൗഹൃദപൂർണ്ണമായ പെരുമാറ്റം, യുക്തിസഹമായ സമീപനം എന്നിവ കൊണ്ട് സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ട് പോകുവാനുള്ള വൈഭവം തനിക്കുണ്ടെന്ന് അദ്ദേഹം തെളിയിച്ചു. പരിപാകം വന്ന ഒരു വ്യക്തിയായും സമവായം കാംക്ഷിക്കുന്ന ഒരു സ്പീക്കറായുമാണ് അദ്ദേഹം പരക്കെ

അറിയപ്പെടുന്നത്. ഭരണം ഗവൺമെന്റിന്റെ കടമയാണെങ്കിൽ വിമർശനം പ്രതിപക്ഷത്തിന്റെ കടമയാണെന്നും ഇരു കൂട്ടരും അവരവരുടെ ഭാഗം ഭംഗിയായി അവതരിപ്പിക്കുമ്പോൾ മാത്രമേ ജനാധിപത്യം പൂർണ്ണത കൈവരിക്കൂ എന്നും അദ്ദേഹം വിശ്വസിച്ചു.

1941 ജൂൺ 3-ന് തൃശൂർ ജില്ലയിലെ കുറ്റൂരിൽ ശ്രീ. മേലൂട്ട് കൃഷ്ണമേനോന്റെയും ശ്രീമതി തേറമ്പിൽ നാണിക്കുട്ടി അമ്മയുടെയും മകനായി ജനിച്ച ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ, വിദ്യാർത്ഥി സംഘടനാ പ്രവർത്തനങ്ങളിലൂടെയാണ് രാഷ്ട്രീയത്തിൽ പ്രവേശിച്ചത്. സ്വന്തം ഗ്രാമത്തിലെ ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളിലും ചന്ദ്രാ മെമ്മോറിയൽ ഗവൺമെന്റ് സ്കൂളിലുമായിരുന്നു അദ്ദേഹത്തിന്റെ ആദ്യകാല വിദ്യാഭ്യാസം. തൃശൂർ ശ്രീ. കേരള വർമ്മ കോളേജിൽ നിന്നാണ് അദ്ദേഹം ബിരുദം നേടിയത്. അന്ന് കോളേജ് യൂണിയൻ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുകയും 1958-59 കാലയളവിൽ ജനറൽ സെക്രട്ടറിയായും 1959-60 കാലയളവിൽ ചെയർമാനായും പ്രവർത്തിക്കുകയും ചെയ്തു.

എറണാകുളം ലോ കോളേജിൽ നിന്നും എഫ്.എൽ. പാസ്സായ ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ തിരുവനന്തപുരം ലോ കോളേജിൽ നിന്നും ബിരുദം കരസ്ഥമാക്കി. എറണാകുളം ലോ കോളേജിലെ പഠനകാലത്ത് അദ്ദേഹം മാഗസിൻ എഡിറ്റർ എന്ന നിലയിൽ ശ്ലാഘനീയമായ പ്രവർത്തനം കാഴ്ചവച്ചു.

നീതിന്യായ മേഖലകളുടെ അകത്തളങ്ങളിലേക്ക് പ്രവേശിച്ചതോടെ ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ സ്വതന്ത്ര വ്യക്തിത്വമുള്ള ഒരഭിഭാഷകനെന്ന നിലവാരത്തിലേക്ക് ഉയരുകയും പ്രശസ്തമായ പല സ്ഥാപനങ്ങളുടെയും ബാങ്കുകളുടെയും നിയമോപദേഷ്ടാവായി നിയമിക്കപ്പെടുകയും ചെയ്തു. കേരള ബാർ ഫെഡറേഷന്റെ ജനറൽ സെക്രട്ടറിയായിരിക്കെ അഭിഭാഷക ക്ഷേമനിധിയ്ക്കും വക്കീൽ ഗുമസ്ത ക്ഷേമനിധിയ്ക്കും രൂപം നൽകുന്നതിൽ അദ്ദേഹം പ്രധാന പങ്കുവഹിച്ചു.

വർഷങ്ങൾ പിന്നിട്ടതോടെ പല സുപ്രധാന പദവികളും വഹിക്കാനുള്ള അംഗീകാരം നേടിക്കൊണ്ട് അദ്ദേഹം വളരുകയായിരുന്നു. 1965-ൽ തൃശൂർ ജില്ലാ അവിഭക്ത കോൺഗ്രസ്സ് കമ്മിറ്റി സെക്രട്ടറിയായിരുന്ന ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ തുടർന്ന് കെ.പി.സി.സി.യിലും ഓൾ ഇൻഡ്യ കോൺഗ്രസ്സ് കമ്മിറ്റിയിലും അംഗമാകുകയും ചെയ്തു.

1982-ൽ തൃശൂർ നിയോജകമണ്ഡലത്തിൽ നിന്ന് നാഷണൽ ഡെമോക്രാറ്റിക് പാർട്ടി സ്ഥാനാർത്ഥിയായി വിജയിച്ചു കൊണ്ടാണ് ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ആദ്യമായി കേരള നിയമസഭയിൽ അംഗമാകുന്നത്. പിന്നീട് അദ്ദേഹം അതേ നിയോജകമണ്ഡലത്തിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് സ്ഥാനാർത്ഥിയായി മത്സരിക്കുകയും ഒൻപതാം കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. 1995 ജൂൺ 27-ാം തീയതി നിയമസഭാ സ്പീക്കർ പദവിയിലെത്തിയ ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ 1996 മേയ് 28 വരെ ആ പദവിയിൽ തുടർന്നു. പത്താം കേരള നിയമസഭയിലും പതിനൊന്നാം കേരള നിയമസഭയിലും പന്ത്രണ്ടാം കേരള നിയമസഭയിലും അദ്ദേഹം തൃശൂർ നിയോജകമണ്ഡലത്തിൽ നിന്നുതന്നെയാണ് തെരഞ്ഞെടുക്കപ്പെട്ടത്. 2004

സെപ്റ്റംബർ 16-ാം തീയതി വീണ്ടും അദ്ദേഹം കേരള നിയമസഭയുടെ സ്പീക്കറായി ചുമതലയേറ്റെടുക്കുകയും 2006 മേയ് 23-ാം തീയതി വരെ തൽസ്ഥാനത്ത് തുടരുകയും ചെയ്തു.

13-ാം കേരള നിയമസഭയിലും ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ തൃശ്ശൂർ നിയോജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുകയും കോൺഗ്രസ്സ് നിയമസഭാ കക്ഷി ഡെപ്യൂട്ടി ലീഡർ പദവി വഹിക്കുകയും ചെയ്തു.

പല നിയമസഭാകമ്മിറ്റികളിലും ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ അംഗമായിരുന്നിട്ടുണ്ട്. 1998-2001 കാലയളവിൽ മേശപ്പുറത്തു വച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെയും 2003-04 കാലയളവിൽ ഔദ്യോഗിക ഭാഷാ കമ്മിറ്റിയുടെയും ചെയർമാനായിരുന്നു അദ്ദേഹം. പതിറ്റാണ്ടുകൾ നീണ്ട പൊതുപ്രവർത്തനത്തിനിടയിൽ ജീവിതത്തിന്റെ വ്യത്യസ്ത മേഖലകളിൽ സേവനമനുഷ്ഠിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. 1975-84 കാലയളവിൽ നായർ സർവ്വീസ് സൊസൈറ്റിയുടെ ഡയറക്ടർ ബോർഡ് അംഗമായിരുന്ന അദ്ദേഹം തൃശൂർ എൻ.എസ്.എസ്. പബ്ളിക് സ്കൂൾ, തൃശൂർ വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ എന്നിവ ആരംഭിക്കുന്നതിൽ ഗണ്യമായ പങ്ക് വഹിച്ചു. 1978-84 കാലയളവിൽ നാഷണൽ ഡെമോക്രാറ്റിക് പാർട്ടിയുടെ ജനറൽ സെക്രട്ടറിയായും 1984-86 കാലയളവിൽ ചെയർമാനായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

സാഹിത്യ സംബന്ധമായ പ്രവർത്തനങ്ങളിലും ആദ്ധ്യാത്മിക, സാംസ്കാരിക മേഖലകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലും ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ സജീവമായി പങ്കെടുത്ത് വരുന്നു. തൃശൂർ ഡിസ്ട്രിക്ട് പ്രിന്റിംഗ് ആന്റ് പബ്ളിഷിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (കൈരളി) യുടെ അദ്ധ്യക്ഷസ്ഥാനം അദ്ദേഹം വഹിക്കുന്നു. ഗ്രന്ഥശാലാ പ്രസ്ഥാനത്തിൽ ഏറെ തല്പരനായ അദ്ദേഹം ഏറെക്കാലം തൃശൂർ പബ്ളിക് ലൈബ്രറിയുടെ സെക്രട്ടറിയായും സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അംഗമായും പ്രവർത്തിച്ചിട്ടുണ്ട്.

തൃശൂർ വിവേകോദയം സ്കൂളുകളുടെ മാനേജർ എന്ന നിലയിൽ വിദ്യാഭ്യാസ മേഖലയ്ക്കും അദ്ദേഹത്തിന്റെ സംഭാവനകൾ ലഭിച്ചിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലും കാലിക്കറ്റ് സർവ്വകലാശാല സെനറ്റിലും അദ്ദേഹം അംഗമായിരുന്നു.

കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷന്റെ 1995-ൽ കൊളംബോയിൽ നടന്ന 41-ാമത് കോൺഫറൻസിലും 2005-ൽ ഫിജിയിൽ നടന്ന 51-ാമത് കോൺഫറൻസിലും ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ പങ്കെടുത്തു.

ശ്രീമതി ചന്ദ്രമതിഅമ്മ ആണ് അദ്ദേഹത്തിന്റെ ഭാര്യ. അവർക്ക് ഒരു മകളും ഒരു മകനും ഉണ്ട്.

സ്പീക്കർ



# എം. വിജയകുമാർ

പത്താം കേരളനിയമസഭയിൽ സ്പീക്കർ പദമലങ്കരിച്ച ശ്രീ. എം. വിജയകുമാർ വിദ്യാർത്ഥി സംഘടനാപ്രവർത്തനത്തിലൂടെ രാഷ്ട്രീയരംഗത്ത് ശ്രദ്ധേയനാവുകയും തുടർന്ന് പരിചയസമ്പന്നനായ പാർലമെന്ററിയൻ എന്ന് പേരെടുക്കുകയും ചെയ്തു.

1949 ഒക്ടോബർ 5-ന് ശ്രീ. വി. മാധവൻ പിള്ളയുടെയും ശ്രീമതി ബി. തങ്കമ്മയുടെയും മകനായി ജനിച്ച ശ്രീ. എം. വിജയകുമാർ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ രാഷ്ട്രീയപ്രവർത്തനങ്ങളിൽ ആഭിമുഖ്യം പുലർത്തിയിരുന്നു. കേരളസർവ്വകലാശാലയിൽ നിന്ന് നിയമബിരുദം കരസ്ഥമാക്കിയതിന് ശേഷമാണ് അദ്ദേഹം സജീവരാഷ്ട്രീയത്തിൽ പ്രവേശിക്കുന്നത്.

സംസ്ഥാനത്തെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടമാടിയിരുന്ന അഴിമതിക്കെതിരെ നടന്ന പ്രക്ഷോഭത്തിൽ പങ്കെടുത്ത ശ്രീ. എം. വിജയകുമാർ ഒരു വിദ്യാർത്ഥി സംഘടനാ പ്രവർത്തകനെന്ന നിലയിൽ ഒട്ടേറെ സമരങ്ങളുടെ മുന്നണിപ്പോരാളിയായിരുന്നു. 1970-ൽ സ്റ്റുഡന്റ്സ് ഫെഡറേഷന്റെയും 1980-ൽ ഡെമോക്രാറ്റിക് യൂത്ത് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെയും രൂപീകരണത്തിൽ അദ്ദേഹം സുപ്രധാന പങ്ക് വഹിച്ചു. എസ്. എഫ്. ഐ. ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ച ശ്രീ. എം. വിജയകുമാർ പിന്നീട് ഡി. വൈ. എഫ്. ഐ. യുടെ സംസ്ഥാന സെക്രട്ടറിയും അഖിലേന്ത്യാ പ്രസിഡന്റുമായി. അടിയന്തരാവസ്ഥയുടെ നാളുകളിൽ മാത്രമല്ല, മറ്റു പല സന്ദർഭങ്ങളിലും അദ്ദേഹത്തിന് അറസ്റ്റുവരിക്കേണ്ടതായും വിവിധ ഘട്ടങ്ങളിൽ ജയിൽ ശിക്ഷ അനുഭവിക്കേണ്ടതായും വന്നു. 'എല്ലാവർക്കും വിദ്യാഭ്യാസം, എല്ലാവർക്കും തൊഴിൽ' എന്ന മുദ്രാവാക്യവുമായി നടന്ന ചരിത്രപ്രസിദ്ധമായ പാർലമെന്റ് മാർച്ചിന് നേതൃത്വം നൽകിയത് അദ്ദേഹമാണ്. ദേശീയോദ്ഗ്രഥനവും മതസൗഹാർദ്ദവും ഊട്ടിയുറപ്പിക്കുന്നതിനായി പുതുമയോടെ സംവിധാനം ചെയ്ത 'മനുഷ്യച്ചങ്ങല' സംഘടിപ്പിക്കാൻ കഴിഞ്ഞത് ശ്രീ. എം. വിജയകുമാറിന്റെ നേട്ടങ്ങളിലൊന്നാണ്. കേരള സർവ്വകലാശാലയിലെ സെനറ്റിലും സിൻഡിക്കേറ്റിലും അദ്ദേഹം അംഗമായിരുന്നു.

തിരുവനന്തപുരം നോർത്ത് നിയോജകമണ്ഡലത്തിൽ നിന്ന് എട്ടാം കേരളനിയമസഭയിലേയ്ക്കും ഒൻപതാം കേരളനിയമസഭയിലേയ്ക്കും പത്താം കേരള നിയമസഭയിലേയ്ക്കും പന്ത്രണ്ടാം കേരള നിയമസഭയിലേയ്ക്കും ശ്രീ. എം. വിജയകുമാർ തെരഞ്ഞെടുക്കപ്പെട്ടു. 1989 മുതൽ 1991 വരെ അദ്ദേഹം ഹർജികൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായിരുന്നു.

1996 മേയ് 30-ന് അദ്ദേഹം കേരളനിയമസഭയുടെ പതിനാറാമത്തെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടു. 2001 ജൂൺ 4 വരെ ആ പദവിയിൽ തുടരുകയും ചെയ്തു. സഭാതലത്തിൽ നടപടിക്രമങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഒട്ടേറെ പരിഷ്കാരങ്ങൾ അദ്ദേഹത്തിന്റെ ഔദ്യോഗിക കാലാവധിക്കുള്ളിൽ നടപ്പിൽ വരുത്തുകയുണ്ടായി. ഒരംഗത്തിന് ചോദിക്കാവുന്ന ചോദ്യങ്ങളുടെ എണ്ണം അഞ്ചായി നിജപ്പെടുത്തിയതും പ്രിവിലേജസ് കമ്മിറ്റിയുടെ പരിധി വിപുലമാക്കിക്കൊണ്ട് പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതി എന്ന് പുനർനാമകരണം ചെയ്തതും ധനാഭ്യർത്ഥനകളെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ അവലോകന റിപ്പോർട്ടുകൾ അതാതു സാമ്പത്തിക വർഷത്തിൽ തന്നെ സഭയിൽ സമർപ്പിക്കണമെന്ന നിബന്ധന ഏർപ്പെടുത്തിയതും പ്രസ്തുത പരിഷ്കരണ നടപടികളിൽപെടുന്നു.

സ്പീക്കറെന്ന നിലയിൽ ശ്രീ. എം. വിജയകുമാറിന്റെ ഔദ്യോഗിക കാലം അവിസ്മരണീയമായ പല സംഭവങ്ങൾക്കും സാക്ഷ്യം വഹിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ മാർഗ്ഗനിർദ്ദേശത്തിലാണ് കേരളനിയമസഭയുടെ നാല്പതാം വാർഷികം ആഘോഷിച്ചതും ഒന്നാം കേരള നിയമസഭയിൽ അംഗമായിരുന്നവരിൽ ജീവിച്ചിരുന്നവരെ ആദരിച്ചതും. സെക്രട്ടേറിയറ്റ് മന്ദിരത്തിലെ പഴയ ചേംബറിലെ അവസാന സഭാ സമ്മേളനം 1998 ജൂൺ 29-ന് ചേർന്നതും നിയമസഭാ സമുച്ചയത്തിലെ പുതിയ ചേംബറിൽ

വച്ച് ആദ്യസമ്മേളനം 1998 ജൂൺ 30-ന് ചേർന്നതും അദ്ദേഹത്തിന്റെ അദ്ധ്യക്ഷത യിലായിരുന്നു. പഴയ നിയമസഭാമന്ദിരം ചരിത്രസ്മാരകമായി പ്രഖ്യാപിച്ചതും ഉപരാഷ്ട്രപതി ശ്രീ. കൃഷൻകാന്ത് പ്രസ്തുത മന്ദിരം രാഷ്ട്രത്തിന് സമർപ്പിച്ചതും അദ്ദേഹത്തിന്റെ കാലത്തു നടന്ന ശ്രദ്ധേയസംഭവങ്ങൾ തന്നെ. ശ്രീ. എം. വിജയകുമാറിന്റെ പ്രത്യേക താല്പര്യപ്രകാരമാണ് നിയമസഭാ നടപ ടികളുടെ തത്സമയസംപ്രേഷണവും കംപ്യൂട്ടർവത്കരണവും ആരംഭിച്ചത്. സബ്ജക്ട് കമ്മിറ്റികളുടെ പ്രവർത്തനം വിലയിരുത്താനായി 1996-ൽ ഒരു അഡ് ഹോക്ക് കമ്മിറ്റി രൂപീകരിച്ചതും അദ്ദേഹ ത്തിന്റെ കാലത്താണ്.

2006 മുതൽ 2011 വരെ ശ്രീ. എം. വിജയ കുമാർ നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനകാര്യവും തുറ മുഖവും വകുപ്പ് മന്ത്രിയായി സേവനമ നുഷ്ഠിച്ചു. ചെറിയൊരു കാലയളവിൽ അദ്ദേഹം പൊതുമരാമത്ത് വകുപ്പിന്റെ ചുമതല വഹിച്ചിരുന്നു.

ഇപ്പോൾ ശ്രീ. എം. വിജയകുമാർ സി. പി. ഐ. (എം) ന്റെ സംസ്ഥാന കമ്മിറ്റി അംഗവും കെ.റ്റി.ഡി.സി. ചെയർമാ നുമാണ്.

ശ്രീമതി ശ്രീകലയാണ് അദ്ദേഹത്തിന്റെ ഭാര്യ. അവർക്ക് ഒരു മകനും ഒരു മകളുമുണ്ട്.

സ്പീക്കർ



# കെ. രാധാകൃഷ്ണൻ

പന്ത്രണ്ടാം കേരള നിയമസഭയുടെ സ്പീക്കർ പദവി അലങ്കരിച്ച ശ്രീ. കെ. രാധാകൃഷ്ണൻ 1964 മേയ് 24-ന് ശ്രീ. എം. സി. കൊച്ചുണ്ണിയുടെയും ശ്രീമതി ചിന്നയുടെയും മകനായി തൃശ്ശൂർ ജില്ലയിലെ ചേലക്കരയിൽ ജനിച്ചു. തോന്നൂർക്കര യു. പി. സ്കൂളിലും ചേലക്കര ശ്രീമൂലം തിരുനാൾ ഹൈസ്ക്കൂളിലുമായി അദ്ദേഹം സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് വടക്കാഞ്ചേരി ശ്രീ വ്യാസ എൻ.എസ്.എസ്. കോളേജിൽ നിന്നും പ്രീഡിഗ്രി വിജയിക്കുകയും തൃശ്ശൂർ ശ്രീ കേരള വർമ്മ കോളേജിൽ നിന്ന് ബി.എ. പഠനം പൂർത്തിയാക്കുകയും ചെയ്തു.

ശ്രീ. കെ. രാധാകൃഷ്ണന്റെ സ്പീക്കർ സ്ഥാനത്തേയ്ക്കുള്ള ആരോഹണം രാഷ്ട്രീയ ഭേദമെന്യേ

കേരളീയരാകമാനം നിറഞ്ഞ മനസ്സോടെ അംഗീകരിക്കുകയായിരുന്നു. തോട്ടം തൊഴിലാളി മേഖലയിൽ നിന്നും വന്നതിനാൽ സമൂഹത്തിലെ പീഡിത വർഗ്ഗക്കാരുടെ പ്രശ്നങ്ങൾ ആഴത്തിൽ മനസ്സിലാക്കുവാനും അവയ്ക്ക് പരിഹാരം കാണുവാനും അദ്ദേഹത്തിന് സാധിച്ചു. അവരുടെ അവകാശ സംരക്ഷണത്തിനും ഉന്നമനത്തിനും വേണ്ടി ശ്രീ. കെ. രാധാകൃഷ്ണൻ അശ്രാന്തം പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ ലളിതവും മൂല്യാധിഷ്ഠിതവുമായ പൊതുജീവിതം മറ്റുള്ളവരിൽ നിന്നും അദ്ദേഹത്തെ വ്യത്യസ്തനാക്കി.

എസ്.എഫ്.ഐ.-യിലൂടെ രാഷ്ട്രീയ രംഗത്ത് പ്രവേശിച്ച ശ്രീ. കെ. രാധാകൃഷ്ണൻ എസ്.എഫ്.ഐ. യുടെ കേരള വർമ്മ കോളേജ് യൂണിറ്റ് സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ ചേലക്കര ഏര്യാ കമ്മിറ്റി സെക്രട്ടറി, തൃശ്ശൂർ ജില്ലാ സെക്രട്ടേറിയറ്റ് അംഗം എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചു. പ്രസ്തുത പദവികളിൽ തുടരുമ്പോഴും പൊതുജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. ഡി.വൈ.എഫ്.ഐ.-യുടെ ചേലക്കര ബ്ലോക്ക് കമ്മിറ്റി സെക്രട്ടറി, തൃശ്ശൂർ ജില്ലാ എക്സിക്യൂട്ടിവ് കമ്മിറ്റിയംഗം, സംസ്ഥാന കമ്മിറ്റിയംഗം എന്നീ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. സർക്കാരിന്റെ വിദ്യാഭ്യാസ നയങ്ങൾക്കെതിരെ സമരങ്ങൾ നയിച്ചതിന് 1982-87 കാലയളവിൽ ശ്രീ. കെ. രാധാകൃഷ്ണന് പോലീസിന്റെ ക്രൂര മർദ്ദനങ്ങൾ അനുഭവിക്കേണ്ടി വന്നു. കർഷക തൊഴിലാളി സമരങ്ങളും അദ്ദേഹം നയിച്ചിട്ടുണ്ട്. കൂടാതെ കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെയും സമ്പൂർണ്ണ സാക്ഷരതാ പ്രസ്ഥാനത്തിന്റെയും പ്രവർത്തനങ്ങളിൽ അദ്ദേഹം ഭാഗമായി.

1991-ൽ വള്ളത്തോൾ നഗർ ഡിവിഷനിൽ നിന്നും ശ്രീ. കെ. രാധാകൃഷ്ണൻ തൃശ്ശൂർ ജില്ലാ കൗൺസിലിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1996-ൽ ചേലക്കര നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് ആദ്യമായി കേരള നിയമസഭയിലെത്തിയ ശ്രീ. കെ. രാധാകൃഷ്ണൻ 1996-2001 കാലയളവിൽ നായനാർ മന്ത്രിസഭയിൽ പിന്നാക്ക വിഭാങ്ങളുടെയും പട്ടിക വിഭാഗങ്ങളുടെയും ക്ഷേമവും യുവജനകാര്യവും വകുപ്പ് മന്ത്രിയായി സേവനമനുഷ്ഠിച്ചു. മന്ത്രി എന്ന നിലയിൽ നല്ല ഭരണം കാഴ്ചവച്ച അദ്ദേഹം തന്റെ സഹപ്രവർത്തകരുടെ പ്രശംസയ്ക്ക് പാത്രമായി. പിന്നാക്ക വിഭാഗങ്ങളുടെയും പട്ടികവിഭാഗങ്ങളുടെയും ക്ഷേമത്തിനുതകുന്ന രീതിയിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ അദ്ദേഹം നവീകരിച്ചു. 2001-ൽ ചേലക്കരയിൽനിന്ന് തന്നെ പതിനൊന്നാം കേരള നിയമസഭയിലെത്തിയ ശ്രീ. കെ. രാധാകൃഷ്ണൻ 2001-06 കാലയളവിൽ പ്രതിപക്ഷ ചീഫ് വിപ്പ് പദവി അലങ്കരിച്ചു. വർദ്ധിച്ച ഭൂരിപക്ഷത്തോടെ വിജയിച്ച് പന്ത്രണ്ടാം കേരള നിയമസഭയിലെത്തിയ ശ്രീ. കെ. രാധാകൃഷ്ണൻ കേരള നിയമസഭയുടെ പത്തൊൻപതാം സ്പീക്കറായി 2006 മേയ് 25-ാം തീയതി തെരഞ്ഞെടുക്കപ്പെട്ടു. 2011 മേയ് 31-ാം തീയതി വരെ തൽസ്ഥാനത്ത് തുടർന്ന അദ്ദേഹം തന്റെ അഞ്ച് വർഷകാലാവധി പൂർത്തിയാക്കി. പതിമൂന്നാം കേരള നിയമസഭയിലും ചേലക്കര നിയോജകമണ്ഡലത്തിൽ നിന്നും വിജയിക്കുവാൻ ശ്രീ. കെ. രാധാകൃഷ്ണന് സാധിച്ചു. നിലവിൽ അദ്ദേഹം പട്ടികജാതി ക്ഷേമസമിതി സംസ്ഥാന പ്രസിഡന്റ്, ദളിത് ശോഷൺ

മുക്തി മഞ്ച് ദേശീയ കമ്മിറ്റിയുടെ കൺവീനർ, കേരള സ്റ്റേറ്റ് ഫാം വർക്കേഴ്സ് യൂണിയൻ (സി.ഐ.ടി.യു.) സംസ്ഥാന പ്രസിഡന്റ്, സി.പി.ഐ.(എം) സംസ്ഥാന കമ്മിറ്റി അംഗം, തൃശ്ശൂർ ജില്ലാ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു വരുന്നു.

1998-ൽ ക്യൂബയിൽ നടന്ന ലോക യൂത്ത് കോൺഫറൻസിലും 2006-ൽ അബുജ (നൈജീരിയ)-യിൽ നടന്ന 52-ാമത് കോമൺവെൽത്ത് പാർലമെന്ററി കോൺഫറൻസിലും ശ്രീ. കെ. രാധാകൃഷ്ണൻ പങ്കെടുത്തു. 2006-11 കാലയളവിൽ കോമൺവെൽത്ത് പാർലമെന്ററി കോൺഫറൻസുകളിൽ പങ്കെടുക്കുന്നതിന് വേണ്ടി മലേഷ്യ, ടാൻസാനിയ, ചൈന എന്നീ രാജ്യങ്ങൾ അദ്ദേഹം സന്ദർശിച്ചിട്ടുണ്ട്.



സ്പീക്കർ

# ജി. കാർത്തികേയൻ

'ജി.കെ.' എന്ന രണ്ടക്ഷരത്തിലൂടെ ജനങ്ങളുടെ മനസ്സിൽ സ്ഥിരപ്രതിഷ്ഠ നേടിയ ശ്രീ. ജി. കാർത്തികേയൻ തിരുവനന്തപുരം ജില്ലയിലെ വർക്കലയിൽ ശ്രീ. എൻ. പി. ഗോപാലപിള്ള യുടെയും ശ്രീമതി എൽ. വനജാക്ഷി അമ്മ യുടെയും മകനായി 1949 ജനുവരി 20-ന് ജനിച്ചു. വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ പൊതുപ്രവർത്തന രംഗത്തെത്തിയ അദ്ദേഹം വർക്കല, കൊല്ലം എസ്.എൻ. കോളേജുകളിൽ നിന്നും വിദ്യാഭ്യാസം നേടി. തുടർന്ന് നിയമപഠനവും പൂർത്തിയാക്കി.

കെ.എസ്.യു.-വിന്റെ യൂണിറ്റ് പ്രസിഡന്റ് സ്ഥാനം മുതൽ സംസ്ഥാന പ്രസിഡന്റ് സ്ഥാനം വരെ ശ്രീ. ജി. കാർത്തികേയൻ വഹിച്ചിട്ടുണ്ട്. കൂടാതെ കേരള

സർവ്വകലാശാല സെനറ്റിലേയ്ക്കുള്ള വിദ്യാർത്ഥി പ്രതിനിധി അംഗം, കേരള സർവ്വകലാശാല യൂണിയൻ സെക്രട്ടറി, യൂത്ത് കോൺഗ്രസ്സ് സംസ്ഥാന ജനറൽ സെക്രട്ടറി, സംസ്ഥാന പ്രസിഡന്റ്, കെ.പി.സി.സി. ജനറൽ സെക്രട്ടറി, വൈസ് പ്രസിഡന്റ്, എ.ഐ.സി.സി. അംഗം എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

1982-ൽ ഏഴാം കേരള നിയമസഭയിലേയ്ക്ക് തിരുവനന്തപുരം നോർത്ത് നിയോജക മണ്ഡലത്തിൽ നിന്നും ആദ്യമായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. ജി. കാർത്തികേയൻ തുടർന്ന് 1991, 1996, 2001, 2006 എന്നീ വർഷങ്ങളിൽ ആര്യനാട് നിയോജക മണ്ഡലത്തിൽ നിന്നും 2011-ൽ അരുവിക്കര നിയോജകമണ്ഡലത്തിൽ നിന്നും നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. കോൺഗ്രസ്സ് നിയമസഭാകക്ഷി ഡെപ്യൂട്ടി ലീഡർ, കോൺഗ്രസ്സ് ചീഫ് വിപ്പ് എന്നീ പദവികൾ വഹിച്ചിട്ടുള്ള ശ്രീ. ജി.കാർത്തികേയൻ 1995 ഏപ്രിൽ 20 മുതൽ 1996 മേയ് 9 വരെ എ.കെ. ആന്റണി മന്ത്രിസഭയിൽ വിദ്യുച്ഛക്തി വകുപ്പിന്റെയും 2001 മേയ് 26 മുതൽ 2004 ആഗസ്റ്റ് 29 വരെ എ.കെ.ആന്റണി മന്ത്രിസഭയിൽ ഭക്ഷ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകളുടെയും ചുമതല വഹിച്ചിട്ടുണ്ട്.

1991-93 കാലയളവിൽ ഹർജികൾ സംബന്ധിച്ച സമിതിയുടെയും 1993-95 കാലയളവിൽ ഹൗസ് കമ്മിറ്റിയുടെയും അദ്ധ്യക്ഷനായുള്ള ശ്രീ. ജി. കാർത്തികേയന്റെ പ്രവർത്തനം ശ്ലാഘനീയമാണ്.

2011 ജൂൺ 2-ാം തീയതി കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. ജി. കാർത്തികേയന് തന്റെ പ്രവർത്തനങ്ങളിലൂടെ നിയമസഭയെ കൂടുതൽ ജനകീയമാക്കാൻ സാധിച്ചു. സഭാസമ്മേളനം ആരംഭിക്കുന്ന ദിവസവും അവസാനിക്കുന്ന ദിവസവും ദേശീയഗാനം ആലപിക്കുന്ന രീതി നടപ്പിലാക്കി. നിയമസഭാ ഹാളിൽ നിന്ന് വാച്ച് ആൻഡ് വാർഡിനെ പിൻവലിച്ച അദ്ദേഹത്തിന്റെ നടപടി എടുത്ത് പറയേണ്ടതാണ്. സഭാനടപടികൾ പൂർണ്ണമായി വെബ്കാസ്റ്റ് ചെയ്യുന്ന സമ്പ്രദായം ആരംഭിച്ചത് ഈ കാലയളവിലായിരുന്നു. നിയമനിർമ്മാണസഭയുടെ, ഒരു വർഷം നീണ്ടുനിന്ന ശതോത്തരരജത ജൂബിലി ആഘോഷപരിപാടികൾക്ക് നേതൃത്വം നൽകിയത് ശ്രീ. ജി. കാർത്തികേയൻ ആയിരുന്നു. നിയമസഭാ സാമാജികർക്കും ജീവനക്കാർക്കും പരിശീലനം നൽകുന്നതിനായുള്ള ട്രെയിനിംഗ് സെല്ലിനെ സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസ് ആൻഡ് ട്രെയിനിംഗ് എന്ന വിഭാഗമായി ഉയർത്തിയത് അദ്ദേഹത്തിന്റെ കാലത്താണ്.

ഡോ. എം. ടി. സുലേഖയാണ് അദ്ദേഹത്തിന്റെ ഭാര്യ. അവർക്ക് രണ്ട് പുത്രന്മാരുണ്ട്. ഇളയമകൻ ശ്രീ. കെ. എസ്. ശബരീനാഥൻ 14-ാം കേരള നിയമസഭയിൽ അരുവിക്കര നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന നിയമസഭാംഗമാണ്.

ശ്രീ. ജി. കാർത്തികേയൻ, സ്പീക്കറായിരിക്കെ 2015 മാർച്ച് 7-ാം തീയതി അന്തരിച്ചു. 2015 മാർച്ച് 9-ാം തീയതി നിയമസഭ അദ്ദേഹത്തിന് ചരമോപചാരം അർപ്പിച്ചു.



സ്പീക്കർ

# എൻ. ശക്തൻ

കോൺഗ്രസ്സ് നേതാവും മന്ത്രിയുമായി ശോഭിച്ച, പതിമൂന്നാം കേരള നിയമസഭയിൽ പ്രോട്ടെം സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, സ്പീക്കർ എന്നീ പദവികൾ വഹിച്ച ശ്രീ. എൻ. ശക്തൻ 1951 മേയ് 15-ാം തീയതി ശ്രീ. വൈ. നല്ലതമ്പിയുടെയും ശ്രീമതി വൈ. തങ്കമ്മയുടെയും മകനായി തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളത്തിനടുത്ത് മരപ്പാലത്ത് ജനിച്ചു. എം.എ. ബിരുദം കരസ്ഥമാക്കിയ അദ്ദേഹം എൽഎൽ.ബി. കോഴ്സ് പൂർത്തിയാക്കുകയും ചെയ്തു.

സ്കൂൾ വിദ്യാഭ്യാസകാലത്ത് തന്നെ രാഷ്ട്രീയത്തിൽ പ്രവേശിച്ച ശ്രീ. എൻ. ശക്തൻ തന്റെ ലളിത ജീവിതവും സൗമ്യമായ പെരുമാറ്റവും നിമിത്തം

ചുരുങ്ങിയ കാലംകൊണ്ട് ജനങ്ങളുടെ പ്രിയ നേതാവായി. കെ.എസ്.സി. തിരുവനന്തപുരം ജില്ലാ സെക്രട്ടറി (1974), പ്രസിഡന്റ് (1975), കേരള കോൺഗ്രസ്സ് തിരുവനന്തപുരം ജില്ലാ കമ്മിറ്റി സെക്രട്ടറി (1976), വൈസ് പ്രസിഡന്റ് (1978), പ്രസിഡന്റ് (1979–82) എന്നീ നിലകളിലെല്ലാം ശ്രീ. എൻ. ശക്തൻ പ്രവർത്തിച്ചു.

1982–ൽ കോവളം നിയോജകമണ്ഡലത്തിൽ നിന്നും ഡി.എസ്.പി. പ്രതിനിധിയായി ഏഴാം കേരള നിയമസഭയിലെത്തിയ ശ്രീ. എൻ. ശക്തൻ തിരുവനന്തപുരം ജില്ലാ കൗൺസിൽ അംഗം (1991–94), തിരുവനന്തപുരം ഡി.സി.സി. ജനറൽ സെക്രട്ടറി, ട്രഷറർ തുടങ്ങിയ പദവികളും വഹിച്ചു.

2001–ൽ നേമം നിയോജകമണ്ഡലത്തിൽ നിന്നും പതിനൊന്നാം കേരള നിയമസഭയിലെത്തിയ ശ്രീ. എൻ. ശക്തൻ 2004 സെപ്റ്റംബർ 5 മുതൽ 2006 മേയ് 12 വരെ ഉമ്മൻചാണ്ടി മന്ത്രിസഭയിൽ ഗതാഗത വകുപ്പ് മന്ത്രിയായി സേവനമനുഷ്ഠിച്ചു. നേമം നിയോജകമണ്ഡലത്തിലെ ജനപ്രതിനിധിയായി 2006–ൽ അദ്ദേഹം പന്ത്രണ്ടാം കേരള നിയമസഭയിലുമെത്തി.

2011–ൽ കാട്ടാക്കട നിയോജകമണ്ഡലത്തിൽ നിന്ന് വിജയിച്ച ശ്രീ. എൻ. ശക്തൻ പതിമൂന്നാം കേരള നിയമസഭയിൽ അംഗമായി. 2011 ജൂൺ 28–ാം തീയതി അദ്ദേഹത്തെ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുത്തു. 2015 മാർച്ച് 10–ാം തീയതി വരെ ശ്രീ. എൻ. ശക്തൻ തൽസ്ഥാനത്ത് തുടർന്നു. പതിമൂന്നാം കേരള നിയമസഭയുടെ സ്പീക്കറായിരുന്ന ശ്രീ. ജി. കാർത്തികേയന്റെ നിര്യാണത്തെ തുടർന്ന് ശ്രീ. എൻ. ശക്തൻ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടു. 2015 മാർച്ച് 12–ാം തീയതി മുതൽ 2016 ജൂൺ 1–ാം തീയതി വരെ അദ്ദേഹം തൽസ്ഥാനത്ത് തുടർന്നു.

നിലവിൽ ശ്രീ. എൻ. ശക്തൻ കെ.പി.സി.സി. നിർവ്വാഹകസമിതിയംഗവും എ.ഐ.സി.സി. അംഗവുമാണ്.

ശ്രീമതി എൻ. സ്റ്റെല്ലയാണ് അദ്ദേഹത്തിന്റെ ഭാര്യ. അവർക്ക് രണ്ട് പുത്രിമാരുണ്ട്.



സ്പീക്കർ

# പി. ശ്രീരാമകൃഷ്ണൻ

വിദ്യാർത്ഥി യുവജന പ്രസ്ഥാനത്തിലൂടെ കേരള രാഷ്ട്രീയത്തിലെ സജീവ സാന്നിധ്യമായി ഉയർന്നു വന്ന ശ്രീ. പി. ശ്രീരാമകൃഷ്ണൻ 14-ാം കേരള നിയമസഭയുടെ ആരാധ്യനായ സ്പീക്കറാണ്.

വള്ളുവനാട്ടിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആദ്യപഥികരിൽ ഒരാളായിരുന്ന ശ്രീ. പി. ഗോവിന്ദൻ നായരുടെയും ശ്രീമതി പി. സീതാലക്ഷ്മിയുടെയും മകനായി 1967 നവംബർ 14-ന് ശ്രീ. പി. ശ്രീരാമ കൃഷ്ണൻ ജനിച്ചു. ബി.എ., ബി.എഡ്. ബിരുദ ധാരിയാണ്.

രണ്ടുപതിറ്റാണ്ട് കാലത്തെ യുവജനസംഘടനാ രംഗത്തെ തീക്ഷ്ണവും സർഗ്ഗാത്മകവുമായ

സംഘടനാ അനുഭവങ്ങളിലൂടെയാണ് കേരള രാഷ്ട്രീയത്തിലെ സജീവ സാന്നി ധ്യമായി അദ്ദേഹം മാറിയത്.

2006-ൽ നിലമ്പൂരിൽ നിന്ന് കേരള നിയമ സഭയിലേക്ക് കന്നിമത്സരം. 2011-ൽ പൊന്നാനി നിയോജകമണ്ഡലത്തിൽ നിന്നും വിജയിച്ചാണ് ആദ്യമായി നിയമ സഭയിലെത്തുന്നത്. 2016-ൽ പൊന്നാനി യിൽ നിന്ന് വീണ്ടും കൂടുതൽ തിളക്കമാർന്ന വിജയം നേടിയ അദ്ദേഹം 2016 ജൂൺ 3-ാം തീയതി 14-ാം കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടു.

പട്ടിക്കാട് ജി.എൽ.പി. സ്കൂൾ, പെരിന്തൽമണ്ണ ജി.എച്ച്.എസ്.എസ്., പട്ടിക്കാട് ജി.എച്ച്. എസ്.എസ്. എന്നിവിടങ്ങളിലായി സ്കൂൾ വിദ്യാഭ്യാസം പൂർത്തീകരിച്ചു. പെരിന്തൽ മണ്ണ ജി.എച്ച്.എസ്.എസ്.-ൽ വിദ്യാർത്ഥി യായിരിക്കെ 1980-ൽ കീഴാറ്റൂർ പഞ്ചായത്ത് ദേശാഭിമാനി ബാലസംഘം സെക്രട്ടറിയായി പൊതുപ്രവർത്തനം ആരംഭിച്ചു. തുടർന്ന് എസ്.എഫ്.ഐ., ഡി.വൈ.എഫ്.ഐ. സംഘടനകളുടെ സജീവപ്രവർത്തക നായി. 1983-88 കാലയളവിൽ ഒറ്റപ്പാലം എൻ.എസ്.എസ്. കോളേജിൽ വിദ്യാർത്ഥി യായിരിക്കെ എസ്.എഫ്.ഐ. പാലക്കാട് ജില്ലാ പ്രസിഡന്റ്, ഒറ്റപ്പാലം എൻ.എസ്.എസ്. കോളേജ് യൂണിയൻ ഭാരവാഹി, കോഴിക്കോട് സർവ്വകലാശാല യൂണിയൻ ചെയർമാൻ തുടങ്ങിയ നിലകളിൽ നേ തൃപാടവം തെളിയിച്ചു. പിന്നീട് ഒറ്റപ്പാലം എൻ.എസ്.എസ്. ട്രെയിനിംഗ് കോളേജിൽ വിദ്യാർത്ഥിയായിരിക്കെ കോഴിക്കോട് സർവ്വകലാശാല സെനറ്റ് അംഗം, സിൻഡിക്കേറ്റ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു.

പഠനത്തോടൊപ്പം പാഠ്യേതര പ്രവർത്തന ങ്ങളിലും അദ്ദേഹം മികവ് തെളിയിച്ചു. സർവ്വകലാശാല യുവജനോത്സവങ്ങളിലെ സജീവ സാന്നിധ്യമായിരുന്നു അദ്ദേഹം. 1988-ൽ അന്തർസർവ്വകലാശാല യുവജ നോത്സവത്തിൽ ദക്ഷിണേന്ത്യയിലെ മികച്ച പ്രബന്ധത്തിനുള്ള സമ്മാനം നേടി. മേലാറ്റൂർ രവിവർമ്മ മൂപ്പിൽ ഏറാടി ഹയർ സെക്കന്ററി സ്കൂളിൽ അധ്യാപകനായും പ്രവർത്തിച്ചു.

തുടർന്ന് ഡി.വൈ.എഫ്.ഐ. യിലൂടെ യുവജന സംഘടനാരംഗത്ത് താഴെ തലം മുതൽ ദേശീയ നേതൃതലം വരെ പ്രവർ ത്തിച്ചു. ഡി.വൈ.എഫ്.ഐ. പെരിന്തൽമണ്ണ ബ്ലോക്ക് സെക്രട്ടറി, മലപ്പുറം ജില്ലാ സെക്രട്ടറി, സംസ്ഥാന പ്രസിഡന്റ്, സെക്രട്ടറി എന്നീ പദവികൾ വഹിച്ചു. 'യുവധാര' മാസികയുടെ മാനേജിംഗ് എഡിറ്ററായി പ്രവർത്തിച്ച് യുവധാരയുടെ സ്വീകാര്യത വർദ്ധിപ്പിക്കുന്നതിൽ മുഖ്യ പങ്ക് വഹിച്ചു. 2007-ൽ ചെന്നൈയിൽ വച്ചുനടന്ന ദേശീയസമ്മേളനത്തിൽ പ്രസി ഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. ആ പദവി യിൽ 2012 വരെ തുടർന്നു. അക്കാലയള വിൽ വേൾഡ് ഫെഡറേഷൻ ഓഫ് ഡെമോക്രാറ്റിക് യൂത്തിന്റെ (WFDY) ഏഷ്യാ പസഫിക് റീജിയൻ നേതൃത്വത്തിലും അദ്ദേഹം പ്രവർത്തിച്ചു. ലോക യുവജന സമ്മേളനങ്ങൾ സംഘടിപ്പിക്കുന്നതിലും സാമ്രാജ്യത്വ വിരുദ്ധ ഫോറങ്ങൾ സംഘടിപ്പിക്കുന്നതിലും WFDY യുടെ സാർവ്വദേശീയ നേതൃത്വത്തിൽ സജീവ മായി പ്രവർത്തിച്ചു. ലോക യുവജന പ്രസ്ഥാനത്തിന്റെ ഭാഗമായി നേപ്പാൾ, ശ്രീലങ്ക, ലാവോസ്, ചൈന, വടക്കൻ കൊറിയ, റഷ്യ, ക്യൂബ, വെനസ്വേല, ദക്ഷിണാഫ്രിക്ക, യു. കെ., കെനിയ തുടങ്ങി നിരവധി വിദേശ രാജ്യങ്ങളിലെ യുവജനസമ്മേളന പരിപാടികളിൽ പങ്കെ ടുത്തു.

2006-11 കാലയളവിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ വൈസ് ചെയർമാനായിരിക്കെ ശ്രദ്ധേയമായ പല പദ്ധതികൾക്കും തുടക്കമിട്ടു. പിൽക്കാലത്ത് നിലവിൽ വന്ന യൂത്ത് കമ്മീഷന്റെ കരടുനിയമം തയ്യാറാക്കിയ സർക്കാർ സമിതിയിൽ അംഗമായിരുന്നു. സംസ്ഥാന യുവജന ക്ഷേമബോർഡിന് പുതിയൊരു പ്രവർത്തന പന്ഥാവ് വെട്ടിത്തുറന്നത് അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ്.

2016 ഡിസംബറിൽ ലണ്ടനിൽ ചേർന്ന കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷൻ കോൺഫറൻസിൽ ശ്രീ. പി. ശ്രീരാമകൃഷ്ണൻ പങ്കെടുക്കുകയുണ്ടായി.

ശ്രീമതി എം. ദിവ്യയാണ് അദ്ദേഹത്തിന്റെ ഭാര്യ. അവർക്ക് ഒരു മകളും ഒരു മകനും ഉണ്ട്.

# ഡെപ്യൂട്ടി സ്പീക്കർമാർ

## (ജീവിത രേഖകൾ)



ഡെപ്യൂട്ടി സ്പീക്കർ

# കെ. ഒ. അയിഷാ ബായി

കേരളനിയമസഭയുടെ ആദ്യത്തെ ഡെപ്യൂട്ടി സ്പീക്കറാണ് ശ്രീമതി കെ. ഒ. അയിഷാ ബായി. സഭയുടെ ഉപാദ്ധ്യക്ഷവേദിയിൽ പ്രവേശിക്കുന്ന ആദ്യത്തെ വനിതയും അവർ തന്നെ. ശ്രീമതി അയിഷാ ബായി സമാധാനസംരക്ഷണം, വനിതാ വിമോചനം എന്നിവയുമായി ബന്ധപ്പെട്ട പ്രസ്ഥാനങ്ങളിലും സജീവമായി പ്രവർത്തിച്ചിരുന്നു. 1926 ഒക്ടോബർ 25-ന് ശ്രീ. കെ. ഉസ്മാൻ സാഹിബിന്റെയും ശ്രീമതി ഫാത്തിമാ ബീവിയുടെയും മകളായി ജനിച്ച ശ്രീമതി അയിഷാ ബായി തിരുവനന്തപുരം വിമൻസ് കോളേജിലും യൂണിവേഴ്സിറ്റി കോളേജിലും എറണാകുളം ലോ കോളേജിലുമായി വിദ്യാഭ്യാസം പൂർത്തിയാക്കി. 1947-ൽ വിദ്യാർത്ഥിനിയായിരിക്കുമ്പോൾ തന്നെ

അവർ സ്റ്റുഡന്റ്സ് കോൺഗ്രസ്സിൽ ചേരുകയും രാഷ്ട്രീയപ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. സമാധാന സംരക്ഷണത്തിനായുള്ള സമിതികൾ സംഘടിപ്പിക്കാനും സമാധാനപ്രചരണത്തിനായി പ്രവർത്തിക്കാനും അവർക്ക് അതിയായ താത്പര്യമുണ്ടായിരുന്നു. അതോടൊപ്പം സംസ്ഥാനത്ത് വനിതാ വിമോചനപ്രസ്ഥാനം രൂപീകരിക്കുന്നതിന് മുൻപന്തിയിൽ നിൽക്കുകയും ചെയ്തു.

1957-ൽ കായംകുളം നിയോജകമണ്ഡലത്തിൽ സി.പി.ഐ. ടിക്കറ്റിൽ മത്സരിച്ച് വിജയിച്ച ശ്രീമതി അയിഷാ ബായി ഒന്നാം കേരളനിയമസഭയിൽ അംഗമായി. 1957 മേയ് 6-ന് ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുകയും 1959 ജൂലായ് 31 വരെ ആ പദവിയിൽ തുടരുകയും ചെയ്തു. രണ്ടാം കേരള നിയമസഭയിലും അവർ കായംകുളം നിയോജകമണ്ഡലത്തെയാണ് പ്രതിനിധീകരിച്ചത്. 1961-63 കാലയളവിൽ ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായിരുന്നു. കേരള മഹിളാസംഘം സംസ്ഥാന വൈസ് പ്രസിഡന്റ്, കേന്ദ്ര, സംസ്ഥാന സോഷ്യൽ വെൽഫയർ ബോർഡുകളിൽ അംഗം, ജയിലുകൾ സംബന്ധിച്ച വാച്ച്ഡോഗ് കമ്മിറ്റി അംഗം എന്നീ നിലകളിലും അവർ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സജീവപ്രവർത്തകയായിരുന്ന ശ്രീമതി അയിഷാ ബായിയുടെ ഭർത്താവ് ശ്രീ. കെ. അബ്ദുൾ റസാക്കായിരുന്നു. അവർക്ക് രണ്ട് പുത്രന്മാരും രണ്ട് പുത്രിമാരുമുണ്ട്.

2005 ഒക്ടോബർ 28-ന് ശ്രീമതി അയിഷാ ബായി അന്തരിച്ചു. 2006 ഫെബ്രുവരി 20-ന് നിയമസഭ അവർക്ക് ചരമോപചാരം അർപ്പിച്ചു.



ഡെപ്യൂട്ടി
സ്പീക്കർ

# എ. നഫീസത്ത് ബീവി

അഭിഭാഷകയും മുതിർന്ന കോൺഗ്രസ്സ് നേതാവുമായിരുന്ന ശ്രീമതി എ. നഫീസത്ത് ബീവി, ശ്രീ. അബ്ദുൾ കരീമിന്റെയും ശ്രീമതി ഹവ്വാ ഉമ്മയുടെയും മകളായി 1924 മാർച്ച് 22-ന് ജനിച്ചു. ഭരണിക്കാവ് പോപ്പ് പയസ് XI ഹൈസ്ക്കൂൾ, തിരുവനന്തപുരം വിമൻസ് കോളേജ്, ആലപ്പുഴ എസ്. ഡി. കോളേജ്, എറണാകുളം ലോ കോളേജ് എന്നിവിടങ്ങളിൽ നിന്ന് എല്ലാ പരീക്ഷകളിലും മികച്ച വിജയം നേടിക്കൊണ്ട് പഠനം പൂർത്തിയാക്കി. 1953-ൽ അഭിഭാഷകവൃത്തിയിൽ പ്രവേശിച്ചെങ്കിലും തൊട്ടടുത്ത വർഷം മുതൽ രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ചു. വിമോചനസമരത്തിൽ സജീവമായി പങ്കെടുത്ത ശ്രീമതി നഫീസത്ത്

ബീവിക്ക് അതിന്റെ പേരിൽ ജയിൽശിക്ഷ അനുഭവിക്കേണ്ടതായി വന്നു. കോൺഗ്രസ്സിന്റെ സംഘടനാപ്രവർത്തനങ്ങളിൽ അതീവ താത്പര്യത്തോടെയാണ് അവർ പങ്കെടുത്തിരുന്നത്. വനിതാസമാജങ്ങളും സഹകരണസംഘങ്ങളും രൂപീകരിക്കുന്നതിലും അവർ മുൻപന്തിയിൽ തന്നെയുണ്ടായിരുന്നു. 1956 മുതൽ കേരള പ്രദേശ് കോൺഗ്രസ്സ് കമ്മിറ്റിയിലും ഓൾ ഇന്ത്യാ കോൺഗ്രസ്സ് കമ്മിറ്റിയിലും അവർ അംഗമായിരുന്നു.

1960-ൽ ശ്രീമതി നഫീസത്ത് ബീവി ആലപ്പുഴ നിയോജകമണ്ഡലത്തിൽ നിന്ന് രണ്ടാം കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1960 മാർച്ച് 15-ന് ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട ശ്രീമതി നഫീസത്ത് ബീവി 1964 സെപ്റ്റംബർ 10 വരെ ആ പദവിയിൽ തുടർന്നു. കൂടാതെ 1961 ഏപ്രിൽ 18 മുതൽ 1961 ജൂൺ 8 വരെയും 1961 നവംബർ 11 മുതൽ 1961 ഡിസംബർ 12 വരെയും അവർ സ്പീക്കറുടെ ചുമതലകൾ നിർവ്വഹിച്ചു. ശ്രീമതി നഫീസത്ത് ബീവി മഹിളാ കോൺഗ്രസ്സ് സംസ്ഥാന വൈസ് പ്രസിഡന്റ്, സംസ്ഥാന വനിതാ കമ്മീഷൻ അംഗം, കാൻഫെഡ് കേരള ഘടകം സ്റ്റാൻഡിംഗ് കമ്മിറ്റി, നാഷണൽ കൗൺസിൽ ഫോർ വിമൻസ് എഡ്യൂക്കേഷൻ സ്റ്റേറ്റ് കമ്മിറ്റി എന്നിവയിൽ അംഗം, കൊച്ചിൻ റിഫൈനറി, എച്ച്.ഐ.എൽ. എന്നിവയുടെ ഡയറക്ടർ തുടങ്ങിയ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

ശ്രീ. അബ്ദുള്ളക്കുട്ടിയായിരുന്നു ശ്രീമതി നഫീസത്ത് ബീവിയുടെ ഭർത്താവ്. അവർക്ക് ഒരു പുത്രനും മൂന്ന് പുത്രിമാരുമുണ്ട്.

2015 മേയ് 11-ന് അന്തരിച്ച ശ്രീമതി നഫീസത്ത് ബീവിയ്ക്ക് 2015 ജൂൺ 8-ാം തീയതി നിയമസഭ ചരമോപചാരം അർപ്പിച്ചു.



ഡെപ്യൂട്ടി
സ്പീക്കർ

# എം. പി. മുഹമ്മദ് ജാഫർഖാൻ

അഭിഭാഷകനും മുസ്ലീം ലീഗിന്റെ സമുന്നത നേതാവുമായിരുന്ന ശ്രീ. എം. പി. മുഹമ്മദ് ജാഫർഖാൻ 1932 നവംബറിൽ ശ്രീ. ഫക്രുദീൻ സാഹിബിന്റെയും ശ്രീമതി സാറാ ഉമ്മാളിന്റെയും മകനായി ജനിച്ചു. തൊടുപുഴ ഗവൺമെന്റ് ഹൈസ്ക്കൂൾ, മഹാരാജാസ് കോളേജ്, സെന്റ് ആൽബർട്സ് കോളേജ്, എറണാകുളം ലോ കോളേജ് എന്നിവിടങ്ങളിൽ നിന്ന് പഠനം പൂർത്തിയാക്കിയ ശേഷം അഭിഭാഷകവൃത്തിയിൽ പ്രവേശിച്ച അദ്ദേഹം തൊടുപുഴയിലും മൂവാറ്റുപുഴയിലും ബാർ അസോസിയേഷൻ പ്രസിഡന്റായി പ്രവർത്തിച്ചു.

1965-ൽ നടന്ന തെരഞ്ഞെടുപ്പിൽ ആദ്യമായി മത്സരിച്ചു വിജയം വരിച്ചെങ്കിലും അത്തവണ

നിയമസഭ രൂപീകരിക്കുകയുണ്ടായില്ല. പിന്നീട് മൂന്നാം കേരള നിയമസഭയിൽ മട്ടാഞ്ചേരി നിയോജകമണ്ഡലത്തിന്റെ പ്രതിനിധിയായി അദ്ദേഹം നിയമസഭയിലെത്തി.

1967 മാർച്ച് 20 മുതൽ 1970 ജൂൺ 26 വരെ അദ്ദേഹം നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കർ സ്ഥാനം വഹിച്ചു. 1968–70 കാലയളവിൽ പബ്ലിക്ക് അണ്ടർടേക്കിംഗ്സ് കമ്മിറ്റിയുടെയും 1968–69 കാലയളവിൽ ലൈബ്രറി അഡ്വൈസറി കമ്മിറ്റിയുടെയും 1970–71 കാലയളവിൽ ഹൗസ് കമ്മിറ്റിയുടെയും ചെയർമാനായിരുന്നു അദ്ദേഹം. 1970 മുതൽ 1976 വരെ അദ്ദേഹം കേരള സർവ്വകലാശാലയുടെ സിൻഡിക്കേറ്റംഗമായിരുന്നു.

മുസ്ലീം ലീഗിന്റെ ഉന്നതാധികാര സമിതിയിൽ അംഗമായിരുന്ന ശ്രീ. ജാഫർഖാൻ പാർട്ടിയുടെ എറണാകുളം ജില്ലാ സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്.

ശ്രീമതി സി. എ. ഫാത്തിമയായിരുന്നു അദ്ദേഹത്തിന്റെ ഭാര്യ. അവർക്ക് നാല് പുത്രിമാരുണ്ട്.

2000 മാർച്ച് 5-ാം തീയതി ശ്രീ. ജാഫർഖാൻ അന്തരിച്ചു. 2000 മാർച്ച് 29-ന് നിയമസഭ അദ്ദേഹത്തിന് ചരമോപചാരം അർപ്പിക്കുകയുണ്ടായി.

ഡെപ്യൂട്ടി
സ്പീക്കർ



## ആർ. എസ്. ഉണ്ണി

ഡെപ്യൂട്ടി സ്പീക്കറുടെയും മന്ത്രിയുടെയും പദവികൾ വഹിച്ചിട്ടുള്ള പ്രമുഖനായ തൊഴിലാളി നേതാവായിരുന്നു ശ്രീ. ആർ. എസ്. ഉണ്ണി. 1925 ഫെബ്രുവരി 18-ന് ശ്രീ. രാമനുണ്ണിയുടെ മകനായി ശക്തികുളങ്ങരയിൽ ജനിച്ച ശ്രീ. ഉണ്ണി ഇന്റർമീഡിയറ്റ് വരെ പഠിച്ചു.

വിദ്യാർത്ഥിയായിരുന്ന കാലത്തുതന്നെ അദ്ദേഹം തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിൽ ചേർന്നു. കേരള സ്റ്റുഡന്റ്സ് കോൺഗ്രസ്സിന്റെ സജീവ പ്രവർത്തകനായിരുന്ന ശ്രീ. ഉണ്ണി, പ്രസ്തുത സംഘടനയുടെ ജനറൽ സെക്രട്ടറിയായി. 1944-ൽ ട്രേഡ് യൂണിയൻ നേതാവെന്ന നിലയിൽ കോൺഗ്രസ്സിന്റെ മുഴുവൻസമയ പ്രവർത്തകനായി

മാറിയ അദ്ദേഹം തിരുവിതാംകൂറിലെ ഉത്തരവാദഭരണ പ്രക്ഷോഭത്തിൽ പങ്കെടുക്കുകയും ഒരു വർഷം ജയിൽ ശിക്ഷയ്ക്ക് വിധേയനാകുകയും ചെയ്തു. പിന്നീട് 1948-ൽ അദ്ദേഹം കെ. എസ്. പി. യിൽ അംഗത്വം സ്വീകരിച്ചു. കോളിളക്കം സൃഷ്ടിച്ച കൊല്ലം-ചവറ ലഹളക്കേസിൽ അദ്ദേഹം വീണ്ടും അറസ്റ്റിലാവുകയും 1950-51 കാലയളവിൽ 18 മാസത്തെ ജയിൽ ശിക്ഷ അനുഭവിക്കുകയും ചെയ്തു. 1950-ലാണ് അദ്ദേഹം ആർ. എസ്. പി. യിൽ അംഗമാകുന്നത്.

1967, 1970, 1977, 1980, 1982 എന്നീ വർഷങ്ങളിൽ ശ്രീ. ആർ.എസ്.ഉണ്ണി നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. നാലാം കേരളനിയമസഭയുടെ കാലത്ത് 1970 ഒക്ടോബർ 30 മുതൽ 1977 മാർച്ച് 22 വരെ അദ്ദേഹം ഡെപ്യൂട്ടി സ്പീക്കറായിരുന്നു. അതിനിടയിൽ 1975 മേയ് 9 മുതൽ 1976 ഫെബ്രുവരി 16 വരെ അദ്ദേഹം സ്പീക്കറുടെ ചുമതലകൾ നിർവ്വഹിക്കുകയും ചെയ്തു. ശ്രീ. ഇ. കെ. നായനാരുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ 1980 ജനുവരി 25 മുതൽ 1981 ഒക്ടോബർ 20 വരെ തദ്ദേശഭരണവകുപ്പ് മന്ത്രിയായിരുന്നു അദ്ദേഹം.

1970-71, 1973-74, 1976-77 എന്നീ കാലഘട്ടങ്ങളിൽ പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷസ്ഥാനം വഹിച്ചത് ശ്രീ. ആർ. എസ്. ഉണ്ണിയാണ്. 1971-73, 1974-75 കാലയളവുകളിൽ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി ചെയർമാനായും അദ്ദേഹം പ്രവർത്തിച്ചു.

കെ.എസ്.പി. യുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് അംഗമായിരുന്ന ശ്രീ. ഉണ്ണി, ആർ.എസ്.പി.യുടെ സ്റ്റേറ്റ് സെക്രട്ടേറിയറ്റിലും സെൻട്രൽ കമ്മിറ്റിയിലും അംഗമായും സംസ്ഥാന സെക്രട്ടറിയായും പ്രവർത്തിച്ചു. യു.റ്റി.യു.സി. സംസ്ഥാന കമ്മിറ്റിയുടെ അദ്ധ്യക്ഷപദവും അദ്ദേഹം വഹിച്ചിട്ടുണ്ട്.

ശ്രീമതി ജി. രാധമ്മയായിരുന്നു അദ്ദേഹത്തിന്റെ ഭാര്യ. അവർക്ക് ഒരു മകളുണ്ട്.

1999 ഫെബ്രുവരി 17-ന് ശ്രീ. ആർ. എസ്. ഉണ്ണി നമ്മെ വിട്ടുപിരിഞ്ഞു. 1999 ഫെബ്രുവരി 26-ന് നിയമസഭ അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിച്ചു.

ഡെപ്യൂട്ടി
സ്പീക്കർ



# പി. കെ. ഗോപാലകൃഷ്ണൻ

പ്രഗൽഭനായ പാർലമെന്റേറിയനും എഴുത്തുകാരനുമായ ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ 1924 മാർച്ചിൽ ശ്രീ. കുഞ്ഞിട്ടിയുടെ മകനായി ശ്രീനാരായണപുരത്ത് ജനിച്ചു. എറണാകുളം മഹാരാജാസ് കോളേജിൽ നിന്ന് ബിരുദവും മദ്രാസ് സർവ്വകലാശാലയിൽ നിന്ന് മലയാളം ബി.എ.യ്ക്ക് ഒന്നാമനായി സ്വർണ്ണമെഡലും അദ്ദേഹം കരസ്ഥമാക്കി. പിന്നീട് അദ്ദേഹം മദ്രാസ് ലോ കോളേജിൽ നിന്ന് നിയമബിരുദം നേടുകയും ചെയ്തു.

1941–ൽ എറണാകുളം മഹാരാജാസിൽ വിദ്യാർത്ഥിയായിരിക്കുമ്പോഴാണ് ശ്രീ. ഗോപാലകൃഷ്ണൻ രാഷ്ട്രീയ ജീവിതത്തിന് തുടക്കം കുറിക്കുന്നത്. പഴയ കൊച്ചി സംസ്ഥാനത്ത് സ്റ്റുഡന്റ്സ് ഫെഡ

റേഷൻ രൂപീകരണത്തിന് മുൻകൈ എടുത്ത നേതാക്കളിൽ ഒരാളാണ് അദ്ദേഹം. 1942-ലെ ക്വിറ്റ് ഇന്ത്യാ സമരത്തിൽ പങ്കെടുത്തതിന് അദ്ദേഹത്തിന്റെ വിദ്യാഭ്യാസ സ്കോളർഷിപ്പ് റദ്ദാക്കുകയുണ്ടായി. 1942-ൽ അദ്ദേഹം ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായി. 1949-ൽ ഓൾ കേരള പ്രോഗ്രസ്സീവ് റൈറ്റേഴ്സ് അസോസിയേഷന്റെ ജനറൽ സെക്രട്ടറിയായി. 1949-50 കാലയളവിൽ അറസ്റ്റിലായ അദ്ദേഹത്തിന് ഏകദേശം ഒരു കൊല്ലത്തോളം ജയിൽ ശിക്ഷയനുഭവിക്കേണ്ടതായും വന്നു.

ഭരണഘടനാനുസൃതം ആദ്യമായി രൂപീകൃതമായ മദ്രാസ് അസംബ്ലിയിൽ 1952 മുതൽ 1956 വരെ നാട്ടിക നിയോജക മണ്ഡലത്തെ പ്രതിനിധീകരിച്ചുകൊണ്ട് അദ്ദേഹം അംഗമായി. അന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിയമസഭാകക്ഷി സെക്രട്ടറിയായും ചെയർമാൻമാരുടെ പാനലിൽ അംഗമായും അദ്ദേഹം പ്രവർത്തിച്ചു.

1967-ൽ സി.പി.ഐ. ടിക്കറ്റിൽ കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ നിന്ന് അദ്ദേഹം കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. അഞ്ചാം കേരളനിയമസഭയിലും (1977-79) ആറാം കേരളനിയമസഭയിലും (1980-82) നാട്ടിക നിയോജക മണ്ഡലത്തെയാണ് അദ്ദേഹം പ്രതിനിധീകരിച്ചത്. മൂന്നാം കേരള നിയമസഭയിൽ അദ്ദേഹം എസ്റ്റിമേറ്റ്സ് കമ്മിറ്റി (1968-69) ചെയർമാനായിരുന്നു.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ അഞ്ചാം കേരളനിയമസഭയിൽ 1977 ജൂലായ് 6 മുതൽ 1979 ഒക്ടോബർ 23 വരെ ഡെപ്യൂട്ടി സ്പീക്കർ പദം അലങ്കരിച്ചു.

ശ്രീ. ഗോപാലകൃഷ്ണൻ, കേരള ഹിസ്റ്ററി അസോസിയേഷൻ സെക്രട്ടറി, സമസ്ത കേരള സാഹിത്യപരിഷത്ത് എക്സിക്യൂട്ടീവ് അംഗം, കേരള സാഹിത്യ അക്കാദമി ജനറൽ കൗൺസിൽ അംഗം എന്നീ പദവികളും വഹിച്ചിരുന്നു. 'കലയും സാഹിത്യവും ഒരു പഠനം', 'കേരളത്തിന്റെ സാംസ്കാരിക ചരിത്രം', 'ജൈനമതം കേരളത്തിൽ', എന്നീ ഗ്രന്ഥങ്ങളുടെ കർത്താവാണ് അദ്ദേഹം. രണ്ടുവർഷക്കാലം നവജീവന്റെ ചീഫ് എഡിറ്ററായിരുന്ന ശ്രീ. ഗോപാലകൃഷ്ണൻ ഏറെക്കാലം നവയുഗമെന്ന രാഷ്ട്രീയ വാരികയുടെ ചീഫ് എഡിറ്ററായും പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹത്തിന് കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ടെന്ന കാര്യം എടുത്തുപറയേണ്ടതുണ്ട്.

ശ്രീമതി എം. ഓമനയായിരുന്നു അദ്ദേഹത്തിന്റെ ഭാര്യ. അവർക്ക് രണ്ട് പുത്രിമാരുണ്ട്.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ 2009 സെപ്റ്റംബർ 14-ന് അന്തരിച്ചു. 2009 സെപ്റ്റംബർ 17-ാം തീയതി നിയമസഭ അദ്ദേഹത്തിന് ചരമോപചാരം അർപ്പിച്ചു.



ഡെപ്യൂട്ടി
സ്പീക്കർ

# എം.ജെ. സക്കറിയ

പത്രപ്രവർത്തകൻ, ട്രേഡ് യൂണിയൻ നേതാവ് എന്നീ നിലകളിൽ പ്രശസ്തനായിരുന്ന ശ്രീ. എം. ജെ. സക്കറിയ 1941 ഏപ്രിൽ 11-ാം തീയതി ശ്രീ. മുഹമ്മദ് ജാഫർ സേട്ടിന്റെയും ശ്രീമതി ഫാത്തിമ ബായിയുടെയും മകനായി കൊച്ചിയിൽ ജനിച്ചു. മട്ടാഞ്ചേരിയിൽ വിദ്യാർത്ഥി സംഘടനാപ്രവർത്തനങ്ങളിൽ വ്യാപൃതനായിരിക്കെത്തന്നെ അദ്ദേഹം ഇന്റർമീഡിയറ്റ് പൂർത്തിയാക്കി.

മുസ്ലീം സ്റ്റുഡന്റ്സ് ഫെഡറേഷനിലൂടെയാണ് ശ്രീ. സക്കറിയ സേട്ട് രാഷ്ട്രീയത്തിൽ പ്രവേശിച്ചത്. 1967-ൽ കൊച്ചി കോർപ്പറേഷൻ രൂപീകൃതമായപ്പോൾ അവിടെ കൗൺസിലറായ അദ്ദേഹം ഹെൽത്ത് കമ്മിറ്റി ചെയർമാനായും പ്രവർത്തിച്ചിട്ടുണ്ട്.

1976–ൽ അദ്ദേഹം കൊച്ചി കോർപ്പറേഷൻ ഡെപ്യൂട്ടി മേയറായി. കൊച്ചി കോർപ്പ റേഷൻ പ്രതിനിധിയായി ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റിയിലേയ്ക്ക് അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. ഹൈദരാ ബാദിലുള്ള ഉസ്മാനിയ സർവ്വകലാശാല യുടെ ആഭിമുഖ്യത്തിൽ നടത്തിയ കൗൺ സിലർമാരുടെ ഓറിയന്റേഷൻ കോഴ്സും അദ്ദേഹം വിജയകരമായി പൂർത്തിയാക്കു കയുണ്ടായി.

1980, 1987, 1991 എന്നീ വർഷങ്ങളിൽ മട്ടാഞ്ചേരി നിയോജകമണ്ഡലത്തിൽ നിന്ന് അദ്ദേഹം നിയമസഭയിലേയ്ക്ക് തെര ഞ്ഞെടുക്കപ്പെട്ടു. ആറാം കേരളനിയമസഭ യുടെ കാലത്ത് 1980 ഫെബ്രുവരി 21 മുതൽ 1982 ഫെബ്രുവരി 1 വരെ ഡെപ്യൂട്ടി സ്പീക്കറായിരുന്നു അദ്ദേഹം. 1994–96 കാലയളവിൽ എസ്റ്റിമേറ്റ്സ് കമ്മിറ്റി ചെയർമാനെന്ന നിലയിലും പ്രവർത്തിച്ചി ട്ടുണ്ട്.

മുസ്ലീം ലീഗിന്റെ എറണാകുളം ജില്ലാ വൈസ് പ്രസിഡന്റായിരുന്ന ശ്രീ. സക്കറിയ 1980 മുതൽ 1982 വരെ മുസ്ലീം ലീഗ് പാർട്ടി യുടെ നിയമസഭാകക്ഷി സെക്രട്ടറിയായും പ്രവർത്തിച്ചു. എ.ഐ.എം.എൽ. സംസ്ഥാന സെക്രട്ടറിയും സംസ്ഥാന വൈസ് പ്രസിഡന്റു മായിരുന്നു അദ്ദേഹം. എഫ്.സി.ഐ. തൊഴിലാളി യൂണിയൻ, കൊച്ചിൻ തുറമുഖ സ്വതന്ത്ര തൊഴിലാളി യൂണിയൻ, കേരള സംസ്ഥാന റേഷൻ പീടിക തൊഴിലാളി യൂണിയൻ, കെ.എസ്.ഡി.പി. എംപ്ലോയീസ് കൗൺസിൽ, കെ.എം.എം.എൽ. എംപ്ലോ യീസ് യൂണിയൻ എന്നീ സംഘടനകളുടെ നേതൃസ്ഥാനമലങ്കരിച്ചിരുന്ന ശ്രീ. സേട്ട് നിരവധി തൊഴിലാളി സംഘടനകളുടെ പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്.

അറിയപ്പെടുന്ന പത്രപ്രവർത്തകനായിരുന്ന ശ്രീ. സക്കറിയ സേട്ട് 'ഐക്യം' വാരിക യുടെ പത്രാധിപരായിരുന്നു. അസംഖ്യം ചെറുകഥകളും അദ്ദേഹം രചിച്ചിട്ടുണ്ട്.

ശ്രീമതി ഹാജിറാബായിയായിരുന്നു അദ്ദേ ഹത്തിന്റെ ഭാര്യ. അവർക്ക് മൂന്ന് പുത്ര ന്മാരും നാല് പുത്രിമാരുമുണ്ട്.

1999 ഒക്ടോബർ 3–ന് ശ്രീ. സക്കറിയ സേട്ട് അന്തരിച്ചു. നിയമസഭ അദ്ദേഹത്തിന് ചരമോപചാരമർപ്പിച്ചത് 1999 ഡിസംബർ 29–നാണ്.



ഡെപ്യൂട്ടി
സ്പീക്കർ

# കെ. എം. ഹംസക്കുഞ്ഞ്

കൊച്ചിയുടെ മുൻ മേയറും ഇപ്പോൾ കൊച്ചി കോർപ്പറേഷൻ കൗൺസിലറുമായ ശ്രീ. കെ. എം. ഹംസക്കുഞ്ഞ് ഏഴാം കേരളനിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കറായിരുന്നു. 1941 മേയ് 14-ാം തീയതി ശ്രീ. കെ. ബി. മുഹമ്മദിന്റെ മകനായി എറണാകുളത്ത് ജനിച്ച ശ്രീ. ഹംസക്കുഞ്ഞ് മെട്രിക്കുലേഷൻ കഴിഞ്ഞ് രാഷ്ട്രീയത്തിലേയ്ക്കും ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിലേയ്ക്കും പ്രവേശിച്ചു.

1966-ൽ അദ്ദേഹം എറണാകുളം മുനിസിപ്പൽ കൗൺസിലിൽ അംഗമായി. തുടർന്ന് 1969-ൽ കൊച്ചി കോർപ്പറേഷനിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുകയും 1973 മുതൽ രണ്ടരവർഷക്കാലം കോർപ്പറേഷൻ മേയർ പദം അലങ്കരിക്കുകയും ചെയ്തു.

കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷന്റെയും ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റിയുടെയും ഭരണസമിതിയംഗമായും അദ്ദേഹം പ്രവർത്തിച്ചു. 1975-ൽ ഐ.യു.എം.എൽ. എറണാകുളം ജില്ലാ സെക്രട്ടറിയായിരുന്ന ശ്രീ. ഹംസക്കുഞ്ഞ് പിന്നീട് പാർട്ടിയുടെ പ്രവർത്തക സമിതിയിൽ അംഗമായി.

മട്ടാഞ്ചേരി നിയോജകമണ്ഡലത്തിൽ നിന്ന് ഐ.യു.എം.എൽ. ടിക്കറ്റിൽ മത്സരിച്ച് വിജയിച്ച ശ്രീ. ഹംസക്കുഞ്ഞ് ഏഴാം കേരള നിയമസഭയിൽ അംഗമായി. 1982 ജൂൺ 30-ന് അദ്ദേഹം ഡെപ്യൂട്ടി സ്പീക്കറുടെ ചുമതലയേറ്റെടുത്തു. 1986 ഒക്ടോബർ 7-ാം തീയതി രാജി സമർപ്പിക്കുന്നതുവരെ അദ്ദേഹം ആ പദവിയിൽ തുടർന്നു. ഈ കാലയളവിൽ അദ്ദേഹത്തെ പ്രിവിലേജസ് കമ്മിറ്റിയുടെ ചെയർമാനായി 1986 ആഗസ്റ്റ് 1-ാം തീയതി നാമനിർദ്ദേശം ചെയ്തെങ്കിലും 1986 ആഗസ്റ്റ് 19-ന് രാഷ്ട്രീയ കാരണങ്ങളാൽ ആ സ്ഥാനം രാജിവയ്ക്കുകയാണുണ്ടായത്.

ശ്രീമതി നബീസയാണ് അദ്ദേഹത്തിന്റെ ഭാര്യ. അവർക്ക് ഒരു മകനും ഒരു മകളുമുണ്ട്.



ഡെപ്യൂട്ടി
സ്പീക്കർ

# കൊരമ്പയിൽ അഹമ്മദ് ഹാജി

മുതിർന്ന മുസ്ലീം ലീഗ് നേതാവും പ്രശസ്തനായ പാർലമെന്റേറിയനുമായിരുന്ന ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി, 1930 ജൂലായ് 16-ന് ശ്രീ. മുഹമ്മദ് ഹാജിയുടെയും ശ്രീമതി മറിയുമ്മയുടെയും മകനായി മഞ്ചേരിയിൽ ജനിച്ചു. വിദ്യാഭ്യാസ കാലത്തുതന്നെ അദ്ദേഹം മുസ്ലീം സ്റ്റുഡന്റ്സ് ഫെഡറേഷന്റെ പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ തുടങ്ങി. എസ്.എസ്.എൽ.സി. പാസ്സായ ശേഷം അദ്ദേഹം വ്യാപാര മേഖലയിലേയ്ക്കാണ് പ്രവേശിച്ചത്.

അതിനിടെ 1950-ൽ അദ്ദേഹം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ അംഗത്വം സ്വീകരിച്ചുകൊണ്ട്

രാഷ്ട്രീയ രംഗത്തേയ്ക്ക് കടന്നുവന്നു. മലയാള പ്രദേശ് യൂത്ത് കോൺഗ്രസ്സിന്റെ വൈസ് പ്രസിഡന്റായും പ്രവർത്തകസമിതിയംഗമായും അദ്ദേഹം പ്രവർത്തിച്ചു. പിന്നീട് അദ്ദേഹം ഏറനാട് ഡി. സി. സി. സെക്രട്ടറി, കെ. പി. സി. സി. അംഗം എന്നീ പദവികളും വഹിച്ചു. എന്നാൽ വിമോചന സമരത്തിനുശേഷം അദ്ദേഹം കോൺഗ്രസ്സിൽ നിന്ന് രാജിവയ്ക്കുകയാണുണ്ടായത്.

1972-ൽ ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി മുസ്ലീം ലീഗിൽ അംഗമായി. 1977-ൽ അദ്ദേഹം മങ്കട നിയോജകമണ്ഡലത്തിൽ നിന്നും 1980, 1982, 1987 എന്നീ വർഷങ്ങളിൽ കുറ്റിപ്പുറം നിയോജകമണ്ഡലത്തിൽ നിന്നും നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. ഏഴാം കേരള നിയമസഭയുടെ കാലത്ത് 1986 ഒക്ടോബർ 20 മുതൽ 1987 മാർച്ച് 25 വരെ അദ്ദേഹം ഡെപ്യൂട്ടി സ്പീക്കർ സ്ഥാനം വഹിച്ചു. 1998-2003 കാലത്ത് രാജ്യസഭാംഗമായിരുന്നു അദ്ദേഹം.

ഏറനാട് താലൂക്ക് മുസ്ലീം ലീഗിന്റെ ട്രഷറർ ആയിരുന്ന ശ്രീ. ഹാജി പാർട്ടിയുടെ ജില്ലാ-സംസ്ഥാന തലങ്ങളിൽ പ്രവർത്തകസമിതിയംഗമായും പ്രവർത്തിച്ചിട്ടുണ്ട്. മുസ്ലീം എഡ്യുക്കേഷണൽ സൊസൈറ്റിയുടെ സ്ഥാപകാംഗമായിരുന്ന അദ്ദേഹം അതിന്റെ രക്ഷാധികാരിയുമായിരുന്നു. കൊരമ്പയിൽ മുഹമ്മദ് ഹാജി സ്മാരക ആശുപത്രിയുടെ സ്ഥാപകമാനേജരായിരുന്ന അദ്ദേഹം മലബാർ സെൻട്രൽ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ഡയറക്ടർ, മലപ്പുറം ബസ് ഓണേഴ്സ് അസോസിയേഷൻ പ്രസിഡന്റ്, കേരള പ്രൈവറ്റ് ട്രാൻസ്പോർട്ട് ഫെഡറേഷൻ, കേരള ഫുട്ബോൾ അസോസിയേഷൻ എന്നിവയുടെ വൈസ് പ്രസിഡന്റ് പദവിയും വഹിച്ചിട്ടുണ്ട്. ശ്രീ. കൊരമ്പയിൽ ഹാജി കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഡയറക്ടറും സിഡ്കോയുടെയും സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെയും ചെയർമാനുമായിരുന്നു. 1992-ൽ മുസ്ലീം ലീഗിന്റെ സംസ്ഥാന ജനറൽ സെക്രട്ടറി സ്ഥാനവും അദ്ദേഹം വഹിച്ചു.

ശ്രീമതി കെ. സൈനബയായിരുന്നു അദ്ദേഹത്തിന്റെ ഭാര്യ. അവർക്ക് ഒരു മകനുണ്ട്.

2003 മേയ് 12-ന് ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി നമ്മെ വിട്ടുപിരിഞ്ഞു. 2003 ജൂൺ 16-ന് നിയമസഭ അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിച്ചു.



ഡെപ്യൂട്ടി
സ്പീക്കർ

# ഭാർഗ്ഗവി തങ്കപ്പൻ

നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കർ പദവിയിലെത്തുന്നതിനുമുമ്പ് പാർലമെന്റിലും കേരള നിയമസഭയിലുമായി ദീർഘകാലത്തെ സേവനചരിത്രം ശ്രീമതി ഭാർഗ്ഗവി തങ്കപ്പനുണ്ടായിരുന്നു. 1942 ജൂലായ് 24-ന് ശ്രീ. കെ. ഈശ്വരന്റെയും ശ്രീമതി കെ. കുട്ടിയുടെയും മകളായി ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ അണ്ടൂരിൽ ജനിച്ചു. പൊളിറ്റിക്സിൽ ബിരുദാനന്തരബിരുദം സമ്പാദിച്ചതിന് ശേഷമാണ് അവർ രാഷ്ട്രീയത്തിലേയ്ക്കും തൊഴിലാളിപ്രസ്ഥാനത്തിലേയ്ക്കും കടന്നുവന്നത്. കുറേക്കാലം സംസ്ഥാന വിദ്യുച്ഛക്തി ബോർഡിലും റബ്ബർ ബോർഡിലും ഉദ്യോഗസ്ഥയായിരുന്നു.

അടൂർ നിയോജകമണ്ഡലത്തിൽ നിന്ന് അഞ്ചാം ലോക്സഭ (1971–1977) യിലേക്ക് തെരഞ്ഞെടുക്ക


പ്പെട്ടതോടെയാണ് ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ ഒരു ജനപ്രതിനിധി എന്ന നിലയിലുള്ള തന്റെ പൊതുപ്രവർത്തനം തുടങ്ങിയത്. കേന്ദ്ര മരാമത്ത് ഭവനനിർമ്മാണവകുപ്പിനെയും ആരോഗ്യകുടുംബക്ഷേമവകുപ്പിനെയും സംബന്ധിച്ച കൺസൾട്ടേറ്റീവ് കമ്മിറ്റികളിൽ അംഗമായിരുന്നു. കൂടാതെ കുട്ടികളെ ദത്തെടുക്കൽ ബില്ലിനെ സംബന്ധിച്ച സംയുക്ത പാർലമെന്ററി സമിതിയിലും 1974–75 വർഷത്തെ എസ്റ്റിമേറ്റ്സ് കമ്മിറ്റിയിലും അംഗമായി പ്രവർത്തിച്ചിട്ടുണ്ട്. 1973-ൽ ഇന്ത്യൻ പാർലമെന്ററി ഡെലിഗേഷൻ അംഗമെന്ന നിലയിൽ ഹംഗറിയും റൊമാനിയയും സന്ദർശിച്ചു. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ വനിതകളുടെ വിദ്യാഭ്യാസം സംബന്ധിച്ച ദേശീയ കൗൺസിലിലും സംസ്ഥാന കുടുംബക്ഷേമ ഉപദേശക സമിതിയിലും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള സംസ്ഥാന ഉപദേശക സമിതിയിലും അംഗമായിരുന്നിട്ടുണ്ട്. 1972 ഒക്ടോബറിൽ നടന്ന സി.പി.ഐ. യുടെ അഖിലേന്ത്യാ പ്രക്ഷോഭത്തിൽ പങ്കെടുത്തതിന് അവർക്ക് രണ്ടാഴ്ച തീഹാർ ജയിലിൽ തടവിൽ കഴിയേണ്ടി വന്നു. 1976-ൽ സി.പി.ഐ. ദേശവ്യാപകമായി സംഘടിപ്പിച്ച പദയാത്രാ പരിപാടിയിലും അവർ പങ്കെടുക്കുകയുണ്ടായി. സി.പി.ഐ. യുടെ സ്റ്റേറ്റ് കൗൺസിലിലും സ്റ്റേറ്റ് എക്സിക്യൂട്ടീവിലും നാഷണൽ കൗൺസിലിലും അംഗമായിരുന്നു. കേരളസർവ്വകലാശാല സെനറ്റ് അംഗമെന്ന നിലയിലും അവർ പ്രവർത്തിച്ചിട്ടുണ്ട്.

അഞ്ചാം കേരളനിയമസഭയിൽ (1977–79) നെടുവത്തൂർ നിയോജകമണ്ഡലത്തിന്റെ പ്രതിനിധിയായിരുന്നു ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ. കിളിമാനൂർ നിയോജകമണ്ഡലത്തിന്റെ പ്രതിനിധിയായി ആറാം കേരള നിയമസഭയിൽ (1980–82) എത്തിയ അവർ ഏഴാം കേരളനിയമസഭയിലും (1982–87) എട്ടാം കേരളനിയമസഭയിലും (1987–91) പത്താംകേരളനിയമസഭയിലും (1996–2001) അതേ മണ്ഡലത്തെ പ്രതിനിധീകരിച്ചു. എട്ടാം കേരള നിയമസഭയിൽ പ്രോട്ടെം സ്പീക്കറുടെ ചുമതലകൾ നിർവ്വഹിച്ച ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ 1987 ഏപ്രിൽ 2-ന് അതേ സഭയുടെ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. 1991 ഏപ്രിൽ 5 വരെ അവർ ആ പദവിയിൽ തുടർന്നു. നാഷണൽ ഫെഡറേഷൻ ഓഫ് ഇന്ത്യൻ വിമന്റെ സംസ്ഥാന ജനറൽ സെക്രട്ടറിയും ദേശീയ കൗൺസിൽ അംഗമായും ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ പ്രവർത്തിച്ചു.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പന് നിരവധി അവാർഡുകൾ ലഭിച്ചിട്ടുണ്ട്. 1987-ൽ സഹോദരൻ സ്മാരക സംസ്ഥാന അവാർഡും 1991-ൽ സഹൃദയവേദി അവാർഡും 1993-ൽ സാമൂഹ്യ, സാംസ്കാരിക, സാഹിത്യ പ്രവർത്തനങ്ങൾക്കുള്ള ഡോ. ബി. ആർ. അംബേദ്കർ ഫെലോഷിപ്പും അവർക്ക് ലഭിച്ചു. 'ഡാന്യൂബിന്റെ തീരങ്ങളിലൂടെ' എന്ന പേരിൽ ഒരു യാത്രാവിവരണവും അവർ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ശ്രീ. എ. കെ. തങ്കപ്പനാണ് അവരുടെ ഭർത്താവ്. അവർക്ക് ഒരു പുത്രനും രണ്ടു പുത്രിമാരുമുണ്ട്.

ഡെപ്യൂട്ടി
സ്പീക്കർ



# കെ. നാരായണക്കുറുപ്പ്

തലമുതിർന്ന നേതാവും ദീർഘകാലപാരമ്പര്യ മുള്ള പാർലമെന്റേറിയനുമായിരുന്ന ശ്രീ. കെ. നാരായണക്കുറുപ്പ്, മന്ത്രിപദവും ഡെപ്യൂട്ടി സ്പീക്കർ പദവിയും വഹിച്ചിട്ടുള്ള നേതാക്കളി ലൊരാളാണ്. 1927 ഒക്ടോബർ 23-ന് കോട്ടയം ജില്ലയിലെ കറുകച്ചാൽ എന്ന ഗ്രാമത്തിൽ ശ്രീ. കെ. പി. കൃഷ്ണൻ നായരുടെയും ശ്രീമതി കുട്ടിയമ്മയുടെയും മകനായി അദ്ദേഹം ജനിച്ചു. തിരുവിതാംകൂർ, മദ്രാസ്, ബോംബെ, പൂനെ എന്നീ സർവ്വകലാശാലകളിലാണ് അദ്ദേഹം വിദ്യാ ഭ്യാസം പൂർത്തിയാക്കിയത്. 1954-ൽ നിയമബിരുദം സമ്പാദിച്ചതിനുശേഷം അദ്ദേഹം അഭിഭാഷകനായി പ്രാക്ടീസ് ആരംഭിച്ചു. എന്നാൽ, അധ്യാപന രംഗത്തേയ്ക്ക് ആകൃഷ്ടനായ ശ്രീ. നാരായണ

ക്കുറുപ്പ് പിൽക്കാലത്ത് നായർ സർവ്വീസ് സൊസൈറ്റിയുടെ കീഴിലുള്ള കോളേജു കളിൽ ലക്ചററായും പ്രൊഫസറായും സ്തുത്യർഹ സേവനം കാഴ്ചവച്ചു.

1954-ൽ വാഴൂർ നിയോജകമണ്ഡലത്തിൽ നിന്നാണ് ആദ്യമായി അദ്ദേഹം തിരു-കൊച്ചി നിയമസഭയിലേക്ക് തെരഞ്ഞെടു ക്കപ്പെട്ടത്. ആരോഗ്യ, വിദ്യുച്ഛക്തി വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. വി. കെ. വേലപ്പന്റെ നിര്യാണത്തെത്തുടർന്ന് 1963 മേയ് 16-ാം തീയതി വാഴൂർ മണ്ഡലത്തിൽ നടന്ന ഉപതെരഞ്ഞെടുപ്പിലൂടെ ശ്രീ. നാരായണ ക്കുറുപ്പ് രണ്ടാം കേരള നിയമസഭയിൽ അംഗമായി. വീണ്ടും അതേ നിയോജക മണ്ഡലത്തിൽ നിന്നും കേരള കോൺഗ്രസ്സ് ടിക്കറ്റിൽ മത്സരിച്ച ശ്രീ. നാരായണക്കുറുപ്പ്, നാലാം കേരള നിയമസഭയിലും (1970-77) അഞ്ചാം കേരള നിയമസഭയിലും (1977-79) ഒൻപതാം കേരള നിയമസഭയിലും (1991-96) പത്താം കേരള നിയമസഭയിലും (1996-2001) പതിനൊന്നാം കേരള നിയമസഭയിലും (2001-06)അംഗമായി.

1973-74-ലും 1975-76-ലും അദ്ദേഹം ഹർജി കൾ സംബന്ധിച്ച സമിതി ചെയർമാനാ യിരുന്നു. നാലാം കേരളനിയമസഭയുടെ കാലത്ത് 1976-1977-ൽ ഹൗസ് കമ്മിറ്റി ചെയർമാനായും അദ്ദേഹം പ്രവർത്തിച്ചു.

1977 ജനുവരി 26 മുതൽ 1977 മാർച്ച് 25 വരെ അച്യുതമേനോൻ മന്ത്രിസഭയിൽ ഗതാഗത വകുപ്പിന് പുറമെ എക്സൈസ്, പ്രിന്റിംഗ് പ്രസ്സ്, പുരാവസ്തു വകുപ്പ് എന്നി വയുടെ അധികച്ചുമതല വഹിച്ചിരുന്ന ശ്രീ. നാരായണക്കുറുപ്പ്, തുടർന്നുവന്ന കരുണാ കരൻ മന്ത്രിസഭയിൽ 1977 ഏപ്രിൽ 11 മുതൽ 1977 ഏപ്രിൽ 25 വരെ ഗതാഗത വകുപ്പിന്റെ ചുമതല വഹിച്ചു. പിന്നീട് വന്ന എ. കെ. ആന്റണി മന്ത്രിസഭയിലും പി.കെ.വി. മന്ത്രിസഭയിലും ഗതാഗത മന്ത്രി ആയിരുന്ന ശ്രീ. കുറുപ്പ് 1979 ഒക്ടോബർ 7-ന് ശ്രീ. പി. കെ. വാസുദേവൻ നായർ രാജി വയ്ക്കുംവരെ ആ പദവിയിൽ തുടർന്നു. അങ്ങനെ നാല് വ്യത്യസ്ത മുഖ്യമന്ത്രി മാരുടെ കീഴിൽ തുടർച്ചയായി മന്ത്രിയായി എന്ന ബഹുമതിയ്ക്ക് അദ്ദേഹം അർഹ നായി. 1977-78-ൽ ചെറിയൊരു കാലയള വിൽ അദ്ദേഹം ആഭ്യന്തരവകുപ്പിന്റെ ചുമതല വഹിച്ചിരുന്നു.

1991 ജൂലൈ 19 മുതൽ 1996 മേയ് 14 വരെ ശ്രീ. നാരായണക്കുറുപ്പ് ഒൻപതാം കേരള നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കർ പദം അലങ്കരിച്ചു. 1995 മേയ് 4 മുതൽ 1995 ജൂൺ 26 വരെ സ്പീക്കറുടെ ചുമതല വഹിച്ചതും അദ്ദേഹം തന്നെ.

ശ്രീ. നാരായണക്കുറുപ്പ് കോ-ഓപ്പറേറ്റീവ് യൂണിയൻ ചങ്ങനാശ്ശേരി സർക്കിളിന്റെ പ്രസിഡന്റായി അഞ്ച് വർഷത്തോളം പ്രവർ ത്തിച്ചിട്ടുണ്ട്. 23 വർഷക്കാലം കറുകച്ചാൽ പഞ്ചായത്ത് പ്രസിഡന്റായി സേവനമനു ഷ്ഠിച്ചിട്ടുള്ള ശ്രീ. കുറുപ്പ് ദീർഘകാലം കേരള സർവ്വകലാശാല സെനറ്റ് അംഗവു മായിരുന്നു. എൻ.എസ്.എസ്. ഡയറക്ടർ ബോർഡ് അംഗം എന്ന നിലയിലും പ്രവർ ത്തിച്ചിട്ടുണ്ട്.

ശ്രീമതി കെ. ലീലാദേവിയാണ് അദ്ദേഹ ത്തിന്റെ ഭാര്യ. അവർക്ക് നാല് പുത്രന്മാരും മൂന്ന് പുത്രിമാരുമുണ്ട്.

2006-ൽ വാഴൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചും 2011 മുതൽ കാഞ്ഞിര പ്പള്ളി നിയോജകമണ്ഡലത്തെ പ്രതിനി ധീകരിച്ചും കേരളനിയമസഭയിലംഗമായ ഡോ.എൻ. ജയരാജ് അദ്ദേഹത്തിന്റെ മകനാണ്.

2013 ജൂൺ 26-ന് ശ്രീ. കെ. നാരായണ ക്കുറുപ്പ് അന്തരിച്ചു. 2013 ജൂലൈ 8-ന് സഭ അദ്ദേഹത്തിന് ആദരാഞ്ജലി അർപ്പിച്ചു.



ഡെപ്യൂട്ടി
സ്പീക്കർ

## സി. എ. കുര്യൻ

മുതിർന്ന ട്രേഡ് യൂണിയൻ നേതാവും പാർല മെന്റേറിയനുമായിരുന്ന ശ്രീ. സി. എ. കുര്യനാണ് പത്താം കേരള നിയമസഭയുടെ ഡെപ്യൂട്ടി സ്പീ ക്കർ പദം അലങ്കരിച്ചത്. 1933 ഡിസംബർ 25-ാം തീയതി പുതുപ്പള്ളിയിൽ ശ്രീ. എബ്രഹാമിന്റെയും ശ്രീമതി പൊന്നമ്മയുടെയും മകനായി ശ്രീ. സി. എ. കുര്യൻ ജനിച്ചു. ബിരുദപഠനത്തിനിട യിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ ജോലി കരസ്ഥമാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. 1960-ൽ ബാങ്കുദ്യോഗം രാജിവച്ചശേഷം അദ്ദേഹം ട്രേഡ് യൂണിയൻ പ്രവർത്തനങ്ങൾ ആരംഭിച്ചു. വിവിധ ജയിലുകളിലായി 27 മാസം തടവിൽ കഴിയേണ്ടി വന്നിട്ടുണ്ട്. 1964-66 കാലത്ത് 17 മാസം വിയ്യൂർ ജയിലിൽ കരുതൽ തടവുകാരനായും കഴിഞ്ഞു.

1977-ൽ പീരുമേട് നിയോജകമണ്ഡലത്തിൽ നിന്നും സി.പി.ഐ. ടിക്കറ്റിൽ മത്സരിച്ച ശ്രീ. കുര്യൻ ആദ്യമായി അഞ്ചാം കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1980-82-ൽ ആറാം കേരള നിയമസഭയുടെ കാലത്തും അതേ നിയോജക മണ്ഡലം അദ്ദേഹം നിലനിർത്തി. 1996-ൽ പത്താം കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടതും പീരുമേട് നിയോജക മണ്ഡലത്തിൽ നിന്ന് തന്നെ.

1996 ജൂലൈ 17-ാം തീയതി ശ്രീ. സി.എ കുര്യൻ കേരള നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടു. 2001 മേയ് 16 വരെ ആ പദവിയിൽ തുടരുകയും ചെയ്തു.

ശ്രീ. സി. എ. കുര്യൻ ട്രേഡ് യൂണിയൻ മേഖലയ്ക്ക് അനവധി സംഭാവനകൾ നൽകിയിട്ടുണ്ട്. അദ്ദേഹം സമീപകാലം വരെ എ.ഐ.ടി.യു.സി. സംസ്ഥാന പ്രസിഡന്റും അഖിലേന്ത്യാ വൈസ് പ്രസിഡന്റും ടീ ബോർഡ് അംഗവും ആയിരുന്നു. ശ്രീ. സി. എ. കുര്യൻ ഇപ്പോൾ എ.ഐ.ടി.യു.സി. അഖിലേന്ത്യാ കൗൺസിലംഗവും പ്ലാന്റേഷൻ വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റുമാണ്. കൂടാതെ സി.പി.ഐ. യുടെ സംസ്ഥാന എക്സിക്യൂട്ടീവ് അംഗവും ദേശീയ കൺട്രോൾ കമ്മീഷൻ അംഗവുമായി ശ്രീ. സി. എ. കുര്യൻ പ്രവർത്തിച്ചുവരുന്നു.

ശ്രീമതി തങ്കമ്മയായിരുന്നു അദ്ദേഹത്തിന്റെ ഭാര്യ. അവർക്ക് രണ്ട് പുത്രന്മാരും ഒരു പുത്രിയുമുണ്ട്.



ഡെപ്യൂട്ടി
സ്പീക്കർ

# എൻ. സുന്ദരൻ നാടാർ

പ്രഖ്യാതനായ കോൺഗ്രസ്സ് നേതാവും സാധാരണക്കാരോടൊപ്പം നിന്ന ജനനായകനുമായിരുന്നു ശ്രീ. സുന്ദരൻ നാടാർ. അദ്ദേഹം മന്ത്രി എന്ന നിലയിലും നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ എന്ന നിലയിലും പ്രവർത്തിച്ചിട്ടുള്ള വ്യക്തികളിലൊരാളാണ്. ശ്രീ. നല്ലതമ്പിയുടെയും ശ്രീമതി ലക്ഷ്മിയുടെയും പുത്രനായി 1931 സെപ്റ്റംബർ 10-ാം തീയതി അദ്ദേഹം ജനിച്ചു. തിരുവനന്തപുരം ജില്ലയിലെ പ്രശാന്തവും പ്രകൃതിരമണീയവുമായ ചെങ്കൽ എന്ന ഗ്രാമത്തിൽ വളർന്ന ശ്രീ. സുന്ദരൻ നാടാർക്ക് നാട്യങ്ങളൊന്നുമില്ലാത്ത ഒരു സാധാരണ നാട്ടിൻപുറത്തുകാരന്റെ എല്ലാം നന്മകളും ഉൾക്കൊള്ളാനും ശരാശരി മനുഷ്യന്റെ ഹൃദയത്തുടിപ്പുകൾ തൊട്ടറിയാനും പാവപ്പെട്ടവന്റെ

പടത്തലവനാകാനും കഴിഞ്ഞതിൽ അത്ഭുതത്തിനവകാശമില്ല.

കേരള സർവ്വകലാശാലയിൽ നിന്നും നിയമ ബിരുദം കരസ്ഥമാക്കിയിട്ടുള്ള ശ്രീ. സുന്ദരൻ നാടാർ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ രാഷ്ട്രീയ ജീവിതത്തിന് തുടക്കം കുറിച്ചിരുന്നു. തുടർന്ന് 1954-ൽ ഗ്രാമസേവകനായി സർക്കാർ സർവ്വീസിൽ പ്രവേശിച്ചെങ്കിലും 1960-ൽ ഉദ്യോഗം രാജി വയ്ക്കുകയാണുണ്ടായത്. പൊതുജീവിതത്തിന്റെ പ്രാരംഭഘട്ടത്തിൽ അദ്ദേഹം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു സജീവ പ്രവർത്തകനായിരുന്നു. 1964 വരെ അദ്ദേഹം പാർട്ടി അംഗത്വം നിലനിർത്തുകയും ചെയ്തു.

പിന്നീട് അദ്ദേഹം ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൽ അംഗത്വം സ്വീകരിക്കുകയും പാർട്ടിയുടെ പാറശ്ശാല ബ്ലോക്ക് കമ്മിറ്റി പ്രസിഡന്റാകുകയും ചെയ്തു. തുടർന്ന് അദ്ദേഹം തിരുവനന്തപുരം ഡി.സി.സി. വൈസ് പ്രസിഡന്റ്, കെ.പി.സി.സി. അംഗം എന്നീ നിലകളിലേക്ക് ഉയർന്നു. 1987-90 കാലയളവിൽ കെ.പി.സി.സി. യുടെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായിരുന്നു അദ്ദേഹം. 1970 മുതൽ പത്തുവർഷക്കാലം പാറശ്ശാല ബ്ലോക്ക് ഡെവലപ്മെന്റ് കമ്മിറ്റി ചെയർമാനായും അദ്ദേഹം പ്രവർത്തിച്ചു.

1980-ൽ ശ്രീ. സുന്ദരൻ നാടാർ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് (ഐ) ടിക്കറ്റിൽ പാറശ്ശാല മണ്ഡലത്തിൽ നിന്ന് ആറാം കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. അതേ മണ്ഡലത്തിന്റെ പ്രതിനിധിയായിട്ടാണ് ഏഴാം കേരള നിയമസഭയിലേയ്ക്കും (1982-87), പത്താം കേരള നിയമസഭയിലേയ്ക്കും (1996-2001), പതിനൊന്നാം കേരള നിയമസഭയിലേയ്ക്കും (2001-06) അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടത്. 1983 സെപ്റ്റംബർ 1 മുതൽ 1987 മാർച്ച് 25 വരെ അദ്ദേഹം ശ്രീ. കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ ഗതാഗത വകുപ്പുമന്ത്രിയായി സേവനമനുഷ്ഠിച്ചു. 2001 ജൂലൈ 4-ന് അദ്ദേഹം പതിനൊന്നാം കേരള നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടു. 2006 മേയ് 12 വരെ അദ്ദേഹം പ്രസ്തുത പദവിയിൽ തുടർന്നു. ശ്രീ. വക്കം പുരുഷോത്തമന്റെ രാജിയെത്തുടർന്ന് 2004 സെപ്റ്റംബർ 4 മുതൽ 15 വരെ അദ്ദേഹം സ്പീക്കറുടെ ചുമതലകൾ നിർവ്വഹിച്ചു.

1993-96 കാലയളവിൽ കെൽപാം ചെയർമാനായി ശ്രീ. സുന്ദരൻ നാടാർ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ശ്രീമതി കെ. ബേബി സരോജമായിരുന്നു അദ്ദേഹത്തിന്റെ ഭാര്യ. അവർക്ക് രണ്ട് പുത്രന്മാരും ഒരു പുത്രിയുമാണുള്ളത്.

2007 ജനുവരി 21-ന് ശ്രീ. സുന്ദരൻ നാടാർ നിര്യാതനായി. 2007 മാർച്ച് 28-ന് സഭ അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിച്ചു.



ഡെപ്യൂട്ടി
സ്പീക്കർ

# ജോസ് ബേബി

1959 ഫെബ്രുവരി 24-ന് ശ്രീ. ടി. കെ. ബേബി യുടെയും ശ്രീമതി കുഞ്ഞൂഞ്ഞമ്മയുടെയും മകനായി കോന്നിയിൽ ജനിച്ച ശ്രീ. ജോസ് ബേബി കേരള നിയമസഭയുടെ ഏറ്റവും പ്രായം കുറഞ്ഞ ഡെപ്യൂട്ടി സ്പീക്കറായിരുന്നു.

യുവജനപ്രസ്ഥാനങ്ങളിലൂടെ രാഷ്ട്രീയത്തിൽ പ്രവേശിച്ച ശ്രീ. ജോസ് ബേബി, ഓൾ ഇന്ത്യ യൂത്ത് ഫെഡറേഷൻ (എ.ഐ.വൈ.എഫ്.) മണ്ണാർക്കാട് ശാഖാ സെക്രട്ടറി, പാലക്കാട് ജില്ലാ സെക്രട്ടറി, സംസ്ഥാന പ്രസിഡന്റ്, ദേശീയ കൗൺസിൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. സി.പി.ഐ.യുടെ ദേശീയ കൗൺസിൽ അംഗമെന്ന നിലയിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. നിലവിൽ

സി.പി.ഐ. സംസ്ഥാന കൗൺസിൽ അംഗം, ഓൾ ഇന്ത്യ കിസാൻ സഭ (എ.ഐ.കെ.എസ്.) സംസ്ഥാന കൗൺസിൽ അംഗം എന്നീ നിലകളിൽ അദ്ദേഹം പ്രവർത്തിക്കുന്നു.

1996–2001 കാലയളവിൽ ശ്രീ. ജോസ് ബേബി പത്താം കേരള നിയമസഭയിൽ അംഗമായിരുന്നു. പന്ത്രണ്ടാം കേരള നിയമസഭയിലേയ്ക്ക് മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ നിന്നും വിജയിച്ചെത്തിയ അദ്ദേഹത്തെ 2006 ജൂൺ 20–ാം തീയതി ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുത്തു. 2011 മേയ് 14–ാം തീയതി വരെ അദ്ദേഹം പ്രസ്തുത പദവിയിൽ തുടർന്നു. ശ്രീ. ജോസ് ബേബി ഓൾ ഇന്ത്യ യൂത്ത് ഫെഡറേഷന്റെയും ഓൾ ഇന്ത്യ സ്റ്റുഡന്റ്സ് ഫെഡറേഷന്റെയും പ്രസിദ്ധീകരണമായ 'നവജീവൻ' മാസികയുടെ മുഖ്യ പത്രാധിപരായിരുന്നു.

മോസ്കോയിൽ നടന്ന ലോക യൂത്ത് ഫെസ്റ്റിവലിൽ ഇന്ത്യൻ പ്രതിനിധി സംഘത്തിൽ ശ്രീ. ജോസ് ബേബി അംഗമായിരുന്നു. ഇസ്ലാമാബാദിൽ നടന്ന മൂന്നാം ഇൻഡോ–ഏഷ്യൻ കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷൻ കോൺഫറൻസിലും അദ്ദേഹം പങ്കെടുത്തു.

ശ്രീമതി എം. കെ. അന്നമ്മയാണ് (ലാലി) അദ്ദേഹത്തിന്റെ ഭാര്യ. അവർക്ക് രണ്ട് പുത്രിമാരാണുള്ളത്.

## ഡെപ്യൂട്ടി സ്പീക്കർ



# പാലോട് രവി

കേരള നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കർ പദവി അലങ്കരിച്ച ശ്രീ. പാലോട് രവി മികച്ച പാർലമെന്റേറിയൻ എന്നതിലുപരി സാമൂഹ്യ, കലാ സാംസ്കാരിക രംഗങ്ങളിൽ തന്റെ വ്യക്തിമുദ്ര പതിപ്പിച്ച നേതാവാണ്. 1949 സെപ്റ്റംബർ 25-ന് ശ്രീ. പി. ഗംഗാധരൻ പിള്ളയുടെയും ശ്രീമതി എം. സരസ്വതി അമ്മയുടെയും മകനായി തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മലയിൽ അദ്ദേഹം ജനിച്ചു.

ബി.എസ്സി. കോഴ്സ് പൂർത്തിയാക്കിയിട്ടുള്ള ശ്രീ. പാലോട് രവി ഹൈസ്കൂൾ വിദ്യാർത്ഥിയായിരിക്കെ തന്നെ കെ.എസ്.യു. - വിലൂടെ രാഷ്ട്രീയത്തിൽ പ്രവേശിച്ച്, 1970-ൽ കെ.എസ്.യു.

തിരുവനന്തപുരം ജില്ലാ ജനറൽ സെക്രട്ടറിയായി. 21-ാം വയസ്സിൽ അദ്ദേഹം കെ.പി.സി.സി.- യിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുകയും ഏറ്റവും പ്രായം കുറഞ്ഞ അംഗം എന്ന നിലയിൽ എല്ലാവരുടെയും ശ്രദ്ധ ആകർഷിക്കുകയും ചെയ്തു. അന്നുമുതൽ അദ്ദേഹം കെ.പി.സി.സി. അംഗമായിരിക്കുകയും 1973-ൽ യൂത്ത് കോൺഗ്രസ്സ് തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് സ്ഥാനം ഏറ്റെടുക്കുകയും ചെയ്തു.

1991, 1996, 2011 എന്നീ വർഷങ്ങളിൽ നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ നിന്നും ജയിച്ച് കേരള നിയമസഭയിലെത്തിയ ശ്രീ. പാലോട് രവി 2015 ഡിസംബർ 2-ന് 13-ാം കേരള നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കറായി സ്ഥാനമേറ്റെടുത്തു. 2016 മേയ് 20 വരെ അദ്ദേഹം തൽസ്ഥാനത്ത് തുടർന്നു.

നിയമസഭയുടെ ഔദ്യോഗിക ഭാഷാ സമിതി ചെയർമാൻ എന്ന നിലയിൽ ശ്രീ. പാലോട് രവിയുടെ പ്രവർത്തനം പ്രത്യേകം പരാമർശിക്കേണ്ടതാണ്. മലയാള സർവ്വകലാശാല സ്ഥാപിക്കുന്നതിനും മലയാളം ശ്രേഷ്ഠഭാഷയായി അംഗീകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളിൽ മുൻനിരയിൽ നിന്ന് പ്രവർത്തിച്ച അദ്ദേഹം കേരളത്തിനകത്തും പുറത്തുമുള്ള ഭാഷാവിദഗ്ധർ, സാഹിത്യനായകന്മാർ, സർവ്വകലാശാല മേധാവികൾ, ഭരണാധികാരികൾ തുടങ്ങിയവരുമായി ആശയവിനിമയം നടത്തി, മലയാള ഔദ്യോഗിക ഭാഷാ നിയമത്തിന്റെ കരടുരൂപം തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചു. 2015-ൽ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ നിയമസഭ പാസ്സാക്കുകയും ചെയ്തു.

സംസ്ഥാന, ദേശീയ സാക്ഷരതാ മിഷനുകളിൽ ഭരണസമിതി അംഗമായും രാജാറാം മോഹൻ റോയ് ലൈബ്രറി ഫൗണ്ടേഷൻ, വൈലോപ്പിള്ളി സംസ്കൃതി ഭവൻ, കേരള സാഹിത്യ അക്കാദമി എന്നിവയുടെ എക്സിക്യൂട്ടീവ് കമ്മിറ്റികളിൽ അംഗമായും ശ്രീ. പാലോട് രവി പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ, റബ്ബർബോർഡ്, പ്ലാന്റേഷൻ ലേബർ കമ്മിറ്റി, ഹാൻഡ്‌ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ നിർവ്വാഹകസമിതി എന്നിവയിലും അദ്ദേഹം അംഗമായിരുന്നു.

ശ്രീ ചിത്തിര തിരുനാൾ സ്മാരക സമിതി പ്രസിഡന്റ്, ഇൻഡോ-റഷ്യൻ ഫ്രണ്ട്ഷിപ്പ് സൊസൈറ്റി കേരള ഘടകം, പി. എൻ. പണിക്കർ ഫൗണ്ടേഷൻ എന്നിവയുടെ ജനറൽ സെക്രട്ടറി, കേരള സർവ്വകലാശാല സെനറ്റംഗം എന്നീ നിലകളിലും ശ്രീ. പാലോട് രവി പ്രവർത്തിച്ചിട്ടുണ്ട്. ശ്രീ. പാലോട് രവി രൂപകല്പന ചെയ്ത 'ഹമാരാ ഭാരത് സാക്ഷര ഭാരത്' പദ്ധതി ദേശീയ സാക്ഷരതാ മിഷൻ അംഗീകരിക്കുകയും ദേശീയാടിസ്ഥാനത്തിൽ നടപ്പാക്കുകയും ചെയ്തു.

സാമൂഹിക, സാംസ്കാരിക രംഗങ്ങളിലെല്ലാം ശ്രീ. പാലോട് രവി സജീവ സാന്നിധ്യമാണ്. കെ.പി.സി.സി. കലാ സാംസ്കാരിക വിഭാഗമായ 'സംസ്കാര സാഹിതി' യുടെ ചെയർമാനായി അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ ശ്രീ. പാലോട് രവി കെ.പി.സി.സി. നിർവ്വാഹകസമിതി അംഗം, എ.ഐ.സി.സി. അംഗം, ഐ.എൻ.ടി.യു.സി. അഖിലേന്ത്യാ സെക്രട്ടറി എന്നീ പദവികൾ വഹിക്കുന്നു.

ശ്രീമതി എസ്. ജയകുമാരിയാണ് അദ്ദേഹത്തിന്റെ ഭാര്യ. അവർക്ക് ഒരു മകനും ഒരു മകളും ഉണ്ട്.



ഡെപ്യൂട്ടി
സ്പീക്കർ

## വി. ശശി

പതിനാലാം കേരള നിയമസഭയുടെ ആരാധ്യനായ ഡെപ്യൂട്ടി സ്പീക്കറായ ശ്രീ. വി. ശശി, ശ്രീ. എ. വേലുവിന്റെയും ശ്രീമതി കെ. ശാരദയുടെയും മകനായി 1950 മേയ് 12-ാം തീയതി തിരുവനന്തപുരത്ത് ജനിച്ചു. ബി.എസ്‌സി. (എഞ്ചിനീയറിംഗ്) ബിരുദധാരിയാണ്.

പതിമൂന്നാം കേരള നിയമസഭയിൽ ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ നിന്നും വിജയിച്ച ശ്രീ. വി. ശശി 14-ാം കേരള നിയമസഭയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിലും ചിറയിൻകീഴിൽ നിന്നും വിജയം കൈവരിച്ചു. 2016 ജൂൺ 29-ന് ശ്രീ. വി. ശശി കേരള നിയമസഭാ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടു.

ബിരുദം നേടിയതിനുശേഷം അദ്ദേഹം കേരള സർക്കാർ സർവ്വീസിൽ ഉന്നത പദവികൾ വഹിക്കുകവഴി മൂന്ന് ദശാബ്ദക്കാലം പൊതുജനസേവനം അനുഷ്ഠിച്ചു.

കൈത്തറി, കയർ എന്നീ വകുപ്പുകളിൽ ഡയറക്ടറായിരിക്കെ ശ്രീ. വി. ശശി ക്രിയാത്മക നിർദ്ദേശങ്ങളും ഭരണപരമായ നേതൃത്വവും നൽകി പ്രസ്തുത പരമ്പരാഗത മേഖലകളെ സമ്പുഷ്ടമാക്കി. വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടറായും നിരവധി സഹകരണ പൊതുമേഖലാ സ്ഥാപനങ്ങളുടെ ചെയർമാനായും അദ്ദേഹം പ്രവർത്തിച്ചു. നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷൻ, കയർ ബോർഡ് തുടങ്ങിയ കേന്ദ്രസർക്കാർ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡ് അംഗമായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

1987-ൽ ഇ. കെ. നായനാർ മന്ത്രിസഭയിലെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പു മന്ത്രി ശ്രീ. പി. കെ. രാഘവന്റെ പ്രൈവറ്റ് സെക്രട്ടറിയായും പ്രവർത്തിച്ചു.

പിന്നാക്ക വിഭാഗങ്ങളിലെ അദ്ധ്വാനിക്കുന്ന ലക്ഷക്കണക്കിന് ജനങ്ങളുടെ താൽപര്യങ്ങൾക്കു വേണ്ടി പ്രവർത്തിക്കുകയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനുവേണ്ടി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്തു.

സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച ശേഷം 2005 മുതൽ ശ്രീ. വി. ശശി സി.പി.ഐ. തിരുവനന്തപുരം ജില്ലാ കൗൺസിൽ അംഗമായും ബി.കെ.എം.യു. സ്റ്റേറ്റ് കൗൺസിൽ അംഗമായും പ്രവർത്തിച്ചു വരുന്നു. 2006-09 കാലയളവിൽ കേരള അഗ്രികൾച്ചറൽ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിന്റെ ചെയർമാനായിരിക്കെ ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ നിയമനിർമ്മാണം നടത്തുന്നതിനും കൂടുതൽ ഫണ്ട് ലഭ്യമാക്കുന്നതിനും വഹിച്ച പങ്ക് പ്രശംസനീയമാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗമെന്ന നിലയിൽ പതിനൊന്ന് മാസത്തെ അദ്ദേഹത്തിന്റെ പ്രവർത്തനവും സ്തുത്യർഹമാണ്.

ശ്രീമതി എസ്. സുമയാണ് അദ്ദേഹത്തിന്റെ ഭാര്യ. അവർക്ക് ഒരു മകനും ഒരു മകളുമുണ്ട്.

# സ്പീക്കർമാരും
# ഡെപ്യൂട്ടി സ്പീക്കർമാരും –
# ഔദ്യോഗിക പദവിയും
# കാലാവധിയും

# സ്പീക്കർമാർ–1957 മുതൽ

| | | | |
|---|---|---|---|
| 1. | ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി | ഏപ്രിൽ 27, 1957 | ജൂലൈ 31, 1959 |
| 2. | ശ്രീ. കെ. എം. സീതി സാഹിബ് | മാർച്ച് 12, 1960 | ഏപ്രിൽ 17, 1961 |
| 3. | ശ്രീ. സി. എച്ച്. മുഹമ്മദ്കോയ | ജൂൺ 9, 1961 | നവംബർ 10, 1961 |
| 4. | ശ്രീ. അലക്സാണ്ടർ പറമ്പിത്തറ | ഡിസംബർ 13, 1961 | സെപ്റ്റംബർ 10, 1964 |
| 5. | ശ്രീ. ഡി. ദാമോദരൻ പോറ്റി | മാർച്ച് 15, 1967 | ഒക്ടോബർ 21, 1970 |
| 6. | ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി | ഒക്ടോബർ 22, 1970 | മേയ് 8, 1975 |
| 7. | ശ്രീ. ടി. എസ്. ജോൺ | ഫെബ്രുവരി 17, 1976 | മാർച്ച് 25, 1977 |
| 8. | ശ്രീ. ചാക്കീരി അഹമ്മദ് കുട്ടി | മാർച്ച് 28, 1977 | ഫെബ്രുവരി 14, 1980 |
| 9. | ശ്രീ. എ. പി. കുര്യൻ | ഫെബ്രുവരി 15, 1980 | ഫെബ്രുവരി 1, 1982 |
| 10. | ശ്രീ. എ. സി. ജോസ് | ഫെബ്രുവരി 3, 1982 | ജൂൺ 23, 1982 |
| 11. | ശ്രീ. വക്കം പുരുഷോത്തമൻ | ജൂൺ 24, 1982 | ഡിസംബർ 28, 1984 |
| 12. | ശ്രീ. വി. എം. സുധീരൻ | മാർച്ച് 8, 1985 | മാർച്ച് 27, 1987 |
| 13. | ശ്രീ. വർക്കല രാധാകൃഷ്ണൻ | മാർച്ച് 30, 1987 | ജൂൺ 28, 1991 |
| 14. | ശ്രീ. പി. പി. തങ്കച്ചൻ | ജൂലൈ 1, 1991 | മേയ് 3, 1995 |
| 15. | ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ജൂൺ 27, 1995 | മേയ് 28, 1996 |
| 16. | ശ്രീ. എം. വിജയകുമാർ | മേയ് 30, 1996 | ജൂൺ 4, 2001 |
| 17. | ശ്രീ. വക്കം പുരുഷോത്തമൻ | ജൂൺ 6, 2001 | സെപ്റ്റംബർ 4, 2004 |
| 18. | ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | സെപ്റ്റംബർ 16, 2004 | മേയ് 23, 2006 |
| 19. | ശ്രീ. കെ. രാധാകൃഷ്ണൻ | മേയ് 25, 2006 | മേയ് 31, 2011 |
| 20. | ശ്രീ. ജി. കാർത്തികേയൻ | ജൂൺ 2, 2011 | മാർച്ച് 7, 2015 |
| 21. | ശ്രീ. എൻ. ശക്തൻ | മാർച്ച് 12, 2015 | ജൂൺ 1, 2016 |
| 22. | ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ജൂൺ 3, 2016 | |

1. ഡെപ്യൂട്ടി സ്പീക്കർ ശ്രീമതി എ. നഫീസത്ത് ബീവി 1961 ഏപ്രിൽ 18 മുതൽ ജൂൺ 8 വരെയും നവംബർ 11 മുതൽ ഡിസംബർ 12 വരെയും സ്പീക്കറുടെ ചുമതലകൾ നിർവ്വഹിച്ചു.
2. ഡെപ്യൂട്ടി സ്പീക്കർ ശ്രീ. ആർ. എസ്. ഉണ്ണി 1975 മേയ് 9 മുതൽ 1976 ഫെബ്രുവരി 16 വരെ സ്പീക്കറുടെ ചുമതലകൾ നിർവ്വഹിച്ചു.
3. ഡെപ്യൂട്ടി സ്പീക്കർ ശ്രീ. കെ. എം. ഹംസക്കുഞ്ഞ് 1984 ഡിസംബർ 29 മുതൽ 1985 മാർച്ച് 7 വരെ സ്പീക്കറുടെ ചുമതലകൾ നിർവ്വഹിച്ചു.
4. ഡെപ്യൂട്ടി സ്പീക്കർ ശ്രീ. കെ. നാരായണക്കുറുപ്പ് 1995 മേയ് 4 മുതൽ ജൂൺ 26 വരെ സ്പീക്കറുടെ ചുമതലകൾ നിർവ്വഹിച്ചു.
5. ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. സുന്ദരൻ നാടാർ 2004 സെപ്റ്റംബർ 4 മുതൽ 15 വരെ സ്പീക്കറുടെ ചുമതലകൾ നിർവ്വഹിച്ചു.
6. ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തൻ 2015 മാർച്ച് 7 മുതൽ 10 വരെ സ്പീക്കറുടെ ചുമതലകൾ നിർവ്വഹിച്ചു.

# ഡെപ്യൂട്ടി സ്പീക്കർമാർ – 1957 മുതൽ

| | | | |
|---|---|---|---|
| 1. | ശ്രീമതി കെ. ഒ. അയിഷാ ബായി | മേയ് 6, 1957 | ജൂലൈ 31, 1959 |
| 2. | ശ്രീമതി എ. നഫീസത്ത് ബീവി | മാർച്ച് 15, 1960 | സെപ്റ്റംബർ 10, 1964 |
| 3. | ശ്രീ. എം. പി. മുഹമ്മദ് ജാഫർഖാൻ | മാർച്ച് 20, 1967 | ജൂൺ 26, 1970 |
| 4. | ശ്രീ. ആർ. എസ്. ഉണ്ണി | ഒക്ടോബർ 30, 1970 | മാർച്ച് 22, 1977 |
| 5. | ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ | ജൂലൈ 6, 1977 | ഒക്ടോബർ 23, 1979 |
| 6. | ശ്രീ. എം. ജെ. സക്കറിയ | ഫെബ്രുവരി 21, 1980 | ഫെബ്രുവരി 1, 1982 |
| 7. | ശ്രീ. കെ. എം. ഹംസക്കുഞ്ഞ് | ജൂൺ 30, 1982 | ഒക്ടോബർ 7, 1986 |
| 8. | ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി | ഒക്ടോബർ 20, 1986 | മാർച്ച് 25, 1987 |
| 9. | ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ | ഏപ്രിൽ 2, 1987 | ഏപ്രിൽ 5, 1991 |
| 10. | ശ്രീ. കെ. നാരായണക്കുറുപ്പ് | ജൂലൈ 19, 1991 | മേയ് 14, 1996 |
| 11. | ശ്രീ. സി. എ. കുര്യൻ | ജൂലൈ 17, 1996 | മേയ് 16, 2001 |
| 12. | ശ്രീ. എൻ. സുന്ദരൻ നാടാർ | ജൂലൈ 4, 2001 | മേയ് 12, 2006 |
| 13. | ശ്രീ. ജോസ് ബേബി | ജൂൺ 20, 2006 | മേയ് 14, 2011 |
| 14. | ശ്രീ. എൻ. ശക്തൻ | ജൂൺ 28, 2011 | മാർച്ച് 10, 2015 |
| 15. | ശ്രീ. പാലോട് രവി | ഡിസംബർ 2, 2015 | മേയ് 20, 2016 |
| 16. | ശ്രീ. വി. ശശി | ജൂൺ 29, 2016 | |

# സ്പീക്കർമാരുടെയും ഡെപ്യൂട്ടി സ്പീക്കർമാരുടെയും തെരഞ്ഞെടുപ്പ്

## ചില വിശദാംശങ്ങൾ

# സ്പീക്കർ തെരഞ്ഞെടുപ്പ്

## (ചില വിശദാംശങ്ങൾ)

| നിയമസഭ | ആദ്യ യോഗം | സ്പീക്കർ തെരഞ്ഞെടുപ്പ് | സ്ഥാനാർത്ഥികൾ | വോട്ട് | ഫലം |
|---|---|---|---|---|---|
| ഒന്നാം കേരള നിയമസഭ | 27.04.1957 | 27.04.1957 | ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി | – | ഏകകണ്ഠമായി തെരഞ്ഞെടുക്കപ്പെട്ടു. |
| രണ്ടാം കേരള നിയമസഭ | 12.03.1960 | 12.03.1960 | ശ്രീ. കെ. എം. സീതിസാഹിബ് | – | ഏകകണ്ഠമായി തെരഞ്ഞെടുക്കപ്പെട്ടു. |
| രണ്ടാം കേരള നിയമസഭ | | 09.06.1961 | ശ്രീ. സി. എച്ച്. മുഹമ്മദ്കോയ<br>ശ്രീമതി കെ. ഒ. അയിഷാ ബായി | 86<br>30 | ശ്രീ. സി. എച്ച്. മുഹമ്മദ്കോയ തെരഞ്ഞെടുക്കപ്പെട്ടു. |
| രണ്ടാം കേരള നിയമസഭ | | 13.12.1961 | ശ്രീ. അലക്സാണ്ടർ പറമ്പിത്തറ | – | ഏകകണ്ഠമായി തെരഞ്ഞെടുക്കപ്പെട്ടു. |
| മൂന്നാം കേരള നിയമസഭ | 15.03.1967 | 15.03.1967 | ശ്രീ. ഡി. ദാമോദരൻ പോറ്റി | – | ഏകകണ്ഠമായി തെരഞ്ഞെടുക്കപ്പെട്ടു. |
| നാലാം കേരള നിയമസഭ | 22.10.1970 | 22.10.1970 | ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി<br>ശ്രീ. എ. സി. ചാക്കോ | 70<br>64 | ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി തെരഞ്ഞെടുക്കപ്പെട്ടു. |
| നാലാം കേരള നിയമസഭ | | 17.02.1976 | ശ്രീ. ടി. എസ്. ജോൺ<br>ശ്രീ. ജോൺ മാഞ്ഞൂരാൻ | 73<br>34 | ശ്രീ. ടി. എസ്. ജോൺ തെരഞ്ഞെടുക്കപ്പെട്ടു. |
| അഞ്ചാം കേരള നിയമസഭ | 26.03.1977 | 28.03.1977 | ശ്രീ. ചാക്കീരി അഹമ്മദ് കുട്ടി<br>ശ്രീ. എ. നീലലോഹിതദാസൻ നാടാർ | 104<br>26 | ശ്രീ. ചാക്കീരി അഹമ്മദ് കുട്ടി തെരഞ്ഞെടുക്കപ്പെട്ടു |
| ആറാം കേരള നിയമസഭ | 15.02.1980 | 15.02.1980 | ശ്രീ. എ. പി. കുര്യൻ | – | ഏകകണ്ഠമായി തെരഞ്ഞെടുക്കപ്പെട്ടു. |
| ആറാം കേരള നിയമസഭ | | 03.02.1982 | ശ്രീ. എ. സി. ജോസ് | – | ഏകകണ്ഠമായി തെരഞ്ഞെടുക്കപ്പെട്ടു. |
| ഏഴാം കേരള നിയമസഭ | 24.06.1982 | 24.06.1982 | ശ്രീ. വക്കം പുരുഷോത്തമൻ<br>ശ്രീ. ആർ. എസ്. ഉണ്ണി | 74<br>61 | ശ്രീ. വക്കം പുരുഷോത്തമൻ തെരഞ്ഞെടുക്കപ്പെട്ടു. |
| ഏഴാം കേരള നിയമസഭ | | 08.03.1985 | ശ്രീ. വി. എം. സുധീരൻ<br>ശ്രീ. കെ. വി. സുരേന്ദ്രനാഥ് | 72<br>65 | ശ്രീ. വി. എം. സുധീരൻ തെരഞ്ഞെടുക്കപ്പെട്ടു. |
| എട്ടാം കേരള നിയമസഭ | 28.03.1987 | 30.03.1987 | ശ്രീ. വർക്കല രാധാകൃഷ്ണൻ<br>ശ്രീ. പി. പി. തങ്കച്ചൻ | 75<br>55 | ശ്രീ. വർക്കല രാധാകൃഷ്ണൻ തെരഞ്ഞെടുക്കപ്പെട്ടു |
| ഒൻപതാം കേരള നിയമസഭ | 29.06.1991 | 01.07.1991 | ശ്രീ. പി. പി. തങ്കച്ചൻ<br>ശ്രീ. വി. ജെ. തങ്കപ്പൻ | 88<br>45 | ശ്രീ. പി. പി. തങ്കച്ചൻ തെരഞ്ഞെടുക്കപ്പെട്ടു. |
| ഒൻപതാം കേരള നിയമസഭ | | 27.06.1995 | ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ടി. കെ. ഹംസ | 78<br>39 | ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ തെരഞ്ഞെടുക്കപ്പെട്ടു. |
| പത്താം കേരള നിയമസഭ | 29.05.1996 | 30.05.1996 | ശ്രീ. എം. വിജയകുമാർ<br>ശ്രീ. ജോർജ്ജ് ജെ. മാത്യു | 77<br>58 | ശ്രീ. എം. വിജയകുമാർ തെരഞ്ഞെടുക്കപ്പെട്ടു. |
| പതിനൊന്നാം കേരള നിയമസഭ | 05.06.2001 | 06.06.2001 | ശ്രീ. വക്കം പുരുഷോത്തമൻ<br>ശ്രീ. ടി. കെ. ബാലൻ | 95<br>39 | ശ്രീ. വക്കം പുരുഷോത്തമൻ തെരഞ്ഞെടുക്കപ്പെട്ടു. |
| പതിനൊന്നാം കേരള നിയമസഭ | | 16.09.2004 | ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. എ. കെ. ബാലൻ | 94<br>39 | ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ തെരഞ്ഞെടുക്കപ്പെട്ടു. |
| പന്ത്രണ്ടാം കേരള നിയമസഭ | 24.05.2006 | 25.05.2006 | ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. എം. മുരളി | 93<br>40 | ശ്രീ. കെ. രാധാകൃഷ്ണൻ തെരഞ്ഞെടുക്കപ്പെട്ടു. |
| പതിമൂന്നാം കേരള നിയമസഭ | 01.06.2011 | 02.06.2011 | ശ്രീ. ജി. കാർത്തികേയൻ<br>ശ്രീ. എ. കെ. ബാലൻ | 73<br>68 | ശ്രീ. ജി. കാർത്തികേയൻ തെരഞ്ഞെടുക്കപ്പെട്ടു. |
| പതിമൂന്നാം കേരള നിയമസഭ | | 12.03.2015 | ശ്രീ. എൻ. ശക്തൻ<br>ശ്രീമതി പി. അയിഷാ പോറ്റി | 74<br>66 | ശ്രീ. എൻ. ശക്തൻ തെരഞ്ഞെടുക്കപ്പെട്ടു. |
| പതിനാലാം കേരള നിയമസഭ | 02.06.2016 | 03.06.2016 | ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. വി. പി. സജീന്ദ്രൻ | 92<br>46 | ശ്രീ. പി. ശ്രീരാമകൃഷ്ണൻ തെരഞ്ഞെടുക്കപ്പെട്ടു. |

# ഡെപ്യൂട്ടി സ്പീക്കർ തെരഞ്ഞെടുപ്പ്

## (ചില വിശദാംശങ്ങൾ)

| നിയമസഭ | ആദ്യ യോഗം | ഡെപ്യൂട്ടി സ്പീക്കർ തെരഞ്ഞെടുപ്പ് | സ്ഥാനാർത്ഥികൾ | വോട്ട് | ഫലം |
|---|---|---|---|---|---|
| ഒന്നാം കേരള നിയമസഭ | 27.04.1957 | 06.05.1957 | ശ്രീമതി കെ. ഒ. അയിഷാ ബായി | – | ഏകകണ്ഠമായി തെരഞ്ഞെടുക്കപ്പെട്ടു. |
| രണ്ടാം കേരള നിയമസഭ | 12.03.1960 | 15.03.1960 | ശ്രീമതി എ. നഫീസത്ത് ബീവി | – | ഏകകണ്ഠമായി തെരഞ്ഞെടുക്കപ്പെട്ടു. |
| മൂന്നാം കേരള നിയമസഭ | 15.03.1967 | 20.03.1967 | ശ്രീ. എം. പി. എം. ജാഫർഖാൻ | – | ഏകകണ്ഠമായി തെരഞ്ഞെടുക്കപ്പെട്ടു. |
| നാലാം കേരള നിയമസഭ | 22.10.1970 | 30.10.1970 | ശ്രീ. ആർ. എസ്. ഉണ്ണി<br>ശ്രീ. വി. കെ. ഗോപിനാഥൻ | 70<br>64 | ശ്രീ. ആർ. എസ്. ഉണ്ണി തെരഞ്ഞെടുക്കപ്പെട്ടു. |
| അഞ്ചാം കേരള നിയമസഭ | 26.03.1977 | 06.07.1977 | ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ<br>ശ്രീ. പി. കെ. ഇട്ടൂപ്പ് | 103<br>25 | ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ തെരഞ്ഞെടുക്കപ്പെട്ടു. |
| ആറാം കേരള നിയമസഭ | 15.02.1980 | 21.02.1980 | ശ്രീ. എം. ജെ. സക്കറിയ<br>ശ്രീ. സി. എം. സുന്ദരം | 91<br>45 | ശ്രീ. എം. ജെ. സക്കറിയ തെരഞ്ഞെടുക്കപ്പെട്ടു. |
| ഏഴാം കേരള നിയമസഭ | 24.06.1982 | 30.06.1982 | ശ്രീ. കെ. എം. ഹംസക്കുഞ്ഞ്<br>ശ്രീ. എൻ. ശക്തൻ | 73<br>62 | ശ്രീ. കെ. എം. ഹംസക്കുഞ്ഞ് തെരഞ്ഞെടുക്കപ്പെട്ടു. |
| ഏഴാം കേരള നിയമസഭ | | 20.10.1986 | ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി<br>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ | 73<br>58 | ശ്രീ. കൊരമ്പയിൽ അഹമ്മദ്ഹാജി തെരഞ്ഞെടുക്കപ്പെട്ടു. |
| എട്ടാം കേരള നിയമസഭ | 28.03.1987 | 02.04.1987 | ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ | – | ഏകകണ്ഠമായി തെരഞ്ഞെടുക്കപ്പെട്ടു. |
| ഒൻപതാം കേരള നിയമസഭ | 29.06.1991 | 19.07.1991 | ശ്രീ. കെ. നാരായണക്കുറുപ്പ് | – | ഏകകണ്ഠമായി തെരഞ്ഞെടുക്കപ്പെട്ടു. |
| പത്താം കേരള നിയമസഭ | 29.05.1996 | 17.07.1996 | ശ്രീ. സി. എ. കുര്യൻ | – | ഏകകണ്ഠമായി തെരഞ്ഞെടുക്കപ്പെട്ടു. |
| പതിനൊന്നാം കേരള നിയമസഭ | 05.06.2001 | 04.07.2001 | ശ്രീ. എൻ. സുന്ദരൻ നാടാർ | – | ഏകകണ്ഠമായി തെരഞ്ഞെടുക്കപ്പെട്ടു. |
| പന്ത്രണ്ടാം കേരള നിയമസഭ | 24.05.2006 | 20.06.2006 | ശ്രീ. ജോസ് ബേബി<br>ശ്രീ. യു. സി. രാമൻ | 94<br>41 | ശ്രീ. ജോസ് ബേബി തെരഞ്ഞെടുക്കപ്പെട്ടു. |
| പതിമൂന്നാം കേരള നിയമസഭ | 01.06.2011 | 28.06.2011 | ശ്രീ. എൻ. ശക്തൻ<br>ശ്രീമതി ഇ.എസ്. ബിജിമോൾ | 73<br>67 | ശ്രീ. എൻ. ശക്തൻ തെരഞ്ഞെടുക്കപ്പെട്ടു. |
| പതിമൂന്നാം കേരള നിയമസഭ | | 02.12.2015 | ശ്രീ. പാലോട് രവി<br>ശ്രീ. ഇ. ചന്ദ്രശേഖരൻ | 74<br>65 | ശ്രീ. പാലോട് രവി തെരഞ്ഞെടുക്കപ്പെട്ടു. |
| പതിനാലാം കേരള നിയമസഭ | 02.06.2016 | 29.06.2016 | ശ്രീ. വി. ശശി<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ | 90<br>45 | ശ്രീ. വി. ശശി തെരഞ്ഞെടുക്കപ്പെട്ടു. |

# സവിനയം ....

## സ്പീക്കർമാരുടെ സ്ഥാനാരോഹണ പ്രസംഗങ്ങൾ

# ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി

(ഏപ്രിൽ 27, 1957)

ഈ സഭയുടെ നേതാവും പ്രതിപക്ഷ പാർട്ടിയുടെ നേതാവും മറ്റു പാർട്ടികളുടെ നേതാക്കന്മാരും എന്നെ സ്പീക്കറായി തെരഞ്ഞെടുത്തതിലും, മറ്റും എന്നെ അനുമോദിച്ചുകൊണ്ടും ആശംസിച്ചുകൊണ്ടും ഗുണദോഷങ്ങളും നിർദ്ദേശങ്ങളും നൽകിക്കൊണ്ടും ചെയ്തിട്ടുള്ള പ്രസ്താവനകൾക്ക് ഞാൻ ബഹുമാനപ്പെട്ട എല്ലാ മെമ്പർമാരോടും എല്ലാ കക്ഷികളോടും നന്ദി പറഞ്ഞു കൊള്ളുന്നു. സ്പീക്കർ പദവി എപ്പോഴും കാര്യക്ഷമമായി നിർവ്വഹിക്കാനുള്ള കഴിവ് എനിക്കുണ്ടോ എന്നുള്ളതിനെപ്പറ്റി എനിക്കറിഞ്ഞുകൂടാ. എന്നാൽ ഒരു കാര്യം മാത്രം ഞാൻ പ്രതിജ്ഞ ചെയ്യാം. നിഷ്പക്ഷത പാലിക്കുക എന്നുള്ള കാര്യത്തിൽ എല്ലായ്പ്പോഴും എന്റെ കഴിവിന്റെ പരമാവധി ഉപയോഗിക്കുവാൻ ഞാൻ ശ്രമിക്കുന്നതാണ്. അക്കാര്യത്തിൽ എല്ലാ കക്ഷിക്കാരിൽ നിന്നും എനിക്ക് എല്ലാ സമയത്തും വേണ്ടിടത്തോളം സഹായ സഹകരണങ്ങൾ ലഭിക്കുന്നതാണെന്ന് ഉറപ്പു നൽകിയതിൽ എനിക്കുള്ള നന്ദി പ്രകടിപ്പിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു.

# ശ്രീ. കെ.എം. സീതി സാഹിബ്
## (മാർച്ച് 12, 1960)

ശ്രീ. താണുപിള്ള അവർകളെ, ബഹുമാന്യ രായ സാമാജികന്മാരേ, ഈ നിയമസഭ യുടെ സ്പീക്കറായി നിങ്ങൾ സദയം ഐകകണ്ഠേന എന്നെ തെരഞ്ഞെടുക്കു കയും ഹൃദയപൂർവ്വമായി എനിക്ക് അഭിവാ ദ്യങ്ങൾ നൽകുകയും ചെയ്തതിൽ ഞാൻ നിങ്ങളോട് അതീവ കൃതജ്ഞനാണ്. എന്റെ ആരോഗ്യനില വളരെ തൃപ്തി കരമല്ലെങ്കിലും ഈ ഉത്തരവാദിത്വമേറിയ ചുമതല വഹിക്കുവാൻ നിങ്ങൾ എന്നെ ഭാരമേൽപ്പിച്ച ഈ സന്ദർഭത്തിൽ അത് വേണ്ടപോലെ നിർവ്വഹിക്കുവാൻ എന്നാൽ കഴിവുള്ളത് ഞാൻ ചെയ്യുന്നതാണെന്ന് ഉറപ്പു പറഞ്ഞുകൊള്ളുന്നു. നിങ്ങൾ ഹൃദയ പൂർവ്വം എന്നെ സംബന്ധിച്ച് പ്രകാശിപ്പിച്ച അഭിപ്രായങ്ങളും പ്രതീക്ഷകളും അർത്ഥ വത്താക്കിത്തീർക്കാനും നീതീകരിക്കാനും എനിക്കു കഴിയുന്നപക്ഷം ഞാൻ കൃതാർ ത്ഥനാകുന്നതാണ്.

ഈ നിയമസഭയിൽ സ്പീക്കർ എന്ന നില യിൽ ഏറ്റവും നിഷ്പക്ഷതയോടും കർത്ത വ്യബോധത്തോടും കൂടി എന്റെ കൃത്യ ങ്ങൾ നിർവ്വഹിക്കുവാൻ ഞാൻ എപ്പോഴും ശ്രമിക്കുന്നതാണ്. ആ കാര്യത്തിൽ പാർട്ടി പരിഗണനയോ, പാർട്ടി ചിന്തയോ എന്നിൽ ഉണ്ടാവുകയില്ലെന്ന് ഉറപ്പു നൽകുവാൻ ഞാൻ ആശിക്കുന്നു. നമ്മുടെ നിയമ സഭയ്ക്ക് കേരളത്തിലെ ഗൗരവമേറിയ പല പ്രശ്നങ്ങളെപ്പറ്റിയും പര്യാലോചി ക്കേണ്ടതുണ്ട്. ചുമതലയേറിയ ഈവക കൃത്യങ്ങൾ കൈകാര്യം ചെയ്യുവാൻ എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളും ആത്മാർത്ഥമായി ശ്രമിച്ചെങ്കിൽ മാത്രമേ അതുകൊണ്ട് പ്രയോജനവും രാജ്യത്തിന് ശ്രേയസ്സും ഉണ്ടാകുകയുള്ളു. ഏതെങ്കിലും കാര്യത്തിൽ ശക്തിമത്തായ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായി എന്നുവരാം. എങ്കിലും നാടിന്റെ നന്മയാണ് പരമ ലക്ഷ്യം എന്നുള്ള ബോധത്തോടും പ്രവർ ത്തനക്ഷമതയെ നിലനിർത്താൻ ആവശ്യ മായ സഹിഷ്ണുതയോടുംകൂടി ബഹുമാ നപ്പെട്ട എല്ലാ മെമ്പറന്മാരും ഇവിടെ നടക്കുന്ന ചർച്ചകളിൽ പങ്കുകൊള്ളണമെന്ന് എനിക്ക് പ്രത്യേകം അപേക്ഷയുണ്ട്. വ്യക്തിപരമായ ആരോപണങ്ങളെ കഴിയു ന്നതും ഒഴിച്ചുനിറുത്തിക്കൊണ്ടും പ്രതി പക്ഷ ബഹുമാനത്തോടുകൂടിയും ആയിരിക്കണം വാദപ്രതിവാദങ്ങളിലും

ചർച്ചകളിലും പങ്കെടുക്കേണ്ടതെന്ന കാര്യം നിങ്ങളെ ഞാൻ പ്രത്യേകം ഓർമ്മപ്പെടുത്തേണ്ടയാവശ്യമില്ല. കേരളത്തിന്റെയും കേരളീയരുടെയും അന്തസ്സിനും ഗൗരവത്തിനും കർത്തവ്യബോധത്തിനും ഉചിതമായ നിലയിൽ എല്ലാ വിഭാഗക്കാരും എന്നോട് സഹകരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയും അതിനായി അപേക്ഷിക്കുകയും ചെയ്യുന്നു. നമ്മുടെ കർത്തവ്യങ്ങൾ ഭംഗിയായി നിർവ്വഹിച്ചുകൊണ്ടു പോകാനും അക്കാര്യത്തിൽ മാതൃകാപരമായ ഒരു ദൃഷ്ടാന്തം ഇന്ത്യയിലെ മറ്റു നിയമസഭകൾക്ക് നൽകുവാനും നമുക്ക് കഴിവുണ്ടാകണമെന്നും നമ്മുടെ ചുമതലകൾ ഭംഗിയാംവണ്ണം നിർവ്വഹിക്കുവാൻ സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹവും സഹായവും നമുക്ക് ഉണ്ടാകട്ടെ എന്നും പ്രാർത്ഥിച്ചുകൊണ്ടും നിങ്ങളുടെ എല്ലാവരുടേയും നിർലോഭവും ഹൃദയപൂർവ്വവുമായ സഹായസഹകരണങ്ങൾ അക്കാര്യത്തിൽ ഉണ്ടാകണമെന്ന് അപേക്ഷിച്ചുകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

# ശ്രീ. സി.എച്ച്. മുഹമ്മദ് കോയ

(ജൂൺ 9, 1961)

ബഹു: സാമാജികന്മാരേ, പ്രഗത്ഭനും പ്രാപ്തനുമായിരുന്ന ജനാബ് സീതി സാഹിബിന്റെ അകാലവും അപ്രതീക്ഷിതവുമായ നിര്യാണത്തെ തുടർന്ന് ഒഴിവു വന്ന സ്പീക്കർ സ്ഥാനത്തേക്ക് വിനീതനായ എന്നെ തെരഞ്ഞെടുത്തതിൽ നിങ്ങളോട് എനിക്കുള്ള ഹൃദയംഗമമായ കൃതജ്ഞത ഞാൻ രേഖപ്പെടുത്തിക്കൊള്ളുന്നു. എന്നെ സംബന്ധിച്ച് ഈ സഭയിൽ ബഹു: മുഖ്യമന്ത്രിയും മറ്റു സ്നേഹിതന്മാരും സ്നേഹപൂർവ്വം പറഞ്ഞ വാക്കുകൾക്ക് ഞാൻ അതീവ കൃതജ്ഞനാണ്. അവർ എന്നെ സംബന്ധിച്ച് ചെയ്ത പരാമർശങ്ങൾക്ക് ഞാൻ അർഹനാകട്ടെ എന്നു പ്രാർത്ഥിക്കുക മാത്രമേ ഈ അവസരത്തിൽ ചെയ്യുന്നുള്ളൂ. ഞാൻ ഏറ്റിരിക്കുന്ന സ്ഥാനത്തിന്റെ ഉത്തരവാദിത്വം ശരിക്കും ഞാൻ മനസ്സിലാക്കുന്നുണ്ട്. ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നും പ്രകടിപ്പിച്ച നിർലോഭമായ സഹകരണ വാഗ്ദാനം എന്റെ ഭാരത്തെ ലഘൂകരിക്കുന്നതിന്റെ ലക്ഷണമായി ഞാൻ കണക്കാക്കുകയാണ്. ഈ ബഹു: സഭയുടെ അന്തസ്സുപാലിക്കാനും സ്പീക്കർ എന്ന നിലയിൽ നിഷ്കൃഷ്ടമായ നിഷ്പക്ഷത പാലിക്കാനും ഞാൻ എന്റെ കഴിവിന്റെ പരമാവധി പരിശ്രമിക്കുന്നതാണെന്ന് നിങ്ങളോട് ഉറപ്പു നൽകുന്നതിൽ കവിഞ്ഞ് ഒന്നും ഇപ്പോൾ എനിക്ക് ചെയ്യാനില്ല. ഈ സ്ഥാനത്തിരുന്നുകൊണ്ട് നിഷ്കൃഷ്ടമായും പ്രാപ്തമായും കാര്യങ്ങൾ കയ്യാളാൻ സർവ്വശക്തനായ ദൈവം അനുഗ്രഹിക്കട്ടെ എന്ന എന്റെ പ്രാർത്ഥനയിൽ നിങ്ങളും പങ്കുചേരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും നിങ്ങൾക്ക് ഒരിക്കൽകൂടി കൃതജ്ഞത പ്രകടിപ്പിച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

# ശ്രീ. അലക്സാണ്ടർ പറമ്പിത്തറ

## (ഡിസംബർ 13, 1961)

ബഹുമാനപ്പെട്ട സഭാനേതാവേ, സർവ്വശ്രീ ബഹുമാനപ്പെട്ട കുഞ്ഞിരാമൻ നമ്പ്യാർ, മുഹമ്മദ്കോയ, ജോസഫ് ചാഴിക്കാട്, ബേബി ജോൺ അവർകളെ, ബഹുമാനപ്പെട്ട നിയമസഭാംഗങ്ങളേ,

ഇന്ന് ഈ നിയമസഭയുടെ അദ്ധ്യക്ഷനായി ഐകകണ്ഠേന എന്നെ തെരഞ്ഞെടുത്തതിൽ എനിക്കുള്ള ഹൃദയംഗമമായ കൃതജ്ഞത ഞാൻ ആദ്യമായി പ്രകാശിപ്പിച്ചുകൊള്ളട്ടെ. ജനാധിപത്യത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ശക്തിദുർഗ്ഗമായ ഈ പരമാധികാര സഭയുടെ അദ്ധ്യക്ഷനെന്ന നിലയിൽ എന്നിൽ നിക്ഷിപ്തമായിട്ടുള്ള ഉത്തരവാദിത്വങ്ങളെയും ചുമതലകളെയും സംബന്ധിച്ച് ഞാൻ സ്മരണയുള്ളവനാണ്. കൊച്ചിയിലെയും തിരുവിതാംകൂർ കൊച്ചിയിലെയും കേരളത്തിലെയും നിയമസഭകളിൽ ദീർഘകാലം ഒരംഗമായി സേവനം ചെയ്തിട്ടുള്ള ഞാൻ ഈ സഭകളിലെല്ലാം ഈ സ്ഥാനമലങ്കരിച്ചിട്ടുള്ള മഹാരഥന്മാരായ വ്യക്തികൾ സൃഷ്ടിച്ചിട്ടുള്ള ഉൽകൃഷ്ടമായ പാരമ്പര്യങ്ങളെപ്പറ്റി ശരിയായ ബോധത്തോടുകൂടി അനുസ്മരിക്കുകയും ആ ഉൽകൃഷ്ടമായ പാരമ്പര്യങ്ങൾക്ക് അനുയോജ്യമായ നിലയിൽ എന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കാൻ ഞാൻ സർവ്വഥാ ആത്മാർത്ഥമായി പരിശ്രമിക്കുമെന്ന് ഉറപ്പു നൽകുകയും ചെയ്തുകൊള്ളുന്നു. ഒരു ജനാധിപത്യ രാജ്യത്ത് പാർലമെന്ററി ഭരണം വിജയകരമായി നടത്തുന്നതിന് ഭരണകക്ഷിയെപ്പോലെ തന്നെ ഉത്തരവാദിത്വം പ്രതിപക്ഷത്തിനുമുണ്ടെന്ന് ഞാൻ ധരിക്കുന്നു. ഉത്തരവാദിത്വമുള്ള ആ പ്രതിപക്ഷം ആരോഗ്യപരമായ വിമർശനങ്ങൾക്കൊണ്ട് ഭരണകക്ഷിയെ യഥാർത്ഥത്തിൽ സഹായിക്കുകയാണ് ചെയ്യുന്നതെന്നും അങ്ങനെയുള്ള പ്രതിപക്ഷത്തിന്റെ പ്രവർത്തനങ്ങളെ ആദരവോടുകൂടി വീക്ഷിക്കേണ്ടതാണെന്നും ഞാൻ കരുതുന്നു.

എന്നെ സംബന്ധിച്ച് ഇവിടെ പ്രസ്താവിച്ച മംഗളകരങ്ങളായ ആശയങ്ങൾക്കെല്ലാത്തിനും ഞാൻ നന്ദി പറയുന്നു. ദീർഘകാലമായി ഒരു നിയമസഭാ സാമാജികനെന്ന നിലയിൽ രാഷ്ട്രീയരംഗത്തു പ്രവർത്തിച്ചുവരുന്ന ഒരാളാണ് ഞാൻ. ആ പ്രവർ

ത്തനംകൊണ്ട് ഇന്നും ഞാൻ സംതൃപ്ത നായിട്ടാണിരിക്കുന്നത്. ഉയർന്ന സ്ഥാനത്തേയ്ക്ക് കയറുന്നില്ലെന്നുള്ള പരാതി ഞാൻ അധികം ഉന്നയിച്ചിട്ടില്ലെന്നാണ് തോന്നുന്നത്. എന്നെ ഏകകണ്ഠമായി ഈ സഭാദ്ധ്യക്ഷനായി തെരഞ്ഞെടുക്കാൻ നിങ്ങൾ കാണിച്ച സൗമനസ്യത്തിന് ഞാൻ ഹൃദയംഗമമായി നിങ്ങളോരോരുത്തർക്കും നന്ദി പറയുകയും എന്നിൽ നിക്ഷിപ്തമായിട്ടുള്ള ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിന് പരിപൂർണ്ണമായ സഹകരണം വാഗ്ദാനം ചെയ്തിട്ടുള്ളതു സ്വീകരിക്കുകയും, എന്നിൽ എന്തെങ്കിലും തെറ്റുകൾ കാണുകയാണെങ്കിൽ അതാത് സമയത്ത് ചൂണ്ടിക്കാണിച്ചാൽ അവ തിരുത്തുന്നതിന് ഞാൻ ഒട്ടുംതന്നെ അശ്രദ്ധ കാണിക്കുകയില്ലെന്ന് ഉറപ്പ് നൽകുകയും ചെയ്യുന്നു. എന്റെ പ്രവർത്തനം വിജയകരമാക്കുന്നതിന് വീണ്ടും നിങ്ങളുടെ സഹകരണം അഭ്യർത്ഥിക്കുകയും ജഗദീശ്വരനെ പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട് ഞാൻ വീണ്ടും നിങ്ങൾക്ക് നന്ദി പറഞ്ഞുകൊള്ളുന്നു.

# ശ്രീ. ഡി. ദാമോദരൻ പോറ്റി

## (മാർച്ച് 15, 1967)

ബഹുമാനപ്പെട്ട നിയമസഭാംഗങ്ങളേ, ഈ സഭയുടെ എല്ലാഭാഗത്ത് നിന്നുമുള്ള ഏക കണ്ഠമായ പിന്തുണയോടുകൂടി ഞാൻ ഈ മഹനീയ സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടിരിക്കുകയാണ്. എന്നെ സംബന്ധിച്ചും, എന്റെ കഴിവിനെ സംബന്ധിച്ചുമെല്ലാം ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നുമുള്ള സുഹൃത്തുക്കൾ, എല്ലാ പാർട്ടിയിലുംപെട്ട സുഹൃത്തുക്കൾ, ഇവിടെ സംസാരിച്ചതിൽ എനിക്ക് അങ്ങേയറ്റം സന്തോഷമുണ്ട്. അവരുടെയെല്ലാം സഹകരണം വാഗ്ദാനം ചെയ്തതിൽ പ്രത്യേകിച്ച് എനിക്ക് കൃതജ്ഞതയുണ്ട്. ഈ സഭാനേതാവായി ഒരാളെ തെരഞ്ഞെടുക്കപ്പെടുന്നതിൽ സ്വീകരിക്കേണ്ട വഴക്കങ്ങളെക്കുറിച്ച് കോൺഗ്രസ് പാർട്ടിയുടെ നേതാവ് ശ്രീ. കരുണാകരൻ അഭിപ്രായം പ്രകടിപ്പിക്കുകയുണ്ടായി. ഏതായാലും ഏകകണ്ഠമായി സഭാദ്ധ്യക്ഷനെ തെരഞ്ഞെടുക്കേണ്ടതാണെന്നുള്ള ഏറ്റവും നല്ല ഒരു അഭിപ്രായഗതി ഇന്ന് ഈ സഭയിൽ ഉയർന്നുവന്നിട്ടുള്ളതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ഈ സഭയുടെ കഴിഞ്ഞകാല ചരിത്രങ്ങളിൽ അങ്ങനെയൊരു കൺസൾട്ടേഷൻ നടന്നിട്ടുണ്ടോ എന്ന് അറിഞ്ഞുകൂടാ. ഈ കാര്യത്തിൽ സഭാനേതാവാണെങ്കിൽ, അദ്ദേഹം ഈ സ്പീക്കർ തെരഞ്ഞെടുപ്പു കാര്യത്തിൽ, അദ്ദേഹത്തെ ഞാൻ സന്ദർശിച്ച അവസരത്തിൽ എല്ലാ പാർട്ടിയിലുംപെട്ട നേതാക്കളുമായി ആലോചിച്ച് ഐകകണ്ഠേന ഈ കാര്യം നിർവ്വഹിക്കുമെന്നുള്ള അഭിപ്രായഗതി പ്രകടിപ്പിച്ച സംഗതി ഞാനോർക്കുകയാണ്. മാത്രമല്ല, അദ്ദേഹം സ്പീക്കറുടെ നാമനിർദ്ദേശം എഴുതിയപ്പോൾത്തന്നെ കോൺഗ്രസ് പാർട്ടി നേതാവും അതുപോലെ കേരളാ കോൺഗ്രസ് പാർട്ടിയുടെ നേതാവും സ്ഥലത്തുണ്ടോ എന്നന്വേഷിക്കാൻ ടെലിഫോണിൽ വിളിച്ചു ചോദിക്കുകയുണ്ടായി എന്നാണ് എന്റെ ഓർമ്മ. ഏതായാലും ആ നിലയിലുള്ള ആത്മാർത്ഥമായ ഒരു സമീപനം, സഭാനേതാവിൽ നിന്നുണ്ടായിട്ടുണ്ടെന്ന് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ സന്ദർഭത്തിൽ ഇത്ര മഹനീയമായ ഈ പദവിയിലേയ്ക്ക് സഭയുടെ എല്ലാ ഭാഗത്ത് നിന്നുമുള്ള ഏകകണ്ഠമായ പിന്തുണയോടുകൂടി വളരെ സ്നേഹപൂർവ്വം എന്നെ തെരഞ്ഞെടുത്തയച്ചിരിക്കു

കയാണ്. ഈ സ്ഥാനത്തിന്റെ ഔന്നത്യ ത്തെപ്പറ്റിയും മാഹാത്മ്യത്തെപ്പറ്റിയും അതു കൈകാര്യം ചെയ്യേണ്ട ഉത്തരവാദിത്വത്തെ പ്പറ്റിയും ഞാൻ അങ്ങേയറ്റം ബോധവാ നാണ്. വളരെ നിഷ്പക്ഷമായ നിലയിൽ എല്ലാ ഭാഗത്തിലുംപെട്ട സുഹൃത്തുക്ക ളെയും തൃപ്തരാക്കത്തക്ക നിലയിൽ ഇത് കൈകാര്യം ചെയ്യണമെന്നാണ് എന്റെ ആഗ്രഹം. അതിനുള്ള സഹകരണം എല്ലാ ഭാഗത്തുനിന്നും എനിക്കുണ്ടാകുമെങ്കിൽ ഞാൻ ഭാഗ്യവാനാണ്. വളരെ പ്രശസ്ത രായ പല സഭാദ്ധ്യക്ഷന്മാരും വാണിരുന്നി ട്ടുള്ള ഒരു കസേരയാണിത്. ബഹുമാന പ്പെട്ട പല സ്പീക്കർമാരുടെയും പേരുകൾ ചില സുഹൃത്തുക്കൾ ഇവിടെ എടുത്തു പറഞ്ഞു. ചിലരൊക്കെ ഇപ്പോഴും ഈ സഭ യിലുണ്ടെന്നുള്ളത് എനിക്ക് ആശയ്ക്കു വകനൽകുന്നു. ശ്രീ. സി.എച്ച്. മുഹമ്മദ് കോയ, ശ്രീ. അലക്സാണ്ടർ പറമ്പിത്തറ– ഇവരൊക്കെ ഈ സ്ഥാനം അലങ്കരിച്ചിരുന്നവ രാണ്. നിയമസഭാ പാരമ്പര്യമുള്ള വളരെ യധികം സുഹൃത്തുക്കൾ ഭരണകക്ഷി യിലും പ്രതിപക്ഷത്തുമായി ഇന്നിവിടെ വന്നിരിപ്പുണ്ട്. ഈ സഭ 1954–ൽ കൂടിയ പ്പോൾ ഈ സഭയുടെ ഉപാദ്ധ്യക്ഷനായി എന്നെ തെരഞ്ഞെടുത്ത ആ കാലം ഞാനോർക്കുകയാണ്. എനിക്കെതിരായി അന്ന് മത്സരിച്ച ശ്രീ. ടി. കെ. ദിവാകരൻ ഇന്ന് ഈ സഭയിൽ വർക്സ് മിനിസ്റ്ററായി രിക്കുകയാണ്. അതുപോലെ അന്ന് പ്രതി പക്ഷ നേതാവായിരുന്ന ശ്രീ. ടി. വി. തോമസ് ഇന്ന് ഇൻഡസ്ട്രീസ് മിനിസ്റ്ററായിരിക്കുക യാണ്. അന്ന് ശ്രീമാൻ പി. കെ. കുഞ്ഞു സാഹിബ് നിയമസഭയിൽ മന്ത്രിയായി രുന്നു. ഇന്നും ബഹുമാന്യനായ ശ്രീ. പി. കെ. കുഞ്ഞ് ഒരു മന്ത്രിയായി ഈ സഭ യിലിരിക്കുകയാണ്. ശ്രീ. കരുണാകരനും ശ്രീ. കെ. എം. ജോർജ്ജും പറമ്പിത്തറ മാസ്റ്ററും ശ്രീ. പി. രവീന്ദ്രനും – ഞാൻ ഓരോരുത്തരുടെയും പേരെടുത്ത് പറയു ന്നതു കൊണ്ട് ചിലരെ വിട്ടുപോയി എന്ന് വിചാരിക്കരുത് – അങ്ങനെ വളരെയധികം നിയമസഭാ പരിചയവും പ്രവർത്തന പാരമ്പര്യവുമുള്ള സുഹൃത്തുക്കൾ അക്കാ ലത്ത്, ഞാൻ ഉപാദ്ധ്യക്ഷനായിരുന്നപ്പോൾ എന്നെ സഹായിക്കാനുണ്ടായിരുന്നു. അവ രെല്ലാം ഇന്നും ഈ സഭയിലുണ്ടെന്നുള്ളത് വളരെ ചാരിതാർത്ഥ്യജനകമാണ്. ശ്രീമതി ഗൗരി പ്രശസ്തമായ നിലയിൽ ഈ സഭാമണ്ഡലം അലങ്കരിച്ചിരുന്ന ഒരു ദേഹമാണ്. ആരുടെയെങ്കിലും പേര് വിട്ടു പോയിട്ടുണ്ടെങ്കിൽ ക്ഷമിക്കണം. കൂടാതെ പുതുമുഖങ്ങളായ സുഹൃത്തുക്കളും ഈ നിയമസഭയിൽ വന്നിരിക്കുകയാണ്.

കഴിഞ്ഞ രണ്ടര വർഷക്കാലത്തോളം, നിയമ സഭയില്ലാതിരുന്ന ഒരു കാലത്തിനുശേഷം ഇപ്പോൾ ആകെക്കൂടി മാറിയ ഒരു കാല ഘട്ടത്തിലേയ്ക്ക് നാം കടന്നിരിക്കുകയാണ്. നമ്മുടെ രാജ്യത്ത്, ജനാധിപത്യമാണെങ്കിൽ കേരളത്തിൽ മാത്രമല്ല – ഇൻഡ്യയിലൊ ട്ടാകെ, ഒരു പരീക്ഷണഘട്ടത്തിലൂടെ കടന്നു പോകുന്ന ഈ സന്ദർഭത്തിൽ നമ്മുടെ നിയമ സഭയ്ക്ക് വളരെയേറെ കാര്യങ്ങൾ ചെയ്യാ നുണ്ട്. ഈ നിയമസഭയിലേയ്ക്ക് നമ്മെ തെരഞ്ഞെടുത്തയച്ച ജനങ്ങൾ നമ്മിൽ നിന്ന് വളരെ കാര്യങ്ങൾ പ്രതീക്ഷിക്കുന്നു ണ്ടെന്ന് ഞാൻ വിശ്വസിക്കുകയാണ്. ഇവിടെ നിന്ന് ഉച്ചരിക്കപ്പെടുന്ന ഓരോ ശബ്ദവും നിയമസഭയ്ക്ക് നേതൃത്വം കൊടുക്കുന്ന ഭരണകക്ഷിയുടെ ചെയ്തികളും എല്ലാം

ആകാംക്ഷയോടുകൂടി കേൾക്കാനും കാണാനും കാത്തിരിക്കുന്ന ഒരു ജന സഞ്ചയം ഈ രാജ്യത്തുണ്ടെന്നുള്ള ബോധം ഈ സഭയ്ക്കുണ്ടെന്നുള്ളത് തീർച്ച യാണ്. ആ നിലയ്ക്ക് വളരെ ഉത്തരവാദിത്വ ത്തോടുകൂടി മുന്നോട്ടുപോകേണ്ട ഒരു സാഹചര്യമാണ് ഇന്നുള്ളത്. കഴിഞ്ഞകാല ത്തേക്കാൾ എല്ലാം വളരെയേറെ ഉത്തരവാ ദിത്വബോധത്തോടുകൂടി ഈ നിയമസഭ യുടെ പ്രവർത്തനം മുന്നോട്ട് കൊണ്ടു പോകേണ്ടതായിട്ടുണ്ട്. ഭാഗ്യവശാൽ ഈ നിയമസഭയ്ക്ക് പഴയ തിരുവിതാംകൂർ നിയ മസഭയായിരുന്നപ്പോഴും തിരു-കൊച്ചി നിയ മസഭയായിരുന്നപ്പോഴും കേരളാ നിയമസഭ ആയപ്പോഴുമെല്ലാം പ്രശസ്തമായ പാര മ്പര്യം പാർലമെന്ററി ഡെമോക്രസിയിൽ നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. പണ്ട് രാജാധികാര കാലത്ത് ശ്രീമൂലം പ്രജാസ ഭയായിരുന്ന കാലം മുതൽ ജനാധിപത്യ ത്തിന്റെ വഴക്കം സൃഷ്ടിച്ചിട്ടുള്ള പാരമ്പര്യം ഈ നിയമസഭയ്ക്കുണ്ട്. ആ പാരമ്പര്യവും ജനാധിപത്യവും ആ ജനാധിപത്യം ഉൾ ക്കൊള്ളുന്ന എല്ലാ കാര്യങ്ങളും ഈ രാജ്യത്ത് രൂഢമൂലമായി ഉറപ്പിക്കുന്നതിന് ഈ നിയമസഭയിൽ വന്നിരിക്കുന്ന എല്ലാ സുഹൃത്തുക്കളും എല്ലാ യത്നങ്ങളും ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. ഇതിലേയ്ക്ക് എന്റെ എല്ലാ സഹകരണവും ഉണ്ടായിരിക്കുമെന്ന് തീർച്ചയായും അവർക്ക് പ്രതീക്ഷിക്കാം. അതോടൊപ്പംതന്നെ ഈ നിയമസഭയിൽ കാര്യങ്ങൾ ഭംഗിയായിട്ടും നിഷ്പക്ഷമായിട്ടും കൈകാര്യം ചെയ്യുന്ന തിന് വേണ്ട സഹകരണം വളരെയേറെ ഭരണകക്ഷിയിൽ നിന്നും പ്രതിപക്ഷത്തിൽ നിന്നും ഇപ്പോൾ തന്നെ ഉണ്ടായിക്കഴി ഞ്ഞിരിക്കുകയാണ്. വേണ്ട സഹകരണ ങ്ങൾ ഇനിയും ഈ നിയമസഭാ സെക്ര ട്ടേറിയറ്റിൽ നിന്നും, അതു പോലെ സഭാനട പടികൾ പൊതുജനങ്ങളെ അറിയിക്കുന്ന വളരെ ഗൗരവതരമായ ഉത്തരവാദിത്വമുള്ള ചുമതലയിലേർപ്പെട്ടിരിക്കുന്ന നമ്മുടെ പത്രപ്രവർത്തകരായ സുഹൃത്തുക്കളിൽ നിന്നും സഭാനടപടിയുടെ കാര്യത്തിലും സഭയുടെ അന്തസ്സ് പുലർത്തുന്ന കാര്യ ത്തിലും ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷി ക്കുന്നു. അതിനുവേണ്ടി ഞാൻ എല്ലാ വിഭാഗം സ്നേഹിതന്മാരോടും അഭ്യർത്ഥി ക്കുകയാണ്. എനിക്ക് നിർലോഭമായി വാഗ്ദാനം ചെയ്ത സഹകരണത്തിനും അതുപോലെതന്നെ എന്നിലർപ്പിച്ച സ്നേ ഹവിശ്വാസങ്ങൾക്കും ഈ സഭയിലെ എല്ലാ അംഗങ്ങളോടും ഇവിടുത്തെ പ്രതി പക്ഷനേതാവിനോടും ഭരണകക്ഷിനേതാ വിനോടും എന്റെ അകമഴിഞ്ഞ കൃതജ്ഞ തയും നന്ദിയും രേഖപ്പെടുത്തുകയാണ്. ഈ സഭയുടെ പ്രവർത്തനത്തിൽകൂടി രാജ്യ ത്തിന് നേതൃത്വം കൊടുക്കുന്ന ഭരണ കക്ഷിക്ക് നാട്ടിന് നന്മ ചെയ്യുവാൻ കഴി യട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുകയാണ്.

# ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി
## (ഒക്ടോബർ 22, 1970)

ബഹുമാനപ്പെട്ട സഭാനേതാവ് അവർകളെ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അവർ കളെ, ഈ സഭയിലെ ബഹുമാനപ്പെട്ട പാർട്ടി നേതാക്കന്മാരെ, ബഹുമാനപ്പെട്ട നിയമ സഭാ സാമാജികന്മാരെ,

സഭയുടെ എല്ലാ ഭാഗത്തുനിന്നും പ്രകടി പ്പിച്ച അഭിനന്ദനങ്ങൾക്കും എന്റെ ഭാവുക ങ്ങൾക്കുവേണ്ടിയുള്ള പ്രാർത്ഥനകൾക്കും ഞാൻ ആദ്യമായി നന്ദി രേഖപ്പെടുത്തിക്കൊ ള്ളട്ടെ. ജനാധിപത്യത്തിന്റെ എല്ലാ പടിയും കടന്നാണ് ഞാൻ ഇവിടെ എത്തിയിട്ടു ള്ളത്. വളരെ സന്തോഷത്തോടുകൂടി ഈ പരമോന്നത സഭയുടെ അദ്ധ്യക്ഷ സ്ഥാന ത്തേയ്ക്ക് എന്നെ തെരഞ്ഞെടുത്ത് ഇവിടെ നടത്തിയ എല്ലാ പരാമർശനങ്ങളും അനുഭ വത്തിൽ വന്നുചേരട്ടെ എന്ന് ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. എന്റെ പ്രഗത്ഭരായ മുൻഗാമികൾ, എന്റെ രാഷ്ട്രീയ ഗുരുവായ ജനാബ് സീതി സാഹിബും അതിനു മുൻപും അതിനു ശേഷവും ഈ പരമോന്നത സഭയുടെ അദ്ധ്യക്ഷപീഠം അലങ്കരിച്ചിട്ടുള്ള പ്രശ സ്തന്മാർ കാണിച്ചിട്ടുള്ള വഴി പിൻതുട രാൻ എന്റെ കഴിവിന്റെ പരമാവധി പ്രയത്നിക്കുമെന്ന് ഈ സന്ദർഭത്തിൽ ഉറപ്പുപറയാൻ ഞാനാഗ്രഹിക്കുകയാണ്. ജനാധിപത്യ വ്യവസ്ഥിതിയിൽ നിയമസഭാ തലത്തിനുള്ള പ്രാധാന്യവും നിയമസഭാ സാമാജികന്മാർക്കുള്ള ഉത്തരവാദിത്വവും കടമകളും ശരിക്കും ബഹുമാനപ്പെട്ട എല്ലാ മെമ്പറന്മാരും പ്രത്യേകം ശ്രദ്ധിക്കുമെന്ന് ഞാനാശിക്കുകയാണ്. കക്ഷി പരിഗണ നയോ കക്ഷി മനോഭാവമോ ഈ സഭ യിലെ അംഗങ്ങളുടെ അവകാശങ്ങൾ സംര ക്ഷിക്കുന്ന കാര്യത്തിൽ എന്നെ തീണ്ടുക പോലുമില്ലെന്ന് ദൈവത്തിന്റെ നാമത്തിൽ ഞാൻ ഉറപ്പ് പറയുന്നു. കേരളത്തിലെ നിയമസഭയ്ക്ക് കനത്ത, ഭാരിച്ച ഉത്തര വാദിത്വം നിർവ്വഹിക്കുവാനുണ്ട്. ആ ഉത്ത രവാദിത്വം നിർവ്വഹിക്കുന്ന സന്ദർഭങ്ങളിൽ ഗവൺമെന്റ് ഭാഗത്ത് നിന്നും പ്രതിപക്ഷ ഭാഗത്തുനിന്നും അഭിപ്രായ സംഘട്ടനങ്ങ ളുണ്ടാകാം. പക്ഷേ ബഹുമാനപ്പെട്ട മെമ്പറന്മാർ ആ സന്ദർഭങ്ങളിൽ ശരിക്കും ആത്മനിയന്ത്രണം പാലിക്കുമെന്ന് ഞാൻ ആശിക്കുന്നു, പ്രത്യേകിച്ചും നമ്മുടെ

ഈ സഭയിൽ വളരെയധികം മെമ്പറന്മാർ പുതിയ ആളുകളാണ്. നിയമസഭാനടപടികൾ വളരെ കാര്യമായും ജാഗ്രതയോടുകൂടിയും വീക്ഷിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യണമെന്ന് ഞാൻ അവരോട് അപേക്ഷിക്കുകയാണ്. ഭാരതത്തിലെ എല്ലാ നിയമസഭകൾക്കും നമ്മുടെ നിയമസഭ ഒരു മാതൃകയായിത്തീരാൻ നിങ്ങളെല്ലാം സഹകരിക്കണമെന്ന് ഒന്നുകൂടി ഞാൻ അപേക്ഷിക്കുന്നു. ഇവിടെ നടന്ന പരാമർശങ്ങളെല്ലാം വാസ്തവത്തിൽ എന്റെ ഭാരിച്ച ഉത്തരവാദിത്വം ലഘൂകരിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. അതിനെല്ലാം ഒന്നുകൂടി നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഈ നിയമസഭയുടെ അന്തസ്സ് പാലിക്കുന്ന കാര്യത്തിൽ ഒത്തൊരുമിച്ച് പ്രവർത്തിക്കണമെന്നും സർവ്വശക്തനായ ദൈവം അതിന് കഴിവ് നൽകട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ടും ഞാൻ വിരമിക്കുന്നു.

# ശ്രീ. ടി. എസ്. ജോൺ

**(ഫെബ്രുവരി 17, 1976)**

ബഹുമാനപ്പെട്ട സഭാനേതാവേ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, ബഹുമാനപ്പെട്ട നിയമസഭാ സാമാജികന്മാരേ,

നിങ്ങൾ എന്നെ ഈ നിയമസഭയുടെ അദ്ധ്യക്ഷനായി തെരഞ്ഞെടുത്തതിൽ ഞാൻ ഓരോരുത്തർക്കും ആത്മാർത്ഥമായി നന്ദി രേഖപ്പെടുത്തുന്നു. ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നും ഇവിടെ പ്രകടിപ്പിച്ചിട്ടുള്ള ഭാവുകങ്ങൾക്കും ആശംസകൾക്കും സഹകരണ വാഗ്ദാനങ്ങൾക്കും ഞാൻ കൃതജ്ഞത രേഖപ്പെടുത്തട്ടെ. ഈയവസരത്തിൽ ഉന്നതന്മാരായ, പ്രഗത്ഭന്മാരായിരുന്ന എന്റെ മുൻഗാമികളെ ഞാൻ അനുസ്മരിക്കുന്നു. അവർ വെട്ടിത്തെളിച്ച പാതയിൽക്കൂടി മുന്നോട്ടുപോകാൻ ഞാൻ ആഗ്രഹിക്കുന്നു. നിഷ്പക്ഷവും സ്വതന്ത്രവുമായി ഈ പദവി മുന്നോട്ട് കൊണ്ടുപോകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഈ പദവി വിജയകരമായി മുന്നോട്ട് നയിക്കണമെങ്കിൽ എല്ലാ പേരുടെയും സഹകരണം ആവശ്യമാണ്. ഞാൻ എല്ലാ അംഗങ്ങളുടെയും സഹകരണം വിനയമായി അഭ്യർത്ഥിക്കുകയാണ്. ചിലപ്പോൾ ചില തെറ്റുകളെല്ലാം സംഭവിച്ചു എന്ന് വരാം. പക്ഷേ ആ തെറ്റുകൾ ഏത് ഭാഗത്തുനിന്നായാലും തിരുത്തുന്നതിനുവേണ്ടി ബോദ്ധ്യപ്പെടുത്തിയാൽ അത് തിരുത്താൻ തയ്യാറായിരിക്കുമെന്ന് ഞാൻ ഉറപ്പു തരികയാണ്. ഈ സഭയുടെ അന്തസ്സും ആത്മാഭിമാനവും ഈ സഭയിലെ അംഗങ്ങളുടെ എല്ലാവിധ അവകാശങ്ങളും സംരക്ഷിക്കുമെന്ന് ഞാൻ ഒരിക്കൽ കൂടി ഉറപ്പ് നൽകുന്നു. നിങ്ങൾ ഇവിടെ പ്രകടിപ്പിച്ച സകല മംഗളങ്ങൾക്കും ഭാവുകങ്ങൾക്കും ഒരിക്കൽ കൂടി കൃതജ്ഞത നേർന്നുകൊണ്ടും, എന്റെ ഈ സ്ഥാനം നിഷ്പക്ഷമായി തുടർന്നുകൊണ്ടുപോകുന്നതിന് ജഗദീശ്വരൻ എന്നെ സഹായിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും ഒരിക്കൽ കൂടി എല്ലാപേർക്കും നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

# ശ്രീ. ചാക്കീരി അഹമ്മദ് കുട്ടി

## (മാർച്ച് 28, 1977)

ബഹുമാന്യരായ സാമാജികന്മാരേ,

ഈ നിയമസഭയുടെ സ്പീക്കറായി നിങ്ങൾ സദയം എന്നെ തെരഞ്ഞെടുക്കുകയും അഭിവാദ്യങ്ങൾ അർപ്പിക്കുകയും ചെയ്തതിന് ഞാൻ ആദ്യമായി കൃതജ്ഞത രേഖപ്പെടുത്തുകയാണ്. വളരെ മഹാന്മാരും പ്രഗത്ഭന്മാരുമായ ആളുകൾ വഹിച്ച ഉന്നതമായ ഒരു സ്ഥാനത്താണ് ഞാൻ എത്തിച്ചേർന്നിട്ടുള്ളത് എന്നുള്ള ബോധം എന്നെ കർമ്മനിരതനാകാൻ സഹായിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. സ്പീക്കർ എന്നുള്ള നിലയിൽ ഈ സഭയിൽ നിഷ്പക്ഷമായും നിസ്വാർത്ഥമായും സത്യസന്ധമായും യാതൊരു പക്ഷഭേദവും കൂടാതെ തന്നെ ഞാൻ പ്രവർത്തിക്കും എന്ന് പരസ്യമായിത്തന്നെ നിങ്ങളോട് ദൃഢസ്വരത്തിൽ പ്രഖ്യാപിക്കുകയാണ്.

പ്രതിപക്ഷമെന്നോ ഭരണപക്ഷമെന്നോ ഉള്ള വ്യത്യാസം എന്നെ സംബന്ധിച്ച് ഉണ്ടാകുകയില്ല. വളരെ ശുഷ്കിച്ച പ്രതിപക്ഷമെന്നോ വമ്പിച്ച ഭരണപക്ഷമെന്നോ ഒന്നും തന്നെ സ്പീക്കറെ സംബന്ധിച്ചുള്ള കാര്യങ്ങളിൽ ഉണ്ടാകുകയില്ലെന്ന് ഞാൻ തീർത്തും പറയാനാഗ്രഹിക്കുകയാണ്. ആ കാര്യത്തിൽ പാർട്ടി പരിഗണനകൾക്കോ പാർട്ടി ബന്ധങ്ങൾക്കോ അതീതനായി നിന്നുകൊണ്ടുതന്നെ ഞാൻ പ്രവർത്തിക്കുമെന്ന് നിങ്ങൾക്ക് ഉറപ്പ് നൽകുവാൻ ആഗ്രഹിക്കുന്നു.

വളരെ വിസ്തരിച്ച് പറയേണ്ട അവസരമില്ലെങ്കിലും ഇന്ന് നമ്മെ സംബന്ധിച്ചിടത്തോളം വളരെ ഉത്തരവാദിത്വമുള്ള ഒരു സന്ദർഭമാണ് ഇത് എന്നുള്ളത് പ്രതിപക്ഷവും ഭരണപക്ഷവും എല്ലാം ഓർക്കണം.

എനിക്ക് വളരെ വിനീതമായി പറയുവാനുള്ളത് പ്രതിപക്ഷമെന്നോ, ഭരണപക്ഷമെന്നോ ഉള്ള വ്യത്യാസം കൂടാതെ ഈ നാട്ടിന്റെ പുരോഗതിക്കുവേണ്ടി ഈ നാടിനുവേണ്ടി പ്രവർത്തിക്കുവാൻ നാം കർമ്മധീരരായി മുന്നോട്ട് വരണമെന്നുള്ളതാണ്. ബഹുമാനപ്പെട്ട മെമ്പറന്മാരുടെ പ്രസംഗത്തിൽ വ്യക്തിപരമായോ ആരോപണപരമായോ ഉള്ള സംസാരങ്ങൾ കഴിയുന്നതും ഒഴിവാക്കുന്നത് നന്നായിരിക്കും എന്നുകൂടി ഞാൻ വളരെ സ്നേഹപുരസരം നിങ്ങളേവരോടും അഭ്യർത്ഥിക്കുകയാണ്.

എന്നെ സംബന്ധിച്ചിടത്തോളം പല പരാമർശങ്ങളും ഇവിടെ പറഞ്ഞു. ഞാൻ ബഹുമാനപ്പെട്ട മെമ്പർമാരെ എന്റെ സുഹൃത്തുക്കൾ എന്ന് സംബോധന ചെയ്യുകയാണെങ്കിൽ അത് തെറ്റാകുകയി ല്ലെന്ന് ഞാൻ വിശ്വസിക്കുകയാണ്.

ഈ സഭയിലെ 139 അംഗങ്ങളും എന്റെ ആത്മസുഹൃത്തുക്കളാണ്. ആ വീക്ഷണത്തോടുകൂടിത്തന്നെ കാര്യങ്ങൾ നിർവ്വഹിക്കുവാൻ എല്ലാ പക്ഷത്തുനിന്നും - ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തു നിന്നും - പ്രത്യേകിച്ച് സഭാ നേതാവിൽ നിന്നും പ്രതിപക്ഷ നേതാവിൽ നിന്നും - നിർലോഭവും ഹൃദയപൂർവ്വവുമായ സഹായ സഹകരണങ്ങൾ ഉണ്ടാകണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. നമ്മുടെ ചുമതലകൾ ഭംഗിയാംവണ്ണം നിർവ്വ ഹിക്കുവാൻ സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹവും സഹായവും ഉണ്ടാവട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

# ശ്രീ. എ. പി. കുര്യൻ

## (ഫെബ്രുവരി 15, 1980)

ബഹുമാനപ്പെട്ട സഭാനേതാവേ, പ്രതിപക്ഷ നേതാവേ, കക്ഷിനേതാക്കളേ, മറ്റ് നിയമ സഭാംഗങ്ങളേ,

കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടതിൽ എന്നെ അനുമോദിച്ചുകൊണ്ട് ബഹുമാനപ്പെട്ട സഭാനേതാവും പ്രതിപക്ഷനേതാവും മറ്റ് കക്ഷി നേതാക്കളും നടത്തിയ പരാമർശങ്ങൾക്ക് ഞാൻ ആദ്യമായി നന്ദി പ്രകാശിപ്പിക്കുകയാണ്. ഏകകണ്ഠമായി എന്നെ തെരഞ്ഞെടുക്കുന്നതിൽ ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നും കാണിച്ച, എന്നിൽ അർപ്പിച്ച വിശ്വാസത്തിനും ഞാൻ പ്രത്യേകം നന്ദി പ്രകാശിപ്പിച്ചുകൊള്ളട്ടെ. ഇവിടെ സഭാനേതാവും പ്രതിപക്ഷ നേതാവും മറ്റ് കക്ഷി നേതാക്കളും പ്രതിപാദിച്ചതുപോലെ എന്നിൽ അർപ്പിതമായിരിക്കുന്ന ചുമതല ഞാൻ നിഷ്പക്ഷമായി പുലർത്തിക്കൊണ്ടുപോകുമെന്ന് ഈ സന്ദർഭത്തിൽ എല്ലാ അംഗങ്ങൾക്കും ഞാൻ ഉറപ്പ് നൽകുകയാണ്. ആവുന്നത്ര എല്ലാ അംഗങ്ങളുടെയും അവകാശം സംരക്ഷിക്കാൻ സാധ്യമായ എല്ലാ പരിശ്രമവും ഈ സഭയുടെ അദ്ധ്യക്ഷൻ എന്ന നിലയിൽ എന്റെ ഭാഗത്തുനിന്നുണ്ടാകുമെന്നുകൂടി ഞാൻ അനുസ്മരിക്കുകയാണ്. വളരെ ഭാരിച്ച ഒരു ഉത്തരവാദിത്വമാണ് എന്നിൽ അർപ്പിതമായിട്ടുള്ളത് എന്ന തികഞ്ഞ ബോധം എനിക്കുണ്ട്. അതു നിറവേറ്റുന്നതിന് എന്റെ പരമാവധി പരിശ്രമം ഞാൻ നടത്തും. എങ്കിൽത്തന്നെയും എല്ലാ ബഹുമാനപ്പെട്ട നിയമ സഭാംഗങ്ങളുടെയും കലവറയില്ലാത്ത പിന്തുണകൊണ്ട് മാത്രമേ ഞാൻ ആഗ്രഹിക്കുന്ന തരത്തിൽ ഈ കൃത്യം നിർവ്വഹിക്കുവാൻ കഴിയൂ എന്നെനിക്ക് ബോധ്യമുണ്ട്. അതിന് എല്ലാ കക്ഷിനേതാക്കളുടെയും എല്ലാ അംഗങ്ങളുടെയും സഹായം പ്രത്യേകിച്ചും ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ വിവിധ ജനവിഭാഗങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ വളരെ ശക്തിയായി ഉന്നയിക്കുന്നതിനും നിയമനിർമ്മാണ നടപടികളിലൊക്കെ ആവശ്യാനുസരണം സമയം ലഭ്യമാക്കുന്നതിനും നിയമസഭാ നടപടിച്ചട്ടങ്ങളുടെ പരിമിതികൾക്കകത്ത് നിന്നുകൊണ്ട് അംഗങ്ങളുടെ താല്പര്യം

എത്രമാത്രം സംരക്ഷിക്കാമോ അത്രയും സംരക്ഷിക്കുന്നതിന് വേണ്ടിയും പരമാവധി പരിശ്രമിക്കുമെന്നകാര്യം കൂടി ഞാൻ ഈ അവസരത്തിൽ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. ഇത്തരുണത്തിൽ എനിക്ക് ആശ്വാസമുള്ള ഒരു സംഗതി കൂടി പറഞ്ഞുകൊള്ളട്ടെ. ഇന്നിവിടെ തെരഞ്ഞെടുക്കപ്പെട്ട് വന്നിട്ടുള്ള നിയമസഭാംഗങ്ങളിൽ വളരെയധികംപേരും കഴിഞ്ഞകാലത്ത് നിയമസഭാംഗങ്ങളായിരുന്ന് പരിചയം സമ്പാദിച്ചിട്ടുള്ളവരാണ്. ശേഷിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങളും തങ്ങളുടെ പ്രശസ്തമായ പൊതുജീവിതത്തിൽക്കൂടി വലിയ പാരമ്പര്യം പുലർത്തിയിട്ടുള്ളവരാണ്. എല്ലാവരും കൂടിച്ചേർന്ന് ഈ നിയമസഭാ നടപടിക്രമങ്ങൾ വിജയകരമാക്കുന്നതിന് എന്നെ സഹായിക്കുമെന്നെനിക്കുറപ്പുണ്ട്. സഭയുടെ എല്ലാ ഭാഗത്ത് നിന്നുമുള്ള സഹകരണം ഞാൻ ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുകയാണ്. സഭാനടപടികൾ റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിൽ പത്രപ്രവർത്തകരായ സുഹൃത്തുക്കളുടെ കൂടി സഹകരണം പ്രത്യേകിച്ച് അഭ്യർത്ഥിച്ചുകൊണ്ടും നിങ്ങൾ ഇവിടെ നൽകിയ സഹകരണത്തിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

# ശ്രീ. എ. സി. ജോസ്
## (ഫെബ്രുവരി 3, 1982)

ബഹുമാനപ്പെട്ട സഭാനേതാവേ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, ബഹുമാന്യരായ നിയമസഭാ സാമാജികരേ, ബഹുമാനപ്പെട്ട പത്രപ്രതിനിധികളേ,

ഈ സഭയുടെ പരമോന്നതപദവിയായ സ്പീക്കർ സ്ഥാനത്തേയ്ക്ക് എന്നെ ഐകകണ്ഠേന തെരഞ്ഞെടുത്തതിന് ഞാൻ ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു. തെരഞ്ഞെടുപ്പിന് ശേഷം ബഹുമാനപ്പെട്ട സഭാനേതാവും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മറ്റ് ബഹുമാനപ്പെട്ട നേതാക്കളും എന്നെപ്പറ്റി പറഞ്ഞ നല്ല വാക്കുകൾക്കും അനുഗ്രഹ വചസ്സുകൾക്കും അഭിനന്ദനങ്ങൾക്കും ഞാൻ അകൈതവമായ നന്ദി രേഖപ്പെടുത്തുന്നു. ഈ ബഹുമാനപ്പെട്ട സഭയുടെ പ്രവർത്തനങ്ങളിലേക്ക് കേരളീയരാകമാനം ഉറ്റുനോക്കുന്നതും ഈ സഭയുടെ പ്രവർത്തനത്തിലെ ഏറ്റവും നിർണ്ണായകവുമായ ഒരു സന്ദർഭത്തിലാണ് ഈ സഭയുടെ അദ്ധ്യക്ഷപദവിയിലേക്ക് നിങ്ങളെന്നെ നിയോഗിച്ചിട്ടുള്ളത്. ആ കനപ്പെട്ട ഉത്തരവാദിത്വം എന്നെ ഭയപ്പെടുത്തുന്നുണ്ട്. എങ്കിൽക്കൂടി ഈ സഭയിലെ ബഹുമാന്യരായ അംഗങ്ങളുടെ നിർലോഭമായ സഹകരണത്തിലൂടെ, ഭയകൗടില്യലോഭങ്ങൾക്ക് വശംവദനാകാതെ, എന്റെ കർത്തവ്യപൂർത്തീകരണത്തിന് ആത്മാർത്ഥമായി ഞാൻ പരിശ്രമിക്കുമെന്ന് ബഹുമാനപ്പെട്ട ഈ സഭയ്ക്ക് ഞാൻ ഉറപ്പുനൽകുന്നു. വിശിഷ്ടങ്ങളായ പാരമ്പര്യങ്ങളുടെ പരവതാനി വിരിച്ച് കടന്നുപോയിട്ടുള്ള എന്റെ പൂർവ്വികർ കാണിച്ചുതന്ന പാതയിലൂടെ മാത്രമേ ഞാനും ചരിക്കൂ എന്ന് സഭയ്ക്ക് ഞാനുറപ്പ് നൽകുന്നു. ഇപ്പോൾ ഇവിടെ എന്നെപ്പറ്റി പറഞ്ഞ കാര്യങ്ങൾക്ക് ഇവിടെ നിന്നിറങ്ങിപ്പോകുമ്പോഴും അർഹനാകുമെങ്കിൽ ഈ പദവിക്ക് ഞാനർഹനായി എന്ന് എന്നെ സംബന്ധിച്ചിടത്തോളം സംതൃപ്തിയുണ്ടാവും. ഈ സഭയിൽ സ്പീക്കറെന്ന നിലയിൽ നിഷ്പക്ഷതയോടും കർത്തവ്യബോധത്തോടും കൂടി എന്റെ കൃത്യങ്ങൾ നിർവ്വഹിക്കാൻ ഞാൻ പരിശ്രമിക്കുന്നതാണ്. ആ കർത്തവ്യനിർവ്വഹണത്തിൽ പാർട്ടി പരിഗണനയോ പാർട്ടി ചിന്തയോ എന്നിലുണ്ടാവുകയില്ലെന്ന് ഉറപ്പ് നൽകാനും ഞാനാശിക്കുന്നു. നമ്മുടെ നാടിനെ കാതലായി ബാധിക്കുന്ന വിവിധ

ങ്ങളായ പല പ്രശ്നങ്ങളും ആലോചനാ വിഷയമാകേണ്ട ഒരു വേദിയാണ് ഈ സഭ. ഉദാത്തമായ ചുമതലകൾ നിറവേറ്റാൻ ഈ സഭയിലെ മുഴുവൻ അംഗങ്ങളെയും ഞാൻ ക്ഷണിക്കുന്നു. പ്രശ്നങ്ങളിൽ അതി രൂക്ഷവും ശക്തിമത്തുമായ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായി എന്നു വന്നേക്കാം. എങ്കിലും നാടിന്റെയും നാട്ടാരുടെയും നന്മയാണ് പരമലക്ഷ്യം. ആ ലക്ഷ്യബോധ ത്തോടും പ്രവർത്തനക്ഷമത നിലനിർത്താ നാവശ്യമായ സഹിഷ്ണുതയോടും കൂടി ബഹുമാനപ്പെട്ട എല്ലാ മെമ്പറന്മാരും ഇവിടെ നടക്കുന്ന ചർച്ചകളിൽ പങ്കു കൊള്ളണമെന്ന് എനിക്ക് പ്രത്യേകമായ അപേക്ഷയുണ്ട്. കേരളത്തിന്റെയും കേരളീ യരുടെയും അന്തസ്സുയർത്തുമാറ് ഉന്നത മായ ജനാധിപത്യ മാനദണ്ഡങ്ങൾക്ക നുസൃതമായി ഈ സഭയുടെ നടപടികൾ കൊണ്ടുപോകാൻ ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളും എന്നെ സഹായിക്കണമെന്ന് ഓരോ അംഗത്തോടും വ്യക്തിപരമായി ഞാൻ ആത്മാർത്ഥമായി അഭ്യർത്ഥിക്കുന്നു. എന്നിൽ നിക്ഷിപ്തമായിരിക്കുന്ന ശ്രമക രവും ഭാരിച്ചതുമായ ഉത്തരവാദിത്വങ്ങൾ വിജയകരമായി നിറവേറ്റാൻ കഴിയും, നിങ്ങളുടെ എല്ലാവരുടെയും സഹായസഹ കരണങ്ങളുണ്ടെങ്കിൽ, എന്ന് ഞാൻ വിശ്വ സിക്കുന്നു. ഇവിടെ വളരെ പരിചയസമ്പന്ന മായ നിയമസഭാ സ്റ്റാഫ് ഉണ്ട്. നിയമസഭാ സെക്രട്ടറിയെ സംബന്ധിച്ച് പറഞ്ഞാൽ അദ്ദേഹവും ഞാനുമായിട്ടുള്ള ബന്ധം ഗുരുവിന്റേതും ശിഷ്യന്റേതുമാണ്. ആ ബന്ധത്തിന്റെയും പരിചയസമ്പന്നരായ സ്റ്റാഫിന്റെയും സഹായത്തോടുകൂടി എന്റെ കർത്തവ്യങ്ങൾ കൂടുതൽ പൂർണ്ണ മായി നിറവേറ്റാൻ കഴിയുമെന്ന പ്രതീക്ഷ യോടുകൂടി, ഒരിക്കൽകൂടി നിങ്ങളോരോ രുത്തർക്കും നന്ദി പറഞ്ഞുകൊണ്ട് ഞാൻ ചുരുക്കുന്നു. നിങ്ങൾക്ക് ഒരിക്കൽ കൂടി നന്ദി.

# ശ്രീ. വക്കം പുരുഷോത്തമൻ

## (ജൂൺ 24, 1982)

ബഹുമാനപ്പെട്ട സഭാനേതാവേ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, ബഹുമാന്യരായ സഭാംഗങ്ങളേ,

എന്നെ സ്പീക്കറായി തെരഞ്ഞെടുത്തതിൽ ഞാനാദ്യമായി നന്ദി പ്രകാശിപ്പിച്ചുകൊള്ളട്ടെ. അതോടൊപ്പം, ബഹുമാനപ്പെട്ട സഭാനേതാവിൽ നിന്നും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിൽ നിന്നും വിവിധ കക്ഷികളുടെ നേതാക്കന്മാരിൽനിന്നുമുണ്ടായ അനുമോദനങ്ങൾക്കും ആശംസകൾക്കും സഹകരണ വാഗ്ദാനങ്ങൾക്കും നല്ല വാക്കുകൾക്കുമെല്ലാം ഞാൻ നന്ദി പറയുന്നു. ഈ മഹനീയമായ സഭ അതിന്റെ ഏറ്റവും ഉന്നതമായ സ്ഥാനത്താണ് എന്നെ അവരോധിച്ചിരിക്കുന്നത്. ഈ സ്ഥാനം ഗൗരവമേറിയ ചില ഉത്തരവാദിത്വങ്ങൾ എന്നിൽ അർപ്പിച്ചിരിക്കുന്നു എന്ന ബോധം എനിക്കുണ്ട്. ഉൽകൃഷ്ടമായ ജനാധിപത്യ പാരമ്പര്യമവകാശപ്പെടാവുന്ന നമ്മുടെ ഈ സഭയിൽ എന്റെ മുൻഗാമികൾ സൃഷ്ടിച്ചിട്ടുള്ള ഉത്തമ മാതൃകകൾ എനിക്ക് മാർഗ്ഗദർശകങ്ങളാകുമെന്ന ആശ്വാസവുമുണ്ട്.

ജനാധിപത്യത്തിന്റെ പ്രവർത്തനം സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം കേരളത്തിൽ എന്നും ചൈതന്യപൂർണ്ണമായിരുന്നു. പ്രബുദ്ധമായ പൊതുജനാഭിപ്രായവും ജാഗരൂകമായ വൃത്താന്തപത്രപ്രവർത്തനവും ഇവിടെ നിലനിന്നുപോരുന്നു. ഇവിടുത്തെ പാർട്ടികളുടെ ബാഹുല്യവും അവയുണ്ടാക്കുന്ന കൂട്ടുകെട്ടുകളും കേരളത്തിന് പുറത്തുള്ള രാഷ്ട്രമീമാംസകർക്ക് പലപ്പോഴും മനസ്സിലാക്കാൻ പ്രയാസമുള്ള ഒരു പ്രതിഭാസമായിട്ടുണ്ട്. അതേസമയം നിയമസഭയ്ക്കുള്ളിൽ നാം മിക്കവാറും ദ്വികക്ഷി സമ്പ്രദായത്തിൽ പ്രവർത്തനം നടത്തുന്നു. അതുകൊണ്ടുതന്നെയാണ് പ്രവർത്തനക്ഷമമായ ഭരണസംവിധാനമെന്ന നിലയിൽ വിശ്വസനീയത നേടാൻ നമ്മുടെ കൂട്ടുകെട്ടുകൾക്ക് കഴിഞ്ഞിട്ടുള്ളത്. പാർലമെന്ററി ഭരണസമ്പ്രദായത്തിൽ ഏറ്റവും മുഖ്യമായിട്ടുള്ള കർത്തവ്യങ്ങളാണ് ഭരണഘടനാപ്രകാരം നിയമസഭകൾക്ക് ഏൽപ്പിച്ചുകൊടുത്തിട്ടുള്ളത്. നല്ലൊരു ഭരണത്തിനുവേണ്ടി പ്രവർത്തിക്കുക എന്ന ചുമതല നിയമസഭാസാമാജികരായ നമുക്കുള്ളതാണ്. നിയമസഭയുടെ കാര്യനിർവ്വഹണ

ത്തിന്റെ സുഗമവും നിർവിഘ്നവുമായ ഗതിക്കനുകൂലമായി പെരുമാറാനുള്ള നിരന്തരമായ യത്നം നമ്മുടെ കടമയായി ത്തീർന്നിരിക്കുന്നു. നയങ്ങളും പരിപാടികളും - എന്നുവേണ്ട, നിയമനിർമ്മാണം പോലും ചിലപ്പോൾ രൂക്ഷമായ അഭിപ്രായ സംഘട്ടനങ്ങൾക്ക് വഴിതെളിച്ചേക്കാമെന്നും വ്യത്യസ്തങ്ങളായ താൽപര്യങ്ങളും സിദ്ധാന്തങ്ങളും തമ്മിൽ ഉരസലുകളും സംഘട്ടനങ്ങളുമുണ്ടാവുക സ്വാഭാവികമാണെന്നും ഞാനംഗീകരിക്കുന്നു. രാഷ്ട്രീയ യുദ്ധങ്ങൾ അധികവും നടക്കുന്നത് സഭാതലമെന്ന രണാങ്കണത്തിലാണെന്ന് പറയാറുള്ളത് അതുകൊണ്ടുതന്നെയാണ്. പക്ഷേ ഈ കാര്യങ്ങളൊന്നും, ഈ മഹനീയമായ സഭയിലേക്ക് നമ്മെ തെരഞ്ഞെടുത്തയച്ച ജനങ്ങളോട് നമുക്കുള്ള പാവനമായ കർത്തവ്യങ്ങൾക്ക് ഒരിക്കലും ഹാനികരമാകാൻ പാടില്ല. ഏറ്റവും മുഖ്യമായി ലക്ഷ്യമാക്കാനുള്ളത് ജനങ്ങളുടെ ക്ഷേമം തന്നെയാണ്. നമ്മുടെ ചർച്ചകൾക്ക് വഴികാട്ടികളാകേണ്ടത് അവരുടെ താൽപര്യങ്ങളും.

നിയമസഭയിലെ അംഗത്വം ജനസേവനത്തിന് കിട്ടുന്ന ഒരവസരമാണ് എന്ന വസ്തുത ഞാൻ നിങ്ങളെ പ്രത്യേകം അനുസ്മരിപ്പിക്കേണ്ടതില്ല. നിയമസഭയുടെ നടപടികളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ, സഭയുടെ നെടുനാളത്തെ പാരമ്പര്യത്തിലൂടെ സ്ഥിരപ്രതിഷ്ഠ നേടിയിട്ടുള്ള കീഴ്വഴക്കങ്ങൾ എന്നിവ അംഗങ്ങൾക്ക് മേൽപ്പറഞ്ഞ ലക്ഷ്യപ്രാപ്തിക്ക് ഫലപ്രദമായ സംഭാവന നൽകാൻ അനേകം മാർഗ്ഗങ്ങൾ തുറന്നിട്ടിരിക്കുന്നു. ഈ രംഗത്ത് നൂതനമായ ഉപായങ്ങളാവിഷ്കരിച്ച് മാർഗദർശിത്വം വഹിച്ചതിന്റെ പേരിലുള്ള വൈശിഷ്ട്യവും കേരള നിയമസഭയ്ക്കുണ്ട്. 1980-ൽ ആവിഷ്കരിച്ച സബ്ജക്ട് കമ്മിറ്റികൾ തന്നെ ഇതിനൊരുദാഹരണമാണ്.

ബഹുമാനപ്പെട്ട അംഗങ്ങൾക്ക് സഭയുടെയും അതിന്റെ കമ്മിറ്റികളുടെയും നടപടികളിൽ പ്രയോജനകരമായ പങ്കാളിത്തം വഹിക്കാൻ പരമാവധി അവസരങ്ങൾ സഭയുടെ ചട്ടങ്ങൾക്കനുസരണമായി നൽകുന്നതിന് സഭാദ്ധ്യക്ഷനെന്ന നിലയിൽ ഞാൻ എപ്പോഴും പരിശ്രമിക്കുന്നതാണ്. അംഗങ്ങളിൽ ഓരോരുത്തരുടെയും അവകാശങ്ങൾക്ക് പരമാവധി പരിരക്ഷ നൽകാൻ എല്ലാ പരിശ്രമങ്ങളും നടത്തുമെന്നും ഞാൻ ഉറപ്പുനൽകുന്നു.

ഈ ഉന്നതമായ പദവിയുടെ ചുമതലകൾ വഹിക്കുന്നതിൽ എനിക്ക് കക്ഷിഭേദമെന്യേ ബഹുമാന്യരായ അംഗങ്ങളുടെ പിൻതുണയുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ക്രമാനുസൃതമായും ഫലപ്രദമായും അചഞ്ചലമായ നിഷ്പക്ഷതയോടുകൂടിയും നടപടികളെ നയിക്കാൻ പ്രതിജ്ഞാബദ്ധനായ എനിക്ക് നീതിയുക്തമായ തീരുമാനങ്ങളെടുക്കുന്ന കാര്യത്തിൽ സഭാനടപടിച്ചട്ടങ്ങളെയും അംഗീകൃത കീഴ്വഴക്കങ്ങളെയും മുറുകെ പിടിക്കേണ്ടിവരും. പ്രശ്നങ്ങൾ എത്രമേൽ ക്ഷോഭജനകങ്ങളായാലും സഭാനടപടിച്ചട്ടങ്ങൾക്കും അംഗീകൃത കീഴ്വഴക്കങ്ങൾക്കും അനുസൃതമായി തന്നെ സഭാനടപടികളിൽ പങ്കുകൊള്ളും എന്ന വിവേകപൂർവ്വമായ ദൃഢനിശ്ചയം ഒരിക്കലും കൈവിടാതെ ഓരോ അംഗവും സഭ

യിൽ പെരുമാറിയാൽ മാത്രമെ സഭയുടെ അന്തസ്സ് പുലർത്താനും സഭാനടപടികൾ സുഗമമാക്കാനും കഴിയൂ എന്ന വസ്തുത ഞാൻ ഇവിടെ അനുസ്മരിപ്പിച്ചുകൊള്ളട്ടെ. ഈ കാര്യം ബഹുമാനപ്പെട്ട അംഗങ്ങളും അവർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന കക്ഷി നേതൃത്വങ്ങളും ഗൗരവപൂർവ്വം പരിഗണിക്കണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്. ആദരണീയമായ ഈ സ്ഥാനത്തിന് ചേർന്ന വിധം നില കൊള്ളാൻ എന്നാലാവും വിധം ഞാൻ പരിശ്രമിക്കുകയാണ്.

എല്ലാ വിഭാഗത്തിന്റെയും സഹകരണം ഒരിക്കൽകൂടി ഞാനഭ്യർത്ഥിക്കുന്നു. ഒരിക്കൽകൂടി എല്ലാവർക്കും ഞാൻ നന്ദി പറയുന്നു.

# ശ്രീ. വി. എം. സുധീരൻ
## (മാർച്ച് 8, 1985)

ബഹുമാനപ്പെട്ട സഭാനേതാവേ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, ബഹുമാന്യരായ കക്ഷിനേതാക്കളേ, ബഹുമാന്യരായ സഭാംഗങ്ങളേ,

എന്നെ സ്പീക്കറായി തെരഞ്ഞെടുത്തതിൽ ഞാൻ നിങ്ങളോടോരോരുത്തരോടും ആദ്യമായി നന്ദി പ്രകാശിപ്പിച്ചുകൊള്ളട്ടെ. ബഹുമാനപ്പെട്ട സഭാനേതാവിൽനിന്നും പ്രതിപക്ഷനേതാവിൽ നിന്നും വിവിധ കക്ഷികളുടെ നേതാക്കന്മാരിൽനിന്നുമുണ്ടായ അനുമോദനങ്ങൾക്കും ആശംസകൾക്കും സഹകരണ വാഗ്ദാനങ്ങൾക്കും എന്നെക്കുറിച്ച് പറഞ്ഞ നല്ലവാക്കുകൾക്കുമെല്ലാം ഞാൻ നന്ദി പറയുന്നു.

ജനാധിപത്യത്തിന്റെ ശ്രീകോവിലായ ഈ മഹനീയ സഭയുടെ അത്യുന്നത പദവിയിലേക്കാണ് നിങ്ങൾ എന്നെ തെരഞ്ഞെടുത്തിരിക്കുന്നത് എന്നോർക്കുമ്പോൾ ഞാൻ ഏറ്റെടുത്തിട്ടുള്ള ഉത്തരവാദിത്വത്തിന്റെ ഗൗരവം പൂർണ്ണമായി ഉൾക്കൊള്ളുന്നു. ഈ മഹനീയ സഭയുടെ അന്തസ്സും അഭിമാനവും ഉയർത്തിപ്പിടിച്ചുകൊണ്ടും ബഹുമാനപ്പെട്ട അംഗങ്ങളുടെ അവകാശങ്ങൾ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ടും ഞാൻ ഏറ്റെടുത്ത ചുമതല തൃപ്തികരമായി നിറവേറ്റാൻ ശ്രമിക്കുമെന്ന് നിങ്ങൾക്ക് ഉറപ്പ് നൽകുന്നു.

എനിക്ക് ചിരപരിചിതമായ പ്രവർത്തന രംഗത്തുനിന്നും വ്യത്യസ്തമായ ഒരു പ്രവർത്തന മേഖലയിലേക്കാണ് ഞാൻ കാലൂന്നുന്നത്. തികച്ചും അവിചാരിതമായും അപ്രതീക്ഷിതമായും എന്നിൽ അർപ്പിതമായ ഈ ഉത്തരവാദിത്വം ഭംഗിയായി നിർവ്വഹിക്കാൻ സഭയിലെ ബഹുമാന്യരായ എല്ലാ അംഗങ്ങളുടെയും കലവറയില്ലാത്ത സഹകരണവും സഹായവും ഞാൻ പ്രതീക്ഷിക്കുന്നു.

ഉൽകൃഷ്ടവും ഉദാത്തവുമായ ജനാധിപത്യ പാരമ്പര്യമവകാശപ്പെടാവുന്ന നമ്മുടെ നിയമസഭ ഇൻഡ്യയിലെ പല സംസ്ഥാന നിയമസഭകൾക്കും മാർഗ്ഗദർശനവും നേതൃത്വവും നൽകിയിട്ടുള്ള വസ്തുത ഞാനിവിടെ സ്മരിക്കുന്നു.

പാർലമെന്ററി ഭരണസമ്പ്രദായത്തിൽ അതിപ്രധാനമായ പങ്കാണ് നമ്മുടെ നിയമസഭകൾക്ക് ഭരണഘടന വിഭാവനം ചെയ്യുന്നത്.

ജനക്ഷേമകരമായ സൽഭരണത്തിനുവേണ്ടി പ്രവർത്തിക്കുവാൻ ജനപ്രതിനിധികളായ നാം ചുമതലപ്പെട്ടവരാണ്. വ്യത്യസ്ത ങ്ങളായ രാഷ്ട്രീയാദർശങ്ങൾ വച്ചുപുലർ ത്തുന്നവരാണ് ഈ സഭയിലുള്ളതെങ്കിലും നമ്മുടെയെല്ലാം ആത്യന്തികലക്ഷ്യം ജന നന്മയാണെന്നകാര്യം ഒരിക്കലും വിസ്മരി ക്കാൻ കഴിയില്ല. വ്യത്യസ്ത രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളെ പിന്തുടരുന്ന നിയമ സഭാ സാമാജികന്മാർക്ക് ഓരോ രാഷ്ട്രീയ കക്ഷിയോടും കടപ്പാടുണ്ടെങ്കിലും, ആത്യ ന്തികമായ കടപ്പാട് ജനങ്ങളോടാണെന്ന കാര്യം നാം മറന്നുകൂടാ.

രൂക്ഷമായ അഭിപ്രായസംഘട്ടനങ്ങൾ ഈ സഭാതലത്തെ പലപ്പോഴും പ്രക്ഷുബ്ധമാ ക്കാറുണ്ടെങ്കിലും, ചിലപ്പോഴൊക്കെ ബഹുമാ നപ്പെട്ട അംഗങ്ങൾക്ക് നിയന്ത്രണം വിട്ടു പോകാറുണ്ടെങ്കിലും, ഈ സഭയിൽ അംഗ ങ്ങളായ നാമെല്ലാം നമ്മുടെ കനത്ത ഉത്തര വാദിത്വത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ അത്തരം നടപടികൾ ആവർത്തിക്കാതിരി ക്കേണ്ടതിന്റെ ആവശ്യകത ബോധ്യമാകും.

നിയമസഭയിലെ അംഗത്വം ജനസേവന ത്തിന് നമുക്ക് ലഭിച്ചിട്ടുള്ള ഏറ്റവും വലിയ ഒരു അവസരമായി കണക്കാക്കി സഭയുടെ നടപടികളും കാര്യനിർവ്വഹണവും സംബ ന്ധിച്ച ചട്ടങ്ങളും, സഭയിൽ സ്ഥിരപ്രതിഷ്ഠ നേടിയിട്ടുള്ള കീഴ്‌വഴക്കങ്ങളും പിൻതു ടർന്നുകൊണ്ട് സഭാനടപടികൾ കാര്യക്ഷമ മാക്കി കേരളത്തിലെ ജനജീവിതം കുറേ ക്കൂടി മെച്ചപ്പെടുത്താമെന്ന് നമുക്ക് ഒരുമിച്ച് പ്രതിജ്ഞ ചെയ്യാം.

സഭയിലെ അംഗങ്ങളായ നമ്മളാണ് ഈ സഭയുടെ അന്തസ്സും അഭിമാനവും ഉയർത്തി പ്പിടിക്കാൻ ബാധ്യതയുള്ളവർ. നമ്മെ തെര ഞ്ഞെടുത്ത ആയിരം കണ്ണുകൾ അകലെ യാണെങ്കിലും നമ്മുടെ പ്രവർത്തനം വീക്ഷി ക്കുന്നു എന്ന തോന്നലോടെ ഈ മഹനീയ സഭയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കാൻ നമുക്ക് ഒറ്റക്കെട്ടായി പരിശ്രമിക്കാം.

പാർലമെന്ററി ജനാധിപത്യ ഭരണസംവി ധാനം വിഭാവനം ചെയ്യുന്നരീതിയിൽ നമ്മുടെ നിയമസഭകളുടെ പ്രവർത്തനം ഫലപ്രദമായി നടക്കുന്നില്ല എന്ന ആക്ഷേപം ഇന്ന് പരക്കെ പറഞ്ഞുകേൾ ക്കുന്നു. ഗവൺമെന്റ് ബിസിനസ്സുകൾക്ക് ലഭിക്കുന്നത് പോലെയുള്ള മുൻഗണനയും പ്രാധാന്യവും നിയമനിർമ്മാണ നടപടി കൾക്ക് ലഭിക്കുന്നില്ലെന്നത് ഒരു വസ്തുത യാണ്. ഇത് നമ്മുടെ നിയമനിർമ്മാണ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചി ട്ടുണ്ട്. ഭരണഘടനാപരമായി ഗവൺമെന്റ് ബിസിനസ്സുകൾക്ക് നൽകുന്ന അതേ പ്രാധാന്യം നിയമനിർമ്മാണ നടപടി കൾക്കും നൽകണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. നിയമനിർമ്മാണ നടപടി കൾക്ക് പ്രാധാന്യം നൽകുവാനും അതോ ടൊപ്പം ബഹുമാനപ്പെട്ട അംഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാനും അവസ രങ്ങൾ വർദ്ധിപ്പിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പുനൽകുന്നു.

സ്പീക്കർ എന്ന നിലയിലുള്ള എന്റെ പ്രവർ ത്തനങ്ങൾക്ക് നിയമസഭാ സെക്രട്ടേറി യറ്റിലെ സ്റ്റാഫംഗങ്ങളുടെയും ബഹുമാന്യ രായ പത്രപ്രവർത്തകരുടെയും സഹകര ണവും സഹായവും ഞാൻ അഭ്യർത്ഥി ക്കുന്നു.

നിഷ്പക്ഷവും നീതിപൂർവ്വവുമായ പ്രവർത്തനത്തിലൂടെ കക്ഷിപരിഗണനകൾക്കതീതമായി സഭാനടപടികൾ നിയന്ത്രിക്കാൻ ഞാൻ ശ്രമിക്കുമെന്ന് ഇത്തരുണത്തിൽ പറയട്ടെ. സഭാനടപടിക്രമങ്ങളും ചട്ടങ്ങളും, അതുപോലെ തന്നെ സഭയിലെ കീഴ്വഴക്കങ്ങളും എന്റെ മുൻഗാമികൾ വെട്ടിത്തെളിച്ച പാതകളും ഞാൻ പിന്തുടർന്നുകൊണ്ട് മുന്നോട്ട് പോകുമ്പോൾ നിങ്ങളുടെയെല്ലാം സഹകരണവും സഹായവുമാണ് ഞാൻ പ്രധാനമായും പ്രതീക്ഷിക്കുന്നതെന്ന് ഒരിക്കൽകൂടി പറഞ്ഞുകൊണ്ട് നിങ്ങൾക്കെല്ലാം നന്ദി രേഖപ്പെടുത്തുന്നു.

# ശ്രീ. വർക്കല രാധാകൃഷ്ണൻ

## (മാർച്ച് 30, 1987)

ബഹുമാന്യനായ സഭാനേതാവേ, ബഹുമാന്യനായ പ്രതിപക്ഷനേതാവേ, ബഹുമാനപ്പെട്ട കക്ഷിനേതാക്കളേ, ബഹുമാനപ്പെട്ട സഭാംഗങ്ങളേ,

ഒരു സമ്മിശ്ര വികാരത്തോടുകൂടിയാണ് ഞാൻ ഇവിടെ നിൽക്കുന്നത്. എന്നിൽ സമർപ്പിച്ചിട്ടുള്ള ഉത്തരവാദിത്വം വമ്പിച്ചതാണെന്ന് എനിക്കറിയാം. അതോടൊപ്പം തന്നെ എനിക്കുള്ള പല പരിമിതികളെ സംബന്ധിച്ചും എനിക്ക് ബോധ്യമുണ്ട്. ഈ പശ്ചാത്തലത്തിൽ ഈ സഭയുടെ അദ്ധ്യക്ഷനെന്നുള്ള നിലയിൽ എന്റെ ഭാരിച്ച ചുമതലകൾ നിർവ്വഹിക്കാൻ ഞാൻ പരമാവധി ശ്രമിക്കുന്നതാണ്. സ്പീക്കറെന്നുള്ള നിലയിൽ എനിക്കുള്ള ചില പ്രത്യേക ഗൈഡ്‌ലൈൻസ് ഞാൻ ആദ്യമേ പറയാൻ ആഗ്രഹിക്കുകയാണ്. ഒന്നാമതായി ഈ സഭയുടെ അന്തസ്സും ഔന്നത്യവും നിലനിർത്താൻ നിയമപരമായി ആവശ്യമുള്ള എല്ലാ കാര്യങ്ങളും ചെയ്യുമെന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പ് പറയുന്നു. രണ്ടാമതായി ഈ സഭാംഗങ്ങൾക്കുള്ള നിയമപരമായ എല്ലാ അവകാശങ്ങളും പൂർണ്ണമായ അളവിൽ സംരക്ഷിക്കാൻ സ്പീക്കറെന്ന നിലയിൽ എന്റെ എല്ലാ കഴിവുകളും വിനിയോഗിക്കുന്നതാണ്. അതുപോലെ തന്നെ ആരോടും പകയോ വിദ്വേഷമോ ഇല്ലാതെ നിർഭയമായും നിഷ്പക്ഷമായും നടപടികൾ മുന്നോട്ട് കൊണ്ടുപോകാനാണ് ഞാൻ ആഗ്രഹിക്കുന്നത്.

മറ്റൊരു കാര്യം എനിക്ക് പറയാനുള്ളത് പത്രപ്രവർത്തകരോടാണ്. നമ്മുടെ സഭാനടപടികൾ, ചർച്ച ഇവ ഗൗരവപൂർണ്ണവും അർത്ഥവത്തുമാക്കുന്നതിന് നിങ്ങളുടെയും സഹകരണം ആവശ്യമാണ്. പ്രസിദ്ധീകരണത്തെക്കുറിച്ച് എനിക്ക് മനസ്സിലാകും. പക്ഷേ നല്ലവണ്ണം പഠിച്ച് ചർച്ചചെയ്യുന്ന ആളുകൾക്ക് കൂടി ജനങ്ങൾക്കിടയിൽ അംഗീകാരമുണ്ടാക്കാൻ പ്രസ്സിന്റെ സഹകരണവും ആവശ്യമാണ്. വാർത്താപ്രാധാന്യം മാത്രമാകരുത് നമ്മുടെ ലക്ഷ്യം.

അതുപോലെ തന്നെ സഭയിൽ വന്നിട്ടുള്ള നവാഗതരായ ബഹുമാനപ്പെട്ട അംഗങ്ങളോട് എനിക്ക് പറയാനുള്ളത് വളരെ സമയമെടുത്ത് നടപടിക്രമങ്ങൾ പഠിച്ച് പ്രശ്നങ്ങൾ പൂർണ്ണമായി മനസ്സിലാക്കി അവതരിപ്പിക്കാൻ നിങ്ങളുടെയും സഹായം ആവശ്യ

മാണെന്നാണ്. എനിക്ക് ഏറ്റവും സന്തോഷം തോന്നുന്നത് വളരെ ശക്തമായ ഒരു പ്രതിപക്ഷവും പരിചയസമ്പന്നരായ പ്രതിപക്ഷ നേതാക്കളുമടങ്ങുന്ന ഒരു സഭയാണ് ഇതെന്നുള്ളതാണ്. അതുപോലെതന്നെ പരിചയസമ്പന്നരും വളരെ പ്രാഗത്ഭ്യം നേടിയവരുമായ ഭരണപക്ഷവും ഉണ്ട്. നിങ്ങളുടെയെല്ലാം സഹകരണമുണ്ടെങ്കിൽ എന്റെ കഴിവിനൊത്ത് ചുമതലകൾ നിർവ്വഹിക്കുവാൻ കഴിയുമെന്നുള്ള ആത്മാർത്ഥമായ പ്രതീക്ഷയാണ് എനിക്കുള്ളത്. തീർച്ചയായും എന്റെ വിജയം പൂർണ്ണമായും നിങ്ങളുടെ സഹകരണത്തിൽ മാത്രം അധിഷ്ഠിതമാണ്. സംഘർഷാത്മകമായ രംഗങ്ങളുണ്ടായാൽ അത് ലഘൂകരിക്കാൻ സ്പീക്കറെന്നുള്ള നിലയിൽ എനിക്ക് മാനസികമായും ശാരീരികവുമായുള്ള സ്റ്റാമിന ഉണ്ടാകട്ടെയെന്നാണ് എന്റെ ആഗ്രഹം.

ഞാൻ വളരെ തുറന്ന് എന്റെ അഭിപ്രായം പറയുകയാണ്. ഈ സഭയിൽ എല്ലാ നടപടികളും പരിപൂർണ്ണമായും മലയാളത്തിൽ നടത്തണമെന്നുള്ള നയമാണ് എനിക്കു പറയാനുള്ള മറ്റൊരു കാര്യം. അതോടൊപ്പം ഒരു കാര്യം കൂടി ഞാൻ പറയാൻ ആഗ്രഹിക്കുന്നു. ദീർഘകാലമായി ഇംഗ്ലീഷിൽ സംസാരിച്ച് ശീലിച്ചുപോയതുകൊണ്ട് സ്പീക്കറെന്നുള്ള നിലയിൽ പലപ്പോഴും ഇംഗ്ലീഷ് സംസാരിച്ചുപോകും. അത് ക്ഷമിക്കണം. പക്ഷേ നയം മറ്റൊന്നാണ്. കഴിഞ്ഞ കാൽനൂറ്റാണ്ടുകാലമായി ഇംഗ്ലീഷ് ഭാഷ നിരന്തരമായി കൈകാര്യം ചെയ്യുന്നതുകൊണ്ട് ഈ സഭയിൽ ഇരിക്കുമ്പോഴും അറിഞ്ഞോ അറിയാതെയോ ധാരാളം ഇംഗ്ലീഷിൽ സംസാരിച്ചു പോകും. ബഹുമാനപ്പെട്ട ലോനപ്പൻ നമ്പാടൻ മാസ്റ്ററുടെ അറിവിലേക്കായി ഞാൻ ഒരു കാര്യം പറയുകയാണ്. ഒരു കാരണവശാലും അടിസ്ഥാനപരമായ നയത്തിൽ മാറ്റമില്ല. മാതൃഭാഷയിൽ തന്നെ സഭാനടപടികൾ നടത്തണമെന്ന പൂർണ്ണ വിശ്വാസമാണ് എനിക്കുള്ളത്. ഇവിടെ നേതാക്കൾ പ്രകടിപ്പിച്ച എല്ലാ അഭിപ്രായങ്ങൾക്കും എന്റെ ഹൃദയം നിറഞ്ഞ നന്ദി പ്രകടിപ്പിച്ചുകൊള്ളുന്നു.

# ശ്രീ. പി. പി. തങ്കച്ചൻ

## (ജൂലായ് 1, 1991)

ബഹുമാന്യരായ സഭാംഗങ്ങളേ, ജനാധിപത്യത്തിന്റെ ശ്രീകോവിലായ ഈ വേദിയിൽ വിനയാന്വിതനായിട്ടാണ് ഞാനിപ്പോൾ നിൽക്കുന്നത്. ഈ സംസ്ഥാനത്തെ ജനങ്ങൾ ആരിൽ വിശ്വാസമർപ്പിച്ചുവോ അവരുടെ വിശ്വാസമാണ് എന്നെ ഇവിടെ എത്തിച്ചിരിക്കുന്നത്. ഓരോ ജനപ്രതിനിധിയും ഓരോ സർക്കാരും തെരഞ്ഞെടുപ്പ് കഴിയുമ്പോൾ എല്ലാവരുടെയും പ്രതിനിധിയും എല്ലാവരുടെയും സർക്കാരുമായി പരിണമിക്കുന്നുവെന്ന സത്യമാണ് ജനാധിപത്യത്തിന്റെ സവിശേഷത. അതുപോലെ എന്നെ ഈ തെരഞ്ഞെടുപ്പിൽ അനുകൂലിച്ചവരും പ്രതികൂലിച്ചവരും തമ്മിൽ വേർതിരിക്കുന്ന അതിർവരമ്പ് തെരഞ്ഞെടുപ്പ് കഴിഞ്ഞ സമയം മുതൽ അലിഞ്ഞ് ഇല്ലാതാകുന്നതാണ് ഞാൻ കാണുന്ന ദൃശ്യം. നിയമനിർമ്മാണ കാര്യങ്ങളിലും ജനാധിപത്യത്തിന്റെ വളർച്ചയിലും ഇൻഡ്യയ്ക്ക് എന്നും മാതൃക കാണിക്കുന്ന വളരെയേറെ സവിശേഷതകളുള്ള ഈ സഭയുടെ സ്പീക്കറായി നിങ്ങളെന്നെ തെരഞ്ഞെടുത്തതിൽ എനിക്ക് നിങ്ങളെല്ലാവരോടും നന്ദിയുണ്ട്. പ്രഗൽഭരായ എന്റെ മുൻഗാമികളെ ഞാൻ ഈ അവസരത്തിൽ പ്രത്യേകം ഓർക്കുകയും അവരുടെ വിലപ്പെട്ട സേവനങ്ങളെ കൃതജ്ഞതയോടുകൂടി സ്മരിക്കുകയും ചെയ്യുന്നു. അവരിൽ ശ്രീ. വി. എം. സുധീരനും ശ്രീ. വർക്കല രാധാകൃഷ്ണനും എന്നെ സഹായിക്കാനായി ഈ സഭയിൽത്തന്നെയുണ്ടെന്ന കാര്യം എനിക്ക് കൂടുതൽ ആത്മധൈര്യവും പ്രചോദനവും നൽകുന്നുണ്ട്. എന്റെ പൊതുജീവിതത്തിലെ വളർച്ചയിൽ നിർണ്ണായക പങ്കുവഹിച്ചിട്ടുള്ള ബഹുമാന്യനും നിയമസഭാ പ്രവർത്തനരംഗത്ത് പരിചയസമ്പന്നനും വളരെയേറെ വർഷങ്ങളായി കേരള രാഷ്ട്രീയത്തിൽ മാത്രമല്ല, ദേശീയ രാഷ്ട്രീയത്തിൽ നിറഞ്ഞ് നിൽക്കുന്ന സഭാനേതാവുമായ ശ്രീ. കരുണാകരന്റെയും എല്ലായ്പ്പോഴും എന്നോട് വാൽസല്യപൂർവ്വം പെരുമാറിവരുന്ന ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ശ്രീ. ഇ. കെ. നായനാരുടെയും ഭരണരംഗത്തും പൊതുജീവിതത്തിലും പ്രഗൽഭരും പരിചയസമ്പന്നരുമായ എല്ലാ ഭരണകക്ഷി, പ്രതിപക്ഷനേതാക്കന്മാരുടെയും എല്ലാ ബഹുമാന്യരായ സഭാംഗങ്ങളുടെയും സാന്നിദ്ധ്യം

എനിക്ക് കൂടുതൽ മനോധൈര്യവും ആത്മവിശ്വാസവും പകരുന്നു. സഭാ നടപടികൾ ഭംഗിയായി നടത്തിക്കൊണ്ടുപോകുന്നതിൽ പരിചയസമ്പന്നരായ നിയമസഭാ ജീവനക്കാരുടെയും സഹായവും സഹകരണവും ഞാൻ പ്രതീക്ഷിക്കുകയാണ്. ഇക്കാര്യത്തിൽ എന്നും സജീവമായി പങ്ക് വഹിച്ചിട്ടുള്ള പത്രലോകത്തെ സുഹൃത്തുക്കളും മറ്റ് വാർത്താമാധ്യമങ്ങളും അവരുടെ സഹായസഹകരണങ്ങൾ തുടർന്നും നൽകുമെന്നും എനിക്ക് ഉറപ്പുണ്ട്.

ജനാധിപത്യവും മതേതരത്വവും കാത്ത് സംരക്ഷിക്കേണ്ടത് നമ്മുടെ രാജ്യത്തിന്റെ നിലനിൽപ്പിനും ഐക്യത്തിനും പുരോഗതിക്കും ആവശ്യമാണ്. ഇതിനെതിരായി ഉയർന്നുവരുന്ന ഭീഷണികൾ കണ്ടില്ലെന്ന് നടിക്കാൻ നമുക്കാവില്ല. കൂട്ടായ പ്രവർത്തനത്തിലൂടെ ഇതിന് പരിഹാരം കാണേണ്ടത് രാജ്യസ്നേഹികളായ നമ്മുടെ ചുമതലയാണ്. ഇക്കാര്യത്തിൽ ഈ സഭ, സന്ദർഭത്തിന്റെ ഗൗരവം കണക്കിലെടുത്ത് പ്രവർത്തിക്കുമെന്ന് ഞാൻ ഉറപ്പായി വിശ്വസിക്കുകയാണ്. സഭയുടെയും സഭാംഗങ്ങളുടെയും മാന്യതയും അന്തസ്സും അവകാശങ്ങളും ഉയർത്തിപ്പിടിച്ചും എല്ലാവരെയും വിശ്വാസത്തിലെടുത്തും നിഷ്പക്ഷമായി കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാനുള്ള എന്റെ എളിയ ശ്രമങ്ങൾക്ക് എല്ലാഭാഗത്തുനിന്നും സഹായസഹകരണങ്ങൾ ഉണ്ടാവണമെന്നും എന്തെങ്കിലും കുറ്റങ്ങളും കുറവുകളും എന്റെ ഭാഗത്ത് നിന്നുമുണ്ടായാൽ അത് ചൂണ്ടിക്കാണിക്കുവാനും തിരുത്തിക്കാനും നിങ്ങൾ ശ്രമിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു. സഭാനടപടികളുടെ വിജയകരമായ നടത്തിപ്പിനുള്ള കൂട്ടായ ശ്രമത്തിൽ നമുക്കെല്ലാവർക്കും ഒരുമിച്ച് പങ്കാളികളാകാം. എല്ലാവർക്കും ഒരിക്കൽകൂടി നന്ദി.

# ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

(ജൂൺ 27, 1995)

ബഹുമാന്യരായ സഭാംഗങ്ങളേ, സമുന്നതമായ ഈ സഭയുടെ നാഥനായി എന്നെ തെരഞ്ഞെടുത്തതിൽ ഞാൻ അങ്ങേയറ്റം നന്ദി രേഖപ്പെടുത്തുകയാണ്. ബ്രിട്ടീഷ് പാർലമെന്റിന്റെ പ്രാരംഭകാലത്ത് കോമൺവെൽത്ത് സഭയിലെ അംഗങ്ങൾക്ക് രാജാവുമായി ബന്ധപ്പെടാൻ അവസരമില്ലാത്തൊരു സാഹചര്യത്തിൽ രാജാവുമായി ആശയവിനിമയം ചെയ്യാനുള്ള ഒരു മാധ്യമം എന്ന നിലയ്ക്കാണ് സ്പീക്കറെ ഉപയോഗിച്ചിരുന്നത്. അങ്ങനെ സാധാരണക്കാരുടെ ജിഹ്വയായി, ജനങ്ങളുടെ വികാരമായി, നിയമസഭയുടെ സ്വരമായിരിക്കാൻ ഞാൻ പരമാവധി ശ്രമിക്കുമെന്ന് ഉറപ്പ് നൽകുന്നു. ഒരു രാഷ്ട്രീയ പാർട്ടിയുടെ പ്രതിനിധിയായി ഈ നിയമസഭയിൽ വന്ന ഞാൻ, ഞാനല്ലാതാവുകയും എല്ലാവരുടെയും ചെയറായി, വലുതായ ഒരു സ്ഥാനം അലങ്കരിക്കുകയും ചെയ്യുന്ന ഈ സന്ദർഭത്തിൽ മാന്യമായ ആ പദവിയുടെ അന്തസ്സ് നിലനിറുത്തുമെന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പ് നൽകുന്നു. പ്രഗൽഭമതികളായ നിരവധി ആളുകൾ അലങ്കരിച്ച ഉന്നതമായ ഒരു സ്ഥാനത്താണ് നിങ്ങളെന്നെ കയറ്റിയിട്ടുള്ളത്. നിങ്ങൾ എന്നിൽ അർപ്പിച്ച വിശ്വാസം അസ്ഥാനത്താകാതിരിക്കാൻ ആത്മാർത്ഥമായ ശ്രമം നടത്തുമെന്ന് ഞാൻ ഉറപ്പ് നൽകുന്നു. പലപ്പോഴും സ്പീക്കറെ ഒരു റഫറിയായിട്ടാണ് ചിത്രീകരിക്കാറുള്ളത്. കളിക്കളത്തിൽ ആരോഗ്യപരമായ മത്സരം നടത്താനും നിഷ്പക്ഷമായി കാര്യങ്ങൾ നടത്താനും ഉത്തരവാദപ്പെട്ട ആളാണ് റഫറി എന്ന സങ്കൽപ്പത്തിന്റെ അടിസ്ഥാനം, പക്ഷേ റഫറി മാത്രം കരുതിയാൽ പോരാ, കളിക്കളത്തിൽ നിയമങ്ങൾ അംഗീകരിക്കാനും, സൗഹൃദമായ മനോഭാവം തുടരാനും കളിയുടെ നിയമങ്ങൾ അനുസരിക്കാനും അംഗങ്ങളും തയ്യാറാകണമെന്നതാണ് എന്റെ വിനീതമായ അഭിപ്രായം. ജനാധിപത്യ സംവിധാനത്തിൽ എല്ലാ ആളുകളും ഏറ്റവുമധികം കണ്ണും കാതും കൂർപ്പിച്ച് നിൽക്കുന്നത് ഇവിടെ നടക്കുന്ന കാര്യങ്ങൾ കേൾക്കാനാണ്. കാരണം, ജനാധിപത്യത്തിൽ ജനകീയ പ്രശ്നങ്ങൾ ഏറ്റവും അധികം ചർച്ച ചെയ്യപ്പെടുന്ന വേദി ഇതാണ്. ജനകീയ താൽപര്യങ്ങൾ പരിരക്ഷിക്കപ്പെടുന്ന, പ്രതിഫലിപ്പിക്കുന്ന

വേദി ഇതാണ്. അക്കാരണം കൊണ്ട് തന്നെ ചൂടും എരിവും വാശിയും വീറു മൊക്കെ കാണുമെന്നത് ശരിയാണ്. പക്ഷേ അടിസ്ഥാനപരമായി ധാർമ്മികമായ അടി ത്തറയോടുകൂടി ജനാധിപത്യത്തിന്റെ ശ്രീകോവിലിൽ അന്തസ്സ് നിലനിർത്താ നുള്ള ബാദ്ധ്യത നമുക്കെല്ലാവർക്കുമുണ്ട്. അതിൽ പാളിച്ച പറ്റിയാൽ, അതിൽ വീഴ്ച പറ്റിയാൽ പരാജയപ്പെടുന്നത് ഭരണകക്ഷിയോ പ്രതിപക്ഷമോ അല്ല; ഈ രാജ്യത്തെ ജനാധിപത്യസംവിധാ നമാണ് എന്ന ബോധം നമുക്ക് വേണ മെന്ന് മാത്രമേ എനിക്ക് വിനീതമായി അഭ്യർത്ഥിക്കുവാനുള്ളൂ.

പ്രഗൽഭമതികളായ നിരവധി ആളുകൾ പ്രവർത്തിച്ച ഒരു രംഗമാണിത്. പുരോ ഗമനപരമായ നിരവധി നിയമങ്ങൾക്ക് വേദിയൊരുക്കിയ സഭയാണിത്. അത്ഭുത കരമായ നിരവധി ചരിത്രസംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച വേദിയാണിത്. ആ പാരമ്പര്യം നിലനിറുത്താൻ നിങ്ങളെല്ലാ പേരും സഹായിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. ഏറ്റവും കുറച്ച് സംസാരി ക്കുന്ന ആളാണ് ഏറ്റവും നല്ല സ്പീക്കർ എന്നാണ് പറയാറുള്ളത്. എന്നെക്കൊണ്ട് ഏറ്റവും കുറച്ച് സംസാരിപ്പിക്കാൻ നിങ്ങ ളെല്ലാപേരും സഹായിക്കണമെന്ന് എനിക്ക് അഭ്യർത്ഥനയുണ്ട്. കൂട്ടായ നമ്മുടെ പ്രവർ ത്തനം കൊണ്ട് ഭാരിച്ച ഈ ചുമതല നിർവ്വ ഹിക്കാൻ നിങ്ങളുടെ പിന്തുണയും ജഗദീ ശ്വരന്റെ അനുഗ്രഹവും കൊണ്ട് ഇടവ രട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

# ശ്രീ. എം. വിജയകുമാർ

## (മേയ് 30, 1996)

ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട സഭാനേതാവേ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, ബഹുമാന്യരായ കക്ഷിനേതാക്കന്മാരേ, മറ്റു നിയമസഭാംഗങ്ങളേ, സുഹൃത്തുക്കളേ,

ഈ നിയമസഭയുടെ അദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ട എനിക്ക് നിങ്ങൾ നൽകിയ അഭിനന്ദനങ്ങൾക്ക് ഹൃദയം നിറഞ്ഞ നന്ദി ഞാൻ പ്രകാശിപ്പിക്കുന്നു. ഇവിടെ അഭിവന്ദ്യരായ നേതാക്കളും മറ്റംഗങ്ങളും പ്രകടിപ്പിച്ച വികാരം ഈ സഭയുടെ ഹൃദയവികാരമായി ഞാൻ ഉൾക്കൊള്ളുകയാണ്. ഒരു നൂറ്റാണ്ടിലേറെക്കാലത്തെ മഹനീയ പാരമ്പര്യം അവകാശപ്പെടാവുന്ന നമ്മുടെ നിയമസഭയുടെ അദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ടത് എന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവായി ഞാൻ കാണുകയാണ്. സ്പീക്കർ പദവി ഒരു സിംഹാസനമാണെന്നും അതല്ല ഒരു മുൾക്കിരീടമാണെന്നും രണ്ട് അഭിപ്രായങ്ങളുണ്ട്. ഇത് രണ്ടുമല്ലെന്നാണ് എന്റെ അഭിപ്രായം. സ്പീക്കർ എന്ന സങ്കല്പത്തിനുതന്നെ കാതലായ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ് ഈ കാലഘട്ടം. സ്പീക്കർ സഭയുടെ നാഥൻ അഥവാ "Speaker is the Master of the House" എന്നാണ് പഴയ സങ്കല്പം. അതിനുപകരം നിങ്ങളിൽ ഒരുവനായി "Speaker is the Servant of the House" എന്നതാണ് എന്റെ കാഴ്ചപ്പാട്. അതുപോലെതന്നെയാണ് ഈ സഭയും. നിയമസഭയെക്കുറിച്ച് ഇവിടെ വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ പ്രകടിപ്പിക്കപ്പെട്ടു. നിയമസഭ ജനങ്ങളുടെ പ്രതീക്ഷകൾക്കനുസരിച്ച് ഉയരണം. ഏത് ജനാധിപത്യ സ്ഥാപനത്തിന്റെയും നിലനിൽപ്പ് ആ സ്ഥാപനം സമൂഹത്തിന് എന്ത് പ്രയോജനം നൽകുന്നു, എന്ത് സേവനം നൽകുന്നുവെന്നത് അടിസ്ഥാനപ്പെടുത്തിയാണ്. ആ കടമ ഈ സഭയും സഭാംഗങ്ങളും നിർവ്വഹിച്ചില്ലെങ്കിൽ ഈ സഭയോട് ജനങ്ങൾക്കുള്ള പ്രതീക്ഷ അസ്തമിക്കും. നിയമസഭാപ്രവർത്തനരംഗത്ത് ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ തന്നെ ഒട്ടേറെ മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്. അതിനെക്കുറിച്ച് നമുക്ക് കൂട്ടായി ആലോചിക്കാമെന്നു മാത്രമേ ഞാൻ ഈ അവസരത്തിൽ പറയു

ന്നുള്ളൂ. സമൂഹത്തിന്റെ ശരിയായ പ്രതിഫലനം സഭാവേദികളിൽ ഉണ്ടാവുക സ്വാഭാവികമാണ്. സംഘർഷഭരിതമായ അത്തരം സന്ദർഭങ്ങളിലും പരസ്പരം ബഹുമാനവും വ്യക്തി ബന്ധങ്ങളും കാത്തു സൂക്ഷിച്ച് സഭയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കാൻ നമുക്ക് കഴിയണം. ഈ പത്താം കേരള നിയമസഭയ്ക്ക് ഒട്ടേറെ പ്രത്യേകതകളുണ്ട്. മറ്റൊരു സഭയ്ക്കും ഇല്ലാതിരുന്ന പ്രത്യേകതകളുണ്ട്. ദീർഘ നാളത്തെ പ്രവർത്തന പാരമ്പര്യമുള്ള പ്രശസ്തരും പ്രഗത്ഭരും ഈ സഭയിൽ ഉണ്ട്. കാൽനൂറ്റാണ്ടുകാലം പിന്നിട്ട പ്രഗത്ഭരുണ്ട്. പ്രഗത്ഭമതികളുണ്ട്. ഈ നിയമസഭയിൽ മൂന്ന് മുൻ സ്പീക്കർമാരുണ്ട്. ഈ നിയമസഭയിൽ രണ്ട് മുൻ ഡെപ്യൂട്ടി സ്പീക്കർമാരുണ്ട്. ഈ നിയമസഭയിൽ കഴിഞ്ഞ കാലത്ത് നിയമമന്ത്രിയായി പ്രഗത്ഭസേവനം അനുഷ്ഠിച്ച ശ്രീ. കെ. എം. മാണിയെപ്പോലുള്ള ആളുകളുണ്ട്. ഈ നിയമസഭയിലെ ഇന്നത്തെ നിയമമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ ഇന്ത്യക്കാകെ മാതൃകയായി നാം അംഗീകരിച്ച സബ്ജക്ട് കമ്മിറ്റികളുടെ രൂപീകരണത്തിനുവേണ്ടി രൂപീകരിച്ച അഡ്ഹോക്ക് കമ്മിറ്റിയുടെ ചെയർമാൻ കൂടിയായിരുന്നു. അങ്ങനെ ഒട്ടേറെ പ്രത്യേകതകൾ ഈ നിയമസഭയ്ക്കുണ്ട്. അതുപോലെ തന്നെ പുതിയ അംഗങ്ങൾ - അതും ഒരു പ്രത്യേകതയാണ്. നാൽപ്പത്തിമൂന്നോളം പുതിയ അംഗങ്ങൾ ഇവിടേക്ക് കടന്നുവന്നിട്ടുണ്ട്. നൂറ്റിനാല്പതിൽ നാൽപ്പത്തിമൂന്ന് എന്ന് പറയുന്നത് വളരെ അഭിമാനിക്കത്തക്ക സംഗതിയായി ഞാൻ കാണുകയാണ്. എല്ലാവരുടെയും വിലയേറിയ നിർദ്ദേശങ്ങളും സ്നേഹാദരങ്ങളും ഞാൻ ഈയവസരത്തിൽ പ്രതീക്ഷിക്കുകയാണ്. നിങ്ങൾ എന്നിൽ അർപ്പിച്ചിട്ടുള്ള ഉത്തരവാദിത്വത്തെക്കുറിച്ച് ഞാൻ തികച്ചും ബോധവാനാണ്. അതുപറയുമ്പോൾ ഞാൻ ഒരു വലിയ നിയമപണ്ഡിതനല്ല, ഒരു നിയമബിരുദധാരിയാണ്, അഭിഭാഷകനാണ്. നിയമപഠനം മാത്രമല്ലല്ലോ ഇവിടെ ആവശ്യം. അതിലുപരി ഈ നിയമസഭയിലെ പ്രവർത്തനപരിചയം പ്രധാനപ്പെട്ടതാണ്. അതിലും ഉപരിയായി സഭാംഗങ്ങളുടെ തുറന്ന സഹകരണം ഏറ്റവും പ്രധാനപ്പെട്ടതാണ്. എല്ലാവരുടെയും സഹായ സഹകരണങ്ങൾ ഞാൻ പ്രതീക്ഷിക്കുകയാണ്. ഇവിടെ പല അഭിപ്രായങ്ങളും പൊന്തിവന്നിട്ടുണ്ട്. അതിൽ ചില കാര്യങ്ങളെ സംബന്ധിച്ച് ഞാൻ പരാമർശിക്കുക മാത്രമേ ചെയ്യുന്നുള്ളൂ. നിലവിലുള്ള ചട്ടമനുസരിച്ച് സഭാനടപടികൾ ഉച്ചയ്ക്ക് 1.30-ന് അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ കഴിഞ്ഞ അനുഭവങ്ങൾ, നേരം വൈകുവോളം മാത്രമല്ല, രാത്രി വരെ നീണ്ടുപോയിട്ടുള്ള അനുഭവങ്ങൾ ഉണ്ട്. അതിന് ഒറ്റയടിക്കുള്ള നിയന്ത്രണമല്ല ഞാൻ ഉദ്ദേശിക്കുന്നത്. അതിനൊരു നിയന്ത്രണം ആവശ്യമാണ്. ഇവിടെ സൂചിപ്പിച്ചത് നല്ല ഒരു കാര്യമാണ്. ഒരു അഭിപ്രായ സമന്വയത്തിലൂടെ അതിന് പരിഹാരം കാണണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്.

പത്രപ്രവർത്തകരോട് ഒരു വാക്ക്. പത്രപ്രവർത്തകർ എന്ന് പറയുന്നത് സഭയുടെ അവിഭാജ്യഘടകമാണ്. അവർ നിയമസഭയുടെ പ്രവർത്തനത്തെ സമ്പുഷ്ടമാക്കാൻ ആത്മാർത്ഥമായി ശ്രമിക്കണം. ഞാൻ പറഞ്ഞത് വാർത്തകൾ സൃഷ്ടിക്കുന്നവ

രെയല്ല പ്രോത്സാഹിപ്പിക്കേണ്ടത്, സൃഷ്ടി പരമായി നിയമസഭാ പ്രവർത്തനം നടത്തുന്നവരെയാണ് പ്രോത്സാഹിപ്പക്കേണ്ടതെന്നാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല. എന്നെപ്പറ്റി പറഞ്ഞ എല്ലാ നല്ല വാക്കുകൾക്കും ഒരിക്കൽകൂടി നന്ദി. ബഹുമാനപ്പെട്ട അംഗങ്ങളുടെയും പത്രപ്രവർത്തകരുടെയും ഉദ്യോഗസ്ഥരുടെയും എല്ലാവിധ സഹകരണവും പ്രതീക്ഷിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ഒരു കാര്യം കൂടി ഞാൻ സൂചിപ്പിക്കട്ടെ, ഞാൻ ഇപ്പോൾ ചുമതല ഏറ്റെടുത്തിട്ടേയുള്ളൂ. അതേ സമയത്ത് ഇവിടെ ക്രമപ്രശ്നം എന്ന നിലയിൽ ചില കാര്യങ്ങൾ മുൻകൂട്ടി നൽകിയിട്ടുള്ളതിനെ സംബന്ധിച്ച് അനുമോദനപ്രസംഗത്തിലൂടെ പരാമർശിക്കപ്പെട്ടു. വാസ്തവത്തിൽ ആ പ്രശ്നങ്ങളെ ഞാൻ അവഗണിച്ചുകൊണ്ട് പറയുകയല്ല, ആ പ്രശ്നത്തിൽ ഇവിടെ ഇപ്പോൾത്തന്നെ പല അംഗങ്ങളും നേതാക്കന്മാരും സൂചിപ്പിച്ചു. അതിൽ ചില പ്രധാനപ്പെട്ട പ്രശ്നങ്ങൾ അടങ്ങിയിട്ടുണ്ട്. ആ പ്രശ്നങ്ങൾ ഗൗരവപൂർവ്വം സർക്കാരിന്റെ ഭാഗത്തുനിന്നും പരിഗണിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഈ രൂപത്തിൽ നമുക്ക് ഇന്നത്തെ സൗഹൃദ അന്തരീക്ഷം നിലനിറുത്തണമെന്നാണ് എന്റെ അപേക്ഷ.

# ശ്രീ. വക്കം പുരുഷോത്തമൻ
## (ജൂൺ 6, 2001)

ബഹുമാനപ്പെട്ട സഭാംഗങ്ങളേ,

പുതിയ നൂറ്റാണ്ടിലെ ആദ്യ നിയമസഭയുടെ അദ്ധ്യക്ഷനായി എന്നെ തെരഞ്ഞെടുത്തതിന് എനിക്കുള്ള കൃതജ്ഞത ആദ്യമായി പ്രകാശിപ്പിച്ചു കൊള്ളട്ടെ. കക്ഷി ഭേദമെന്യേ എല്ലാ ഭാഗത്തുനിന്നുമുള്ള സഹകരണ വാഗ്ദാനങ്ങൾക്കും എന്നെക്കുറിച്ച് പറഞ്ഞ നല്ല വാക്കുകൾക്കും ഞാൻ അതീവ കൃതജ്ഞനാണ്. പതിനേഴ് വർഷങ്ങൾക്ക് മുൻപ് സ്പീക്കർ പദവിയോടും നിയമസഭയോടും വിട പറഞ്ഞുപോയ ഞാൻ വീണ്ടും നിയമസഭയിലേക്കും അദ്ധ്യക്ഷ പദവിയിലേക്കും തിരികെ വരാനിടയായത് ഒരു നിയോഗമായി ഞാൻ കരുതുന്നു. ഈ കാലയളവിൽ നമ്മുടെ രാഷ്ട്രീയരംഗവും നിയമസഭയും പല മാറ്റങ്ങൾക്കും വിധേയമായിട്ടുണ്ട്. കേരള രാഷ്ട്രീയത്തിന്റെ സവിശേഷതയായ രണ്ട് കക്ഷിസഖ്യങ്ങൾ മാറി മാറി അധികാരത്തിൽ വരികയും, ജനത അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ അവർ ആവിഷ്കരിച്ച നയപരിപാടികൾക്കനുസരണമാംവിധം യത്നിക്കുകയും ചെയ്തു. നിയമസഭയുടെ പ്രവർത്തനത്തിലും ആരോഗ്യകരവും അല്ലാത്തതുമായ പ്രവണതകൾ കടന്നുകൂടിയിട്ടുണ്ട്. ഞാൻ വിട്ടുപോയപ്പോൾ പ്രാരംഭദശയിലായിരുന്ന നിയമസഭാമന്ദിരത്തിന്റെ നിർമ്മാണം വൈകിയാണെങ്കിലും പൂർത്തിയായിരിക്കുന്നു. ആധുനിക സൗകര്യങ്ങളും സജ്ജീകരണങ്ങളുമുള്ള നമ്മുടെ നിയമസഭാമന്ദിരം തലസ്ഥാനനഗരിയുടെ പ്രധാന ആകർഷണ കേന്ദ്രമാക്കുവാൻ നമുക്ക് ശ്രമിക്കാം. ഭരണപക്ഷത്തിന് മഹാഭൂരിപക്ഷമുള്ള ഇപ്പോഴത്തെ നിയമസഭയിൽ പ്രതിപക്ഷത്തിന്റെ ന്യായമായ അവകാശങ്ങൾ വിനിയോഗിക്കുവാൻ സഹായകരമായ സാഹചര്യം സൃഷ്ടിക്കേണ്ടത് ഭരണപക്ഷത്തിന്റെയും കടമയാണ്. കഴിഞ്ഞകാല അനുഭവങ്ങൾ എന്ത് തന്നെയായാലും ഇന്നത്തെ ഭരണപക്ഷം ആ കടമ വിട്ടുവീഴ്ചാമനോഭാവത്തോടും വിശാല മനസ്കതയോടും പ്രായോഗികബുദ്ധിയോടും കൂടി നിറവേറ്റുമെന്ന് പ്രതീക്ഷിക്കാം. അതുപോലെ തന്നെ നിയമസഭയുടെ വിലപ്പെട്ട സമയം അനാവശ്യമായ തടസ്സപ്പെടുത്തലുകളും സ്തംഭനവും കൊണ്ട് നഷ്ടപ്പെടുത്താതെ ഗവൺമെന്റ് കാര്യങ്ങൾ സുഗമമായി നടത്തുവാൻ പ്രതിപക്ഷവും സഹകരി

ക്കേണ്ടതുണ്ട്. എന്നെ സംബന്ധിച്ചിട ത്തോളം സഭാദ്ധ്യക്ഷനെന്നുള്ള നിലയിൽ എന്നിൽ നിക്ഷിപ്തമായ കർത്തവ്യങ്ങൾ നിഷ്പക്ഷമായും നിർഭയമായും നിർവ്വഹി ക്കുവാൻ ശ്രമിക്കുമെന്ന് ഞാൻ സഭയ്ക്ക് ഉറപ്പ് നൽകുന്നു. പ്രശ്നസങ്കീർണ്ണമായ, വിഷമങ്ങൾ നിറഞ്ഞ ഒരു കാലഘട്ടത്തിലൂ ടെയാണ് നാം കടന്നുപോകുന്നത്. സങ്കുചി തമായ കക്ഷിതാൽപര്യങ്ങൾ മാറ്റിവെച്ച് വിശാലമായ രാജ്യതാൽപര്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് ഭരണ പ്രതിപക്ഷ ഭേദമെന്യേ എല്ലാവരും ഒത്തൊരുമിച്ച് പ്രവർത്തി ക്കേണ്ട സന്ദർഭമാണിതെന്ന് ഞാൻ പ്രത്യേ കിച്ച് പറയേണ്ടതില്ലല്ലോ. ജനാധിപത്യഭരണ സംവിധാനത്തിൽ അത്യുന്നത സ്ഥാനമലങ്ക രിക്കുന്ന നിയമസഭയുടെ അന്തസ്സിനും കാര്യക്ഷമതയ്ക്കും ക്ഷതം സംഭവിച്ചാൽ ജനാധിപത്യ വ്യവസ്ഥയെയാണ് അത് ദോഷകരമായി ബാധിക്കുന്നത്. അങ്ങനെ സംഭവിക്കാതെ നോക്കേണ്ടത് നമ്മിൽ വിശ്വാസമർപ്പിച്ച് നമ്മെ തെരഞ്ഞെടുത്ത യച്ച ജനാധിപത്യ വിശ്വാസികളോടും ഭാവി തലമുറയോടുമുള്ള കടമയാണ്. പുതിയ നൂറ്റാണ്ടിലെ ആദ്യത്തെ നിയമസഭ, വരും കാല നിയമസഭകൾക്കെല്ലാം മാതൃകയാ കുവാൻ നിങ്ങളുടെയെല്ലാം അകമഴിഞ്ഞ സഹായസഹകരണങ്ങൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

# ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

## (സെപ്തംബർ 16, 2004)

ബഹുമാന്യരായ സഭാംഗങ്ങളേ, ജനലക്ഷങ്ങളുടെ ആശയാഭിലാഷങ്ങൾ പ്രകടിപ്പിക്കാനും അവരുടെ ആഗ്രഹങ്ങൾക്ക് മൂർത്തരൂപം നൽകാനും വേണ്ടിയുള്ള ഈ മഹനീയ സഭയുടെ നാഥനായി എന്നെ തെരഞ്ഞെടുത്തതിൽ എല്ലാ അംഗങ്ങളോടും നിസ്സീമമായ നന്ദി രേഖപ്പെടുത്തുന്നു. ബഹുമാനപ്പെട്ട സഭാനേതാവും പ്രതിപക്ഷനേതാവും വിവിധ കക്ഷിനേതാക്കളും മറ്റ് ബഹുമാനപ്പെട്ട അംഗങ്ങളും എന്നെപ്പറ്റി പറഞ്ഞ നല്ല വചസ്സുകൾക്കും അനുമോദനങ്ങൾക്കും ഞാൻ അങ്ങേയറ്റം കൃതജ്ഞനാണ്. ഇത് എന്റെ രണ്ടാമൂഴമാണ്. പ്രശസ്തരും പ്രഗത്ഭരുമായ നിരവധി ജനനേതാക്കളുടെ കർമ്മരംഗമാണ് കേരള നിയമസഭ. ജനക്ഷേമകരവും പുരോഗമനപരവുമായ നിരവധി നിയമനിർമ്മാണങ്ങൾ നടത്തിയ ചരിത്രവേദിയാണ് ഇത്. ഉന്നത നിലവാരത്തിലുള്ള നമ്മുടെ നിയമസഭയുടെയും വിവിധ സഭാസമിതികളുടെയും പ്രവർത്തനങ്ങൾ മറ്റ് സംസ്ഥാന നിയമസഭകൾക്കും ഇൻഡ്യൻ പാർലമെന്റിന് തന്നെയും പലപ്പോഴും മാതൃകയായിട്ടുണ്ട്. ഈ നിയമസഭയുടെ നടപടികൾ നിയന്ത്രിക്കുകയും അതിന്റെ ഔന്നത്യം നിലനിർത്തുകയും ചെയ്ത മുൻഗാമികളെ ഞാൻ ഈ സന്ദർഭത്തിൽ ആദരപൂർവ്വം സ്മരിക്കുന്നു. സഭാനാഥനെന്ന നിലയ്ക്ക് സർക്കാരിന്റെ ബിസിനസ്സുകൾ ഫലപ്രദമായി പൂർത്തീകരിക്കാൻ ശ്രമിക്കുന്നതോടൊപ്പം ബഹുമാന്യ മെമ്പർമാരുടെ ന്യായമായ അവകാശങ്ങൾ പൂർണ്ണമായി സംരക്ഷിക്കുവാനും പരമാവധി പരിശ്രമിക്കും. സർക്കാരിനെ ഭരിക്കാൻ പ്രതിപക്ഷവും പ്രതിപക്ഷത്തിന്റെ വിമർശനങ്ങളെ ഉൾക്കൊള്ളാൻ സർക്കാരും ശ്രദ്ധിക്കണം. സഹിഷ്ണുതയും സമചിത്തതയും ഇല്ലെങ്കിൽ ജനാധിപത്യം തന്നെ അർത്ഥശൂന്യമാകും. സഭയിൽ നടക്കുന്ന സൂക്ഷ്മമായ കാര്യങ്ങൾ പോലും ദൃശ്യമാധ്യമങ്ങൾ ജനങ്ങളുടെ ശ്രദ്ധിൽപ്പെടുത്തുന്നുണ്ടെന്ന കാര്യം നമ്മെ കൂടുതൽ സംയമനചിത്തരാക്കണം. സ്പീക്കറെ റഫറിയായി പലരും ഉപമിക്കാറുണ്ട്. മത്സരം ആരോഗ്യകരമായി നടക്കണമെങ്കിൽ റഫറി മാത്രം വിചാരിച്ചാൽ പോര, കളിയുടെ നിയമങ്ങൾ കൃത്യമായി പാലിക്കാനും റഫറിയെ അനുസരിക്കാനും കളിക്കാരും തയ്യാറാകണം. എല്ലാവരുടെയും സഹകരണത്തോടെ ഈ സഭയുടെ പാരമ്പര്യവും അന്തസ്സും നിലനിർത്താൻ കഴിയുമെന്നാണ് എന്റെ ഉറച്ച വിശ്വാസം. ഏറ്റവും കുറച്ച് സംസാരിക്കുന്നവനാണ് നല്ല സ്പീക്കർ എന്ന് പറഞ്ഞുകേട്ടിട്ടുണ്ട്. എന്നെ ഏറ്റവും കുറച്ച് സംസാരിപ്പിക്കാൻ നിങ്ങൾ സഹായിക്കണം. എന്റെ ദൗത്യനിർവ്വഹണത്തിൽ എല്ലാവരുടെയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

# ശ്രീ കെ. രാധാകൃഷ്ണൻ

(മേയ് 25, 2006)

ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവേ, ബഹുമാന്യരായ കക്ഷിനേതാക്കളേ, മറ്റ് നിയമസഭാംഗങ്ങളേ, മറ്റ് സുഹൃത്തുക്കളേ, പന്ത്രണ്ടാം കേരള നിയമസഭയുടെ അദ്ധ്യക്ഷനായി എന്നെ തെരഞ്ഞെടുത്തതിൽ ഞാൻ എല്ലാ മാന്യസഭാംഗങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. അഭിവന്ദ്യനായ സഭാനേതാവും പ്രതിപക്ഷ നേതാവും മറ്റ് വിവിധ കക്ഷിനേതാക്കളും എന്നെ അനുമോദിക്കുകയും ആശംസിക്കുകയും ആത്മാർത്ഥമായ സഹകരണങ്ങൾ വാഗ്ദാനം ചെയ്യുകയുണ്ടായി. അവർ ഓരോരുത്തരോടും ഞാൻ എന്റെ നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു. ജനാധിപത്യത്തിന്റെ മഹനീയവും പരമോന്നതവുമായ ഈ നിയമസഭയുടെ സ്പീക്കർ പദവിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടത് എന്റെ ജീവിതത്തിലെ ഏറ്റവും ധന്യമായ ഒന്നാണെന്ന് ഞാൻ കരുതുന്നു. ബഹുമാന്യരായ സഭാംഗങ്ങൾ എന്നിൽ ഏൽപ്പിച്ച വിശ്വാസവും എന്നെ ഏൽപ്പിച്ച ഉത്തരവാദിത്വവും ഉൾക്കൊള്ളുകയും ഈ സഭയുടെ അന്തസ്സും അഭിമാനവും ഉയർത്തിപ്പിടിച്ചുകൊണ്ടും ബഹുമാനപ്പെട്ട അംഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടും എന്നിൽ അർപ്പിച്ച ചുമതല നിറവേറ്റാൻ ഞാൻ ആത്മാർത്ഥമായി ശ്രമിക്കുമെന്ന് ഉറപ്പ് നൽകുന്നു. വ്യത്യസ്തമായ രാഷ്ട്രീയ ദർശനങ്ങളിൽ വിശ്വസിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് നമ്മുടെ നിയമസഭാസാമാജികർ എങ്കിലും നമ്മുടെയെല്ലാം ലക്ഷ്യം ജനനന്മയായിരിക്കണം. ജനക്ഷേമകരമായ നിയമനിർമ്മാണങ്ങൾക്ക് വേണ്ടിയായിരിക്കണം നാം കൂടുതൽ സമയം കണ്ടെത്തേണ്ടത്. ഉന്നതമായ ജനാധിപത്യ പാരമ്പര്യമുള്ള നമ്മുടെ നിയമസഭയ്ക്ക് ഇന്ത്യയിലെ തന്നെ മറ്റുപല നിയമസഭകൾക്കും മാതൃകയും മാർഗ്ഗദർശനവും നൽകിയിട്ടുള്ള ചരിത്രമാണുള്ളത്. ഒരു ജനാധിപത്യ സ്ഥാപനത്തിന്റെ ഔന്നത്യം നിലകൊള്ളുന്നത് അത് സാധാരണ പൗരന് എത്രത്തോളം പ്രയോജനം നൽകുന്നു എന്നതിലാണ്. ദീർഘകാലമായി ഈ സഭയിൽ അംഗങ്ങളായി ഇരുന്നിട്ടുള്ളവരും പ്രവർത്തന പാരമ്പര്യമുള്ളവരും പ്രഗൽഭരും പ്രശസ്തരുമായ ഭരണ പ്രതിപക്ഷ ബഹുമാന്യ മെമ്പർമാ

രുടെ സാന്നിദ്ധ്യം ഈ സഭയുടെ ഉൽകൃഷ്ട മായ കർത്തവ്യനിർവ്വഹണത്തിന് ഗുണക രമായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. നമ്മുടെ രണ്ട് മുൻ സ്പീക്കർമാർ ഈ സഭ യിലുണ്ട് എന്നുള്ളത് നമുക്കെല്ലാവർക്കും അറിയാം. മാത്രമല്ല, ഈ സഭയിൽ പുതി യതായി അംഗങ്ങളായിട്ടുള്ള 64 ബഹു മാന്യ അംഗങ്ങളുടെയും വിലയേറിയ നിർദ്ദേശങ്ങളും സഹകരണങ്ങളും അവ രുടെ വിലപ്പെട്ട അഭിപ്രായങ്ങളും സഭാന ടപടികൾക്ക് ഒരു മുതൽക്കൂട്ടായിരിക്കു മെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. നിയമസ ഭാദ്ധ്യക്ഷനെന്ന നിലയിൽ എന്റെ പ്രവർ ത്തനങ്ങൾക്ക് എല്ലാ ബഹുമാന്യരായ മാധ്യമപ്രവർത്തകരുടെയും നിയമസഭാ സെക്രട്ടേറിയറ്റിലെ പ്രിയപ്പെട്ട സ്റ്റാഫുക ളുടെയും പൂർണ്ണമായ സഹകരണം ഞാൻ അഭ്യർത്ഥിക്കുന്നു. നിയമസഭയുടെ നടപ ടിക്രമങ്ങളും ചട്ടങ്ങളും കീഴ്‌വഴക്കങ്ങളും പിന്തുടർന്നുകൊണ്ട് കക്ഷി പരിഗണന കൾക്കതീതമായി നിഷ്പക്ഷവും നീതിപൂർ വ്വകവുമായ കർത്തവ്യനിർവ്വഹണത്തിന് എല്ലാ ബഹുമാനപ്പെട്ട മെമ്പർമാരുടെയും സഹായസഹകരണങ്ങളും പിന്തുണയും ഒരിക്കൽകൂടി അഭ്യർത്ഥിച്ചുകൊണ്ട് എല്ലാ വർക്കും എന്റെ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

# ശ്രീ. ജി. കാർത്തികേയൻ

(ജൂൺ 2, 2011)

ബഹുമാന്യനായ സഭാനേതാവേ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, ബഹുമാന്യരായ കക്ഷിനേതാക്കളേ, നിയമസഭാ സാമാജികരേ, മാധ്യമസുഹൃത്തുക്കളേ,

ഈ നിയമസഭയുടെ പരമോന്നത പദവിയിലേയ്ക്ക് എന്നെ തെരഞ്ഞെടുത്തതിലുള്ള ഹൃദയം നിറഞ്ഞ നന്ദി ഞാൻ പ്രകാശിപ്പിച്ചുകൊള്ളുന്നു. സഭാനേതാവും പ്രതിപക്ഷനേതാവും കക്ഷിനേതാക്കളും എന്നെക്കുറിച്ച് പറഞ്ഞ നല്ല വാക്കുകൾക്കും അനുമോദനങ്ങൾക്കും സഹകരണ വാഗ്ദാനങ്ങൾക്കും എല്ലാവരും എന്നിൽ അർപ്പിച്ച വിശ്വാസത്തിനും ഞാൻ പ്രത്യേകം നന്ദി പറയുന്നു.

സുപ്രധാന നിയമനിർമ്മാണങ്ങൾ കൊണ്ടും കീഴ്‌വഴക്കങ്ങൾകൊണ്ടും ഭാരതത്തിന്റെ മുഴുവൻ ശ്രദ്ധയാകർഷിച്ച സഭയാണ് കേരള നിയമസഭ. ഈ സഭയുടെ സ്പീക്കർ സ്ഥാനം ഏറ്റെടുക്കാൻ കഴിഞ്ഞതിൽ വിനയപുരസ്സരം പറയട്ടെ, ഞാൻ അഭിമാനിക്കുന്നു. സഭയുടെ നാഥൻ എന്ന നിലയിൽ, യാതൊരു പക്ഷപാതവുമില്ലാതെ, സഭയുടെ അന്തസ്സ് ഉയർത്തിപ്പിടിച്ചുകൊണ്ട് ഉത്തരവാദിത്വബോധത്തോടുകൂടി എന്റെ ചുമതല നിർവ്വഹിക്കുവാൻ ശ്രമിക്കുമെന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പുതരുന്നു. ഏറെ പ്രത്യേകതകൾ നിറഞ്ഞതാണ് കേരളത്തിന്റെ ഈ പതിമൂന്നാം നിയമസഭ. രണ്ട് മുൻ സ്പീക്കർമാരും പ്രഗൽഭരായ നിരവധി പാർലമെന്റേറിയന്മാരും ഈ സഭയിലുണ്ട്. കേരളത്തിന്റെ പൊതുപ്രവർത്തനരംഗത്ത് ശക്തമായ സാന്നിധ്യം ഉറപ്പിച്ചുകഴിഞ്ഞിട്ടുള്ള പുതുമുഖങ്ങളായ നാൽപത്തിരണ്ട് അംഗങ്ങൾ ഈ സഭയിലുണ്ട് എന്നുള്ളത് വളരെ സന്തോഷകരമാണ്. സഭാനടപടികൾ സൂക്ഷ്മമായി പിന്തുടരുന്നതിനും സഭയുടെ ചട്ടങ്ങളും നടപടിക്രമങ്ങളും മനസ്സിലാക്കുന്നതിനും വിഷയങ്ങൾ ആഴത്തിൽ പഠിച്ച് അവതരിപ്പിക്കുന്നതിനും പുതിയ അംഗങ്ങൾക്ക് കഴിയുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

ഗവൺമെന്റിന്റെ ഭരണപരമായ നടപടിക്രമങ്ങൾ സമയബന്ധിതമായി നിറവേറ്റിക്കൊടുക്കുന്നതിനും പ്രതിപക്ഷത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും തുല്യപ്രാധാന്യവും പരിഗണനയും

സ്പീക്കർ നൽകേണ്ടതുണ്ട്. ഈ പദവിയുടെ അന്തഃസത്ത പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് സഭയിലെ എല്ലാ വിഭാഗങ്ങൾക്കും അവസരം ലഭിക്കുന്നതിന് ഞാൻ പരമാവധി ശ്രമിക്കുന്നതാണ്. അനുവദിക്കപ്പെട്ട സമയപരിധിക്കുള്ളിൽ നിന്നുകൊണ്ടും സ്വയം സ്വീകരിക്കുന്ന നിയന്ത്രണങ്ങൾക്ക് വിധേയരായും സഭയുടെ സമയക്രമവും സൗഹൃദാന്തരീക്ഷവും നിലനിർത്തി സഭയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഈ സഭയുടെ സ്പീക്കർ പദവിയിലിരുന്നുകൊണ്ട് സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച എല്ലാ മുൻ സ്പീക്കർമാരെയും ഞാൻ ഈ സന്ദർഭത്തിൽ ബഹുമാനപുരസ്സരം ഓർക്കുന്നു.

സഭാനടപടികൾ ബഹുജനമധ്യത്തിൽ എത്തിക്കുന്നതിൽ വാർത്താമാധ്യമങ്ങളുടെ പങ്ക് വളരെ വലുതാണ്. നല്ല നിയമസഭാ പ്രവർത്തനം കാഴ്ചവയ്ക്കുന്നവരെ പരമാവധി പ്രോത്സാഹിപ്പിക്കുവാനും നിയമസഭയ്ക്കുള്ളിലെ പ്രസംഗങ്ങളും ചർച്ചകളും ബഹുജനങ്ങൾക്കിടയിൽ എത്തിക്കുവാനും മാധ്യമസുഹൃത്തുക്കളുടെ പൂർണ്ണ സഹകരണം ഞാൻ അഭ്യർത്ഥിക്കുന്നു.

സഭയുടെ പാരമ്പര്യവും അന്തസ്സും നിലനിർത്തിക്കൊണ്ട് എന്റെ ചുമതലകൾ ഭംഗിയായി നിർവ്വഹിക്കുന്നതിന് ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നും എല്ലാ സഹായസഹകരണങ്ങളും ഞാൻ ഒരിക്കൽകൂടി അഭ്യർത്ഥിക്കുന്നു. എല്ലാവർക്കും ഒരിക്കൽകൂടി നന്ദി.

# ശ്രീ. എൻ. ശക്തൻ
## (മാർച്ച് 12, 2015)

ബഹുമാന്യനായ സഭാനേതാവ്, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ബഹുമാന്യരായ കക്ഷിനേതാക്കൾ, ബഹുമാന്യരായ നിയമസഭാംഗങ്ങൾ, മാധ്യമ സുഹൃത്തുക്കൾ,

ഒരു പ്രത്യേക ഘട്ടത്തിൽ ഈ നിയമസഭയുടെ പരമോന്നത പദവിയിലേയ്ക്ക് എന്നെ തെരഞ്ഞെടുത്തതിൽ എന്റെ ഹൃദയം നിറഞ്ഞ നന്ദി ആദ്യമായി പ്രകാശിപ്പിച്ചുകൊള്ളുന്നു. തികച്ചും അപ്രതീക്ഷിതമായി ദുഃഖകരമായ ഒരവസ്ഥയിലാണ് ഞാൻ ഈ പദവിയിലെത്തുന്നത്. ഇത്തരമൊരവസ്ഥ ഞാനും നിങ്ങളും പ്രതീക്ഷിച്ചിരുന്നില്ല. നമ്മുടെയെല്ലാം പ്രിയങ്കരനായ ജി. കാർത്തികേയൻ നമ്മെ വിട്ടുപിരിഞ്ഞതിന്റെ ആഘാതത്തിൽനിന്നും നാം ഇനിയും മോചിതരായിട്ടില്ല.

ഇവിടെ സഭാനേതാവും പ്രതിപക്ഷനേതാവും കക്ഷിനേതാക്കളും എന്നെക്കുറിച്ച് പറഞ്ഞ എല്ലാ നല്ലവാക്കുകൾക്കും അനുമോദനങ്ങൾക്കും സഹകരണ വാഗ്ദാനങ്ങൾക്കും എന്നിലർപ്പിക്കുന്ന വിശ്വാസത്തിനും സ്നേഹത്തിനും ഞാൻ പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

ഒരു സഭയിൽ തന്നെ പ്രോട്ടെം സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, സ്പീക്കർ എന്നീ സ്ഥാനങ്ങൾ വഹിക്കാൻ കഴിഞ്ഞത് ഒരു പ്രത്യേക ഭാഗ്യമായി ഞാൻ കരുതുന്നു. കേരള നിയമസഭ സുപ്രധാനമായ നിയമനിർമ്മാണങ്ങൾ കൊണ്ടും കീഴ്വഴക്കങ്ങൾ കൊണ്ടും ഭാരതത്തിന്റെ മുഴുവൻ ശ്രദ്ധ ആകർഷിച്ച സഭയാണ്. ഈ സഭയുടെ സ്പീക്കർ സ്ഥാനത്തെത്താൻ കഴിഞ്ഞത് ഒരു മഹാഭാഗ്യമായി ഞാൻ കരുതുന്നു. ഇതിൽ അഭിമാനിക്കുകയും ചെയ്യുന്നു. സഭയുടെ അന്തസ്സ് എന്നും ഉയർത്തിപ്പിടിച്ച് തികഞ്ഞ ഉത്തരവാദിത്വത്തോടെ എന്റെ ചുമതലകൾ നിർവ്വഹിക്കാൻ ശ്രമിക്കുമെന്ന് ഉറപ്പുനൽകാൻ ഞാൻ ആഗ്രഹിക്കുന്നു.

ഈ സഭയുടെ ഏറ്റവും നിർണ്ണായകമായ ഒരു സന്ദർഭത്തിലാണ് അദ്ധ്യക്ഷ പദവിയിലേയ്ക്ക് നിങ്ങൾ എന്നെ നിയോഗിച്ചിട്ടുള്ളത്. ആ ഉത്തരവാദിത്വം എനിക്ക് ബോധ്യമുണ്ട്. ഈ സഭയിലെ ബഹുമാന്യരായ അംഗങ്ങളുടെ നിർലോഭമായ സഹകരണത്തിലൂടെ എന്റെ കർത്തവ്യപൂർത്തീ

കരണത്തിന് ആത്മാർത്ഥമായി ശ്രമിക്കുമെന്ന് ഈ സഭയ്ക്ക് ഞാൻ ഉറപ്പുനൽകുന്നു. ഗവൺമെന്റിന്റെ ഭരണപരമായ നടപടിക്രമങ്ങൾ സമയബന്ധിതമായി നിറവേറ്റിക്കൊടുക്കുന്നതിനും പ്രതിപക്ഷത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും തുല്യപ്രാധാന്യവും പരിഗണനയും സ്പീക്കർ നൽകേണ്ടതുണ്ട്. ഈ പദവിയുടെ അന്തഃസത്ത പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് സഭയിലെ എല്ലാ വിഭാഗങ്ങൾക്കും അവസരം ലഭിക്കുന്നതിന് ഞാൻ പരമാവധി ശ്രമിക്കുന്നതാണ്.

നമ്മുടെ നാടിനെ കാതലായി ബാധിക്കുന്ന വിവിധങ്ങളായ പല പ്രശ്നങ്ങളും ചർച്ച ചെയ്യേണ്ട ഒരു വേദിയാണ് ഈ സഭ. ഉദാത്തമായ ചുമതലകൾ നിറവേറ്റാൻ ഈ സഭയിലെ മുഴുവൻ അംഗങ്ങളെയും ഞാൻ ക്ഷണിക്കുന്നു. നാടിന്റെയും നാട്ടുകാരുടെയും ക്ഷേമത്തിനായി എന്നുമെന്നും ഒന്നിച്ചുനിന്ന് പോരാടേണ്ടവരാണ് നമ്മൾ. ആ ലക്ഷ്യബോധത്തോടുകൂടിയുള്ള നമ്മുടെ പ്രയാണം ഇവിടെ നടക്കുന്ന ഓരോ ചർച്ചകളിലും പ്രതിഫലിക്കേണ്ടതുണ്ട്. അർത്ഥവത്തായ ചർച്ചകളും ക്രിയാത്മകമായ ഇടപെടലുകളും ജനനന്മയ്ക്ക് കൂടുതൽ പ്രയോജനപ്രദമാകും. ഭരണഘടനാപരമായി നമുക്ക് ലഭിച്ചിട്ടുള്ള അധികാരങ്ങൾ നമ്മൾ നമ്മുടെ ജനങ്ങൾക്കായി ഉപയോഗിക്കണം. ജനാധിപത്യത്തിലെ പ്രധാനപ്പെട്ട സ്ഥാപനം എന്ന നിലയിൽ നിയമനിർമ്മാണസഭകൾക്കുള്ള സ്ഥാനം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ആ സ്ഥാനത്തിന്റെ അന്തസ്സിനൊത്ത് ഉയരാൻ നമുക്ക് എപ്പോഴും കഴിയട്ടെ എന്നും ഞാൻ ആഗ്രഹിക്കുന്നു. ആരോടും വിദ്വേഷമോ വിധേയത്വമോ കൂടാതെ തികച്ചും സ്വതന്ത്രനായി പ്രവർത്തിക്കാനും നമുക്ക് കഴിയേണ്ടതുണ്ട്. അന്തസ്സ് ഉയർത്തുന്ന പ്രവർത്തനങ്ങളിലൂടെ നാം മറ്റ് നിയമസഭകൾക്ക് മാതൃകയായി മാറണം. എപ്പോഴും നാം ഉയർത്തിപ്പിടിച്ച ഒന്നാം സ്ഥാനം നമുക്കിനിയും മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്. അതിനായി നമുക്ക് ഒന്നിച്ച് പ്രവർത്തിക്കാം. ഈ സഭയുടെ സ്പീക്കർ പദവിയിൽ ഇരുന്ന് സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച എല്ലാ മുൻ സ്പീക്കർമാരെയും പ്രത്യേകിച്ച് എന്റെ മുൻഗാമി ജി. കാർത്തികേയനെയും ഞാൻ ഈ അവസരത്തിൽ ബഹുമാനപുരസ്സരം ഓർമ്മിക്കുകയാണ്. അവർ കാഴ്ചവച്ച നല്ല പാതകൾ പിന്തുടരാൻ തന്നെയാകും എന്റെയും ശ്രമം. സഭാനടപടികൾ ബഹുജന മധ്യത്തിലെത്തിക്കുന്നതിൽ വാർത്താമാധ്യമങ്ങളുടെ പങ്ക് നമുക്കറിയാം. നല്ല നിയമസഭാ പ്രവർത്തനം കാഴ്ചവയ്ക്കുന്നവരെ, പ്രത്യേകിച്ചും വിഷയങ്ങൾ പഠിച്ച് ഫലപ്രദമായി അവതരിപ്പിക്കുന്നവരെ പരമാവധി പ്രോത്സാഹിപ്പിക്കാനും നിയമസഭയിൽ നടക്കുന്ന പ്രസംഗങ്ങളും ചർച്ചകളും ബഹുജനങ്ങൾക്കിടയിൽ എത്തിക്കുവാനും മാധ്യമസുഹൃത്തുകളുടെ പൂർണ്ണ സഹകരണം ഞാൻ അഭ്യർത്ഥിക്കുന്നു. ഈ സഭയുടെ പാരമ്പര്യവും അന്തസ്സും കാത്തുസൂക്ഷിച്ചുകൊണ്ട് എന്റെ ചുമതലകൾ ഭംഗിയായി നിർവ്വഹിക്കുന്നതിന് ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും എല്ലാ സഹായ സഹകരണങ്ങളും എനിക്ക് നൽകണമെന്ന് ഞാൻ ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു. എല്ലാവർക്കും നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഞാൻ നിർത്തുന്നു. നമസ്കാരം.

# ശ്രീ. പി. ശ്രീരാമകൃഷ്ണൻ

(ജൂൺ 3, 2016)

ആരാധ്യനായ സഭാനേതാവേ, ബഹുമാന്യനായ പ്രതിപക്ഷനേതാവേ, ബഹുമാനപ്പെട്ട നിയമസഭാ സാമാജികരേ,

പതിനാലാം കേരള നിയമസഭയുടെ അദ്ധ്യക്ഷനായി ഈ സഭ എന്നെ തെരഞ്ഞെടുത്തതിൽ ആദ്യമായി ഞാൻ നന്ദി രേഖപ്പെടുത്തുന്നു. എന്നെക്കുറിച്ച് പറഞ്ഞ നല്ല വാക്കുകൾക്ക് ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. വിഖ്യാതമായ ചരിത്രമുള്ള മുൻഗാമികളായ മുഴുവൻ സ്പീക്കർമാരുടെയും സേവനങ്ങളെ ഞാൻ ശിരസ്സുകുനിച്ച് സ്മരിക്കുന്നു. പരിണതപ്രജ്ഞരും പുതുമുഖങ്ങളും ഒരുപോലെ നിറഞ്ഞ ഈ സഭ ഉന്നതനിലവാരമുള്ള ഒരു ചരിത്രമുള്ള സഭയാണ്. പരിണതപ്രജ്ഞരുടെയും പുതുമുഖങ്ങളുടെയും ഈ കൂട്ടായ്മ ഈ സഭയുടെ ഒരു സാധ്യതയായി ഞാൻ കാണുന്നു. മാതൃകാപരമായ നിരവധി നിയമനിർമ്മാണങ്ങൾക്ക് നേതൃത്വം നൽകി രാജ്യത്തെ പല നിയമസഭകൾക്കും പലപ്പോഴും പാർലമെന്റിനുപോലും പ്രചോദനമായ സഭയാണ് ഇത്. ഇത്തരം ഒരു ചരിത്രവേദിയുടെ അദ്ധ്യക്ഷനായി പ്രവർത്തിക്കാൻ സാധിക്കുന്നത് ജീവിതത്തിലെ ധന്യമായ ഒരനുഭവമായി ഞാൻ കരുതുന്നു. ചിരപരിചിതമായ പ്രവർത്തന മേഖലയിൽ നിന്നും തീർത്തും വ്യത്യസ്തമായ ഒരു മേഖലയിലേയ്ക്കാണ്, ചുമതലയിലേയ്ക്കാണ് ഞാൻ കാലൂന്നുന്നത്. സഭാദ്ധ്യക്ഷന്റെ നിഷ്പക്ഷതയെക്കുറിച്ചും പ്രതിപക്ഷത്തിന്റെ അവകാശങ്ങളെക്കുറിച്ചും പ്രതിപക്ഷ നേതാവ് ഉൾപ്പെടെയുള്ള അംഗങ്ങൾ ഇവിടെ സൂചിപ്പിക്കുകയും ചില നിർദ്ദേശങ്ങൾ പറയുകയും ചെയ്തു. ഈ സമയത്ത് എനിക്ക് തോന്നുന്നത് നെപ്പോളിയന്റെ ചരിത്രപ്രസിദ്ധമായ ഒരു വചനമാണ്. ഫ്രഞ്ച് ജനതയുടെ വിശ്വാസം ആർജ്ജിക്കുന്നതിന് വേണ്ടി വിപ്ലവാനന്തരം അദ്ദേഹം കത്തോലിക്കസഭയുമായി concordat അഥവാ religious agreement സ്ഥാപിക്കുകയുണ്ടായി. ഇതിനെക്കുറിച്ച് സംശയം ഉന്നയിച്ചവരോട് അദ്ദേഹം പറഞ്ഞു, 'While I was in Egypt I was a Muslim, Now I am in France no doubt, I am a Christian' എന്ന്. ചുമതലകൾ നമ്മെ മാറ്റി പണിയണം. അത് ചെയറിനും നിയമസഭാ സാമാജികർക്കും ഒരു പോലെ ബാധകമാണ്. നിയമനിർമ്മാണസഭയിലെ അംഗത്വം, ചുമതലകളുടെ ബാഹുല്യവും

വൈവിദ്ധ്യവും കൊണ്ട് സമ്പന്നമാണ്. നിയമസഭാ പ്രവർത്തനങ്ങളിൽ ചതുർഘടകങ്ങളാണ് നമുക്കുചുറ്റും ഭ്രമണം ചെയ്യുന്നതായി എനിക്ക് തോന്നിയത്. ഒന്ന്, സഭയും ഭരണഘടനയും. രണ്ട്, സഭയും നിയമനിർമ്മാണവും. മൂന്ന്, സഭയും ജനങ്ങളും. നാല്, സഭയും മാധ്യമങ്ങളും. ഇത് മനസ്സിലാക്കിയുള്ള ഗൃഹപാഠമാണ് നമുക്ക് വേണ്ടത്. നമ്മുടെ ഭരണഘടന കേവലം കുറെ ഖണ്ഡങ്ങളോ വകുപ്പുകളോ മാത്രമല്ല. അതിനോടൊപ്പം സ്വയം ഇഴുകിച്ചേർന്ന മൂല്യങ്ങളുടെ ഒരു ഊർജ്ജപ്രവാഹം കൂടിച്ചേർന്നതാണ്. ഈ രാഷ്ട്രത്തെ ഒരുമിപ്പിച്ച് നിർത്തുന്നത് ഈ ഭരണഘടനയാണ്. അത് പാലിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും വേണം. അത് ഉറപ്പുനൽകുന്ന സംരക്ഷണത്തിന് സഹായകരമായ നിയമനിർമ്മാണമാണ് നടക്കേണ്ടത്. ജനതയുടെ ശബ്ദമാണ് നിയമസഭയുടെ ശബ്ദം. ജനാധിപത്യത്തിന്റെ അനുനിമിഷമുള്ള വളർച്ചയും വികാസവുമാണ് സഭയിൽ സംഭവിക്കേണ്ടത്. ജനാധിപത്യം ഒരിടത്ത് തുടങ്ങി ഒരിടത്ത് അവസാനിക്കുന്ന ഒരു പ്രക്രിയയല്ല. അത് ഓരോ നിമിഷവും വളർന്നുകൊണ്ടിരിക്കുന്ന ഒരു മൂല്യവ്യവസ്ഥയാണ്. ജനാധിപത്യത്തെ കൂടുതൽ വികസിപ്പിക്കുന്ന നിയമനിർമ്മാണങ്ങൾ യാഥാർത്ഥ്യമാകുമ്പോഴാണ് ജനതയുടെ ജീവിതം നിർഭയവും സ്വതന്ത്രവും സൗകര്യപ്രദവും ആകുന്നത്. അതിന് പതിനാലാം നിയമസഭയ്ക്ക് സാധിക്കട്ടെ എന്ന് ഞാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. പ്രതിപക്ഷത്തിന്റെ ശബ്ദവും അവകാശങ്ങളും സംരക്ഷിക്കപ്പെടണം. അത് സംരക്ഷിക്കപ്പെടുക തന്നെ ചെയ്യും. അതോടൊപ്പം സർക്കാരിന്റെ കാര്യങ്ങൾ യഥാസമയം നടത്തിക്കൊണ്ട് പോകുവാനും സഭാദ്ധ്യക്ഷന് ബാധ്യതയുണ്ട്. ഇക്കാര്യത്തിൽ എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു. രാവിലെ 8.30-ന് ആരംഭിക്കുന്ന നമ്മുടെ നിയമസഭാ രീതിയെക്കുറിച്ച് കൗതുകത്തിനായി ഒരന്വേഷണം നടത്തിയപ്പോൾ മാധ്യമപ്രധാനമായ നമ്മുടെ സംസ്കാരം വെളിപ്പെടുകയുണ്ടായി. വൈകിട്ട് 5.30-ന് അച്ചടി ആരംഭിച്ചിരുന്ന പത്രങ്ങൾക്ക് അതുവഴി കേരള ജനതയ്ക്ക് വാർത്തകൾ ലഭ്യമാക്കാൻ വേണ്ടിയായിരുന്നു എന്ന കൗതുകകരമായ ചരിത്രമാണ് മനസ്സിലാക്കാൻ സാധിച്ചത്. സഭയുടെ സ്വരം ജനങ്ങളിലേയ്ക്കെത്തിക്കാനുള്ള ഈ കുതൂഹലം ഇന്നും സജീവമാണ്. ഗൃഹപാഠത്തിനും ആധികാരികതയ്ക്കും സംവാദ സംസ്കാരത്തിനും പ്രാമുഖ്യം നൽകുന്നൊരു രീതി നിയമസഭയെ സംബന്ധിച്ച് പ്രതീക്ഷയാണ് വർദ്ധിപ്പിക്കുകയെന്ന് ഓർക്കണം. സംവാദ സംസ്കാരത്തിനുവേണ്ടി സ്വയം സജ്ജരാകുവാൻ നിയമസഭയിലെ പുതുമുഖങ്ങളോട് ഞാൻ അഭ്യർത്ഥിക്കുന്നു. ജനതയ്ക്ക് നിർഭയത്വവും യുക്തിബോധഭദ്രതയും പ്രദാനം ചെയ്യുന്ന നിയമസഭയായി സഭ മാറട്ടെ എന്നാഗ്രഹിക്കുന്നു. ഗൃഹപാഠം ചെയ്യുക, സംക്ഷിപ്തമാക്കുക, ആധികാരികമാക്കുക, സംവാദ സംസ്കാരം ഉറപ്പാക്കുക. പുതിയ അംഗങ്ങൾക്ക് നിയമസഭ ഊർജ്ജസ്വലമായ ഒരനുഭവമായിത്തീരും; അതിനുള്ള പിന്തുണ ചെയർ പ്രതീക്ഷിക്കുന്നു. അതിനാൽ ചെയർ അഭ്യർത്ഥിക്കുന്നു "be telegraphic, be telegramic" എന്ന്. എല്ലാ സാമാജികരോടും ഒരിക്കൽ കൂടി ഹൃദയംനിറഞ്ഞ നന്ദി അറിയിച്ചുകൊണ്ട് സഭയുടെ സുഗമമായ നടത്തിപ്പിന് എല്ലാവരുടെയും സർവ്വാത്മനായുള്ള പിന്തുണ അഭ്യർത്ഥിച്ചുകൊണ്ട് ഞാനവസാനിപ്പിക്കുന്നു. ■

# ചില അപൂർവ്വ നേട്ടങ്ങൾ

# ചില അപൂർവ്വ നേട്ടങ്ങൾ

| | | |
|---|---|---|
| 1. | രണ്ട് തവണ സ്പീക്കർ പദവി അലങ്കരിച്ചിട്ടുള്ള വ്യക്തികൾ | 1. ശ്രീ. വക്കം പുരുഷോത്തമൻ<br>2. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ |
| 2. | സ്പീക്കർ പദവിയും മുഖ്യമന്ത്രി സ്ഥാനവും അലങ്കരിച്ചിട്ടുള്ള വ്യക്തി | ശ്രീ. സി. എച്ച്. മുഹമ്മദ്കോയ |
| 3. | സ്പീക്കർ പദവിയും മന്ത്രിസ്ഥാനവും അലങ്കരിച്ചിട്ടുള്ള വ്യക്തികൾ | 1. ശ്രീ. സി. എച്ച്. മുഹമ്മദ്കോയ<br>2. ശ്രീ. ഡി. ദാമോദരൻ പോറ്റി<br>3. ശ്രീ. ടി. എസ്. ജോൺ<br>4. ശ്രീ. ചാക്കീരി അഹമ്മദ് കുട്ടി<br>5. ശ്രീ. വക്കം പുരുഷോത്തമൻ<br>6. ശ്രീ. വി. എം. സുധീരൻ<br>7. ശ്രീ. പി. പി. തങ്കച്ചൻ<br>8. ശ്രീ. കെ. രാധാകൃഷ്ണൻ<br>9. ശ്രീ. എം. വിജയകുമാർ<br>10. ശ്രീ. ജി. കാർത്തികേയൻ<br>11. ശ്രീ. എൻ. ശക്തൻ |
| 4. | പാർലമെന്റംഗങ്ങളായി സേവന മനുഷ്ഠിച്ചിട്ടുള്ള സ്പീക്കർമാർ | 1. ശ്രീ. സി. എച്ച്. മുഹമ്മദ്കോയ<br>2. ശ്രീ. എ. സി. ജോസ്<br>3. ശ്രീ. വക്കം പുരുഷോത്തമൻ<br>4. ശ്രീ. വി. എം. സുധീരൻ<br>5. ശ്രീ. വർക്കല രാധാകൃഷ്ണൻ |
| 5. | മുഖ്യമന്ത്രിപദവും ഉപമുഖ്യമന്ത്രി പദവും എം.പി. സ്ഥാനവും അലങ്കരിച്ചിട്ടുള്ള സ്പീക്കർ | ശ്രീ. സി. എച്ച്. മുഹമ്മദ്കോയ |
| 6. | സ്പീക്കർ പദവി രാജിവച്ച വ്യക്തികൾ | 1. ശ്രീ. സി. എച്ച്. മുഹമ്മദ്കോയ<br>2. ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി<br>3. ശ്രീ. എ. പി. കുര്യൻ<br>4. ശ്രീ. വക്കം പുരുഷോത്തമൻ<br>5. ശ്രീ. പി. പി. തങ്കച്ചൻ |
| 7. | സ്പീക്കർ പദവിയിൽ അഞ്ച് വർഷ കാലാവധി പൂർത്തിയാക്കിയ വ്യക്തികൾ | 1. ശ്രീ. എം. വിജയകുമാർ<br>2. ശ്രീ. കെ. രാധാകൃഷ്ണൻ |

| | | |
|---|---|---|
| 8. | സ്പീക്കർ പദവിയിലിരിക്കെ മരണമടഞ്ഞ വ്യക്തികൾ | 1. ശ്രീ. കെ. എം. സീതിസാഹിബ്<br>2. ശ്രീ. ജി. കാർത്തികേയൻ |
| 9. | ഡെപ്യൂട്ടി സ്പീക്കർ പദവി അലങ്കരിച്ചിട്ടുള്ള വനിതകൾ | 1. ശ്രീമതി കെ. ഒ. അയിഷാ ബായി<br>2. ശ്രീമതി എ. നഫീസത്ത് ബീവി<br>3. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ |
| 10. | മന്ത്രിസ്ഥാനം വഹിച്ചിട്ടുള്ള ഡെപ്യൂട്ടി സ്പീക്കർമാർ | 1. ശ്രീ. ആർ. എസ്. ഉണ്ണി<br>2. ശ്രീ. കെ. നാരായണക്കുറുപ്പ്<br>3. ശ്രീ. എൻ. സുന്ദരൻ നാടാർ<br>4. ശ്രീ. എൻ. ശക്തൻ |
| 11. | പാർലമെന്റംഗമായി സേവനം അനുഷ്ഠിച്ചിട്ടുള്ള ഡെപ്യൂട്ടി സ്പീക്കർമാർ | 1. ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി<br>2. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ |
| 12. | ഏറ്റവും കൂടുതൽ കാലം സ്പീക്കർ പദവി അലങ്കരിച്ചിട്ടുള്ള വ്യക്തി | ശ്രീ. വക്കം പുരുഷോത്തമൻ (1982 ജൂൺ 24 മുതൽ 1984 ഡിസംബർ 28 വരെയും 2001 ജൂൺ 6 മുതൽ 2004 സെപ്തംബർ 4 വരെയും) |
| 13. | ഏറ്റവും കുറഞ്ഞ കാലം സ്പീക്കർ ആയിരുന്ന വ്യക്തി | ശ്രീ. എ. സി. ജോസ് (1982 ഫെബ്രുവരി 3 മുതൽ ജൂൺ 23 വരെ) |
| 14. | ഒരേ നിയമസഭയിൽ പ്രോട്ടെം സ്പീക്കർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ പദവികൾ വഹിച്ച വ്യക്തി | ശ്രീ. എൻ. ശക്തൻ |
| 15. | പിൽക്കാലത്ത് ഗവർണ്ണർ പദവി വഹിച്ചിട്ടുള്ള സ്പീക്കർ | ശ്രീ. വക്കം പുരുഷോത്തമൻ (മിസോറാം) |

# സ്പീക്കർമാരുടെയും
# ഡെപ്യൂട്ടി സ്പീക്കർമാരുടെയും
# അനുക്രമണിക

# സ്പീക്കർമാരുടെ അനുക്രമണിക


| | | |
|---|---|---|
| 1. | ശ്രീ. അലക്സാണ്ടർ പറമ്പിത്തറ............... | 29–30 |
| 2. | ശ്രീ. ചാക്കീരി അഹമ്മദ് കുട്ടി.................... | 37–38 |
| 3. | ശ്രീ. ഡി. ദാമോദരൻ പോറ്റി ....................... | 31–32 |
| 4. | ശ്രീ. ടി. എസ്. ജോൺ................................ | 35–36 |
| 5. | ശ്രീ. എ. സി. ജോസ് ................................... | 41–43 |
| 6. | ശ്രീ. ജി. കാർത്തികേയൻ............................ | 69–70 |
| 7. | ശ്രീ. എ. പി. കുര്യൻ.................................... | 39–40 |
| 8. | ശ്രീ. സി. എച്ച്. മുഹമ്മദ് കോയ............... | 25–27 |
| 9. | ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി.............. | 33–34 |
| 10. | ശ്രീ. വക്കം പുരുഷോത്തമൻ ...................... | 45–47 |
| 11. | ശ്രീ. കെ. രാധാകൃഷ്ണൻ........................... | 65–67 |
| 12. | ശ്രീ. വർക്കല രാധാകൃഷ്ണൻ................... | 51–53 |
| 13. | ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ .................. | 57–59 |
| 14. | ശ്രീ. എൻ. ശക്തൻ......................................... | 71–72 |
| 15. | ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി.......... | 21–22 |
| 16. | ശ്രീ. കെ. എം. സീതി സാഹിബ് ............... | 23–24 |
| 17. | ശ്രീ. പി. ശ്രീരാമകൃഷ്ണൻ ......................... | 73–75 |
| 18. | ശ്രീ. വി. എം. സുധീരൻ .............................. | 49–50 |
| 19. | ശ്രീ. പി. പി. തങ്കച്ചൻ .................................. | 55–56 |
| 20. | ശ്രീ. എം. വിജയകുമാർ............................... | 61–63 |

# ഡെപ്യൂട്ടി സ്പീക്കർമാരുടെ അനുക്രമണിക


| | | |
|---|---|---|
| 1. | ശ്രീമതി കെ. ഒ. അയിഷാ ബായി ............ | 79–80 |
| 2. | ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ ......................... | 95–96 |
| 3. | ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ ........... | 87–88 |
| 4. | ശ്രീ. കെ. എം. ഹംസക്കുഞ്ഞ് .................. | 91–92 |
| 5. | ശ്രീ. ജോസ് ബേബി.................................. | 103–104 |
| 6. | ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി....... | 93–94 |
| 7. | ശ്രീ. സി. എ. കുര്യൻ ................................. | 99–100 |
| 8. | ശ്രീ. എം. പി. മുഹമ്മദ് ജാഫർഖാൻ....... | 83–84 |
| 9. | ശ്രീമതി എ. നഫീസത്ത് ബീവി............... | 81–82 |
| 10. | ശ്രീ. കെ. നാരായണക്കുറുപ്പ്..................... | 97–98 |
| 11. | ശ്രീ. പാലോട് രവി...................................... | 105–106 |
| 12. | ശ്രീ. വി. ശശി................................................ | 107–108 |
| 13. | ശ്രീ. എൻ. സുന്ദരൻ നാടാർ ..................... | 101–102 |
| 14. | ശ്രീ. ആർ. എസ്. ഉണ്ണി.............................. | 85–86 |
| 15. | ശ്രീ. എം. ജെ. സക്കറിയ............................ | 89–90 |